വിചാരിച്ച ബഹളം അജു ഉണ്ടാക്കിയില്ല, ആരും ഉണ്ടാക്കിയില്ല , എന്റെ മുഖം കണ്ടിട്ടാവാം, എല്ലാവരും ഞാൻ പറയുന്നത് സംയമനത്തോടെ കേട്ടിരുന്നു . രണ്ടാമത്തെ ഫുള്ളിൽ ആണ് കാര്യങ്ങൾ ദഹിച്ചു തുടങ്ങിയത് .ഇവിടെ വരുന്നതിനു മുൻപേ, ഞാൻ ആദ്യമായിട്ടാണ് അവളെ കാണുന്നത് എന്ന സംശയം അഭിക്കുണ്ടായിരുന്നു.

എനിക്കെങ്ങനെ മീനാക്ഷിയെ പോലൊരു പെണ്ണ് ലൈൻ ആയി എന്ന സംശയം സ്വാഭാവികം ആയിട്ടും എല്ലാവര്ക്കും ഉണ്ടായിരുന്നു . അതുകൊണ്ടുതന്നെ രണ്ടാമത്തെ ഫുള്ളിൽ എല്ലാവരും പച്ചയായ യാഥാർഥ്യത്തെ തൊട്ടറിഞ്ഞു.

മീനാക്ഷിക്ക് വേറെ കാമുകൻ ഉണ്ട്. അവൻ കാണാൻ ഇന്റർനാഷണൽ ലുക്ക് ആണ്.

എല്ലാത്തിലും ഉപരി ഞാൻ ഇന്ന് കഴിച്ചത് ഒരു ഡമ്മി കല്യാണം ആണ് .  അവർക്കൊക്കെ കുറച്ചുക്കൂടി സമാധാനം ആയ പോലെ എനിക്ക് തോന്നി.

ഒരുപക്ഷെ എന്റെ ജീവിതം വച്ച് നോക്കുമ്പോ അവരുടെ പ്രശ്നങ്ങളൊന്നും, ഒന്നും അല്ല എന്ന് അവര്ക് തോന്നിയിരിക്കാം. മദ്യപാനം തുടർന്നു, ഞാൻ ആദ്യത്തെ പെഗും , കൈയിൽ വച്ച് , ചിന്തയിൽ മുഴുകി ഇരുപ്പാണ് ഇതുവരെ തൊട്ടിട്ടില്ല .

അപ്പോഴേക്കും കുളി കഴിഞ്ഞ മീനാക്ഷി വന്നു , അവൾ തിരക്കിട്ടു വന്ന് എനിക്ക് എതിർവശത്തായി കിടന്നിരുന്ന കസേരയിൽ ഇരുന്നു , ഞങ്ങളോട് പങ്കു ചേർന്നു. നനഞ്ഞ അവളുടെ മുടിയിഴകൾ, ഒരു വശത്തേക്ക് മുഴുവനായും കോതിയിട്ടു ,നനവാർന്ന മുഖത്ത് ചെറുപുഞ്ചിരി എഴുതി വച്ച് .

നനുത്ത ആ ചന്ദ്രിക മണ്ണിൽ ഇറങ്ങി വന്നതാണോ എന്നെനിക്കു തോന്നിപോയി, ആ കാപ്പിപ്പൊടി കണ്ണുകളിലും, കുഞ്ഞു നുണകുഴികളിലും ആകാംഷ ഒളിപ്പിച്ചു വച്ച് , അവൾ അവർ ഓരോരുത്തരും പറയുന്നത് ശ്രദ്ധിച്ചു കേട്ടു . അവൾ ഇപ്പോൾ എന്നെ നോക്കുന്ന പോലും ഇല്ല .

അവൾക് ഞാൻ ബാധ്യത ആയ പോലെ തോന്നി തുടങ്ങിയിരിക്കുന്നു എന്നെനിക്ക് തോന്നി. ആ കുസൃതി നിറഞ്ഞ നോട്ടം ഒരിക്കൽ കൂടി കിട്ടാൻ എന്റെ മനസ് ഞാൻ അറിയാതെ വെമ്പി.

അജുവും, അഭിയും മറ്റുള്ളവരും ഒരേപോലെ ഇതിനൊക്കെ ഒപ്പം നിന്നതു അവൾക്ക് വലിയ ആശ്വാസം ആയി എന്ന് തോന്നുന്നു. അവൾ സന്തോഷത്തിൽ എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു.

എനിക്കൊരു സന്തോഷവും, തോന്നിയില്ല , ആരെങ്കിലും ഇതിനൊക്കെ എതിർത്തിരുന്നെങ്കിൽ എന്ന് എനിക്കിപ്പോ തോന്നിതുടങ്ങി. ഞാൻ എന്റെ ഗ്ലാസിലെ മദ്യത്തിൽ നിലാവ് കലരുന്നതും നോക്കി തല കുനിഞ്ഞിരുന്നു.

അജു:നിനക്ക് ഓർമ്മ ഉണ്ടോ അരവിന്ദ, നമ്മൾ എങ്ങനെയാ സുഹൃത്തുക്കൾ ആയെന്നു. ഞാൻ അവനെ വെറുതെ നോക്കി.

ഒന്നും പറഞ്ഞില്ല. (എനിക്ക് ഓർമ്മ ഉണ്ടായിരുന്നില്ല.

അടിച്ചാൽ അവനു കഴിഞ്ഞ ജന്മത്തിലെ കഥ വരെ ഓർമ്മ വരുന്നത് കൊണ്ട് ജോണും ശരത്തും അതിൽ ശ്രദ്ധ കൊടുത്തില്ല , മീനാക്ഷിയും അഭിയും മാത്രം ശ്രദ്ധിക്കുന്നുണ്ട്.) അജു : ആറാം ക്ളാസിൽ, (ഒരു ഗ്ലാസ് ക്ലീൻ ആക്കി നിലത്തു വച്ച് അവൻ തുടർന്നു) .........

അന്ന് ഞങ്ങൾ എറിഞ്ഞു പൊട്ടിച്ച ഹെഡ് മാഷിന്റെ , ചോര ഒലിച്ച പെട്ടതല , ആ കല്ലടക്കം നീ ഏറ്റെടുത്തു . ഞങ്ങളെ രക്ഷിച്ചു.

തല്ലു കിട്ടിയിട്ടും, അച്ഛൻ അന്ന് മുഴുവൻ നിന്നെ വീടിനു പുറത്തു നിർത്തിയിട്ടും, നീ ഞങ്ങളെ പറ്റി ഒരു വാക്കു പറഞ്ഞില്ല. അതിനു ശേഷം ഇത്ര കൊല്ലം ആയി , ഒന്നിൽ നിന്നും നീ ഒഴിഞ്ഞു മാറിയിട്ടില്ല , എല്ലാം ഏറ്റടുത്തിട്ടേ ഉള്ളു, ഇപ്പോൾ ഇതും ....

അവൻ ഒരു പെഗ് കൂടി ഒഴിച്ച് വെള്ളം ഒഴിച്ചു. "ഇതിനൊരു അവസാനം ഇല്ലേ.

"അവൻ ചോദിച്ചു . ഞാൻ ഒന്നും പറയാതെ താഴെ നോക്കി ഇരുന്നു .

എനിക്കതിനു ഉത്തരം ഇല്ലായിരുന്നു അതെൻറെ ക്യാരക്ടർ ആണ്, അതിലെനിക്ക് ഒന്നും ചെയ്യാൻ കഴിയില്ല. അപ്പോഴാണ് ശ്യാം അലീനയും ആയി കയറി വന്നത് .

അവൻ ആരെയും ശ്രദ്ധിക്കാതെ റൂമിലേക്ക് കയറിപ്പോവാൻ നോക്കി. അജു : ഇതേതാ ഈ മൈരൻ,.....

ശ്യാമല്ലേ......, ഡാ കുണ്ണെ ഇങ്ങട് വന്നെടാ ... (നാട്ടിൽ വച്ചേ അവന്റെ ഉടായിപ്പ് അറിയുന്നതുകൊണ്ടു, അജു അവനെ കൈ കാട്ടി വിളിച്ചു , എല്ലാവരുടെ ശ്രദ്ധയും സ്വാഭാവികം ആയി അവരിലേക്ക് തിരിഞ്ഞു .

) ശ്യാം ഇളിച്ചുകൊണ്ടു അവിടെ വന്നിരുന്നു, ഒപ്പം അലീനയും . അജു : നീ ഏതാ മോളെ ഇവന്റെ, പുതിയ സെറ്റപ്പ് ആണോ ?

അപ്പോ നാട്ടില് ഉള്ള ശ്രുതി , അഞ്ജലി ഒക്കെ എന്ത് ചെയ്യൂട, ശ്യാം : അജു ചേട്ടാ , ഇത് ചുമ്മാ , ഒരു താമശ ആണ് , നാട്ടിൽ ഒന്നും പറയരുത് (അവൻ തല ചൊറിഞ്ഞു പറഞ്ഞു) അലീന: യു ചീറ്റ് , അപ്പോ നീ എന്നെ കേട്ടാന്നു പറഞ്ഞതോ. ഇത് ചതി ആണ്, എനിക്ക് നീതി കിട്ടണം.

ഞാൻ ഇതിലൊന്നും ശ്രദ്ധ കൊടുക്കാതെ, ഞാൻ വിഫലമായി എന്റെ കാലുകളിൽ വന്നു തലോടി സമാധാനിപ്പിക്കാൻ ശ്രമിക്കുന്ന നിലാവിനെ നോക്കി. പറഞ്ഞിരിക്കലെ അവൾ അവിടെ ഇരുന്നിരുന്ന ഒരു പെഗ് എടുത്ത് അടിച്ചു , അവിടെ ഇരുന്നോരുടെ ഒക്കെ കിളി പോയി , സംസാരിച്ചിരിക്കലെ അവള് രണ്ടും മൂന്നും പെഗ് അടിച്ചു .

അജുനു സാധനം ഇവള് തീർക്കും എന്ന് തോന്നി തുടങ്ങി . അജു : വിളിച്ചോണ്ട് പോടാ ഈ മറുതയെ .

(അജു കുപ്പി മാറ്റി വച്ച്, ശ്യാമിനെ നോക്കി). പിന്നെ നിന്നെ ഇനി ഈ പരിസരത്തു കണ്ട നിന്റെ കുഞ്ഞിക്കാല്, ഞാൻ വെട്ടി പട്ടിക്കു ഇട്ടു കൊടുക്കും.

കേട്ടോടാ അണ്ടികണ്ണാ. പഴേ പോലെ അല്ലെ, ചെക്കൻ ഒരു കല്യാണം ഒക്കെ കഴിച്ചു.

ഞാൻ ഒഴികെ എല്ലാവരും ആ തമാശക്ക് ചിരിച്ചു. ഞാൻ ഒളികണ്ണ് ഇട്ടു നോക്കുമ്പോൾ മീനാക്ഷിയും അതിനു ചിരിക്കാതെ എന്തോ സീരിയസ് ആയി ചിന്തിച്ചിരിക്കുന്നുണ്ട് , ഈശ്വര എന്നെ തട്ടാൻ വല്ലതും ആയിരിക്കോ.

യേയ്... ഒരിക്കലും ഇല്ല.

ശ്യാം തല കുലുക്കി എണീറ്റു. അലീനയെ പിടിച്ചു പൊക്കി, അവള് നല്ല ഫിറ്റാണ് എണീക്കാൻ പറ്റണില്ല, ഞാൻ ചുറ്റും നോക്കി ഓരോരുത്തരും അവരവരുടെ ലോകത്താണ്, ജോൺ ശരത്തിനെ ആ ബിയർ മുഴുവൻ കുടിക്കാൻ പ്രോത്സാഹിപ്പിക്കുക ആണ്, മതിന്നൊരു വാക്കു കേട്ടിട്ട് വേണം അത് വാങ്ങിച്ചു അവനു കമത്താൻ.

അജു നാട്ടിലെ എന്തോ താമശ മീനാക്ഷിയോട് പറഞ്ഞോണ്ടിരിക്കാണ്, ഇടയിൽ അവളെ സമാധാനിപ്പിക്കാൻ ശ്രീറാം വന്നു കഴിഞ്ഞൽ ഇത് പറിച്ചു കാട്ടിൽ കളയാം എന്നൊക്കെ താലിയെ നോക്കി അവൻ പറയുന്ന പോലെ തോന്നി. അവൾ അത് കേട്ട് ചിരിച്ചു താലിയിൽ പിടിച്ചു ഒട്ടും താല്പര്യം ഇല്ലാതെ ഇടതു വശത്തേക്ക് എറിഞ്ഞിട്ടു.

ആർക്കും വേണ്ടാത്ത ഒരു പഴ്വസ്തുവായി അതവിടെ കിടന്നു ഊഞ്ഞാലാടി. ശ്യാം അലീനയെ എങ്ങനെ ഒക്കെയോ പൊക്കി എടുത്ത് പുറത്തേക്കു പോവുക ആണ് .

അഭി ഏതോ സീരിയസ് കോളിൽ ആണ്.  ഞാൻ ഈ ബഹളത്തിനിടയിൽ ഇരുന്നു ആരും ശ്രദ്ധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തി, പതുക്കെ മീനാക്ഷിയുടെ കഴുത്തിൽ കിടന്നാടുന്ന താലിയിൽ നോക്കി.

മുറിയിൽ നിറഞ്ഞു നിന്നിരുന്ന നിലാവും, അവളണിഞ്ഞ നീലവസ്ത്രവും, അതിന്റെ സ്വർണ ശോഭ ഇരട്ടിയാക്കി. പുലരാൻ നേരം ചക്രവാള സീമകളിൽ കാണുന്ന ധ്രുവനക്ഷത്രം എന്ന പോലെ, അത് തെളിഞ്ഞു കണ്ടു.

നനഞ്ഞ മഞ്ഞചരടിൽ ഈറനണിഞ്ഞു കിടന്നിരുന്ന അത് ലക്ഷ്യബോധം ഇല്ലാതെ എന്റെ മനസ്സിനെ പരിക്രമണം ചെയ്തുകൊണ്ടിരുന്നു. മീനാക്ഷിയുടെ ഓരോ ഭാവങ്ങൾക്കും, ചിരിക്കും, ആകാംഷകൾക്കും അത് കാറ്റിൽ നൃത്തംവച്ചു.

മറ്റൊരാളുടെ കാമുകി, നാളെ എല്ലാം പൊട്ടിച്ചെറിഞ്ഞു ആരെയോ വിവാഹം ചെയേണ്ടവൾ, ആരുടെയോ മകൾ, ആരുടെയൊക്കെയോ സുഹൃത്ത്, ആർക്കൊക്കെയോ പ്രിയപ്പെട്ടവൾ, എന്റേതായി അവളിൽ ഒന്നും തന്നെ ഇല്ല ............... ആ ഒരു മുഴം താലിച്ചരടല്ലാതെ ...............

എന്നിരുന്നാലും അപ്പോൾ ആ നിമിഷം എന്നെയും ഈ ഭൂമിയെയും തന്നെ ഒരു പട്ടമെന്നോണം ബന്ധിപ്പിച്ചു നിർത്തുന്ന ഒരേഒരകലം ആ ഒരുമുഴം മഞ്ഞചരടാണെന്നു എനിക്ക് തോന്നി പോയി . ഞാൻ നിസഹായനായി, ആ തിരക്കുകൾക്കിടയിൽ ആരാലും ശ്രദ്ധിക്കപെടാതെ സോഫയിൽ ചാരി പതിഞ്ഞിരുന്നു, ഇടതുകൈ അതിൽ കയറ്റിവച്ച് അക്ഷരാർത്ഥത്തിൽ തളർന്നു വീണുകിടന്നു .

പ്രണയം ...... കാറ്റിൽ പ്രണയം താളം കെട്ടി കിടന്നു, എന്താണെന്നു തന്നെ തിരിച്ചറിയപ്പെടാതെ.

ഞാൻ ശ്വാസം വലിച്ചു, കിട്ടുന്നില്ല , ശക്തിയിൽ ഒന്നുരണ്ടു വട്ടംകൂടി വലിച്ചു, ഇല്ല കിട്ടുന്നില്ല. ഞാൻ ദയനീയമായി ശബ്ദം ഉണ്ടാക്കി വീണ്ടും വലിക്കാൻ നോക്കി ഇല്ല രക്ഷ ഇല്ല , എന്റെ കണ്ണ് നിറഞ്ഞു , ഞാൻ എല്ലാവരെയും നോക്കി , എല്ലാവരും ഭയന്നു വിറങ്ങലിച്ചു നിൽപ്പാണ് .

ഞാൻ ഇടതുവശത്തു ഒരു ഓരത്ത് ഇട്ടിരിക്കുന്ന മരത്തിന്റെ കബോർഡിലേക്കു കൈ ചൂണ്ടി , നിമിഷനേരത്തിൽ കാര്യം മനസ്സിലായ അഭി ചാടി എഴുന്നേറ്റു അതിൽ കിടന്നിരുന്ന ഇൻഹേലർ എടുത്തു എനിക്ക് കൈയിൽ വച്ച് തന്നു. രണ്ടു ഷോട്ട് എടുത്തു ഞാൻ എല്ലാവരെയും നോക്കി നിഷ്കളങ്കമായി പുഞ്ചിരിച്ചു.

മീനാക്ഷി ഒഴിച്ച് എല്ലാവരും നോർമൽ ആയി. അവൾ അപ്പോഴും വിറക്കുന്നുണ്ടായിരുന്നു, അഞ്ജനമെഴുതാത്ത ആ മിഴികൾ അപ്പോഴും നിറഞ്ഞു നില്പുണ്ടായിരുന്നു.

വലിവ് പണ്ടും ഉള്ളതാണ്,പാരമ്പര്യം ആയി കിട്ടിയതാണ്, അമ്മക്കും ഉണ്ടായിരുന്നു , ഇത്ര ഭീകരം ആവാറില്ല, ഇന്നത്തെ ടെൻഷൻ ആവും കാരണം. മീനാക്ഷിയെ നിർബന്ധിച്ചു റൂമിൽ കിടന്നുറങ്ങാൻ വിട്ടു , ഞങ്ങൾ പിന്നെയും കുറെ നേരം അങ്ങനെ ഇരുന്നു മദ്യം തീർന്നു , എല്ലാവരും ഫ്ലാറ്റ് ആയി .

 അത്യാവശ്യം ഫിറ്റായ അഭി എന്നെന്നോട് അടുത്ത് സോഫയിൽ ചാരി ഇരുന്നു. പറഞ്ഞു തുടങ്ങി.

അഭി : സത്യം പറഞ്ഞാൽ ഇന്ന് ഞാൻ വളരെ സന്തോഷവാനാണെടാ, ഈ കല്യാണം , ഒളിച്ചോട്ടം , ബഹളം , ഒന്നും എന്നെ ബാധിച്ചിട്ടേ ഇല്ല, നിന്നെ കാണാൻ പറ്റി , നിന്റെ ഒപ്പം കുറച്ചു നേരം പണ്ടത്തെ പോലെ ഇരിക്കാൻ പറ്റി. ഞങ്ങൾ ഒക്കെ ഇത്രനാൾ മരിച്ചപോലെ ആയിരുന്നെടാ , അച്ഛനെ നീ കാണണം ഒരുപാട് മാറിപോയി, ഒരു ജീവശവം പോലെ ആയി മാറി, അന്ന് മരിച്ചത് അമ്മ മാത്രം അല്ല , ഞങ്ങൾ എല്ലാവരും ആയിരുന്നു , നമ്മൾ എല്ലാവരും ആയിരുന്നു.

(ഒരു ധീരനായ പട്ടാളക്കാരൻ കൊച്ചുകുട്ടികളെ പോലെ എന്റെ മുന്നിൽ ഇരുന്നു കരഞ്ഞു .അവൻ ഒഴുകി വന്ന കണ്ണുനീർ തുടച്ചു പറഞ്ഞു തുടങ്ങി , ശബ്ദം വിറക്കുന്നുണ്ടായിരുന്നു) എന്തെങ്കിലും വ്യത്യാസം വരും എന്ന് വിചാരിച്ചിട്ടാണ് ചേട്ടൻ ഈ കല്യാണത്തിന് ഒരുങ്ങിയത് തന്നെ. അത് ഇങ്ങനെയും ആയി.

പക്ഷെ ഞങ്ങൾക്ക് ഇപ്പോഴാണ് ജീവിക്കണം എന്ന് തോന്നി തുടങ്ങിയത്, നിന്നെ വീണ്ടും കണ്ട സമയം തൊട്ട് . നിനക്കാണ് നമ്മുടെ അമ്മ എല്ലാം തന്നത്, ആ സ്നേഹം,സ്വഭാവം ,ആ കൈപ്പുണ്യം , അമ്മയുടെ സ്വന്തം ശ്വാസംമുട്ടു പോലും ( അവൻ അത് പറഞ്ഞു കണ്ണീരിൽ കുതിർന്ന ഒരു ചെറിയ ചിരി ചിരിച്ചു) നീ മുഴുവനായും അമ്മ തന്നെ ആണ്.

നീ വരണം ,... ഞാൻ നിർബന്ധിക്കില്ല , നിനക്ക് പറ്റാണെങ്കിൽ, മനസുകൊണ്ട് തോന്നുമ്പോൾ മതി ,................

വരണം................ ഞങ്ങൾ എല്ലാവരും നിന്നെ അവിടെ കാത്തിരിക്കാണ് .

അവൻ പറഞ്ഞത് എന്റെ മനസ്സിൽ ചെറിയ വേദന ഉണ്ടാക്കി, ഞാൻ ഒന്നും പറഞ്ഞില്ല , അവൻ ഒന്നും പ്രതീക്ഷിച്ചിരുന്നും ഇല്ല, ഞാൻ അവനെ നോക്കുമ്പോൾ , തലയുടെ പിൻഭാഗം സോഫയിൽ ചാരി അവൻ ഉറങ്ങിയിരുന്നു . ഞാൻ വാത്സല്യത്തോടെ അവന്റെ തലയിൽ തലോടി.

ആ നിമിഷം അവൻ കുഞ്ഞുഅനിയനും ഞാൻ അവന്റെ ചേട്ടനും ആയി മാറി. അതികം വൈകാതെ അങ്ങനെ തന്നെ ഇരുന്നു ഞാനും ഉറക്കത്തിലേക്കു വഴുതിവീണു.

********************************** രാത്രിയുടെ ഏതോ യാമത്തിൽ, എനിക്ക് തണുപ്പിന് പെട്ടന്നൊരു ആശ്വാസം കിട്ടിയ പോലെ തോന്നി, കണ്ണ് തുറക്കുമ്പോൾ ആരോ പുതപ്പുകൊണ്ട് എന്റെ ദേഹത്തു മൂടിയിട്ടുണ്ട്. പതിയെ മുന്നിലേക്ക് നോക്കുമ്പോൾ ,നിലത്തു ചിതറി കിടന്നു ഉറങ്ങുന്ന ആളുകൾക്കിടയിൽ കൂടി , ശ്രദ്ധിച്ചു ആരെയും ഉണർത്താതെ , കുഞ്ഞുകുട്ടികളുടെ പോലെ ഓരോകാലും മാറി മാറി , ചാടി ചാടി പോവുന്ന മീനാക്ഷിയുടെ സുന്ദരമായ പാദങ്ങൾ ആണ് ഞാൻ കാണുന്നത്.

അവയിലെ സ്വർണക്കൊലുസുകൾ നിലാവിൽ എന്നെ നോക്കി പുഞ്ചിരിച്ചു . ഞാൻ തണുത്തു വിറച്ചു ഇനിയും വലിവ് വന്നു ഇവിടെ കിടന്നു ചവണ്ട എന്ന് കരുതികാണും.

ആ ദയ അവൾക്ക് ഉണ്ടായല്ലോ. ഞാൻ ഒരു അവശനായ, പരാശ്രയമില്ലാത്ത, അനാഥൻ , അവളുടെ സഹതാപം എറ്റു വാങ്ങി അവിടെ കിടന്നു.

സ്വതവേ ദുർബല പോരാത്തതിന് ഗർഭിണിയും എന്ന് പറഞ്ഞ പോലെ, വലിവ് രോഗം കൂടി ആയപ്പോ തികഞ്ഞു , ഞാൻ പരിതാപകരമായ ഒരു യാചകനെ പോലെ, ആ കംബളവും പുതച്ച് ഇരുളിൽ ദയനീയമായി ഒതുങ്ങി കൂടി....... വീണ്ടും ഉറക്കം എന്റെ ദുഃഖങ്ങളെ കവർന്നെടുത്തു ...........

രാത്രി കനത്തുവന്നു.... അരവിന്ദന്റെ ഫ്ലാറ്റിൽ നിന്ന് കുറച്ചു നീങ്ങി സ്ട്രീറ്റ് ലൈറ്റുകളുടെ കയ്യെത്താദൂരത്തു, ആളനക്കം ഇല്ലാത്ത ഇരുണ്ടൊരു കോണിൽ ശ്യാമിന്റെ കാർ തുടർച്ചയായ താളത്തിൽ നൃത്തം ചെയ്തുകൊണ്ടിരുന്നു.

അതിന്റെ തരംഗങ്ങൾ ചുറ്റുമുള്ള നിശബ്ദ അന്തരീക്ഷത്തെ കീറിമുറിച്ചു. പിന്നിലേക്കു മറിച്ചിട്ട ബാക്ക്സീറ്റിൽ, നഗ്നമായ ശരീരവും അതിനൊത്ത പാദങ്ങളും ഊന്നി അലീന അള്ളിപിടിച്ചിരുന്നു.

വിയർപ്പു അവൾക്കും സീറ്റിനും ഇടയിലുള്ള ഘർഷണത്തെ ഇല്ലാതാക്കി തുടങ്ങിയിരിക്കുന്നു. മുൻസീറ്റ് ഉറപ്പിച്ചു നിർത്തിയ ലോഹ ഭാഗങ്ങളിലും, ഹാൻഡ്ബ്രേക്കിന് താഴെവന്നു നിൽക്കുന്ന ഉറപ്പുള്ള പ്ലാസ്റ്റിക് കഷണത്തിലും കാലൂന്നി ശ്യാം മുന്നോട്ടു അവളെ തള്ളികൊണ്ടിരുന്നു.

നനവുള്ള തുടകൾ തമ്മിൽ കൂട്ടിമുട്ടുമ്പോ ഉണ്ടാവുന്ന 'പ്ലക്, പ്ലക് ' ശബ്ദവും, അടർന്നു മാറുമ്പോ ഉണ്ടാവുന്ന വേർപാടിനെ 'മ്ച്ചും ' ശബ്ദവും കാറിനുള്ളിൽ മുഴങ്ങിക്കേട്ടു. അവൻ ആഞ്ഞൊന്നു തല മുന്നോട്ടോ, മുകളിലേക്കോ, എടുത്താൽ തല പോയി പൊടിപിടിച്ച പിൻഗ്ലാസ്സിലോ, ഇരുണ്ട മുകൾഭാഗത്തോ പോയിടിക്കും, ഒരിക്കൽപോലും അങ്ങനെ സംഭവിക്കാതെ അവൻ വഴക്കമുള്ള ഒരു സർക്കസ്സുകാരനെപോലെ തൻറെ അഭ്യാസം തുടർന്നുകൊണ്ടിരുന്നു.

സാധാരണയിൽ നിന്ന് വിരുദ്ധമായി ഇന്ന് ഇത്ര നേരമായിട്ടും അലീനക്ക് രതിമൂർച്ച സംഭവിച്ചയിട്ടില്ല, മദ്യപിച്ച പെണ്ണിന്റെ കുഴഞ്ഞ ശരീരത്തിൽ കാമത്തിന്റെ വേരുകൾ ആഴത്തിൽ പതിയെ ഓടിക്കൊണ്ടേയിരുന്നു, നനഞ്ഞ ചൂളക്കു തീപിടിക്കുന്ന പോലെ അതൊരു മാസ്മരികദൃശ്യം ആയിരുന്നു. സാധാരണയിൽ കൂടുതലായി കിട്ടിയ ഈ സമയം ശ്യാം ആവേശത്തോടെ ഉപയോഗിച്ചു.

കാറിന്റെ ഷോക്ക് അബ്‌സോർബർ ദയനീയം ആയി കരഞ്ഞു തുടങ്ങി, വഴുക്കൽ സുഖത്തിനു വിഘ്നമായി നിൽക്കുന്നെന്നു കണ്ടപ്പോൾ അവൾ അവനെ വലിച്ചിട്ടു മുകളിൽ കയറി പൊതിച് തുടങ്ങി,യാതൊരു വിധ ബോധവും ഇല്ലാത്ത അവളുടെ തല കാറിന്റെ റൂഫിൽ തുടർച്ചയായി തട്ടുന്നുണ്ട്, സുഖത്തിന്റെ പരമോന്നതിയിൽ അവരതു

അവഗണിച്ചു. നിശ്വാസവായുവും വിയർപ്പും ചിതറിത്തെറിച്ചു കൂടികലർന്നു നിന്നു, അരണ്ട വെളിച്ചത്തിൽ അവളുടെ തുടുത്ത മുലഞ്ഞട്ടുകൾ മഴ നനഞ്ഞ കനകാംബര മൊട്ടുപോലെ തെറിച്ചു നിന്നു.

ശ്യാമിന് എന്തൊക്കെചെയ്യണമെന്നു ബോധമില്ലായിരുന്നു,സാധാരണപോലെ അല്ല, ഇന്ന് അവൾ ഒന്നിനും എതിർക്കുന്നില്ല. ഞെരിച്ചുടച്ച മുലഞെട്ട്കളും, അടിച്ചു ചുവന്ന വിരലുകൾ പതിഞ്ഞ ചന്തിപാളികളും, കടിച്ചു പൊട്ടിച്ച തൊണ്ടിപ്പഴചുണ്ടുകളും , മാന്തിപൊളിച്ച പിന്നഴകും അവൾക്കിന്നു പ്രശ്നമല്ല, അവയെല്ലാം ഇന്ന് അവളുടെ ആവേശത്തിന് തീകൂട്ടിയതേ ഉള്ളു, അവൾക് ഇപ്പോഴും വരുന്നില്ല എന്നത് അവനെ അത്ഭുധപെടുത്തി.

മദ്യം അവളെ മറ്റാരോ ആക്കിയിരിക്കുന്നു, അവൾ കാവടിതുള്ളും പോലെ കുഴഞ്ഞാടി. ഇനി എന്നും ഇവളെ കളിക്കണതിനു മുന്നേ മദ്യം കൊടുത്ത് ഫിറ്റാക്കണം.

നല്ല സുഖം. ഏറെ നേരത്തെ അദ്ധ്വാനത്തിനു ശേഷം ശ്യാം തളർന്നു വെടി പൊട്ടിച്ചു, തോൽവി സമ്മതിച്ചു.

ശ്യാം ചവിട്ടി പൊങ്ങിയത് ഹാൻഡ്ബ്രേക്കിന്റെ ബട്ടണിൽ തട്ടി അത് അൺലോക്ക് ആയി. രതിമൂർച്ചക്കൊപ്പം മുന്നോട്ടു നീങ്ങിയ കാർ അല്പം നീങ്ങിയ കരിവെപ്പുമരത്തിൽ ഇടിച്ചു നിന്നു.

അതിനെ കുറിച്ച് ചിന്തിക്കാൻ മാത്രം ഊർജം അവർക്കു രണ്ടുപേർക്കും ഉണ്ടായിരുന്നില്ല, അലീനക്ക് ഇപ്പോഴും പോയിട്ടില്ലെങ്കിലും അവൾക്കിന്നതു പ്രശ്നമേ ആയിരുന്നില്ല, അതെ പൊസിഷനിൽ അവർ അവിടെ കിടന്നുറങ്ങി. കാറിനകത്തെ നിശ്വാസവും വിയർപ്പും കലർന്ന ചുടുവായുവിൽ സംഗമിക്കാൻ, ആർത്തിപിടിച്ച് പുറമേ നിന്ന തണുത്ത വായു കാർ വിൻഡോക്കു അടുത്ത് വന്നു കൊതിയോടെ എത്തി നോക്കി.

******************************************

രാവിലെ പാലുമായി പോകുന്ന പയ്യൻ വണ്ടി ഇടിച്ചതാണെന്നു വിചാരിച്ചു, ആളുകളെ വിളിച്ചുകൂട്ടി ചെന്നപ്പോൾ, ചെന്നോർക്കെല്ലാം മുട്ടൻ സീൻ കിട്ടി, കുലച്ചു നിൽക്കുന്ന കുണ്ണകൾക്കിടയിൽ പതിയെ കണ്ണും തിരുമ്പി എണീറ്റ ശ്യാമും അലീനയും ആൾകൂട്ടം കണ്ടു അല്പം പകച്ചെങ്കിലും. അവർക്കിതൊരു പുത്തരി അല്ലാത്തത് കൊണ്ട്, ഒരു ഡ്രസ്സ് പോലും എടുത്തിടാൻ നിൽക്കാതെ, ശ്യാം ഡ്രൈവിങ് സീറ്റിൽ കയറി, റിവേഴ്സ് എടുത്തു വളച്ചുഎടുത്തു പോയി.

ഒരു നൂൽബന്ധം പോലുമില്ലാത്ത അലീന പിറകിൽ സീറ്റിൽ അപ്പോഴും ചുരുണ്ടു കൂടി കിടന്നു ഉറക്കം പിടിച്ചു. കാർ കുഴികളുള്ള റോഡിലൂടെ പോകുമ്പോൾ അവളുടെ

ചന്തിഗോളങ്ങൾ തമ്മിൽ കൂട്ടിയിടിച്ചു കൈകൊട്ടുന്ന പോലെ "ലക് ലക്" ശബ്ദം ഉണ്ടാക്കി.

ഈ ശബ്ദം കേട്ട് വീണ്ടും വികാരഭരിതനായ ശ്യാം തന്റെ കുണ്ണയുടെ മസ്തകത്തിൽ അമർത്തി തടവി. അടുത്തൊരു കളി ഏതു സമയത്തും, എവിടെയും വച്ചുണ്ടാകാം എന്ന അരക്ഷിതാവസ്ഥയിൽ ആ കാർ മുന്നോട്ടു പോയി കൊണ്ടിരുന്നു...******************************************

അരവിന്ദന്റെ വീട്..... മനോഹരമായ ആ ആദ്യരാത്രിയിൽ മരവിച്ച സോഫയും ചാരി എത്രനേരം ഉറങ്ങിയെന്ന് ഉറപ്പില്ല, എഴുന്നേൽക്കുമ്പോൾ ശരീരം തണിപ്പിൽ വിറങ്ങലിച്ചിട്ടുണ്ട്.

പ്രഭാത സൂര്യൻറെ കിരണങ്ങൾ ആളനക്കം ഇല്ലാത്ത മുറിയിൽ അവിടവിടെ പ്രഭാത സവാരിക്കിറങ്ങിയ പുകമഞ്ഞിനിടയിൽ, കൊച്ചുകുട്ടികളെന്ന പോലെ ഓടി കളിച്ചു. നിലത്തേക്ക് നോക്കിയ എന്റെ കണി ഭേഷായിരുന്നു, ഞാനേ കണ്ടുള്ളു, ഞാൻ മാത്രമേ കണ്ടുള്ളു, അജുവിൻറെ ചീനവലപോലുള്ള ഷഡിക്കു പുറത്തു സാമാനം സുഖസുന്ദരമായി വിരാജിക്കുന്നു, നല്ല കണി.

പക്ഷെ തല, അതവൻ ഇന്നലെ സഹതാപത്തിന്റെ പുറത്തു എനിക്ക് കിട്ടിയ പുതപ്പുകൊണ്ട് ബന്ധസായി മൂടി വച്ചിട്ടുണ്ട്, മ്ലേച്ചൻ. അവന്റെ മോർണിംഗ് ഷോ ക്യാൻസൽ ചെയ്തു, പുതപ്പു താഴേക്ക് വലിച്ചു അവനെ അടപടലം മൂടി ഞാൻ എഴുന്നേറ്റു.

ആരും എഴുന്നേറ്റിട്ടില്ല. പല്ലുതേച്ചു പോയി പാൽപാക്കറ്റ് വാങ്ങി വന്നപ്പോഴേക്കും, മീനാക്ഷി എഴുന്നേറ്റു അടുക്കളയിൽ എന്തൊക്കെയോ കാട്ടികൂട്ടുന്നുണ്ട്, ഇവളിതു എന്ത് ഉദ്ദേശിച്ചിട്ട, ഇത് വല്ലതും അറിഞ്ഞിട്ടാണോ.

അഭി രാവിലെതന്നെ ഏതോ ഫോൺകോളിൽ ആണ്. ബാക്കി മൂന്നെണ്ണം കിടന്നിരുന്ന അതെ സ്ഥാനത്തു കിളിപോയപോലെ എണീറ്റിരുപ്പുണ്ട്.

"നിനക്ക് മാത്രം എവിടന്നാട നായെ, പുതപ്പ്" തണുത്തു വിറങ്ങലിച്ച ദേഷ്യം മുഴുവൻ ജോൺ അജുവിന്റെ നെഞ്ചത്തേക്ക് എടുത്തു. അജു പട്ടിക്ക് പൊതിക്കാത്ത തേങ്ങാ കിട്ടിയപോലെ അതും പിടിച്ചു മിഴിച്ചിരിപ്പുണ്ട്, അവനും പുതപ്പ് അപ്പോഴാണ് കാണണത്.

മീനാക്ഷി ഇത് കേട്ട് അടുക്കളയിൽ നിന്ന് ഒന്ന് എത്തിച്ചു നോക്കി, പുതപ്പിൽ നിന്ന് കണ്ണുകൾ എന്നിലേക്കും പാളി വന്നു, തറപ്പിച്ചൊന്നു നോക്കി അവൾ പണി തുടർന്നു. ഞാൻ വല്ലാത്തൊരു ദാനശീലൻ തന്നെ, ഷഡി വാങ്ങാൻ കാശില്ലാത്തവൻ പാൻറ് ധനം ചെയ്തപോലെ, വല്ലാത്തൊരു ശീലൻ.

മരിക്കുമെന്ന് അറിഞ്ഞിട്ടും കവചകുണ്ഡലം ഇന്ദ്രന് ധാനംകൊടുത്ത കർണ്ണനെ പോലെ വല്ലാത്തൊരു ഊമ്പൻ ആയി ഞാൻ അവിടെ അവളെയും നോക്കിനിന്നു. ഞാൻ പാൽപാക്കറ്റ് വച്ച് അഭിക്ക് അടുത്തേക്ക് നടന്നു.

ഒറ്റയ്ക്ക് പുതപ്പു പൊതച്ചു കിടന്നേനു, ശരത് അജുവിന്റെ കഴുത്തു പിടിച്ചു ഞെക്കുന്നുണ്ട്. അജു അവന്റെ നിരപരാധിത്വം തെളിയിക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട്.

പുറത്തേക്കു ചെല്ലുമ്പോ ബാൽക്കണിയിൽ നെഞ്ചുംവിരിച്ചു അറ്റെൻഷനിൽ നിൽപ്പാണ് ആർമിലൂട്ടനൻറ് അഭിലാഷ് വർമ്മ, ഇവനിതെന്തു ഉദ്ദേശിച്ചാണ്, നാട്ടുകാര് കണ്ട വട്ടാന്നു പറയുല്ലൊ ഈശ്വര. അവന്റെ കമാൻഡർ ആവും, അഭി ഫോൺകട്ട് ചെയ്തെന്നു ശേഷം അടുത്ത് വന്നു തിരിഞ്ഞു ഉള്ളിലേക്ക് നോക്കി നിന്നു.

: എടാ ചേട്ടൻ വിളിച്ചിരുന്നു, ഞങ്ങൾക്ക് ഇപ്പോ തന്നെ പോണം, നാട്ടുകാരും വീട്ടുകാരും എതിർപ്പും ആയി വന്നപ്പോൾ രാഘവമ്മാമൻ പ്ളേറ്റ് മാറ്റിയെന്ന കേട്ടെ. നമ്മള് ബലംപ്രയോഗിച്ചു കല്യാണം നടത്തിയെന്നാ പറയണേ.

നിങ്ങളെ ഇനി നാട്ടി കേറ്റില്ലത്രെ, അതു നമുക്കൊന്ന് കാണണം. : അയാളെ വിട്ടുകള, പറഞ്ഞ വാക്കിനും ചെയ്ത പ്രവർത്തിക്കും വിലയില്ലാത്ത പൂറൻ.

(ഞാൻ അവനെ സമാധാനിപ്പിച്ചു, ഞാൻ അയാളിൽ നിന്ന് ഇത് പ്രതീക്ഷിച്ചിരുന്നു) : ആ മൈരൻ അച്ഛനോട് എന്തൊക്കെയാ പറയാന്ന് ഉറപ്പില്ല, ഞാൻ അവിടെ വേണം. : നീ ചെല്ല്, ഇവിടെ ഇനി വേറെ പരിപാടികൾ ഒന്നും ഇല്ല, നാളെ ഇവളെ കൊണ്ടുപോയി ഹോസ്റ്റലിൽ വിടണം, സമാധാനം ആയിട്ടൊന്നു കിടന്നു ഒറങ്ങണം.

(ഞാൻ അവനെ ചേർത്ത് നിർത്തി പറഞ്ഞു) എന്റെ അസാധാരണമായ ജീവിത സാഹചര്യങ്ങൾ കണ്ടിട്ടോ എന്തോ, അവൻ എന്റെ പുറത്തു വെറുതെ തട്ടി സമാധാനിപ്പിക്കാൻ നോക്കി. ഞങ്ങൾ രണ്ടുപേരും ഉള്ളിലെ ചുരുണ്ടുകിടക്കുന്ന ഇരുട്ടിലേക്കും നോക്കി അലപനേരം നിന്നു.

അപ്പോഴേക്കും മീനാക്ഷി ഇണ്ടാക്കി കൊടുത്ത ഒരു കപ്പ് ചായയും പിടിച്ച് കാവടിയാടി അജുവും അങ്ങോട്ട് വന്നു, ആദ്യം ചായ അവനു കിട്ടിയേൻറെ എല്ലാ അഹങ്കാരവും മുഖത്തുണ്ട്, ഞാൻ അവനെ സഹതാപത്തോടെ നോക്കി ചിരിച്ചു. കയ്യിൽ പുകയുന്ന സിഗരറ്റ് ഒരു വലികൂടെ ഉള്ളിലേക്കെടുത്ത അവൻ ആഘോഷത്തോടെ ഒരു വലിയ കവിൾ ചായ കുടിച്ചിറക്കി.

ഞാൻ നെറ്റി ചുളിച്ചു അവനെ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. ഇന്നലെ ആ കൂതറ റം വെള്ളം പോലും ഒഴിയാതെ അടിച്ചു കയറ്റുമ്പോൾ പോലും ഇങ്ങനെ ഒരു ഓഞ്ഞഭാവം അവന്റെ മുഖത്തു ഞാൻ കണ്ടില്ല.

തൊണ്ടയിൽ കൂടി ഇറങ്ങിയ സാധനം എന്താണെന്നു മനസിലാവാതെ അവനെന്നെ നോക്കി. ഞാൻ ഒരു കണ്ണടച്ചു നെറ്റി ചുളിച്ചു സഹതാപത്തോടെ നിൽക്കുന്ന കണ്ടപ്പോൾ അവനു ആകെ പൊളിഞ്ഞു വന്നു.

: നിന്റെ ഭാര്യാ അല്ലടാ മൈരേ, നിനക്ക് അങ്ങനെന്നെ വേണം പൂറാ. എനിക്കും അഭിക്കും ചിരിപൊട്ടി.

(അവൻ ചായേടെ വാട മാറ്റാൻ രണ്ടു പഫ് പെട്ടന്ന് വലിച്ചു വിട്ടു) പിന്നാലെ അതെ ആഘോഷത്തിൽ വരണ ജോണിനെയും ശരത്തിനെയും കണ്ടപ്പോൾ ഞങ്ങൾ ഡീസന്റ് ആയി നിന്നു, അവര് കൂടി കുടിച്ചു, ആ ഊമ്പിയ ഭാവങ്ങൾ കൂടി കണ്ടപ്പോൾ ഞങ്ങൾക്ക് തൃപ്തി ആയി. മൂന്നാളും സിഗെരെറ്റിനു വേണ്ടി അടിപിടി ആയി.

വിചാരിച്ച പോലെ മീനാക്ഷി ഒരു അസാധ്യ പാചകക്കാരി ആണ്, എല്ലാം അവളെ കെട്ടാൻ പോകുന്നവന്റെ ഭാഗ്യം. ഞാൻ മനസ്സിൽ ഓർത്തു ചിരിച്ചു, അല്ല ഞാൻ അല്ലെ ഇവളെ കെട്ടിയെ, പെട്ടന്ന് ചിരി എവിടെയോ പോയി മറഞ്ഞു.

: എന്താടാ പൊട്ടന്റെ പോലെ ഇളിക്കണത്. (ജോൺ ഒരു ഒഴുക്കൻ മട്ടിൽ ചോദിച്ചു) എന്നെ ഒരു വട്ടം നോക്കിയാ ശേഷം റോഡിലെ തിരക്കിൽ കണ്ണോടിച്ചു, അജു സീരിയസ് ആയിട്ട് പറഞ്ഞുതുടങ്ങി.

: എടാ കെട്ടണത് എന്തായാലും കെട്ടി. അത് നിലനിർത്താനൊക്കെ പറയണത് ആണുങ്ങൾക്ക് പറഞ്ഞിട്ടുള്ളതാണ്.

അത് നിലനിർത്തുന്നതും പൊട്ടിച്ചെറിയുന്നതും നിന്റെ കൈയിൽ ആണ്. (അവൻ ഒരു പഫ് കൂടി ഇരുത്തി വലിച്ചിട്ടു പറഞ്ഞു) ഞാൻ ഒക്കെ ആണങ്കി അളിയാ, കാട്ടില് പണിത തോട്ടില് റെഡിന്നു കേട്ടിട്ടില്ലേ നീ.

അവൻ ഇന്നലെ അവളോട് പറഞ്ഞതിന് പരസ്പരവിരുദ്ധം ആയ കര്യം ആണ് എന്നോടിപ്പൊ പറയുന്നത്. പക്ഷെ പറഞ്ഞ കാര്യം അഭിയടക്കം സർവ്വരും ഐക്യകണ്ഡേണ ഒരേസ്വരത്തിൽ തിരഞ്ഞെടുത്തു.

കെട്ടിയ പെണ്ണിനെ വേറൊരുത്തന് വിട്ടു കൊടുക്കുക എന്നത് സത്യസന്ധമായി പറഞ്ഞ ഒരാണിനും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ലല്ലോ. ഞാൻ കടന്നു പോയിക്കൊണ്ടിരുന്നു ജീവിതസങ്കർഷം അവരിലും പ്രതിഫലിച്ചു.

ഞങ്ങൾ മൗനമായി ആത്മസങ്കര്ഷങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരിക്കുമ്പോൾ, അതിനിടയിലേക്കു മീനാക്ഷി എന്തോ വിശിഷ്ടവസ്തു കൊണ്ട് വരുന്നപോലെ, അവളുണ്ടാക്കിയ ചായയുമായി കടന്നുവന്നു. എനിക്കും അഭിക്കും അത് തന്ന് അഭിപ്രായം അറിയാൻ അവൾ പോകാതെ അവിടെ തന്നെ ഞങ്ങളെ നോക്കി നിന്നു.

ആ കുഞ്ഞുപളുങ്ക് കണ്ണുകൾ ഞങ്ങളുടെ പ്രശംസക്ക് വേണ്ടി കാത്തിരുന്നു. ഞാൻ അഭിയെ നോക്കി, അവന്റെ ബങ്കറിലേക്കു പാക്കിസ്ഥാൻകാർ എറിഞ്ഞ ഗ്രനേഡ് പോലെ അവൻ ചായകപ്പിലേക്കു നോക്കിയിരുപ്പുണ്ട്.

ഞാൻ കണ്ണടച്ച് എന്തും വരട്ടെ എന്ന് വച്ച് ഒറ്റവലിക്ക് അത് കുടിച്ചു, മുഖഭാവം വ്യത്യസ്തപെടുത്താതെ ഒരു ചിരി വരുത്തി. ഇത്ര കൂതറ ചായ ഞാൻ അടുത്ത കാലത്തൊന്നും കുടിച്ചിട്ടില്ല, അജുവും പിള്ളേരും ചിരി അടക്കി പിടിച്ച് നിപ്പുണ്ട്.

പക്ഷെ അവൾ എന്റെ ചിരിക് വലിയൊരു മൈൻഡ് തന്നില്ല, ഒറ്റ ദിവസം കൊണ്ട് ഞാൻ അവൾക് താല്പര്യം ഇല്ലാത്തവരുടെ ലിസ്റ്റിൽ കയറിയിരിക്കുന്നു. അവൾ അഭിയെ ആകാംഷയോടെ നോക്കി.

വേറെ വഴിയില്ലാതെ അഭിയും ഒരു കാവിൾ ചായ ഇറക്കി നന്നായിട്ടുണ്ടെന്നു തലകുലുക്കി കാണിച്ചു. അവൾ സന്തോഷത്തിൽ ചാടിതുള്ളി അടുക്കളയിലേക്കു പോയി.

അഭി തിരിഞ്ഞു "മയിര്, ഊമ്പ്യ ചായ" ന്ന് പറഞ്ഞു പൊറത്തേക്കു തുപ്പി. എല്ലാവര്ക്കും ചിരിപൊട്ടി.

പിന്നെ കാര്യങ്ങൾ ശടപടേന്നായി, എല്ലാവരും ഒരുങ്ങി ഇറങ്ങി അജു താഴെ വണ്ടിയുടെ റേഡിയേറ്ററിൽ വെള്ളം ഒഴിക്കുന്നുണ്ട്, മീനാക്ഷിയും മറ്റു വാനരപ്പടയും അവന്റെ മാരക തള്ളുംകേട്ട് സഹിച്ചു അതുംനോക്കി നിൽപ്പുണ്ട്. ഇതും നോക്കി സ്റ്റെപ്പിന്റെ ഏറ്റവും മുകളിലത്തെ പടിയിൽ നിന്നിരുന്ന എന്റെ കൈയിൽ അഭി വന്നുപിടിച്ചു.

: ഇന്നലെ പറഞ്ഞതൊന്നും ഫിറ്റിന്റെ പുറത്തല്ല. ശരിക്കും മനസ്സിൽ തട്ടി തന്നെ പറഞ്ഞതാണ്.

നീ ആലോചിക്ക്, എന്നിട്ട് വാ, ഞങ്ങൾ എല്ലാവരും നിനക്ക് വേണ്ടി കാത്തിരിക്കും. (അവന്റെ കണ്ണിൽ വീണ്ടും ഇന്നലെ രാത്രി കണ്ട കാർമേഘം ഉരുണ്ടു കയറി പെയ്യാൻ കാത്ത് നിന്നു.

അത് പെയ്തൊടുങ്ങതു തടയാൻ, അവൻ തിരിഞ്ഞു നോക്കാതെ സ്റ്റെപ് ഇറങ്ങി നടന്നു. അജു ബോണറ്റ് അടച്ചു വണ്ടിയിൽ കയറി, ജോൺ അത് സ്റ്റാർട്ട് ചെയ്തു, ഉറക്കത്തിലായിരുന്ന കാർ, തപ്പി പിടഞ്ഞു എഴുന്നേറ്റു ഒന്നു മുരണ്ട്, കോട്ടുവായിട്ടു മുന്നോട്ടു നീങ്ങി, അഭി ഒരിക്കൽ കൂടി എന്നെ നോക്കി.

കാർ ലോകത്തിനെ അങ്ങേ മൂലയിൽ മറയുന്നതു വരെ ഞാൻ നോക്കി നിന്നു. അതുവരെ സന്തോഷത്തിൽ നിന്നിരുന്ന മീനാക്ഷി ദേഷ്യത്തിൽ ചവിട്ടിതുള്ളി മുകളിലേക്ക് കയറിപ്പോയി.

ദേഷ്യം മാറിയിട്ടില്ല. ഞാൻ മുകളിൽ കയറിചെന്നപ്പോൾ അവളുടെ മുഖം തുലാവര്ഷ രാത്രികൾ എന്നപോലെ ഇരുണ്ടു കൂടിയിട്ടുണ്ട്.

അവളുടെ ട്രാവൽ ബാഗിൽ, അവിടവിടെ ചിതറികിടക്കുന്ന വസ്ത്രങ്ങൾ മടക്കി വയ്ക്കുന്നുണ്ട്, ഇടയിൽ എന്റെ ഒരു ബനിയനും കയറിപ്പോയി അവളതു ദേഷ്യത്തിൽ തിരിച്ചെടുത്തു കട്ടിലിന്റെ ഒരു കോണിലേക്കു വലിച്ചെറിഞ്ഞു അടുക്കിപെറുക്കൽ

തുടർന്നു. : മീനാക്ഷി (ഞാൻ വിളിച്ചത് അവളുടെ ദേഷ്യത്തെ ഇരട്ടിപ്പിച്ചേ ഉള്ളു, മടക്കി വയ്ക്കൽ നിർത്തി ഡ്രെസ്സുകൾ കുത്തി കയറ്റി തുടങ്ങി) : എനിക്ക് അപ്പോ അവരുടെ കൈയിൽ നിന്ന് നിന്നെ രക്ഷിക്കാൻ മറ്റൊരു വഴിയും തോന്നിയില്ല.

പറ്റിപ്പോയി. : മറ്റൊരു വഴിയും കണ്ടില്ലെങ്ങി കല്യാണം കഴിക്കലാണോ ഒരുവഴി, ഞാൻ ശ്രീയോട് ഇനി എന്ത് പറയും.

(അവള് നിരാശാഭവത്തിൽ പറഞ്ഞു നിർത്തി, ശരിയാണ് എന്നെപോലെ അലസനായ ഒരാളെ കല്യാണം കഴിക്കാൻ ഞാൻ പോലും ഒന്നാലോചിച്ചിട്ട് വേണ്ടേന്നേ പറയു) : വേറെ എന്ത് പറഞ്ഞ അവരെ ഒന്ന് നിർത്ത നീ തന്നെ പറ, ഇതല്ലാതെ മറ്റെന്തു ചെയ്തിരുന്നെങ്കിലും നിന്നെ അവരിവിടന്നു വലിച്ചിഴച്ചു കൊണ്ട് പോയേനെ, അടുത്ത മുഹൂർത്തത്തിൽ ആരുടേലും തലേല് വച്ച് കെട്ടിയേനെ, എനിക്ക് വല്ലതും ചോദിക്കാൻ പറ്റോ?, എതിർക്കാൻ പറ്റോ?, നീ തന്നെ പറ. മീനാക്ഷി ആലോചനയിലേക്കു വീണു.

: എന്നാലും ഈ താലി.... അവൾ അതിൽ പിടിച്ചു നിന്നു.

: അത് വെറും ഒരു മഞ്ഞ ഒരു ചരടല്ലേ, എപ്പോ വേണമെങ്കിലും പൊട്ടിച്ചു കളയാം, ശ്രീറാമിനെ ഞാൻ പറഞ്ഞു മനസ്സിലാക്കാം. (നിറഞ്ഞ ഒരു മൗനത്തിനു ശേഷം ഞാൻ തുടർന്നു) അമ്മക്ക് നീ ന്നു പറഞ്ഞ ജീവൻ ആയിരുന്നു, എന്റെ ഓർമയിൽ ഇപ്പോഴും അമ്മയെ ഓർത്തു ആ തറയിൽ കിടന്നു കരയുന്ന ഒരു നീ ഉണ്ട്.

ആ നിനക്ക് വേണ്ടി ഞാൻ മരിക്കും. ഞാൻ പറഞ്ഞതിൽ അവൾക് താങ്ങാവുന്നതിലും അപ്പുറം ഉള്ള എന്തൊക്കെയോ ഉണ്ടായിരുന്നു, കൂടുതൽ ഏങ്ങൽ അടിച്ചു തേങ്ങികൊണ്ട് അവൾ ബാഗും എടുത്തു ഇറങ്ങി, നടന്നു നീങ്ങുന്ന അവളുടെ തല, കരച്ചിലിന്റെ ആന്ദോളനത്തിനൊത്തു ദോലനം ചെയ്യുന്നുണ്ടായിരുന്നു.

മുടിഴകൾ എനിക്ക് നേരെ അവയുടെ കൈകൾ നീട്ടുന്നുണ്ടായിരുന്നു. തിരിഞ്ഞു നോക്കാതെ, ഒരു യാത്രപോലും പറയാതെ അവൾ നടന്നകന്നു.

തൊടിയിലെ ആഞ്ഞിലിയെന്നോണം നിശ്ചലമായി അതും നോക്കി നിൽക്കാനേ എനിക്ക് കഴിഞ്ഞുള്ളു. പറയാതെ എവിടെ നിന്നോ ഒരുദിവസം കയറി വന്ന അവൾ, പറയാതെ തന്നെ തിരിച്ചു പോയി, ഞാൻ സ്വയം സമാധാനിപ്പിക്കാൻ ശ്രമിച്ചു കൊണ്ട്, അവളെ കയറ്റിയ ഓട്ടോറിക്ഷ, കണ്ണിൽ നിന്ന് മറയുന്നതു വരെ നോക്കിനിന്നു.

*******************************

നേരം ഒരുപാടായി, പുറമെ ഇരുള് കയറും തോറും എന്റെ ഉള്ളിൽ ആധിയും കയറിക്കയറി വന്നു. ഈ നേരം കേട്ട നേരത്തു ആ പെണ്ണ് എവിടെയാവും പോയിട്ടുണ്ടാവുക, ഹോസ്റ്റലിൽ എത്തിയിരിക്കുമോ.

ഫ്ലാറ്റ് പൂട്ടി ഞാൻ വേഗം ഗണേശപുറത്തേക്കു പുറപ്പെട്ടു. യാതൊരു ലെക്കും ലഗാനും ഇല്ലാത്ത വാച്ച്മാനോട് ചോദിച്ചപ്പോൾ, "തെരിയാത് സാർ" എന്നല്ലാതെ മറ്റൊരുത്തരവും കിട്ടിയില്ല.

കുമുദത്തെയെങ്കിലും കാണാൻ കഴിഞ്ഞെങ്കിൽ ചോദിക്കാമായിരുന്നു.... സാധാരണമായ എല്ലാവഴികളും നശിക്കുമ്പോൾ നമ്മളെല്ലാം സാഹസികരായി മാറും, എട്ടടിയോളം ഉയരം വരുന്ന പാറക്കല്ലിൽ കെട്ടിപ്പൊക്കിയ ആ ആജാനുബാഹു ആയ മതിൽ ഞാൻ ചാടാൻ തീരുമാനിച്ചു.

ഇരുള് വീണ ഒരു മറവിൽ മതിലിൽ തള്ളി നിന്നിരുന്ന പാറക്കല്ലുകളിൽ ചവിട്ടി ഞാൻ ബദ്ധപ്പെട്ട് കയറി. മാനത്തു അമ്പിളിമാത്രം എന്റെ ഈ കസർത്തു കണ്ടു ചിരിച്ചുനിന്നു.

അപ്പുറത്തേക്ക് എത്ര താഴ്ചയുണ്ടെന്നു അറിയില്ല താഴെ ഇരുട്ട് കെട്ടി കിടക്കുകയാണ്. ഒന്നും നോക്കിയില്ല ചാടി.

ഇപ്പുറത്തു മതിലിനു ഉയരം കുറവായതു കൊണ്ട്, ചത്തില്ല. അന്ന് കണ്ട ഓർമ്മവച്ച് ഇരുളിന്റെ മറപറ്റി കെട്ടിടങ്ങളുടെ അങ്ങേ അറ്റത്തുള്ള കുമുദത്തിന്റെ റൂമിലേക്ക് നടന്നു.

ഓരോ റൂമിലും അർദ്ധവസ്ത്രധാരികൾ ആയ തരുണി മണികൾ അഴിഞ്ഞാടുന്നുണ്ട്, പലതരത്തിലും പലസൈസ് ലും ഉള്ളവ എല്ലാം ഒന്നിനൊന്നു മെച്ചം. ഞാൻ അറിയാതെ വായതുറന്നുപോയി.

പരദൂഷണങ്ങളും, പാട്ടുകളും, പെൺകിളികളുടെ കിളികൊഞ്ചലുകളും, കടന്നു ഞാൻ നടന്നു, മറ്റൊരു അവസരത്തിലായിരുന്നെങ്കിൽ ഇതെല്ലാം അല്പംനേരം കണ്ട് ആസ്വദിച്ചുനില്കാമായിരുന്നു. ആരും കാണുന്നില്ലന്നു ഉറപ്പുവരുത്തി വരാന്തയിലേക്ക് കടന്നു കുമുദത്തിനെ മുറിയുടെ വാതിലിൽ തട്ടി.

രണ്ടാമത് തട്ടുന്നതിനു മുന്നേ വാതിൽ തുറക്കപ്പെട്ടു. : സാർ, നീങ്കളാ.

എപ്പടി വന്ധിങ്കെ ഇന്ത നേരത്തിലെ. (പെണ്ണിനു ഞാൻ ഇവടെ വന്ന കഥയാണ് അറിയേണ്ടത് ആദ്യം തന്നെ, പിന്നെ ഞാൻ ഈ പാതിരാത്രി, ഒരു മൂഞ്ചിയ എട്ടടിമതിലുംചാടി അവളെ കാണാൻ വന്ന കോളേജുക്കുമാരനല്ലേ കഥ പറഞ്ഞിരിക്കാൻ.

) അപ്പോൾ കൂടുതൽ തുറക്കപ്പെട്ട വാതിലിൽ കൂടി തലകുമ്പിട്ടു ഉള്ളിൽ ഇരിക്കുന്ന മീനാക്ഷിയെ കണ്ടു, അവൾക്കു ഞാനാന്ന് മനസ്സിലായെങ്കിലും തലയുയർത്തി നോക്കിയില്ല. ഹാവൂ, എനിക്ക് ഒരു ഇരട്ടപെറ്റപോലെ ആശ്വാസം തോന്നി.

: അമ്മാവേ പാക്ക വന്തിങ്കളാ, സരി ഇങ്കെ നിക്കാതെ, ഉള്ളവാങ്കെ (അവൾ അകത്തേക്ക് ക്ഷണിച്ചു) ഞാൻ ഒന്നും പറഞ്ഞില്ല, അവളെ നോക്കി ഒരു ആശ്വാസചിരി ചിരിച്ചു തിരിച്ചു നടന്നു. എങ്ങനെയൊക്കെയോ മതിലിൽ വീണ്ടും വലിഞ്ഞു കയറി, അപ്പുറത്തേക്ക് ചാടി.

ചാടികഴിഞ്ഞാണ് ഇപ്പുറത്തെ ഉയരമല്ല അപ്പുറത്തേക്കെന്നു ഓർത്തത്. കാരണവന്മാരുടെ പുണ്യംകൊണ്ട് കാലു ഉളിക്കി എന്നല്ലാതെ, ഇത്തവണയും ചത്തില്ല.

ഉളുക്കിയ കാലും ഞൊണ്ടി സമാധാനത്തോടെ വീട്ടിലേക്കു നടന്നു. അങ്ങനെ മീനാക്ഷി കൊണ്ട് വന്ന കുഴപ്പങ്ങൾക്ക് എല്ലാം ഒരു അവസാനം ആയി.

ഇനി സമാധാനമായി കിടന്നു ഉറങ്ങണം. വീട്ടിലെത്തിയതും കട്ടിലിലേക്ക് കമന്ന് വീണു, ഷീറ്റിനും തലയിണക്കും, അവളുടെ മണം, രാത്രിയിൽ പാരിജാതം പൂത്തമണം.

എഴുന്നേറ്റു സോഫയിൽ പോയികിടന്നു. രണ്ടു ദിവസത്തെ ഉറക്കം കണ്ണിനെ ബലമായി പിടിച്ചു അടച്ചു.

കുഴപ്പങ്ങളില്ലാത്ത നാളെയിലേക്കു ഞാൻ ഉറക്കത്തിന്റെ തേരിലേറി യാത്രയായി. ഒന്നും അവിടെ തീർന്നില്ല, അതൊരു തുടക്കം മാത്രമായിരുന്നു, അഴിച്ചാലും അഴിച്ചാലും വീണ്ടും മുറുകി വരുന്ന, അഴകുള്ള ഒരായിരം കുഴപ്പങ്ങളുടെ തുടക്കം...

*******************************

മീനാക്ഷി പോയി ഒരാഴ്ചക്ക് ശേഷം.... കണ്ണ് തുറന്നപ്പോൾ മുറി തലകുത്തി നിൽപ്പുണ്ട്.ഒന്നുകൂടി കണ്ണ്തിരുമി നോക്കിയപ്പോ കാര്യം മനസിലായി മുറിയല്ല ഞാനാണ് തലകുത്തി നിൽക്കുന്നതു.

രാത്രിയെപ്പോഴോ സോഫയിൽ നിന്ന് ഇഴുകി വീണ്, തലയും ഇടതുതോളും നിലത്തുകുത്തിനിൽപ്പാണ്. അത് മുഴുവനായി മനസ്സിലാക്കി വന്നപ്പോഴേക്കും വഴുക്കി, മുതുകടിച്ചു നിലത്തുവീണു.

തല ഒരു സൈഡിലേക്കു തിരിക്കാൻ പറ്റണില്ല, പെടലി ആയി. മുതുകടിച്ചു വീണ വേദനയുമുണ്ട്.

ഞാൻ അവിടെ തന്നെ ഇരുന്നൊന്നു ഞെരങ്ങി. ഇന്നലെ അടിച്ച കൂത്താട റമ്മിന്റെ വാട ഇപ്പോഴും വായിൽ നിൽപ്പുണ്ട്.

സമയം നോക്കി ഉച്ചക്ക് 2 മണി. നല്ല ദാഹം എഴുന്നേറ്റു ഒരു വായ വെള്ളം കുടിച്ചിറക്കി, ആസിഡ് ഇറങ്ങും പോലെ അതിറങ്ങിപ്പോയി, പക്ഷെ വയറ്റിലെത്തിയപ്പോൾ എന്തൊരു സുഖം.

റം അടിച്ച് ഫിറ്റ്ആയി കെടന്നൊറങ്ങി, എണീക്കുമ്പോ, വരണ്ടതൊണ്ടയിൽ ഒരു കവിള് വെള്ളം കുടിക്കണം, ആഹാ സ്വർഗം. ഞാൻ ഹാളിനു നടുക്ക് ഇട്ടിരുന്ന മരമേശയിൽ കൈകുത്തി തല അതിൽ ചാരി ആലോചിച്ചു.

എനിക്ക് എന്താണ് പറ്റിയത്. ഞാൻ എന്താണ് ഇങ്ങനെ.

മീനാക്ഷി വന്നുപോയതിൽ അധികം നാൾ ആയിട്ടില്ല, ഞാൻ എണ്ണിനോക്കി ഒരെത്തും പിടിയും ഇല്ല, മാസങ്ങൾ എത്രയോ ഈ ദിവസങ്ങളിൽ കഴിഞ്ഞു പോയതുപോലെ തോന്നുന്നു. അതിനു ശേഷം ശരിക്കൊന്നു ഉറങ്ങിയത് ഓർമ്മയില്ല.

ദിവസങ്ങൾക്കു ദൈർഘ്യം കൂടിക്കൂടി വന്നു. ഒന്നും ചെയ്യാൻ മനസ്സ് വരുന്നില്ല.

സ്റ്റുഡിയോയിൽ പോയിട്ട് ഒരുപാടു നാളായി. കൈയിൽ കാശൊക്കെ തീർന്നു തൊടങ്ങി, അവിടെ പോയിരുന്നെങ്കി ശമ്പളം കിട്ടിയേനെ.

ഇനിയും ഈ അവസ്ഥ തുടർന്നാൽ അടുത്ത ആഴ്ച ജോലിയും പോകും, മുഴുപ്പട്ടിണിയും ആവും. ഈ ആഴ്ച ഒരു ഇന്റർവ്യൂ എങ്കിലും ചെയ്യണം, ഫോണിൽ മിസ്സ്ഡ് കാൾസ് കുമിഞ്ഞു കൂടുന്നുണ്ട്.

എനിക്കാകെ പ്രാന്ത് പിടിക്കുന്ന പോലെ തോന്നി. എനിക്കെന്താണ് പറ്റിയത്, എന്താണ് നഷ്ടപ്പെട്ടത്.

എഴുന്നേറ്റു ചുറ്റും നോക്കി, റൂം അലങ്കോലപ്പെട്ടു കിടക്കുന്നു. അടുക്കിപെറുക്കി വക്കണം, പിന്നെയാവട്ടെ.

ഞാൻ ഒരു സിഗെരെറ്റിനു തീ കൊടുത്തു. ജനലരികിൽ വച്ചിരുന്ന ബട്ടൺറോസ് ചെടി വാടിയിരിക്കുന്നു, പക്ഷികളെ കാണാൻ ഇല്ല, ഇതിനിടയിൽ എപ്പോഴൊക്കെയോ ജനലരികിൽ വെള്ളം വക്കാൻ ഞാൻ മറന്നു പോയിരിക്കുന്നു.

ജംമ്പു ഒന്ന് രണ്ടു വട്ടം വന്നു പഴം കിട്ടാതെ തിരികെ പോയി. അവനെയും ഇപ്പോൾ കാണാറില്ല.

പോട്ടെ എല്ലാരും പോകട്ടെ. ഞാൻ അല്ലെങ്കിലും എന്നും ഒറ്റക്കല്ലേ, എനിക്ക് വേറെ ആരാ ഉള്ളെ.

ഞാൻ നിരാശയിൽ മുഴുവൻ കത്തി തീരാത്ത സിഗരെറ്റ് ചുമരിലേക്കു വീശിയെറിഞ്ഞു. രണ്ടു ദിവസം മുന്നേ, അതോ മൂന്നോ...

ഒർമ്മ കിട്ടുന്നില്ല, ആത്തിഫ് അലിയും, ശ്രീരാഗ് ഭാസിയും വന്നിരുന്നു, എന്നെ കാണാൻ വന്നൊതൊന്നും അല്ല, ദുബൈയില് ഷൂട്ട് ഉണ്ട് അത് കഴിഞ്ഞു റെക്കോർഡിങ് നു

ചെന്നൈയിൽ വരും, കാറ് എന്റെ പാർക്കിംഗ് ലോട്ടിൽ ഇടുന്നുണ്ടെന്നു പറയാൻ വന്നതാണ്. എന്റെ കോലം കണ്ടിട്ടാവും, അതികം സംസാരിക്കാൻ നിന്നില്ല വേഗം ഇറങ്ങി.

ഒരു സൈക്കിൾ പോലും ഇല്ലാത്ത എനിക്കെന്തിനാണ് പാർക്കിംഗ് ലോട്ട് എന്നാണ് ഞാൻ ആലോചിക്കുന്നതു. താക്കോൽ ഇവിടെ എവിടെയോ അവൻ ഇട്ടിട്ടുണ്ട്.

എവിടേലും ആവട്ടെ തിരിച്ചു വരുമ്പോ അവൻ തന്നെ തെരഞ്ഞു കണ്ടുപിടിച്ചോളും. എന്റെ ബ്രഷ് എവിടെ ആണെന്നാണ് ആദ്യം കണ്ടു പിടിക്കേണ്ടത്.

ഞാൻ ഒരു പ്രൈവറ്റ് ഡിക്റ്റക്റ്റീവ്നെ പോലെ കണ്ടു പിടിക്കാൻ ഉള്ള കാര്യങ്ങളുടെ ലിസ്റ്റ് ഇട്ടു. സുകുമാര കുറുപ്പിനെ കണ്ടുപിടിക്കാൻ പോലും ഇത്ര പാടില്ല.

പല്ലുതേച്ചു ഒരുഗ്ലാസ്സ് കട്ടൻചായ പോലും ഇട്ടുകുടിക്കാൻ മനസ്സാന്നിധ്യം ഇല്ലാതെ ഞാൻ മേശയിൽ തലവച്ചു കിടന്നു. റൂമിലേക്ക് കടന്നാൽ അവിടെ അവളിപ്പോഴും നിറഞ്ഞു നിക്കുന്ന പോലെ ഒരു തോന്നലാണ്.

ഒരാഴ്ച്ചയായി സോഫയിൽ തന്നെ ആണ് കിടപ്പ്. ഒരു ദിവസം കൊണ്ട് ആർക്കെങ്കിലും ആരോടെങ്കിലും, ഇത്രയും ഇഷ്ടം തോന്നുമോ?

ഏയ് ഒരിക്കലും ഇല്ല, ഇത് വെറും ഇൻഫാച്ചുവേഷൻ, പച്ചമലയാളത്തിൽ മതിഭ്രമം. മനസ്സിന് ബലം കുറയുമ്പോ തോന്നുന്നത്.

ഇതിപ്പോ മാറും, അവളെ മറന്നുപോകും, എല്ലാം പഴയപോലെ ആകും, മുങ്ങിതാഴുന്നവൻ വിടുന്ന കുമിളകൾ പോലെ, എന്റെ അവ്യക്തമായ പുലമ്പൽ ആ ആളൊഴിഞ്ഞ മുറിയിൽ അലയടിച്ചു. കണ്ണടച്ച് കിടക്കുമ്പോൾ ആരുടെയോ കാലടിശബ്ദം എനിക്കടുത്തു വരുന്നത് പോലെ തോന്നി.

എഴുന്നേറ്റു നോക്കാൻ ഉഷാറ് തോന്നാത്തത് കൊണ്ട് ഞാൻ അങ്ങനെ തന്നെ കിടന്നു. : എന്ന ആവിതമ്പി ഇന്ത നേര ത്തിലെ തൂക്കം, എഴുന്ത്രി, അക്ക ഉനക്ക് സക്കരസാദം കൊണ്ട് വന്തിരുക്കെ.

എൻ തമ്പി എഴുന്ത്രു. (വന്നിരിക്കണത് സുബലക്ഷി അമ്മാൾ, ഞങ്ങടെ സ്വന്തം ലക്ഷ്മി അക്ക ആണ്, സെൽവണ്ണൻറെ പൊണ്ടാട്ടി, തമിഴ് സംസാരിക്കാൻ ആണ് കൂടുതൽ ഇഷ്ടം എന്നെയുള്ളൂ, മൂപ്പത്തി ശുദ്ധമലയാളി ആണ്.

ഒരു പാലക്കാടുകാരി സാധുസ്ത്രീ . പഴയ ഒരു വിപ്ലവപ്രണയ കഥയിലെ നായികാ ആണ്.

അഗ്രഹാരവും, സകല ആടംബരങ്ങളും വിട്ടു സെൽവ അണ്ണന്റെ ഒപ്പം പത്തു വര്ഷങ്ങള്ക്കു മുന്ന് ഇതേ ദിവസം ഇറങ്ങി പോന്നതാണ്. അതിന്റെ വിപ്ലവാത്മകമായ ഓർമ്മയ്ക്ക് ഉണ്ടാക്കിയ ശർക്കരപായസം എനിക്ക് തരാൻ സന്തോഷത്തോടെ വന്നിരിക്കാണ്.

എന്ത് വിശേഷം ഉണ്ടെങ്കിലും അമ്മാൾ പായസം വയ്ക്കും, അത് വീട്ടിലെ നായക്കുട്ടിയുടെ പിറന്നാൾ ആണെങ്കിൽ കൂടി. ഞാൻ ആണ് സ്ഥിരം അതിന്റെ ആദ്യ ഇര , ചുമ്മാ പറഞ്ഞതാണ് ട്ടോ, പായസത്തിൽ അമ്മാളിനെ തോൽപ്പിക്കാൻ ഈ ടോട്ടൽ മദ്രസി പട്ടണത്തിൽ വേറൊരാളില്ല.

അത്രയ്ക്ക് ഭേഷ് ആണ്. എന്റെ പാചകത്തിന്റെ ആരാധിക കൂടിയാണ്, എന്ത് വച്ചാലും ഞാൻ ഒരുപങ്ക് അവർക്കും കൊടുക്കും.

) : എന്ന ആവി റൂം ഇപ്പടി, (അക്ക ചുറ്റും നോക്കി പറഞ്ഞു തുടങ്ങി) സാധാരണ എല്ലാം അടുക്കി പറക്കി വക്കണതാണല്ലോ നീയ്. ഇതിപ്പോ കുന്നംകുളം ബസ് സ്റ്റാൻഡിലു, ബസ്സുകിടക്കണ പോലെ ഇണ്ട് ല്ലോ.

(ഞാൻ നോക്കുമ്പോ അക്ക മൂക്കത്തു വിരൽ വച്ച് നിൽപ്പുണ്ട്), : യെതാവത് പ്രച്ഛനയാ തമ്പി (എന്റെ കോലം കണ്ടു അവർ ആകുലപ്പെട്ടു ചോദിച്ചു) എന്തെങ്കിലും പ്രശനം ഉണ്ടോ എന്ന ചോദ്യം എന്നെ ബോധ മണ്ഡലത്തിലേക്ക് കൊണ്ടുവന്നു. : പ്രശനം ഒന്നും ഇല്ല അക്ക, കുറച്ചു നാളായി നല്ല തിരക്കിലായിരുന്നു, ഒരു ഒഴിവു കിട്ടിയിട്ട് എല്ലാം അടുക്കി പെറുക്കി വയ്ക്കണംന്ന് വച്ചിരിക്കയിരുന്നു.

എന്തായാലും അതോണ്ട് ഈ പട്ടാമ്പികാരുടെ വായുന്നു ശുദ്ധമലയാളം ഒന്ന് കേൾക്കാൻ പറ്റിലോ. ഞാൻ ചുമ്മാ ഒരു കോമഡി ഇട്ടു അപ്പോഴത്തെ സന്ദർഭം ലഘുവാക്കി.

: നീ ഈ പായസം ശാപ്പിട്ടുപാര്, ഞങ്ങളു പാലക്കാടുകാരുടെ മലയാളം പോലെത്തന്നെ അടിപൊളി ആണ് പായസവും. (അവർ നിറഞ്ഞ ഒരു ചിരിയോടെ പറഞ്ഞു) : ഇന്ന് ശർക്കര കുറച്ചു കൂടുതൽ ആണല്ലോ, സെൽവ അണ്ണന് ഷുഗറു കൂട്ടോ നിങ്ങള്.

: ഇത് പാത്താവാത് ആനിവേഴ്സറി അല്ലെ ആവി, മധുരം കുറച്ചു തൂക്കലായിര്ക്കട്ടുംന്ന് വച്ച്. ഇത്തിരി മധുരം കൂടിയാലെങ്കിലും ആ മനുഷ്യന് അതൊന്നു ഓർമ്മ വരട്ടെന്നു വച്ചു.

ലക്ഷ്മി അക്ക കെറുവ് വച്ചു, ഞാൻ അത് കണ്ടു വെറുതെ ചിരിച്ചു. ഞാൻ അല്പം പായസം എടുത്ത് കഴിച്ചുകൊണ്ട് ലക്ഷ്മി അക്കയെ നോക്കി.

അവർ താലി രണ്ടു കണ്ണിലും പ്രാർത്ഥനാപൂർവ്വം ചേർത്ത് വച്ച് ഭക്തിയോടെ താഴേക്കിട്ടു, നേരത്തെ കണവനെ പറ്റി കെറുവ് പറഞ്ഞതിന് മാപ്പു ചോദിക്കാവും. അവരിത് ഇടയ്ക്കിടയ്ക്ക് ചെയുന്നത് ഞാൻ കണ്ടിട്ടുണ്ട്.

പെട്ടന്ന് തോന്നിയ കൗതുകത്തിൽ ഞാൻ അവരോടു ചോദിച്ചു. : അക്ക താലിക്കു എന്താ ഇത്ര പ്രാധാന്യം, അത് വെറും മഞ്ഞ ചരടല്ലേ.

എപ്പോ വേണങ്കി പൊട്ടിച്ചെറിയാൻ പറ്റില്ലേ. സ്നേഹം അല്ലെ ഏറ്റവും വലുത്.

അമ്മാൾ എന്നെ ഒന്ന് അത്ഭുതത്തോടെ നോക്കി, ഇവിടെ നടന്ന സർക്കസ് ഒന്നും അവരറിഞ്ഞിട്ടില്ല. ആരും അറിഞ്ഞിട്ടില്ല.

എനിക്ക് കല്യാണ ആശ വന്നെന്നു തോന്നിക്കാണും പാവത്തിന്. അക്ക വാത്സല്യത്തോടെ എന്റെ തലയിൽ തലോടി, ലക്ഷ്മി അമ്മാളിൻറെ താലി മാഹാത്മ്യം പറഞ്ഞു തുടങ്ങി.

: മോനെ, ശരിയാണ് സ്നേഹം എല്ലാത്തിനും മുകളിൽ തന്നെയാണ്. പക്ഷെ താലി, അത് വെറും ഒരു മഞ്ഞ ചരട് അല്ല, അത് യാഥാർഥ്യവും മനോരാജ്യങ്ങളും കൂട്ടികെട്ടുന്ന ഒരു മാന്ത്രിക നാരാണ്, അവസാനം വരെ പിരിയാതെ കൂടെയുണ്ടാവുമെന്നു പറയാതെ പറയുന്ന വാക്കാണ്.

അത്രക് വലിയൊരു ആശയം വെറും വയറ്റിൽ ദഹിച്ചില്ല. ഞാൻ പിന്നെയും മനസ്സിൽ തോന്നിയ ഒരു സംശയം ചോദിച്ചു.

: അപ്പോൾ വിവാഹമോചനങ്ങളോ, അതും അവശ്യം വേണ്ടതല്ലേ, ഒന്നിച്ചു ജീവിക്കാൻ കഴിയാത്തവർ പിരിയേണ്ടതും അനിവാര്യം അല്ലെ. അപ്പൊ താലിക്ക്, ആ കൊടുത്ത വാക്കിനു അവിടെ എന്താണ് പ്രസക്തി.

ലക്ഷ്മി അമ്മാൾ ചൂടാവും എന്ന് പ്രതീക്ഷിച്ചാണ് ഞാൻ അവരുടെ മുഖത്തേക്ക് നോക്കിയത്. പക്ഷെ ഞാൻ അവിടെ കണ്ടത് തിരുവാതിരക്കു വച്ച നിറദീപമെന്നോണം ഒരു നിറഞ്ഞ പുഞ്ചിരിയാണ്.

: ആവി മോനെ, ഒന്നിച്ചു ജീവിക്കാൻ എല്ലാവര്ക്കും കഴിഞ്ഞെന്നു വരില്ല, ഓരോരുത്തരും ഓരോ തരം വ്യക്തികളല്ലേ. അതുകൊണ്ടു ദാമ്പത്യ ജീവിതത്തിൽ നിന്നൊരു പിൻവാങ്ങലും വേണ്ടത് തന്നെ.

(അവർ വീണ്ടും ഒരു ശാന്തമായ ചിരിയോടെ പറഞ്ഞു തുടർന്നു) എങ്കിലും നല്ല സ്നേഹിതരായി ഇരിക്കാമല്ലോ ഈ ജീവിതകാലം മുഴുവൻ. ജീവിതം വളരെ ചെറുതാണ് ആവി, അത് നമ്മൾ മനസ്സിലാക്കി വരുമ്പോഴേക്കും വളരെ വൈകിയിരിക്കും.

ഈ ചരട് ഒരു അടയാളമാണ്, നമ്മൾ ഒരിക്കൽ അന്തമായി പരസ്പരം സ്നേഹിച്ചിരുന്നു, ഏതു മോശം അവസ്ഥയിലും നമ്മൾ അത് തുടർന്നുകൊണ്ടിരിക്കും എന്ന മൗനമായ വാക്ക്. അവരുടെ വാക്കുകൾ എന്റെ മനസ്സിൽ ചിന്തയുടെ കടന്നൽകൂടു പൊട്ടിച്ചു, ചെവിയിൽ മൂളക്കം നിറഞ്ഞു.

വാക്ക്, ഞാൻ കൊടുത്ത വാക്ക്. അതാണ് എന്നെ വേട്ടയാടുന്നത്.

ഏതു മോശം അവസ്ഥയിലും തിരിച്ചൊന്നും പ്രതീക്ഷിക്കാതെ അവൾക്കൊപ്പം ഉണ്ടാവും എന്ന വാക്ക്. സ്നേഹിതൻ, മീനാക്ഷിയുടെ സ്നേഹിതൻ.

എനിക്കെന്തുകൊണ്ട് ജീവിതകാലം മുഴുവൻ അവൾക്കു സ്നേഹിതൻ ആയിക്കൂടാ. എന്ത് കൊണ്ടോ ആ ചിന്ത എനിക്കു വല്ലാത്തൊരു ഊർജം നൽകി.

ലക്ഷ്മി അമ്മാൾ പോയതും ചുവന്നുതുടുത്ത സന്ധ്യയെ, രാത്രി കറുത്ത കമ്പളം പുതപ്പിച്ചതും അറിയാതെ ഞാൻ ഹാളിലെ തണുത്ത തറയിൽ കിടന്നു മനക്കോട്ട കെട്ടി.

********************************

അതെ സമയം കോളേജ് ഹോസ്റ്റലിൽ..... കോളേജ് വിട്ടു തളർന്നു റൂമിലെത്തി മീനാക്ഷി ബാഗ് ഒരു മൂലയിലേക്ക് വലിച്ചെറിഞ്ഞു കട്ടിലിൽ കയറി കാൽമുട്ടുകളിൽ തലയൂന്നി പൊട്ടിപൊളിഞ്ഞ ചുവരിൽ നോക്കിയിരുന്നു.

എല്ലാത്തിനോടും ദേഷ്യം, എല്ലാവരോടും ദേഷ്യം. ദേഷ്യം അടക്കാൻ പറ്റണില്ല.

ഒടുക്കത്തെ ചൂടും, ഭാഷയറിയാത്ത മനുഷ്യരും, വായിൽ വയ്ക്കാൻ കൊള്ളാത്ത ഭക്ഷണവും, വൃത്തിയും വെടുപ്പെന്നുള്ളത് ഈ ഹോസ്റ്റലിൽ ആർക്കും അറിയ തന്നെ ഇല്ലന്ന് അവൾക്കു തോന്നി. വല്ലാത്തൊരു അപരിചിത ലോകത്താണ് താൻ വന്നുപെട്ടിരിക്കുന്നത്.

വരണ്ടിരുന്നില്ലന്ന ചിന്ത അവളിൽ കടന്നുപ്പെട്ടു. പെട്ടന്ന് അവൾ എന്തോ ആലോചിച്ചു ആ താലി പുറത്തെടുത്തു.

ഊരികളയണോ ഉണ്ണിയേട്ടൻ പറഞ്ഞപോലെ. അവൾ രണ്ടു ഭാഗത്തെയും നൂലിൽ പിടിച്ചു, സോഡാമൂടി പമ്പരംപോലെ ആ താലിയൊന്നു കറക്കി നോക്കി, മനസ്സിൽ പലതരം ആശങ്കകൾ മിന്നിമറഞ്ഞു, അതവളുടെ നിർമലമായ മുഖത്തും പ്രതിഫലിച്ചു.

വേണ്ടായിരുന്നു, ഒന്നും വേണ്ടായിരുന്നു. എങ്കിലും അവളുടെ മുഖത്തു അവസാനം അവശേഷിച്ചതൊരു പുഞ്ചിരിയായിരുന്നു.

ഇതൊക്കെ ലോകത്തു ആർക്കെങ്കിലും സംഭവിക്കുന്ന കാര്യങ്ങൾ ആണോ, പാവം ഉണ്ണിയേട്ടൻ. എന്റെ നല്ലതിന് വേണ്ടി ചെയ്തതാണ്, ഇങ്ങനൊരു അബദ്ധത്തിൽ ചെന്ന് വീഴുമെന്ന് വിചാരിച്ചു കാണില്ല.

അവൾ വെറുതെ ഓരോന്ന് ആലോചിച്ചു ചിരിച്ച് എഴുന്നേറ്റു. വരണ്ട മുഖത്തു തണുത്ത വെള്ളം വീണപ്പോൾ അവൾക് ഒരു ആശ്വാസം തോന്നി, കാലാവസ്ഥയും ഭക്ഷണവും ശരിയായി വരുമായിരിക്കും, ഭക്ഷണം കുറഞ്ഞതിൽ പിന്നെ എപ്പോഴും ക്ഷീണം ആണ്.

ഒന്നും ചെയ്യാൻ മൂഡില്ല. ആകെ ഉള്ള ആശ്വാസം കുമുദം ആണ്.

അവൾക്കാണെങ്കി എപ്പോഴും പിടിപ്പതു പണിയുണ്ട്, അവൾ വെറുതെ ഇരുന്നൊന്നു കണ്ടിട്ടില്ല, പക്ഷെ എന്റെ എല്ലാ കാര്യങ്ങളും അവൾക്കറിയാം, ഇടയ്ക്കിടയ്ക്ക് ഓടിവന്നു

മുറി മലയാളത്തിൽ, തമിഴും കൂട്ടി എന്തൊക്കെയോ പറയും ചിലതു എനിക്ക് മനസ്സിലാവില്ല. എങ്കിലും ആളുകളെ മനസിലാക്കാൻ ഭാഷ ഒരു അവശ്യഘടകം അല്ലല്ലോ.

അവൾ അവിടെ ഇല്ലെങ്കിലും അവൾ എല്ലാം അറിയുന്നുണ്ടായിരിക്കും. ഇടയ്ക്കു തോന്നും അവൾക്കു തലയ്ക്കു പിന്നിലും കണ്ണുകൾ ഉണ്ടെന്നു, ഉള്ളിലേക്ക് ചൂഴ്ന്നിറങ്ങാൻ മാത്രം മൂർച്ചയുള്ളവ.

വീണ്ടും ഒരു വട്ടംകൂടി വെള്ളം മുഖതൊഴിച്ചു, വെള്ളം ചുവപ്പു വർണ്ണത്തിൽ ഒഴുകിയിറങ്ങി, പൊള്ളുന്ന ചൂടിൽ നിന്നും പെട്ടന്ന് തണുപ്പിലേക്കുള്ള മാറ്റം അവളുടെ മൂക്കിലെ മൃദുലമായ ഞരമ്പുകൾക്കു ഉൾകൊള്ളാൻ കഴിഞ്ഞില്ല. അവ പൊട്ടി പ്രതിഷേധം ചുവപ്പു വർണ്ണത്തിൽ അറിയിച്ചു.

ചൂട് ശരീരത്തിന് താങ്ങാൻ പറ്റുന്നതിലും അപ്പുറം ആണ്.ഹോസ്റ്റൽ വെള്ളവും തലയ്ക്കു പിടിക്കുന്നില്ല, അവൾ മുടിപിടിച്ചു നോക്കി വരണ്ടു ചകിരിപോലെ ജടപിടിച്ചിരിക്കുന്നു, നാളെ എണ്ണതേച്ചു നേരേയാക്കണം. യാതൊരുവിധ സന്തോഷവും തോന്നുന്നില്ല, തൻമാത്രം ലോകത്തിൻറെ ഏതോ ഒരുകോണിൽ ഒറ്റപെട്ടു പോയതുപ്പോലെ.

അവൾ വീണ്ടും കട്ടിലിൽ പോയിരുന്നു, അതാണ് ഇപ്പോൾ അവളുടെ ഒരേഒരു അഭയകേന്ദ്രം. അത്ഭുതമെന്നെ പറയേണ്ടതുള്ളൂ അവിടെ അങ്ങനെ ഇരുന്നപ്പോൾ അരവിന്ദന്റെ മനസ്സിലൂടെ മിന്നിമറഞ്ഞ അതെ ചിന്ത അവളിലൂടെയും കടന്നു പോയി, "ഈ നശിച്ചമാസം വേഗം ഒന്ന് കടന്നു പോയിരുന്നെങ്കിൽ" എങ്കിലും തനിക്ക് ഈ മാസം മറക്കാൻ പറ്റില്ല ജീവിതത്തിൽ ഒരിക്കലും, അവൾ വീണ്ടും താലിയിൽ പിടിച്ചു മുഖത്തിനു നേരെ വച്ചു ആത്മഗതം പറഞ്ഞു തുടങ്ങി.

"സ്നേഹം ഉണ്ട് ഇല്ലെങ്കി, അന്ന് രാത്രി ആ വലിയ ഹോസ്റ്റൽ മതിലുംചാടി, ഇത്ര റിസ്ക് എടുത്ത്, പാതിരാത്രി തന്നെ ഇത്രേടം വരെ വരില്ല." ചിന്തകൾ അവളുടെ മുഖത്തു ഒരു നേർത്ത മന്ദസ്മിതത്തിന്റെ പാൽനിലാവ് വിരിച്ചു.അതിനൊപ്പം അവൾ പാറിനിൽക്കുന്ന അറ്റം ചുരുണ്ട മുടിയിഴകളെ തലോടിക്കൊണ്ടിരുന്നു.

ഭക്ഷം കഴിക്കാൻ വിശപ്പു തോന്നിയില്ല, കുമുദം കുറെ നിർബന്ധിച്ചു നോക്കി. അല്പം വെള്ളം കുടിച്ചു ഉറങ്ങാൻകിടന്നു.

ഇന്ന് അവൾ കിടന്നതും ഉറങ്ങിപ്പോയി, അവളും ശരിക്കൊന്നു ഉറങ്ങിയിട്ട് കുറച്ചു നാളായിരുന്നു....

*******************************

നാട്ടിൽ എന്തൊക്കെയോ കോലാഹലങ്ങൾ നടക്കുന്നുണ്ട്, രാഘവമ്മാമൻ പരസ്യമായി മീനാക്ഷി തന്റെ മോളല്ല എന്ന് പ്രഖ്യാപിച്ചു. “ഹോ, വല്ലത്തൊരു മലയോന്തു തന്നെ.

” രാത്രിതണുപ്പ് വെയിലിനു വഴിമാറുന്നപോലെ അനുദിനം ജീവിതത്തിന്റെ കാലാവസ്ഥയും മാറിക്കൊണ്ടിരുന്നു.

******************************

രാവിലെ പോകാൻ ഒരു ഡ്രെസ്സിനു വേണ്ടി, ഞാൻ കബോഡിൽ ഉണ്ടായിരുന്ന ഡ്രെസ്സുകൾ മുഴുവൻ വലിച്ചു നിലത്തിട്ടു തപ്പി. ഇല്ല കോളേജിൽ പോവാൻ പറ്റിയ ഡ്രസ്സ് ഒന്നും ഇല്ല.

എന്ത് ചെയ്യും, ഞാൻ തലപുകഞ്ഞു ആലോചിച്ചു. ആ കെ.എം.സി.

എഞ്ചിനീയറിംഗ് കോളേജിൽ വിനയ് ശ്രീനിവാസൻ ഏതോ പടം ഷൂട്ടെയുന്നുണ്ട്, ഏതോ അവയവത്തിന്റെ പേരാണ്, വല്ല അവയവദാന പടവും ആവും. എന്തെങ്കിലും ആവട്ടെ.

അവടെ പോയി നോക്കാം, കോളേജ് പടം അല്ലെ ചെത്ത് ഡ്രസ്സ് വല്ലതും തടയും. വിനയ് ഒരു പാവം ആണ്, ഒരു ശുദ്ധൻ.

ഇന്ന് അവനെ പറ്റിക്കാം. ഞാൻ ഓട്ടോ പിടിച്ചു.

പടത്തിൽ എല്ലാം ചെറുവക പിള്ളേരാണ്, ആകെ പാകം ആവണത്, ഒരു പൂക്കള ഷർട്ടും, കീറിയ പാന്റും ആണ്. “പൊളി ആയിണ്ടല്ലോ”, എന്ന വിനയ്ടെ കമെന്റിൽ വിശ്വസിച്ചു, അതും ഇട്ടു ഗണേശപുറത്തേക്കു ബസ്സ് കയറി.

ആളുകളൊക്കെ നൈസ് ആയിട്ട് നോക്കുന്നുണ്ട്, ഈ മൈരോളു ഒന്നും സിമ്പിൾ ഡ്രസ്സ് ഇടണ ഫ്രീക്കന്മാരെ കണ്ടിട്ടില്ലേ. വല്യപ്പന്മാരൊക്കെ എന്നെ ചൂണ്ടികാണിച്ചു എന്തോ പറയുന്നുണ്ട്, പൂറന്മാര് കളിയാക്കാവും, നാല് പല്ലെങ്കിലും ഉണ്ടെങ്ങി അടിച്ചു താഴെ ഇടായിരുന്നു.

ബുദ്ധി ഉറക്കാത്ത കുറച്ചു സ്കൂൾ പിള്ളേര് മാത്രം ആരാധനയോടെ നോക്കുന്നുണ്ട്. ഗണേശപുരത്ത്, ഓടുന്ന ബസ്സിൽ നിന്ന് മീനാക്ഷിയുടെ സ്നേഹിതൻ ചാടിയിറങ്ങി, ഷോ...

പട്ടി ഷോ. അവടെ നിൽക്കണ കോളേജ് പിള്ളേര് എന്റെ ഷോ കണ്ടു നെറ്റിചുളിച്ച് ഏതാ ഈ ഊമ്പൻ എന്നപോലെ നോക്കുന്നുണ്ട്.

പക്ഷെ പെണ്കുട്ടിയോൾക് ഇഷ്ടപെട്ടിട്ടുണ്ട്, അപ്പൊ സാധനം ഏറ്റിട്ടുണ്ട്. കോളേജ് ഗേറ്റിനോട് ചേർന്നു ഉള്ളിലേക്ക് നീണ്ടു പോകുന്ന അരമതിലിൽ കയറി കാത്തിരുന്ന്, സർപ്രൈസ് കൊടുക്കാം എന്നായിരുന്നു എന്റെ പ്ലാൻ.

പക്ഷെ എന്റെ എല്ലാ പ്ലാനുകളും പോലെ അതും ഗർഭത്തിലെ അലസി. അരമതിലിൽ കരണ്ടു കമ്പിയിൽ കാക്ക ഇരിക്കുന്ന പോലെ പിള്ളേര് രാവിലെ തന്നെ നി സ്ഥലംപിടിച്ചിട്ടുണ്ട്.

ഇവരൊക്കെ ഇത്ര നേരത്തെ തന്നെ ആരേകാണാൻ വന്നു ഇരിക്കണാവോ. ഒട്ടും സമയം കളയാതെ ഞാനും സീറ്റ് പിടിച്ചു.

കോമ്പറ്റിഷൻ നേരിടാൻ ഉള്ള ഏറ്റവും നല്ല മാർഗം ധൈര്യത്തോടെ മത്സരിക്കുക എന്നത് തന്നെ ആണ്. അര്ഹതപ്പെട്ടവർ അതിജീവിക്കട്ടെ.

മനസ്സിൽ എന്തെന്നില്ലാത്ത സന്തോഷം, എല്ലാത്തിനും പ്രതിവിധി മനസ്സുതന്നെ പറഞ്ഞു തരുന്നു. നഷ്ടപ്പെട്ട് പോയതെന്തോ തിരിച്ചു കിട്ടും പോലെ.

ദോഷം പറയരുതല്ലോ പലതരത്തിലുള്ള സുന്ദരിമാർ, പലതും ആറ്റംചരക്കുകൾ, എല്ലാം ഒന്നിനൊന്നു മെച്ചം, വരിവരിയായി ഞങ്ങളെ കടന്നു പോയി, എങ്കിലും അംഗസംഖ്യയിൽ ചെറിയ ഒരു വ്യത്യാസം മാത്രമേ, കരണ്ടുകമ്പിയിൽ വന്നുള്ളൂ. പെട്ടന്ന് പിള്ളേരുടെ ശ്വാസഗതി കൂടിയതും, ശബ്ദ കോലാഹലം ഇരട്ടിച്ചതും, കേട്ട് ഞാൻ ഉറപ്പിച്ചു ഇവരൊക്കെ കാത്തിരുന്ന ആരോ എത്തി, ഞാൻ ഇത്ര ആരാധകരുള്ള ആളാരാണെന്നു ഏന്തിവലിഞ്ഞു നോക്കി.

മീനാക്ഷി, അവളെന്തു സുന്ദരി ആണ്, മദിരാശിയിലെ കത്തിരിക്ക പൂക്കുന്ന വെയിലിൽ അവളെങ്ങനെ വിളഞ്ഞു നിൽക്കുന്നു, ഇളംകാറ്റിൽ ഗോതമ്പിന്റെ കതിരാടും പോലെ അവൾ നടക്കുമ്പോ ശരീരം ആടിയുലയുന്നു. അവിടെ നിന്നിരുന്ന എല്ലാവരെയും പോലെ ഞാനും അതിൽ മതിമറന്നു നോക്കിനിന്നുപോയി.

വാലിട്ടു കണ്ണെഴുതിയിട്ടില്ല, കൈയിൽ ഒരു കരിവളയോ, കാതിലോലക്കോ ഇല്ല, അറ്റം ചുരുണ്ട ആ മുടിയിഴകളിൽ പൂവില്ല, ഉലഞ്ഞ ആ വയലറ്റ് കോട്ടൺ സാരി വടിവൊത്ത് മടക്കിയുടുത്തിട്ടില്ല. മെയ്യിൽ അലങ്കാരം എന്നുപറയാൻ വരയെഴുതിയ ആ ഒത്തപുരികങ്ങൾക്കു മധിയിൽ ഒരു കുഞ്ഞു കറുത്തപൊട്ടു മാത്രമാണ്.

എങ്കിലും ഒട്ടും സംശയിക്കാതെ ഞാൻ പറയും, ഇന്ന് ആ ഗേറ്റുകടന്നു വന്നതിൽ ഏറ്റവും സുന്ദരി അവളാണെന്നു, ഞാൻ ഇന്നേവരെ കണ്ട കാക്കത്തൊള്ളായിരം സ്ത്രീകളിൽ ഏറ്റവും സുന്ദരി അവളാണെന്നു. എനിക്ക് ചുറ്റും ഉള്ള എല്ലാകണ്ണുകളും അവളിൽ ആണെന്ന്.

എനിക്ക് തോന്നണത് ഡൽഹിയിലെ ഏതെങ്കിലും കോണാട്ട്സ്പേസിൽ വച്ച് അപ്സരസ് കാലുതെറ്റി രാഘവമ്മാമന്റെ തലയിൽ വീണതായിരിക്കും. മോളെന്നു പറഞ്ഞു എടുത്ത് വളർത്തിയുണ്ടാവും, നമുക്ക് അറിയില്ലല്ലോ.

ഞാൻ യന്ത്രികം ആയി എഴുന്നേറ്റു. പക്ഷെ ഒരുകൂട്ടം പൂവാലന്മാരുടെ ആഘോഷത്തിന്നിടയിൽ ഞാൻ മുങ്ങിപ്പോയി.

ആരെയും കണ്ണെടുത്തു പോലും നോക്കാതെ അവൾ നടന്നകന്നു. നോക്കിയിരുന്നെങ്കിലും അവളെന്നെ കാണുമോ എന്നത് സംശയം ആണ്.

പരാക്രമത്തിൽ പരാജയപ്പെട്ട ഒരു കൂട്ടം പൂവാലപ്പടയുടെ തലവനായി ഞാൻ അവിടെ നിന്നു. പതുക്കെ പട നാലുദിക്കിൽ പിരിഞ്ഞു.

ഞാൻ ആയുധമില്ലാതെ ഒറ്റക്കായി. ഇവിടെ ഇരുന്ന ഒരുപാടുപേരിൽ ഒരാൾ മാത്രമാണ് അവൾക്ക് ഞാൻ.

ഞാൻ എന്താണ് ചെയ്തത്, ഒരു കോമാളി വേഷവും കെട്ടി, ഇവിടെ വരെവന്നു, വേണ്ടായിരുന്നു, കണ്ടിരുന്നെങ്കിൽ അവൾക്കത് ഒട്ടും ഇഷ്ടപെട്ടേനില്ല. ഞാൻ തിരികെ നടന്നു.

യമണ്ടൻ ഗേറ്റും കടന്നു ബസ് സ്റ്റോപ്പിലേക്ക് നടന്നു. സമയം ഒരുപാട് ആയതിനാൽ, ബസ്റ്റോപ്പിൽ തിരക്കൊഴിഞ്ഞിരുന്നു.

ഞാൻ സാധാരണ മനുഷ്യന്മാർക്കു ഇരിക്കാൻ ബുദ്ധിമുട്ടുള്ള ഒറ്റക്കമ്പി സീറ്റിൽ, ആയാസത്തോടെ ഇരുന്നു. ഫോൺ ഒരു വട്ടം ബെല്ലടിച്ചു നിർത്തി, പിന്നെയും അടിച്ചു തുടങ്ങി, പുതിയ നമ്പർ ആണ്, പെട്ടന്ന് 'ഉണ്ടോണ്ടിരിക്കലെ നായക്കൊരു വിളികിട്ടീ' ന്ന് പറയണപോലെ, നെറ്റ് കിട്ടിയ ട്രൂകേളർ, മീനാക്ഷി രാഘവൻ എന്ന് കാണിച്ചു, ഞാൻ ചാടികേറി അറ്റൻഡ് ചെയ്തു.

കുറച്ചു നേരത്തെ നിശ്ശബ്ദതക്കും ശ്വാസതാളത്തിനും ശേഷം ആ കിളിനാദം എന്റെ കാതിൽ മുഴങ്ങി. : എന്തായിരുന്നു ആ പിള്ളേരുടെ ഇടയിൽ, കാലത്തേ വായ്നോക്കാൻ ഇറങ്ങിയതാണോ.

(കുറുമ്പിൽ ചാലിച്ച ഒരു ഗൗരവം.) എനിക്ക് ഒന്നും പറയാൻ പറ്റാതെ വായടഞ്ഞു നിൽക്കുക ആയിരുന്നു.

അവൾ എന്നെ കണ്ടിരുന്നു. മറുപടി കാണാത്തപ്പോൾ അവൾ പിന്നെയും തുടർന്നു.

: എവിടന്നു കിട്ടി ആ പൂക്കൾ ഷർട്ടും, കീറിപറിഞ്ഞ ഒരു പാന്റും, ഇവിടെ പിള്ളേര്പോലും ഇട്ടുകണ്ടിട്ടില്ല അങ്ങനെ ഒന്ന്. (പതിഞ്ഞ ഒരു ചിരി ഞാൻ കേട്ടു.

) പെണ്ണുങ്ങൾക്ക് മുഖത്തു രണ്ടുകണ്ണും തലയ്ക്കു ചുറ്റും കാക്കത്തൊള്ളായിരം കണ്ണും ഉണ്ടെന്ന യാഥാർഥ്യം ഞാൻ ഞെട്ടലോടെ തിരിച്ചറിഞ്ഞു. : ഞാൻ....

ഞാ... ഞാൻ ഒന്ന് കാണാൻ വന്നതാ.

: എന്നിട്ടു കണ്ടോ. : മ്മ്.

: എന്തെ എന്റെഅടുത്തേക്ക് വന്നില്ല. (അവൾക് പരിഭവം) : നോക്കാതെ കടന്നു പോയപ്പോൾ, ഞാൻ കരുതി, ഞാൻ വന്ന സമയം ശരിയായില്ലന്ന്, എന്നോട് ദേഷ്യം ഉണ്ടായിരിക്കും ന്ന്.

അവളൊന്നും പറഞ്ഞില്ല നീണ്ട മൗനം : പക്ഷെ വന്നത് നന്നായി, മീനാക്ഷി മിസ്സിന്റെ കോളേജിലെ ആരാധകവൃന്ദത്തെ പരിചയപ്പെടാൻ സാധിച്ചല്ലോ. (ഞാൻ സന്ദർഭത്തെ ലഘുകരിക്കാൻ വളിച്ച കോമഡി എടുത്തെറിഞ്ഞു) അവൾ വെറുതെ ഒന്ന് ചിരിച്ചു.

ഞങ്ങൾക്കിടയിൽ വാചകങ്ങൾ കൊണ്ട് നികത്താൻ കഴിയാത്ത ഒരു മൗനം കടന്നു വന്നു. കുറച്ചു നേരത്തെ നിശ്ശബ്ദതക്കു ശേഷം ഇടറുന്ന ശബ്ദത്തിൽ അവൾ പറഞ്ഞു.

: ഉണ്ണിയേട്ടൻ ഇടയ്ക്കെന്നെ കാണാൻ വരണം. നിക്കതു വലിയൊരു ആശ്വാസാ.

നിക്ക് വേറെ ആരാ ഉള്ളെ. (ആ വാക്കുകളിൽ വലിയൊരു പ്രതീക്ഷയും, ആവളനുഭവിക്കുന്ന വേദനയും നിറഞ്ഞു നിന്നിരുന്നു), ക്ലാസിനു സമയം ആയി, വയ്ക്കട്ടെ.

(ഇടറുന്ന വാക്കുകളിൽ അതുകൂടി പറഞ്ഞു അവൾ ഫോൺകട്ട് ചെയ്തു) ഞാൻ ഫോൺ ചെവിയിൽ നിന്ന് എടുക്കാൻ പോലും കഴിയാതെ, അങ്ങനെ തന്നെ ഇരുന്നുപോയി. ശരിയാണ് എന്റെ തെറ്റാണു, ഞാൻ എന്നെ കുറിച്ച് മാത്രമേ ആലോചിച്ചുള്ളു, അവൾക്കു ആരാ ഉള്ളെ.

പടിയടച്ചു പിണ്ഡം വച്ച വീട്ടുകാരോ, അതോ അവളെ ഈ ചക്രവാതത്തിൽ ഇട്ട് അമേരിക്കയിൽ സായിപ്പിന്റെ അണ്ടിപിടിച്ചു കൊടുക്കാൻ പോയിരിക്കുന്ന ഊമ്പൻ കാമുകനോ. ഞാൻ അവളെ കുറിച്ച് ആലോചിക്കണ്ടതായിരുന്നു.

ഈ പരിചയമില്ലാത്ത സ്ഥലത്തു അവൾ ഒരാഴ്ച ഞാൻ അനുഭവിച്ചതിന്റെ അപ്പുറം അനുഭവിച്ചിരിക്കും. എന്റെ മനസ്സ് കുറ്റബോധം കൊണ്ട് നീറി.

എഴുന്നേറ്റു നടക്കാൻ പോയ ഞാൻ കണ്ടത് കോളേജിനുള്ളിൽ നിന്ന് ഓടിക്കിതച്ചു വച്ചുന്ന കുമുദത്തെയാണ്. അവൾ വന്നു കിതച്ചു നിന്ന് ആയാസപ്പെട്ട് ശ്വാസം എടുത്തു കൊണ്ട് പറഞ്ഞുതുടങ്ങി.

: ഉങ്കളെ അങ്കേറുന്തേ പർത്തേ നാന്. മീനാക്ഷി അമ്മാവേ പറ്റി, കൊഞ്ചം പേശണം.

(ഞാൻ ആകാംക്ഷയോടെ, മീനാക്ഷിയെ പറ്റി അവൾക്, എന്നോട് എന്താണ് പറയാൻ ഉള്ളതെന്ന് കേൾക്കാൻ ചെവിയോർത്തു.) : അമ്മ റൊമ്പ നാളാ യാർ ക്കിട്ടയും പേസറാതില്ലേ, എപ്പവും അഴുത്തുകിട്ടെ ഇറുക്ക.

ശാപ്പാടും പുടിക്കലൈ നിനയ്ക്കിറെ.ശരിയാ ശാപ്പിടറതും ഇല്ലൈ, തൂങ്കറതും ഇല്ലൈ. അടിക്കടി മൂക്കിലിരുന്നു രത്തം വന്തുകിട്ടെയിരുക്ക്, കേട്ട വേപ്പതിനാലെ സൊൽറാങ്കെ.

ഇപ്പടിയെ രൊമ്പനാൾ ഇരുന്ത ഒടംമ്പുക്ക് ആകാതു, സൊല്ലിട്ടെ. യഥാവത് ശീക്രം പണ്ണുങ്കെ.

(അവൾ തിടുക്കത്തിൽ എനിക്കൊരു താക്കീതും തന്നു ചെയ്തിരുന്ന ഏതോ പണി മുഴുവനാക്കാൻ തിരിച്ചോടി, ഈ പെണ്ണ് റബ്ബറുപാലാണോ കുടിക്കണത്) അവൾ പറഞ്ഞ കാര്യം എന്റെ തലക്കുള്ളിൽ കിടന്നു വിങ്ങി. മീനാക്ഷി വന്നന്നു മുതൽ ആരോടും ശരിക്കൊന്നു സംസാരിച്ചിട്ടില്ല, റൂമിൽത്തന്നെ ഒതുങ്ങിക്കൂടും, ഭക്ഷണം ഇഷ്ടം ആവാതെ ആവും, ശരിക്കു കഴിക്കാറില്ല, അത് പോട്ടെ, ശരിക്കൊന്നു ഉറങ്ങാറ്പോലും ഇല്ലെന്നാണ് കുമുദം പറയുന്നത്.

എപ്പോഴും കരച്ചിൽ ആണ്. പോരാത്തതിന് ചൂട് സഹിക്കവയ്യാണ്ട് ഇടക്കിടക്ക് മൂക്കിൽ നിന്ന് ചോരയും വരുന്നുണ്ടത്രേ.

എന്തൊക്കെ സഹിച്ചു പാവം ഈ ദിവസങ്ങൾക്കുള്ളിൽ, അതും ഞാൻ ഇവിടെ പനപോലെ ഉണ്ടായിട്ടും. ഇല്ല ഞാൻ ഉള്ളപ്പോൾ ഇനി അവൾ ഒറ്റപ്പെടില്ല, ഒരിക്കലും.

കയ്യിൽ ഉണ്ടായിരുന്ന കാശുവച്ച്, അടുത്തുള്ള കടയിൽ കയറി, ഗോതമ്പുപൊടിയും, നല്ല പഴുത്ത പാളേങ്കോടൻ പഴവും, നല്ല കറുത്ത ശർക്കരയും, കുറച്ചു നെയ്യും, ഏലക്കായും, ജീരകവും, വാങ്ങി വീട്ടിലേക്കു വച്ച് പിടിച്ചു.

******************** ഗോതമ്പു പൊടിയിൽ വെള്ളം ചേർത്ത് കുഴമ്പാക്കി, പഴവും ശർക്കരയും മറ്റു കൂട്ടങ്ങളും ഉടച്ചു ചേർത്തു, നെയ്യിൽ വട്ടിയ നാളികേരക്കൊത്ത് കൂടിയിട്ടു, നന്നായി കുഴച്ചെടുത്തു. നല്ലപോലെ ചേർന്ന മാവ് മൃദുവാക്കാൻ അൽപനേരം വച്ചു.

ചിന്ത മുഴുവൻ അവളെ കുറിച്ചായിരുന്നു. മനസ്സുമുഴുവൻ ഇത് കൈയിൽ കിട്ടുമ്പോൾ ഉള്ള അവളുടെ നിറഞ്ഞ ചിരിമാത്രമായിരുന്നു.

നാളത്തെ ഇന്റർവ്യൂന് ഉള്ള സമയം വിളിച്ചു ചോദിച്ചു, കണ്ടൻറ് എഴുതി ഉണ്ടാക്കി. വൈകുന്നേരം വരെ കാത്തിരുന്നു.

രാത്രിയവളുടെ തനിനിറം കാട്ടിതുടങ്ങിയത് പോലും അറിയാതെ, ഞാൻ തിരക്കിട്ട ഉണ്ണിയപ്പ പണിയിൽ ആയിരുന്നു. വെളിച്ചെണ്ണയിൽ നെയ്ച്ചേർത്തു ചൂടായിവന്ന ഉണ്ണിയപ്പ ചട്ടിയിൽ ഓരോ കുഴികളിലും ഞാൻ ശ്രദ്ധയോടെ എന്റെ സ്നേഹം നിറച്ചുകൊടുത്തു, അത് ഇളംസ്വർണ്ണനിറം മാറി, ചുവന്നു വരുന്നതും സസൂക്ഷ്മം നോക്കിയിരുന്നു.

പപ്പട കോലിനു കുത്തി വെന്തോന്നു നോക്കി, ഞാൻ കണ്ണെടുക്കാതെ ഇരുന്നു. വേവ് ഒന്ന് അങ്ങോട്ടോ, ഒന്ന് ഇങ്ങോട്ടോ മാറിയ ഞാനും ഉണ്ണിയപ്പവും തവിടുപൊടിയ.

പണ്ടത്തെ പോലെ അല്ല ഇത് മീനാക്ഷിക് കൊടുക്കാൻ ഉള്ളതാണ്. രാത്രി ഒരുപാട് വൈകി ആണ് പണിയൊക്കെ ഒന്ന് ഒതുങ്ങിയത്, വേറെ ഒന്നും ഉണ്ടാക്കാൻ നിന്നില്ല, കരിഞ്ഞ രണ്ടുമൂന്നു ഉണ്ണിയപ്പം തന്നെ എടുത്ത് കഴിച്ചു.

സമയം പത്തര, പ്രണയം കാമത്തിന് വഴിമാറാൻ തുടങ്ങുന്ന സമയം, അതിനു അപവാദമായി വാട്ടിയ വാഴയിലയിൽ ഉണ്ണിയപ്പവും പൊതിഞ്ഞു ഞാൻ ഇറങ്ങി. ബസ്സില്ല തിരിച്ചു വരാൻ 7 km നടക്കേണ്ടി വരും.

ഹോസ്റ്റലിനടുത്തേക്കു ഈ അസമയത് ഓട്ടോ വിളിച്ചാൽ, ഏയ് ശരിയാവില്ല. നോക്കുമ്പോ എന്റെ പാർക്കിംഗ് ലോട്ടിൽ മിനി നിന്ന് ചിരിക്കുന്നു, ആത്തിഫ് അലിയുടെ മിനി കൂപ്പർ, എന്ത് പുല്ലെങ്കിലും ആവട്ടെ, തിരിച്ചോടി, താക്കോലിന് വേണ്ടി അരിച്ചു പെറുക്കി, സോഫയുടെ അടിയിൽ നിന്നൊരു മിനിന്നു എഴുതിയ ഉണ്ടകിട്ടി, താക്കോൽ ഒന്നും ഇല്ല.

ശാസ്ത്രത്തിന്റെ ഓരോ വളർച്ച. വീട്ടിൽ W123 ബെൻസ് ആണ് വിൻറ്റെജ് 1986 മോഡൽ.

എനിക്ക് ശരിക്കും പഴേ മോഡൽ വണ്ടികളാണ് ഇഷ്ടം. ഞാൻ ഓർത്തെടുത്തു.

മിനിക്കടുത്തു ചെല്ലുമ്പോൾ എനിക്ക് അനിയത്തിപ്രാവിലെ ഡായലോഗ് ആണ് ഓർമ്മവന്നതു, "മിനി ഇല്ലാതെ എനിക്ക് പറ്റില്ല അച്ഛാ, അവളില്ലാതെ ഞാൻ എങ്ങോട്ടും വരില്ല" ഈ മൈര് ആദ്യം ആയിട്ടാണ് ഓടികണത്, പക്ഷെ കറുത്ത കാറാണ് എവിടെങ്കിലും പാർക്കെയ്താ ആള്ക്കാര് പെട്ടന്ന് ശ്രദ്ധിക്കില്ല. ഇവള് മതി, മിനി മതി.

താക്കോലും ഉണ്ണിയപ്പവും ഗിയർ അരികിലെ സ്റ്റോറേജ് ബോക്സിൽ വച്ച് ഞാൻ വണ്ടി സ്റ്റാർട്ടയത്തു, വിമാനത്തിൻറെ കോക്ക്പിറ്റ് പോലെ ആകെ സ്വിച്ച്കൾ, ഇൻഫോടെയ്ൻ സ്ക്രീൻ അടക്കം ചുറ്റും ഉള്ളതെല്ലാം വൃത്തങ്ങൾ, ഇതിന്റെ സ്റ്റൈൽ ഇങ്ങനെ ആവും, ഞാൻ ആവശ്യം ഇല്ലാത്ത ഒന്നും മൈൻഡ്ചെയ്യാൻ പോയില്ല. ഗിയറിന്റെ സുനയിൽ പിടിച്ചു ഡ്രൈവ് മോഡ് ഇട്ടു വണ്ടി എടുത്തു.

നല്ല വലിയുണ്ട്, മിനിമോള് കരിമ്പുലി പോലെ തെരുവുകൾ താണ്ടിയോടി. ഞാൻ ഒന്നുകൂടി ഉദ്വേഗഭരിതനായി ആ ഉണ്ണിയപ്പപൊതിയിൽ നോക്കി.

കാർ ഹോസ്റ്റലിനു പിന്നിൽ ആളൊഴിഞ്ഞ ഒരുഓരത്തു നിർത്തി, ഉണ്ണിയപ്പപൊതിയുമെടുത്തു ഞാൻ ചാടിയിറങ്ങി. പൊതി മുകളിൽ കയ്യെത്തിച്ചു വച്ച്, ഞാൻ ആ മതിലിൽ വലിഞ്ഞു കയറി.കഴിഞ്ഞാഴ്ചത്തെ എക്സ്പീരിയൻസ് ഉള്ളത് കൊണ്ട് എനിക്കതു പെട്ടന്ന് കഴിഞ്ഞു.

നിത്യാഭ്യാസി ആനയെ എടുക്കും എന്നാണല്ലോ. മുറി മുകളിൽ ആവും എന്നാണ് കുമുദം അന്ന് കണ്ടപ്പോൾ പറഞ്ഞത്.

മുകളിൽ ഒരു വരിയിൽ ആറു മുറികൾ ഉണ്ട് അതിൽ ഒന്നിടവിട്ട രണ്ടു മുറിയിൽ വെളിച്ചം ഉണ്ട്, ഈശ്വര അതിൽ ഏതിലാണാവോ മീനാക്ഷി. കയറിനോക്കാം, ലേഡീസ് ഹോസ്റ്റലിൽ ആണ് കയറാൻ പോകുന്നത്, പിടിച്ചു കഴിഞ്ഞ നല്ല ഗ്യാരണ്ടീ ഇടി കിട്ടും, അതും ചൊമരമ്മ ചേർത്ത് വച്ച് ഇടിക്കും, ഇത്രയ്ക്കു റിസ്ക് ഞാൻ എന്റെ ജീവിതത്തിൽ ഇന്നുവരെ എടുത്തിട്ടില്ല.ഇനി ഇതിന്റെ മോളിന്നു ഉരുണ്ടു പെരണ്ട് വീണാലോ, അതും ശോക അവസ്ഥ തന്നെ.

പക്ഷെ അത്ഭുതം എന്ന് പറയാലോ, എനിക്കതിൽ ഒന്നും യാതൊരുവിധ പേടിയും തോന്നിയില്ല. സൺഷേഡിന് ഒരുഭാഗത്തു ഉയരം കുറവ്, റൂഫിലെ അളവുകളും ശരിയല്ല, ചുമരാണെങ്കി ചെത്തിതേച്ചിട്ടില്ല അവിടിവിടെ കല്ലുകൾ പൊന്തി നിൽപ്പുണ്ട്, ഇതൊക്കെ ആരോ മനപൂർവ്വം കയറാൻ വേണ്ടി ഉണ്ടാക്കി വച്ചിരിക്കണ കൺസ്ട്രക്ഷൻ പോലെ ഉണ്ട്, ഇതൊന്നും വാസ്തുപരം ആയിട്ട് കറക്റ്റാണെന്നു എനിക്ക് തോന്നണില്ല.

മൈര്, ഞാൻ ഇവിടെ പാതിരാത്രി വാസ്തു നോക്കാൻ വന്നതല്ലല്ലോ, അതൊക്കെ മനസ്സിന്നുവിട്ട് ഞാൻ അതിപ്പിടിച്ചു വലിഞ്ഞു കയറി. ഈശ്വര കള്ളവെടിക്ക് കയറാണോന്മാരെ ഒക്കെ സമ്മയ്ക്കണം, സൺഷേഡിന്റെ ഉയർന്നഭാഗത്തു കയറി, കുനിഞ്ഞു പൊതിയും പിടിച്ചു, മലയണ്ണാൻ പറങ്കിയണ്ടിയും കൊണ്ട് പായുംപോലെ, ഞാൻ വെളിച്ചം ഉള്ള ആദ്യ മുറിയുടെ ജനാലക്കൽ എത്തി, തുറന്നു കിടന്ന ചെറിയ വിടവിൽകൂടി നോക്കി.

വല്ലാത്തൊരു മൈര്, മഞ്ഞ ഫ്ളെഡ്ലൈറ്റിൽ അസാധ്യകളി നടക്കുന്നു. ഏതോ ടീച്ചർ ആണ്, പയ്യൻ ചെറുപ്പം ആണ്, ചിലപ്പോ കോളേജ് പിള്ളേര് വല്ലതും ടീച്ചറെ സെറ്റ് ചെയ്തു കളികണതാവും.

അവൾ കയറിയിരുന്നു പൊതിക്കുമ്പോൾ താലി സിറോഗ്രാവിറ്റിയിൽ എന്നപോലെ മുകളിലേക്ക് പോയി തിരിച്ചുവരുന്നുണ്ട്. ഇളകിയാടുന്ന മുലകുംഭങ്ങളിൽ, മുളയിട്ട ചുവന്ന മുന്തിരിപ്പഴങ്ങൾ അവൻ മാറി മാറി നുണയുന്നുണ്ട്.

അവർ ഈ പരിസരമോ, ഈ ലോകമോ തന്നെ മറന്നിട്ടു നേരം കുറച്ചായിരിക്കണം, നെറ്റിയിലിട്ട കുങ്കുമം വിയർപ്പിൽ കുതിർന്നു ഒലിച്ചു പടർന്നു പന്തലിച്ചു, പൊഴിഞ്ഞു വീണുതുടങ്ങി. അത് തുല്യമായ ഇടവേളകളിൽ അവനിൽ മഴയെന്നോണം പെയ്തിറങ്ങുന്നുണ്ട്.

വേറൊരാൾ അണിയിച്ച സിന്ദൂരം, താൻ കൊടുത്ത കാമനിർവൃതിയിൽ വിടർന്ന വിയർപ്പിൽ അലിഞ്ഞു, കുതിരുന്നത് അവനു വന്യമായ ഒരു ആവേശം കൊടുക്കുന്നുണ്ട്. ഇളകിയാടുന്ന ആ കൊഴുത്ത നെയ്മുറ്റിയമേനി ഒരു നോട്ടം കൂടി നോക്കി, സ്പെഷ്യൽ ക്ലാസ് നടക്കുന്ന ആ മുറി കടന്ന്, ഞാൻ വെളിച്ചം തെളിഞ്ഞു കണ്ട അടുത്ത മുറിയെ ലക്ഷ്യമാക്കി നടന്നു.

അപ്പൊ ഞാൻ മാത്രം അല്ല ഇത്ര റിസ്ക് എടുക്കണ ഒരേയൊരാൾ. ഇവനൊക്കെ ആയിട്ട് കൂട്ടി മുട്ടാതെ നോക്കണം.

അടുത്ത മുറിയുടെ അടുത്ത് എത്തിയപ്പോൾ നെഞ്ചിലൊരു വേദന, നെഞ്ചുരഞ്ഞു തൊലിപോയിട്ടുണ്ട്, പോട്ടെ മൈര്, നമ്മടെ മീനാക്ഷിക്ക് വേണ്ടി അല്ലെ. മുറിയിലേക്ക് നോക്കാതെ തന്നെ എനിക്ക് മനസിലായി അത് മീനാക്ഷിയുടെ മുറിയല്ല.

ഏതോ പെണ്ണുമ്പിള്ള അവളുടെ ഭർത്താവിനെ കണ്ണ്പൊട്ടണ ചീത്ത പറഞ്ഞു കൊണ്ടിരിക്കുകയാണ്, അത്കേട്ട് എന്റെ കണ്ണ് വരെ നിറഞ്ഞു പോയി, അപ്പോ ദിവസവും കേട്ടിരിക്കണ അവന്റെ അവസ്ഥയോ. ഞാൻ നിരാശനായി സൺഷേഡിൽ ഇരുന്നു.

കഷ്ടകാലം എന്റെ ഉച്ചിയിൽ കസേരയിട്ട് ഇരിക്കാണല്ലോ ദൈവമേ. തിരിച്ചു പോകാൻ എഴുന്നേറ്റപ്പോൾ, കാറ്റിൽ അവസാന മുറിയുടെ ജനൽ ഇളകിയെന്നു തോന്നി.

വെളിച്ചം ഒന്നും ഇല്ല. എന്തായാലും പൊത്തിപിടിച്ചു കയറി, ആ മുറികൂടി നോക്കിയിട്ടു പോകാം.

ഞാൻ കുനിയാതെ നടന്നു, ഇനി അങ്ങോട്ട് വെളിച്ചം ഇല്ലാത്ത ഭാഗം ആണ് മാത്രമല്ല ചുറ്റും മരങ്ങളും മറതീർത്തിട്ടുണ്ട്. യാതൊരു പ്രതീക്ഷയുമില്ലാതെ ചെന്ന് എത്തിനോക്കി, ഇരുട്ട്, കണ്ണിനെ കരണ്ടുതിന്നുന്ന ഇരുട്ട്.

ഇരുണ്ട മദയാനകൂട്ടം പോലുള്ള മേഘങ്ങളുടെ മറപറ്റി, അമ്പിളി ഉണ്ണിയപ്പത്തിലിട്ട തേങ്ങാപൂളുപോലൊരു ചിരിനൽകി. തണുത്ത നിലാവെളിച്ചത്തിൽ അവളെ ഞാൻ കണ്ടു, മുട്ടിൽ തലതാങ്ങി ചുരുണ്ടുകൂടിയിരിക്കുന്നു, രാവിലെ ഉടുത്തിരുന്ന വാടാമല്ലികളർ സാരിപോലും മാറിയിട്ടിട്ടില്ല.

ദുഃഖം ഇരുട്ടെന്നെപോലെ അവളെ ചുറ്റി നിറഞ്ഞു നിൽക്കുന്നു. "മീനാക്ഷി...

" പതിയെ ശ്വാസത്തിൽ ലയിച്ചൊരു വിളി, അത് കാറ്റിൽ ലയിച്ചുചേർന്നു. മൂന്നാമത്തെ വിളിക്കാണ് അവൾ വിഹരിച്ചിരുന്ന മായികലോകത്തു നിന്ന് തിരിച്ചെത്തിയത്.

പെട്ടന്ന് ഞെട്ടിത്തരിച്ച, അവൾക്കു അത് ഞാൻ ആണെന്ന് മനസ്സിലാക്കിയെടുക്കാൻ, നിമിഷാർദ്ധങ്ങൾ മാത്രം മതിയായിരുന്നു. അവൾ ചാടിപിടഞ്ഞെഴുന്നേറ്റു ജനലിക്കൽ എത്തി, അഴികളാൽ വേർതിരിക്കാത്ത, ആ തുറന്ന ജനലിക്കൽ നടുക്കുള്ള മരക്കട്ടിളയിലും പിടിച്ചവൾ നിന്നു, ഒരുവാക്കു ഉരിയാടിയില്ല.

ആ കരഞ്ഞു കലങ്ങിയകണ്ണുകളിലും വിടർന്ന നിശാശലഭം പോലുള്ള ചുണ്ടുകളിലും ഒരു നൂറുപരിഭവങ്ങൾ തുളുമ്പി നിന്നിരുന്നു. അവയുടെ അനഘസൗന്ദര്യത്തിൽ മതിമറന്നു നിന്നുപോയി ഞാൻ, സൺഷേഡ് ഒട്ടൊന്നു താഴെ ആയതു കൊണ്ട് എനിക്കഭിമുഖമായി നിൽക്കുന്നത് അവളുടെ ആലിലക്കൊത്ത അരയഴകാണ്.

സ്വാഭാവികമായും എന്റെ നശിച്ച നോട്ടം, മുൻപ് ആകസ്മികമായി കൈയിൽ തടഞ്ഞ അവളുടെ ലക്ഷണമൊത്ത പൊക്കിൾചുഴിയിൽ ചെന്നവസാനിച്ചു. ദൈവം തഴക്കം വന്ന ഒരു ശില്പിയാണെന്നു ഞാൻ ഒരിക്കൽക്കൂടി കണ്ടറിഞ്ഞു.

പെട്ടന്ന് തന്നെ അത് സാരിയാൽ മൂടപ്പെട്ടു. നയനസുഭഗമായ ആ കാഴ്ച നഷ്ടപ്പെട്ടതിന്റെ വിഷമത്തിൽ, മുട്ടായി നഷ്ട്ടപ്പെട്ട കുട്ടിയെ പോലെ ഞാൻ അവളെ നോക്കി.

അവളുടെ വിരിഞ്ഞ കണ്ണുകളിൽ കുറുമ്പിൽ പൊതിഞ്ഞൊരു ദേഷ്യം കണ്ടപ്പോൾ ആണ് ഞാൻ സ്വബോധത്തിലേക്കു മടങ്ങിവന്നതു. അവൾ കൈ രണ്ടും ചേർത്ത്കെട്ടി, താഴെ ക്ലാസ്സിൽ വൈകിവന്ന കുട്ടിയെന്നോണം മിഴിച്ചു നിൽക്കുന്ന എന്നെ എന്നെ ഒരു കുസൃതിനോട്ടം നോക്കി നിൽപ്പാണ്.ആ കുഞ്ഞു നുണക്കുഴിക്കെന്തു ചേലാണ്.

പാരവശ്യം പുറത്തു കാണിക്കാതെ ഞാൻ കൈയിലെ പൊതിയവൾക്കു നീട്ടി. അവളതു പ്രതീക്ഷിച്ചിരുന്നു എന്ന് തോന്നുന്നു.

വേഗം തട്ടിപറിച്ചു വാങ്ങി, നെഞ്ചിൽ ചേർത്ത് പിടിച്ചു. കടൽത്തിരകൾ പോലെ കനത്ത മുടിയിഴകൾ എന്നെ തഴുകി കടന്നു പോയി.

ആ പരിലാളനയിൽ ഞാൻ അല്പൻനേരം കോരിത്തരിച്ചു നിന്നുപോയി. : നിക്കറിയാരുന്നു ഇന്ന് ഇതും കൊണ്ട് ഉണ്ണിയേട്ടൻ ഒറപ്പായിട്ടും വരൂന്ന്, കുമുദം പറഞ്ഞു കണ്ടൂന്ന്.

(ഞാൻ ഈ പാതിരാത്രി ഉണ്ണിയപ്പവും കൊണ്ട് ഇത്രേടംവരെ റിസ്ക് എടുത്ത് വരുമെന്ന് കൊച്ചു കുട്ടികൾ പോലും വിശ്വസിക്കില്ല, അവളിതും കാത്തിരിക്കായിരുന്നോ?!!) : അത്...

ഞാൻ...ഉണ്ണിയപ്പം ഉണ്ടാക്കിയപ്പം, നീ ഇതൊക്കെ കഴിച്ചിട്ട് കുറച്ച് നാളായിണ്ടാവില്ലേ, കുറച്ച് നിനക്ക് കൊണ്ടതരാം വച്ചു. അല്ലാതെ ഹ ഹ, കുമുദം പറഞ്ഞതോണ്ടൊന്നും അല്ല, വെറുതെ ഇരുന്നപ്പോ അങ്ങട് ഇണ്ടാക്കാൻ തോന്നി.ഒരോരോ വട്ടുകള് ഹ ഹ.

(ആദ്യം ഒന്ന് പതറിയെങ്കിലും ഞാൻ പറഞ്ഞവസാനിപ്പിച്ചു) ഉണ്ണിയപ്പം എന്നുകേട്ടതോടെ പെണ്ണിന് തിരക്കായി, പൊതിയഴിച്ചു നിലാവിൽ ഉണ്ണിയപ്പം കണ്ട അവളുടെ കണ്ണ് പുഷ്യരാഗം പോലെ തിളങ്ങി. ഒരെണ്ണം എടുത്ത് നെയ്യിൽ കലർന്ന അതിന്റെ മണം ആസ്വദിച്ചു നിർവൃതിയോടെ അവൾ കഴിച്ചു അതിൻറെ രുചിയിൽ മുഴുകി നിന്നു.

: നിക്കറിയ, എനിക്ക് വേണ്ടിമാത്രം ഇണ്ടാക്കിയതാന്ന്, ഇനി കള്ളം പറഞ്ഞുകൂട്ടണ്ട. (അവൾ ഉണ്ണിയപ്പത്തിൽ മുഴുകി കണ്ണുപോലും തുറക്കാതെ പറഞ്ഞു) ഞാൻ ഉണ്ണിയപ്പത്തിൽ ലയിച്ചു നിൽക്കുന്ന അവളുടെ ദേവാങ്കനമാർ തോൽക്കുന്ന അംഗലാവണ്യവും, ഭാവങ്ങൾ മിന്നിമറയുന്ന വദനാരവിന്ദവും നോക്കി മയങ്ങി നിന്നു.

ഇതിനു വേണ്ടി മാത്രമാണ് ഞാൻ ഇതെല്ലം ചെയ്തത്. ഈമുഖമൊന്നു പ്രകാശിച്ചു കാണാൻ വേണ്ടിമാത്രം.

അവളതു ആസ്വദിച്ചു കഴിക്കുമ്പോൾ ആ കരിനീല തടാകങ്ങൾ പോലുള്ള കണ്ണുകൾ നിറഞ്ഞു വന്നു. മുഖം കൂടുതൽ വിടർന്നുവന്നു.

ഇത്രയും സൗന്ദര്യം തൊട്ടടുത്ത് കണ്ട ഞാൻ, ജനലരികിൽ പുറത്തേക്കു തള്ളിനിൽക്കുന്ന കാൽപ്പാളികളിൽ ഒന്നിൽ കൈതാങ്ങി, തലതോളിൽ ചായ്ച്ചുവച്ച്, അതും ആസ്വദിച്ചു നിന്നു. ഇടയ്ക്കെപ്പോഴോ തുറന്ന മീനാക്ഷിയുടെ ഈറൻമിഴികൾ, എന്റെ കണ്ണുകളിൽ ഉടക്കി.

പെട്ടന്ന് ഒട്ടും പ്രതീക്ഷിക്കാതെ അവൾ ജനൽ ചാരിയടച്ചു, ഇനിയും ഇങ്ങനെ നിന്നാൽ എനിക്കവളോട് പ്രണയം തോന്നിപോകും, എന്നവൾക്ക് മനസ്സിലായിക്കാണും. അടഞ്ഞ ജനലിൽ അല്പൻനേരം നോക്കിയ, ഞാൻ കൈ ഉയർത്തി അതിൽ നിരാശയോടെ ഒന്ന് തഴുകി.

സ്വന്തം സഹധർമ്മണിയെ ഒരിക്കൽ പോലും അറിഞ്ഞൊന്നു തൊട്ടിട്ടില്ലാത്ത ഒരു പതിയുടെ തലോടൽ, അവൾ അടഞ്ഞ ജനലിനപ്പുറത്തു, പാളികളിൽ നെറ്റിതടം ചേർത്ത് ഇതേപോലെത്തന്നെ നിൽപ്പുണ്ടെന്നു എനിക്ക് ഉറപ്പായിരുന്നു. "മീനാക്ഷി....

" (വിറയ്ക്കുന്ന കണ്ഠതോടെ ഞാൻ വിളിച്ചു) ഉണ്ണിയേട്ടൻ പൊയ്ക്കോ... നേരം ഒരുപാടായി (അവളുടെ ശബ്ദവും വിറയ്ക്കുന്നുണ്ടായിരുന്നു) ഞാൻ തിരിഞ്ഞു നടന്നു.

സിരകളിൽ ഇന്നുവരെ തോന്നാത്ത ഒരു ചോരയോട്ടം. മനസ്സിൽ സുഖമുള്ളൊരു തണുപ്പ്.

മനോവ്യാപാരങ്ങളിൽ മുഴുകി നടന്ന ഞാൻ, പക്ഷെ നടക്കുന്ന സ്ഥലം ഓർത്തില്ല. കാലുതെറ്റി ഉരുണ്ടുപെരണ്ട് താഴെവീണു.

മൂക്കിൽ പുതുമണ്ണിന്റെ ഗന്ധം. പെട്ടന്ന് തന്നെ അടച്ച ജനൽ മലർക്കെ തുറന്ന്, അവൾ ആശങ്കയോടെ എന്നെനോക്കി.

കവിളുകൾ ഉണ്ണിയപ്പം കുത്തിനിറച്ച്, നെയ്യിൽ പൊരിച്ച ഒരു വലിയ ഉണ്ണിയപ്പം കണക്കെ ഉരുണ്ടു നിൽപ്പുണ്ട്. ആ കണ്ണുകൾ കരിനീല ആകാശത്തിൽ പരൽമീനുകൾ നീന്തുംപോലെ തോന്നിച്ചു.

അഴിഞ്ഞു വീണ കേശഭാരം രാകാറ്റിൽ ഇളകിയാടി. അവൾ അരയ്ക്കു മുകളിൽ പകുതിയോളം, ജനലിനു പുറത്താണ്.

ഈശ്വര ഈ പെണ്ണ് അവിടന്നങ്ങാൻ വീണാലോ. ഞാൻ വേഗം അവളെ സമാധാനിപ്പിക്കാൻ കൈ ഉയർത്തിക്കാട്ടി പറഞ്ഞു, : ഒന്നും പേടിക്കണ്ട ഞാൻ ചെറിയ ഒരു സ്കിൽ ഇട്ടതാണ്.

എനിക്കിതൊക്കെ പുല്ലാണ്. അവൾ പോയില്ല, ഞാൻ പറഞ്ഞതു വിശ്വസിച്ചും ഇല്ല.

ഞാൻ മുഖത്തെ പുല്ലും, മണ്ണും തുടച്ചു മതിലുംചാടി കാറിനടുത്തേക്ക് നടന്നു. കാർ മുന്നോട്ടു പോകുമ്പോൾ റിയർവ്യൂ കണ്ണാടിയിൽ നോക്കി, അവൾ അനങ്ങാതെ അവിടെത്തന്നെ നിൽപ്പുണ്ടായിരുന്നു മിഴിപോലും ചിമ്മാതെ, "ഒബ്ജെക്ട്സ് ഷോൺ ഇൻ ദി മിററർ, ആർ ക്ലോസ്സർ ദാൻ ദേ അപ്പിയർ.

" (കണ്ണാടിയിൽ കാണുന്ന വസ്തുക്കൾ, നിങ്ങൾ കാണുന്നതിലും വളരെയടുത്താണ്) കണ്ണാടിയിൽ അവളോട് ചേർത്തെഴുതിയ വാചകം ഞാൻ വായിച്ചു....

****************************

ഇന്നലെ കട്ടിലിൽ ആണ് കിടന്നതു, ചിന്തകളെ വകഞ്ഞുമാറ്റി കടന്നുവന്ന ഉറക്കം ഉഗ്രരൂപിയായിരുന്നു, അതുകൊണ്ടു തന്നെ രാവിലെ പതിവിലും കൂടുതൽ ഉന്മേഷം തോന്നി, ജീവിതത്തിന്റെ താളം തിരിച്ചു കിട്ടിയതുപോലെ. 'അവളെ ഒന്ന് കാണണം', ആദ്യം മനസ്സിൽ തെളിഞ്ഞു വന്നത് അതാണ്.

ചോറും, കുത്തിപൊടി മുളകിട്ടപയറുപ്പേരിയും, ഉള്ളിത്തിയ്യലും, പച്ചമാങ്ങയിൽ ഉപ്പും മുളകും വെളിച്ചെണ്ണയും ഒഴിച്ച് തിരുമ്മിയ അച്ചാറും കൂട്ടി പൊതിച്ചോറ് കെട്ടി, ഞാൻ ഗണേശപുറത്തേക്കുള്ള ബസ്സുപിടിച്ചു. ഉള്ളിത്തിയ്യൽ ലീക്കാവണ്ട എന്ന് വച്ച് ചാടിയിറങ്ങിയില്ല.

അത് കണ്ടു ഇന്നലെ അതെ സമയത്തു, അതെ സ്ഥലത്തു നിന്നവർ തീർന്നട നിൻറെ കഴപ്പ് എന്ന രീതിയിൽ നോക്കുന്നുണ്ട്. അവളുടെ സ്നേഹിതൻ ആയിരിക്കുക എന്നതിനപ്പുറം ഇതിലൊന്നും തന്നെയില്ല, എനിക്കതറിയാം, അതിനു മുകളിലേക്ക് എനിക്ക് എന്തെങ്കിലും തോന്നിയാൽ തന്നെ, അതസംഭവ്യമാണ്, മനോഹരമായ ഈ ചന്ദ്രമാസത്തിനപുറം എനിക്കവളെ ദയനീയമായി നഷ്ടപ്പെടും.

അർഹിക്കുന്നതിലധികം വേദന ജീവിതത്തിൽ വിലകൊടുത്തു വാങ്ങേണ്ട ആവശ്യം ഇല്ല. അല്ലെങ്കിൽ തന്നെ ശ്രീറാമും ഞാനും തമ്മിൽ, ഒരു അജഗജാന്തരം തന്നെ ഉണ്ട്, തെളിച്ചു പറഞ്ഞാൽ ആനയും ആടും തമ്മിലുള്ള വ്യത്യാസം.

അതിൽ താരതമ്യത്തിൻറെ ആവശ്യകത തന്നെയില്ല. അരമതിലിലേക്കു പോയില്ല, ഇത്ര നേരത്തെയും, അവിടെ മാത്രം നല്ലതിരക്കുണ്ട്, എന്തൊരു സമയനിഷ്ഠയുള്ള പിള്ളേര്, മൈരോള്.

************************

(ചായക്കട സീൻ...) ആരംഭശൂരൻ കോലുമ്മകയറുംന്നു പറയുന്ന പോലെ ഇത്ര നേരത്തെ വരണ്ടീരുന്നില്ല, അവൾ വരാൻ ഇനിയും സമയം ഉണ്ട്.

ഞാൻ കോളജിനു മുന്നിലെ ചായക്കടയിൽ വലിച്ചിട്ടിരുന്ന മരബഞ്ചുകളിൽ ഒന്നിൽ സ്ഥാനം പിടിച്ചു. അതിരാവിലെ ജീവിതഭാരങ്ങളും പേറി, ദിവസക്കൂലിക്ക് വേണ്ടി, ആരുടെയൊക്കെയോ വയലിൽ കൃഷിപണിക്കു പോകുന്നവരും, കക്കൂസ് കോരൻ പോകുന്നവനും, കെട്ടിടം പണിക്കുപോകുന്നവരും എന്നില്ലാതെ സിംഹഭാഗം ദരിദ്രരായ തമിഴ് ജനത സന്തോഷത്തോടെ ഒത്തു ചേരുന്ന ഇടമാണ് ഈ ചായക്കട എന്നെനിക്കു മനസ്സിലായി.

അവിടെ വച്ചിരിക്കുന്ന പഴയ MGR, ശിവാജിഗണേശൻ, ഗാനങ്ങൾ ആസ്വദിച്ചു ഒരു ചൂടുചായ മൊത്തികുടിക്കുമ്പോൾ അവരവരുടെ പ്രശ്നങ്ങൾ അല്പനേരത്തേക്കെങ്കിലും മറക്കുമായിരിക്കും.അന്തരീക്ഷത്തിൽ കടുകുപൊട്ടിച്ച സാമ്പാറിന്റെയും, ചന്ദനത്തിരിയുടെയും ഗന്ധം കലർന്ന് നിന്നു. ഒരുപാടു അടിച്ചമർത്തലുകൾ ഏറ്റിട്ടും, തകർന്നു ആംബ്ലിഫയർ പുറത്തുവന്നിട്ടും, ശ്രുതി തെറ്റാതെ, പാടുന്ന സാധാരണക്കാരന്റെ തനിപകർപ്പായ റേഡിയോ, മറ്റാരെയോ അഗാധമായി പ്രണയിക്കുന്ന സുന്ദരിയായ ഭാര്യക്ക് പൊതിച്ചോറുമായി വന്ന വിരഹിയായ കണവൻ, ഞാൻ എൺപതുകളിലെ ഒരു മലയാള സിനിമയിൽ അകപ്പെട്ടുപോയോ.?.

പെട്ടന്നൊരു മധ്യവയസ്കൻ കടയിലേക്ക് കയറി വന്നു ആംഗ്യഭാഷയിൽ ഒരു ചായ പറഞ്ഞു ഇരുപ്പായി. സംസാരിക്കാൻ കഴിയാത്ത ആളാണ്, സ്ഥിരം വരുന്ന ആളായത് കൊണ്ട് കടക്കാരനുമായി നല്ല ബന്ധം ആണ്, അയാൾ വിളിക്കുന്നതിൽ നിന്ന്, മുരുകേശൻ എന്നാണ് പുള്ളിയുടെ പേരെന്ന് മനസ്സിലായി.

: തമ്പി മുരുകേശനുക്കു ഇന്ത ടീയെ കൊട്, (കടക്കാരൻ അയാൾക് കൊടുക്കാൻ ചായ എനിക്ക് കൈമാറി. മുരുകേശൻ ചൂടുപോലും കണക്കാക്കാതെ അത് എടുത്ത് വായിലേക്ക് കമഴ്ത്തി.

) ഞാൻ നോക്കുമ്പോ ഉണ്ട് മുന്നിൽ അന്ന് കാക്കേടെ ഫോട്ടോ എടുക്കാൻ നോക്കി എന്നെ ഊമ്പൻ ആക്കിയ, പട്ടിപൂറൻ നിക്കുന്നു. അവൻ ഇപ്പോളും എന്തോ സെൽഫി എടുത്തോണ്ട് ഇരിക്കാണ്.

എവിടെ നോക്കിയാലും ഈ പൂറൻ ആണല്ലോ. അവൻ ആരെയും കണ്ടിട്ടില്ല.

അവൻ കൈകൊണ്ടും മുഖം കൊണ്ടും പല പല ആംഗ്യങ്ങളും, കഥകളിമുദ്രകളും കാണിച്ചു ഫോട്ടോ എടുത്തുകൊണ്ടേയിരിക്കുന്നു. എതിരെയിരിക്കുന്ന എനിക്ക് കണ്ടാൽ തോന്നും അവൻ എന്നെനോക്കി കോക്രി കാണിക്കാണ് എന്ന്.

പെട്ടന്ന് എന്റെ അടുത്തിരുന്ന മുരുകേശൻ, ചായഗ്ലാസ്സ് വലിച്ചെറിഞ്ഞു അവനെപ്പോയി ഒന്ന് പൊട്ടിച്ചു, എനിക്കെന്താണ് കാര്യമെന്നു തന്നെ മനസ്സിലായില്ല, അതിനുമുന്നെ ഒരു ചവിട്ടും അവന്റെ നെഞ്ചത്ത് വീണു, എല്ലാരും പകച്ചു നിൽപ്പാണ് ആരും പിടിച്ചു മാറ്റണില്ല. അടിപിന്നെയും കനക്കും എന്ന് തോന്നിയപ്പോൾ ഞാൻ ചെന്ന് ഇടയിൽ കയറി.

ഇടിച്ചവന്റെ മോന്തപോളിക്കും എന്ന ഭാവത്തിലാണ് മുരുകേശൻ നിക്കണത്, തല്ലു കിട്ടിയ ദേഷ്യം മുഖത്തുണ്ടെങ്കിലും, പയ്യനും കാര്യം എന്താണെന്നു പിടികിട്ടിയിട്ടില്ല. രണ്ടു പേരും ഇങ്ങോട്ടും ഇങ്ങോട്ടും കൈ എത്തിക്കാൻ നോക്കുന്നുണ്ട്, ഇതിനിടയിൽ നിൽക്കുമ്പോളാണ് കയ്യുംകെട്ടി ദേഷ്യത്തിൽ, ഞങ്ങളെ നോക്കി നിൽക്കുന്ന മീനാക്ഷിയെ കാണുന്നത്, അവൾ എന്നെ തറപ്പിച്ചൊരു നോട്ടംനോക്കി, കോളേജിലേക്കു കയറിപ്പോയി.

: അവൻ എന്ന സൊല്ലിട്ട തെരിയുമാ സാർ, (മുരുകേശനെ ചായക്കടക്കാരൻ തർജ്ജമചെയ്യുതു, അവൻ കാണിച്ച ആംഗ്യത്തിന്റെ അർഥം മുരുകേശൻ പറഞ്ഞത് കേട്ട്

ഞാനും, പയ്യനും അവടെ കൂടിയിരുന്നവരും പകച്ചുപോയി) “മരിച്ചു കുഴീൽകെടക്കുന്ന മുരുകേശന്റെ അമ്മാമയെ, കുഴിമാന്തിയെടുത്തു, കടൽപ്പാലത്തിൽ ചേർത്ത് നിർത്തി നാല് ദിവസം പണ്ണും” എന്നാണത്രെ അതിന്റെ അർഥം. പിന്നെ ഞാൻ അതിൽ ഇടപെടാൻ നിന്നില്ല നേരെ കോളജിലേക്കോടി.

**********************

മീനാക്ഷി ക്യാമ്പസ്സിലെ കാറ്റാടിമരങ്ങളും കടന്നു സ്റ്റാഫ്റൂമിനടുത്തുള്ള വരാന്തയിൽ എത്തിയിരുന്നു. എളുപ്പവഴിയെടുത്തു അവൾക്കടുത്തെത്തിയ ഞാൻ അവളുടെ നടത്തത്തിൻറെ വേഗതകൊത്തുവരാൻ സമയമെടുത്തു.

അവളൊന്നു നിന്ന് എന്റെ മുഖത്തേക്ക് നോക്കി പറഞ്ഞു. : ഉണ്ണിയേട്ടൻ എന്തിനാ ഓരോരുത്തരായിട്ട് തല്ലുപിടിക്കാൻ പോണത്.

: അയ്യോ!! തല്ലുകൂടിയതല്ല, പിടിച്ചു മാറ്റിയതല്ലേ, അല്ലെ മുരുകേശൻ ആ പയ്യനെ കൊന്നേനെ.

: മുരുകേശനോ!! : ആ ഇപ്പൊ പരിചയപെട്ടെ ഉള്ളു നല്ലോരു മനുഷ്യൻ, പറയണ കാര്യങ്ങൾ ഒക്കെ കറക്റ്റ് പോയിന്റ്, പക്ഷേ മിണ്ടാൻ പറ്റില്ല.

പെട്ടന്ന് വന്ന ചിരിയെ ചുണ്ടിൽ കടിച്ചുപിടിച്ചു. അവൾ ദേഷ്യഭാവം നിലനിർത്തി.

: ചായ കുടിച്ചിരിക്കലെ ഒരു തെറ്റിദ്ധാരണ ഉണ്ടായതാ, അത് ഞാൻ പറഞ്ഞു പരിഹരിക്കായിരുന്നു, അപ്പോഴാ നീ വന്നു കണ്ടു തെറ്റിദ്ധരിച്ചെ. (അവളോട് ഞാൻ സംസാരിക്കുന്നതു പോലും ആളുകൾ അസൂയയോടെ നോക്കി പോകുന്നുണ്ടായിരുന്നു, അവൾ അതൊന്നും ശ്രദ്ധിച്ചിട്ടില്ല.

) : യ്യോ... ഈ ഉണ്ണിയേട്ടൻ.

സകല പ്രശ്നങ്ങളും വലിച്ചു തലയിൽവക്കും. (അവൾ നെറ്റിയിൽ ഇടതു കൈത്തടം ചേർത്തമർത്തി, പരിഭവംപറഞ്ഞു) എനിക്കുറപ്പായിരുന്നു ഞാൻ വലിച്ചുതലയിൽ വച്ച ഏറ്റവും അഴകൊത്ത പ്രശ്നം അവളായിരുന്നു.

ഞാൻ ഊണ് അവൾക്കു കൊടുത്തു തിരിച്ചുനടന്നു. അവളതു വാങ്ങി നെഞ്ചോടു ചേർത്ത് പിടിച്ചു, ഉള്ളിത്തിയ്യൽ ലീക്ക് ആവോ ദൈവമേ.

അവളുടെ ഈ നിഷ്ക്കളങ്ക ചിരിയിൽ ആരും വീണു പോകും. : ഇന്ന് ഇന്റർവ്യൂ ഉണ്ടോ?

(അവൾ പിന്നിൽ നിന്നു വിളിച്ചു ചോദിച്ചു.) : ആ, 6 മണിക്ക് യൂട്യൂബിൽ അപ്‌ലോഡ് ചെയ്യും.

(ഞാൻ തിരിഞ്ഞു നോക്കാതെ പറഞ്ഞു) : ഞാൻ എന്തായാലും കാണും.

**********************

അന്ന് ഒരു കൊച്ചുകുട്ടിയുടെ ഇന്റർവ്യൂ ആയിരുന്നു. ഈയിടക്ക് വന്നിട്ടുള്ള ഒരു ചൈൽഡ് ആർട്ടിസ്റ്റ്, അവന്റെ ആദ്യത്തെ ഇന്റർവ്യൂ ആണ്.

അവനു ഇത്തരം കാര്യങ്ങൾ ഒരു പേടിയുണ്ടെന്നു എനിക്ക് അവന്റെ ആസ്വസ്ഥമായ, മുഖത്തിൽ നിന്ന് വായിച്ചെടുക്കാൻ കഴിഞ്ഞു, ഞാൻ ഒരിക്കലും സാധാരണ ഇന്റർവ്യൂ പോലെ ചെയ്യാറില്ല, അവരുടെ സ്നേഹിതൻ പോലെയാണ് പെരുമാറാറ്. ചെറിയ കുട്ടിയുടെ സ്നേഹിതൻ പോലെ ഞാനും ചെറുതാവേണ്ടി വന്നു, ആ ഇന്റർവ്യൂ മുഴുവനാക്കാൻ.

അതവന് ഇഷ്ടമായി, അവൻ വാ തോരാതെ സംസാരിച്ചുകൊണ്ടിരുന്നു ഞാൻ അവനു കൂട്ടുകാരനായി കൂടെയിരുന്നു, അവന്റെ അച്ഛനും അമ്മയും, അതിനു ശേഷം വന്നു ഒരുപാടു ഇഷ്ടമായി ഇന്റർവ്യൂ എന്ന് പറയുക വരെ ഉണ്ടായി. ഞാൻ കുറച്ചുനാൾ ലീവെടുത്തതിനാൽ എനിക്കൊരു പണിതരാം എന്ന് വിചാരിച്ചു വച്ചതായിരുന്നു ആ പയ്യനെ, പക്ഷെ അത് സാധാരണയിലും നന്നായി വന്നതിൽ പ്രൊഡ്യൂസർ വരെ പകച്ചുപോയി.

എഡിറ്റിംഗിന് ഫുട്ടേജ് വിട്ടു, ഞാൻ വൈകീട്ടത്തെ വെള്ളമടിയിൽ നിന്നുംവരെ പിൻവാങ്ങി വീട്ടിലേക്കോടി. എന്റെ സന്തോഷങ്ങൾ ഈ കുറച്ചു ദിവസങ്ങളിൽ ആകെ മാറിമറഞ്ഞിരിക്കുന്നു.

വറുത്ത അരിപ്പൊടിയിൽ തേങ്ങചേർത്ത്, ജീരകവും, ചതച്ച ചുവന്നുള്ളിയുമിട്ട്, നാളികേരവെള്ളമൊഴിച്ചു ഞെരടികുഴച്ചു. ഓട്ടകുത്തിയ കണ്ണൻചിരട്ടയിൽ, നാളികേരം മുകളിലിട്ടു, പുട്ടുനിറച്ച്, കുക്കറിൽ നിന്നും ആവികയറ്റി വേകിച്ചെടുത്തു.

നല്ല കുത്തുപൊടി മുളകും, മസാലയും ഇട്ടു ഉള്ളിമൂപ്പിച്ചു കടലക്കറിയും വച്ചു, മണം കേട്ട് എനിക്ക് തന്നെ കൊതിയാവുന്നു. വട്ടിയ വാഴയിലയിൽ ഇതൊക്കെ ശ്രദ്ധിച്ചു പൊതിഞ്ഞെടുത്തു, ഞാൻ പടിക്കെട്ടുകൾ ഇടവിട്ട ചിലതിൽ മാത്രം ചവിട്ടി ചാടിയിറങ്ങി.

എന്റെ തിടുക്കം കണ്ടു മിനിമോൾ, അവളുടെ ഫ്രണ്ട്ഗ്രിൽ പല്ലുകൾ കാട്ടി ചിരിച്ചു. എങ്ങനെ എത്തിയെന്നും, എപ്പോൾ എത്തിയെന്നും ചോദിച്ചാൽ എനിക്കറിയില്ല, ഞാൻ ആ ആജാനുബാഹു മതിലിനു മുന്നിൽ എത്തിനിന്നു.

കയറിക്കഴിഞ്ഞിട്ടാണ് പുട്ടിന്റെ കാര്യം ഓർമ്മ വന്നത്, ഇറങ്ങിപോയി അതെടുത്തു, വീണ്ടും വലിഞ്ഞു കയറി, ആരോടും പരാതിയില്ല യാതൊരുവിധ തളർച്ചയും ഇല്ല. മതിലിൽ വലിഞ്ഞു കയറി മുകളിലേക്ക് നോക്കിയത് അവളുടെ വിടർന്ന കണ്ണുകളിലേക്കായിരുന്നു.

ഈ മരം കോച്ചുന്ന തണുപ്പത്ത്, ഈക്കണ്ട വഴിയുംതാണ്ടി, ഇതിലൊക്കെ അള്ളിപ്പിടിച്ചുകയറി ഞാൻ വരുമെന്ന്, സ്വപ്നജീവികല്ലാത്ത ആരെങ്കിലും വിശ്വസിക്കുമോ?!! അത്ഭുതമെന്തെന്നാൽ ഞാൻ ഇതൊക്കെ കടന്നിവിടെ വന്നു, അവൾ ഈ നിലാവിൽ എന്നെ കാത്തിരിക്കുകയും ചെയ്തു.

ഞങ്ങളുടെ ലോകം ഏതോ പഴംപാട്ടിൽ ഇണചേർത്തെഴുതിയ വരികളായിരുന്നോ?!! ഞാൻ വന്നപ്പോൾ തൊട്ട്കാണിച്ചു കൂട്ടുന്നതെല്ലാം കണ്ടു ഒരു ചെറിയചിരിയാ മുഖത്തുണ്ട്.

ഞാൻ ബദ്ധപ്പെട്ടു കയറുന്നതു അവൾ കണ്ണെടുക്കാതെ നോക്കിയിരുന്നു. ഒരു മരകഷണത്താൽ മാത്രം വേർതിരിക്കപ്പെട്ട, ജാലകത്തിന്റെ ഒരുഭാഗത്തു അവളും മറ്റതിൽ ഞാനും, കാലുകൾ പുറത്തേക്കിട്ടു ആരോ കടിച്ചുബാക്കി വച്ചിരിക്കുന്ന ചന്ദ്രക്കലയും നോക്കിയിരുന്നു.

താളത്തിൽ ഇളകിയാടുന്ന അവളുടെ കാലുകൾ നിലാവിൽ ചിത്രംവരച്ചു. അവളി ലോകത്തൊന്നും അല്ലായിരുന്നു, ചൂട് പുട്ടിൽ, എരിവുള്ള കടലക്കറിയും കൂട്ടി ഇടയ്ക്കു തുരുതുരെ ഏരു വിളിച്ചു അവൾ കഴിക്കുന്നതും നോക്കി ഞാൻ ഇരുന്നു.

പാവം വായിക്കു രുചിയായി ഭക്ഷണം കഴിച്ചിട്ട് എത്രനാളായി, എവിടെ ചെന്ന്, എന്തൊക്കെ കഴിച്ചാലും, മലയാളിക്ക് മനസ്സ് നിറയാ, മ്മ്ടെ നടൻഭക്ഷണം കഴിക്കുമ്പോൾ തന്നെയാണ്. ഞങ്ങളുടെ കൈകൾ തമ്മിൽ ഒരു വിരൽ ദൂരം മാത്രമേ അകലം ഉണ്ടായിരുന്നുള്ളു, അതൊന്നെത്തിപിടിക്കാൻ, അതെന്തൊരു ദൂരം ആണ്, അതിലും എളുപ്പത്തിൽ നമുക്ക് സഹാറമരുഭൂമി തലങ്ങനെ മുറിച്ചുകടക്കാം.

: കുമുദം പറഞ്ഞു, മൂക്കിൽ നിന്ന് രക്തം വരുന്നുണ്ടെന്നു. (ഞാൻ നിശബ്ദതയെ കീറി മുറിച്ചു) : അത് നല്ല ചൂടിള്ളിടത്തും, നല്ല തണുപ്പുള്ളിടത്തും പോയ സ്ഥിരം ഉള്ളതാ.

കൊടൈക്കനാൽ പോയിട്ട് ഒരിക്കൽ എല്ലാവരും പേടിച്ചു. (അവള് നിസ്സാരം ആയി പറഞ്ഞു.

) : എന്റെ കൂട്ടുകാരന് കോടമ്പാക്കത് ഒരു ക്ലീനിക് ഉണ്ട് അവിടെ പോണോ നാളെ? : ഏയ്, അത്രക്കൊന്നും ഇല്ലന്നെ, കൊറേ ഡോക്ടർമാരെ കാണിച്ചതാ, എല്ലാരും പറയും മൂക്കിലെ രക്തക്കുഴലുകൾ സോഫ്റ്റാണ്, എന്നിട്ട് ഒരു കുന്ന് ആന്റിബിയോട്ടിക് തരും.

വെറുതെ, ഇത് കുറച്ച് ദിവസത്തിൽ ശരിയാകുന്നെ, ഉണ്ണിയേട്ടൻ പേടിക്കണ്ട. (എനിക്ക് വിഷമം അവൾക്കൊപ്പം കോടമ്പാക്കത്തേക്കൊരു യാത്ര മുടങ്ങിയതിൽ ആയിരുന്നു.

) : ഞാൻ പോട്ടെ, നാളെ വരാ. (ഞാൻ സൺഷേഡിയിലേക്കു ചാടിയിറങ്ങി, കാരണവന്മാരുടെ പുണ്യംകൊണ്ട് താഴെ പോയില്ല.

) : ഉണ്ണിയേട്ടാ.... (കുറച്ചു നടന്നപ്പോൾ പിന്നിന്നൊരു വിളി, ഈശ്വര നാളെതൊട്ട് വരണ്ടാന്നു പറയാൻ ആയിരിക്കോ.?!!

) : എന്നെ പുറത്തൊന്നു കൊണ്ട്പോകോ.... ഈ രാത്രി!!...

(അവൾ ഒരു കൊച്ചു കുഞ്ഞിനെ പോലെ തല ഒരുവശത്തേക്കു ചെരിച്ച്, ആ കാപ്പിപ്പൊടി കണ്ണിണകൾ വിടർത്തി ചോദിച്ചു. ഞാൻ തുടുത്ത ആ കവിളിണകളിൽ, പെരിച്ചാഴി പൊരുത്തലട കണ്ടപോലെ നോക്കി.

) അവൾ ആ യാത്ര എത്രമാത്രം ആഗ്രഹിക്കുണ്ടെന്നു അവളുടെ കണ്ണുകളിൽ എഴുതിവച്ചിരുന്നു. തുറന്നിട്ട ജനൽപടിയിൽ ഇടംകൈ അള്ളിപ്പിടിച്ച്.എൻറെ മടക്കി വച്ചിരുന്ന വലതുകലിൽ ചവിട്ടി അവൾ ഇറങ്ങി, ആ തണുത്ത വലതുകൈവിരലുകൾ എന്റെ തോളിൽ വിടാതെ പിടിച്ചിരുന്നു, ഞാൻ നിലത്തൂന്നിയ ഇടതുമുട്ടിൽ, ബലം കൊടുത്തു ഇളകാതെ നിന്നു.

ഉലഞ്ഞ സാരിയിൽ ആനാവൃതമായ അവളുടെ കാൽപടങ്ങളിൽ അമ്പിളി മുത്തമിട്ടു. നിലാവിനാൽ സ്വർണ നൂപുരം ചാർത്തിയ അവളുടെ നഗ്നമായ പാദങ്ങൾ, അവയ്ക്കുതന്നെ എന്തഴകാണ്.

(പണ്ട് നാട്ടിൽ നാട്യശാസ്ത്രം, അറിയുന്ന ശിവൻചേട്ടൻ നാരീലക്ഷണശാസ്ത്രം പറയാറുണ്ട്, സുന്ദരമായ പാദങ്ങൾ സ്ത്രീയുടെ നിർമലമായ മനസ്സിൻറെ മുഖപത്രങ്ങളാണെന്നു.) ആ കുഞ്ഞു വിരലുകൾ ഒന്ന് തൊട്ടു നോക്കാൻ എനിക്ക് കൊതിതോന്നി, മനസ്സിനെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല, അതിനു മുന്നേ എന്റെ കൈ ആ ചേലൊത്ത പാദത്തെ തഴുകിപോയി.

ഗന്ധർവ്വൻമാർ പോലും ആ കാഴ്ചകണ്ടു, അസൂയപ്പെട്ടു കാണണം. പെട്ടന്നുള്ള എന്റെ പ്രവർത്തിയിൽ, അവളൊന്നു ഞെട്ടി, പൗർണമിയൊത്ത ആ മുഖത്തു രക്തം അരിച്ചെത്തി സന്ധ്യവിടർന്നിരുന്നു.

അവൾ അപ്പോൾ തോന്നിയ തിടുക്കത്തിൽ പെട്ടന്ന് ഇറങ്ങാൻ നോക്കി. വലതുകാൽ തെന്നി മുഴുവനായും എന്റെ നെഞ്ചിൽ അലച്ചുതല്ലി വീണു.

ഞാൻ പെട്ടന്നുണ്ടായ ആഗാധത്തിൽ, സൺഷേഡിയിലേക്കു ചെരിഞ്ഞു കിടന്നു. അവൾ നെഞ്ചിൽ തലതാഴ്ത്തി, പട്ടുപോലുള്ള മുടിയിഴകളാൽ എന്നെ മൂടി കിടന്നു.

അവളുടെ പഞ്ഞിമുട്ടായി ഒത്ത മാറിടങ്ങൾ എന്റെ വയറിൽ പുണർന്നുനിന്നു. അവൾ പാദങ്ങൾ എന്റെ കാലുകൾക്കിടയിൽ ഒതുക്കി, ഭാരം മുഴുവനായും എന്നിലർപ്പിച്ചു അല്പൻനേരം അങ്ങനെ കിടന്നു.

എന്തുകൊണ്ടോ നിലവിൽ അവളെ നെഞ്ചോടു ചേർത്ത് ഇങ്ങനെ കിടക്കാൻ എന്റെ നെഞ്ച് വല്ലാതെ ആഗ്രഹിച്ചിരുന്നു. അവളിലും ആ നിമിഷത്തെ സംതൃപ്തി എനിക്കറിയാൻ കഴിഞ്ഞു, ഇല്ലെങ്കിൽ എപ്പോഴേ തട്ടികുടഞ്ഞെഴുന്നേറ്റു പോയേനെ.

നിലത്തു പോകാതിരിക്കാൻ ഞാൻ അവളെ ചേർത്ത് പിടിച്ചിരുന്ന എന്റെ വിരലുകൾ അവളുടെ മിനുസമാർന്ന മുടിയിഴകൾ കടന്നു, നഗ്നമായ പുറത്തെ, തണ്ടെല്ലു കുഴിയിലൂടെ ഇഴുകിയിറങ്ങി ജാക്കറ്റും കടന്നു, അവളുടെ തണ്ടെല്ലിന്റെ ആരെയും കൊതിപ്പിക്കുന്ന വളഞ്ഞ ഇറക്കത്തിലേക്കു പതിയെ ഇഴുകിഇറങ്ങി കയറി അരയിൽ, വലിഞ്ഞു മുറുക്കിയ കോട്ടൺ സാരിയുടെ പ്രാരംഭത്തിൽ എത്തിനിന്നു. പെട്ടന്ന് സ്വബോധത്തിലെത്തിയ അവൾ, എന്നെ തള്ളിമാറ്റി, പിടഞ്ഞെഴുന്നേറ്റു, താലിയുടെ അഗ്രം എന്റെ മുഖത്തു ഉരഞ്ഞു എഴുന്നേറ്റു.

ഒരു നിമിഷനേരത്തിനു ഞാൻ അവളുടെ ഭർത്താവും, അവളെന്റെ ഭാര്യയും ആയി മാറിയിരുന്നു. നിലാവിൽ മുങ്ങിയ അവളുടെ മുഖത്തെ ഭാവങ്ങൾ എനിക്ക് വായിച്ചെടുക്കാൻ കഴിച്ചുന്നതിലും അപ്പുറം ആയിരുന്നു.

ഭയവും, ദേഷ്യവും, നാണവും, പ്രണയവും, ദുഖവും ആ മുഖത്തു ഇഴചേർന്നു കിടന്നു. അവൾ എന്റെ മുഖത്തു നോക്കാതെ മുന്നിലേക്ക് വീണുകിടന്നിരുന്ന അറ്റംചുരുണ്ട മുടിയിഴകൾ ചെവിക്കുപിന്നിൽ ഒളിപ്പിച്ചു.

എനിക്ക് മുകളിൽ അമ്പിളിക്കും മേലെ ചേലിൽ അവളുദിച്ചുനിന്നു. കൈയിൽ അവളുടെ നാല്പാമര വള്ളികൾ പോലുള്ള കൈകൾ ഒതുക്കി പതിയെ നിലത്തിറക്കി.

തോളിൽ പദങ്ങളൂന്നി മതിലും കടന്നു. ലക്ഷങ്ങൾ വിലയുള്ള കാറ് ഞാൻ പെട്ടിയോട്ടോർഷ പോലെ റോഡ് അരികിൽ ഇട്ടിരിക്കണ കണ്ടു അവള് വായപൊളിച്ചു.

സ്പോർട്സ് മോഡിൽ കുതിച്ച കാറിന്റെ സൺറൂഫിലൂടെ മീനാക്ഷി എഴുന്നേറ്റുനിന്നു, മുഖത്തടിച്ച തണുത്ത കാറ്റും ആസ്വദിച്ചു അവളൊരു പക്ഷിയെന്നോണം കൈകൾ വിടർത്തി, അവളുടെ കണ്ണുതെറ്റിയ ആ നിസ്സാര സമയത്തു ഞാൻ ആ കടഞ്ഞെടുത്ത അരയഴകിലും, അതിൽ അലങ്കാരമായ അളവൊത്ത പൊക്കിൾച്ചുഴിയിലും പാളിനോക്കി. എന്റെ നോട്ടം കണ്ട അവൾ സാരി നേരെയാക്കി മുഖംകോട്ടി, സീറ്റിലേക്ക് വീണു.

ഒരു കൊച്ചുകുട്ടിയെപോലെ ഓരോന്ന് ചെയ്തു കൂട്ടുന്ന ഇവൾ ഒരു കോളേജ് അദ്ധ്യാപിക ആണെന്ന് എനിക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല, ഞാൻ ചിരിച്ചു പോയി. അവൾ എന്നെ നോക്കി ‘എന്തെ?

’ എന്ന് പുരികം ഉയർത്തി കാട്ടി, ഒന്നും ഇല്ലെന്നു പറ ഞ്ഞു ഞാൻ ചുമൽ കൂച്ചിയപ്പോൾ, പുരികം വളച്ചു താടിതാഴ്ത്തി എന്നെ സംശയത്തിൽ സൂക്ഷിച്ചു നോക്കി, പിന്നെ വീണ്ടും റോട്ടിലെ മിന്നുന്ന പലവക ലൈറ്റുകളിലേക്കു ശ്രദ്ധതിരിച്ചു. ക്രിസ്ത്മസ് അടുത്ത് വരുംതോറും, നഗരം കൂടുതൽ വർണാഭമായി മാറും.

ആ സമയത്തെ രാത്രികൾക്കു ഒരു പ്രത്യേക ദൃശ്യഭംഗിയുണ്ട്.

********************

തണുത്ത ഈ രാത്രിയിലും ഉണർന്നിരിക്കുന്ന ചെന്നൈയുടെ സ്വന്തം മറീന ബീച്ചിലൂടെ ഉപ്പുകാറ്റും നുണഞ്ഞു ഞങ്ങൾ നടന്നു. നിശബ്ദമായി, അലയടിക്കുന്ന കടലിനെയും നോക്കി ഒരുപാട് നേരം അവൾ നിന്നു.

ആ മിഴികളിൽ നിറഞ്ഞുവന്ന കണ്ണുനീർ സർവ്വവ്യാപിയായ കടൽക്കാറ്റു തട്ടിപറിച്ചുകൊണ്ടോടി. ലോകപ്രശസ്ത കലാകാരൻ വിക്ടർ ഹ്യൂഗോയുടെ, “പാവങ്ങളിൽ” ജീൻ വാൾജീൻ എന്നപോലെ, ആ ചുടുനീർ എന്റെ കവിളുകളിൽ ഉപേക്ഷിച്ചു കാറ്റ് അവിടെ കുറ്റബോധത്തിൽ പരുങ്ങിനിന്നു.

അവൾ കരയുകയാണ്, ഞാൻ ആണോ കാരണക്കാരൻ, ഈ പാപങ്ങൾ മുഴുവൻ ഞാൻ എവിടെ കൊണ്ടുപോയി കഴുകിക്കളയാൻ ആണ്...?

********************

തിരിച്ചുവരുമ്പോൾ ഞങ്ങൾ ഒന്നും തന്നെ സംസാരിച്ചില്ല. എഗ്മോർ ജംഗ്ഷൻ കഴിഞ്ഞപ്പോൾ എൻറെ ഷോൾഡറിൽ അവളുടെ നെറ്റിത്തടം വന്നു പതിച്ചു.

മീനാക്ഷി ഉറങ്ങിയിരിക്കുന്നു. ഞാൻ സീറ്റ്ബെൽറ്റ് ഊരി അവളുടെ ലോലമായ കവിളിണകളിൽ അണച്ച്, തോളിലേക്ക് നേരെ കെടുത്തി.

അവൾ ഉറക്കത്തിൽ മധുരമായ ഒരു ചിരിസമ്മാനിച്ച്, ഇളകി സുഖത്തിൽ കിടന്നു. വണ്ടി ഡ്രൈവ്മോഡിയിലേക്കു മാറ്റി, കുറച്ച്ദൂരം പോയി ഒരു ഇലഞ്ഞി മരക്കീഴിൽ നിർത്തി, വരുംവരായ്കകൾ പോലും ആലോചിക്കാതെ സ്റ്റിയറിങ്ങിൽ പിടിച്ചു, സീറ്റ്ബെൽറ്റ് പോലും ഊരാതെ മുന്നില്ലേ ഇരുട്ടിലേക്കും നോക്കിയിരുന്നു.

എപ്പോഴോ ഉറക്കത്തിലേക്കു വഴുതി വീണ ഞാൻ അപ്പോൾ കടന്നുപോയ ഒരു കൂറ്റൻ കണ്ടെയ്നർ വണ്ടിയുടെ ഹോൺ കേട്ടാണ് ഉണർന്നത്. പെട്ടന്നുണ്ടായ പരിഭ്രമത്തിൽ അവൾക് എവിടെയാണെന്ന് പിടുത്തം കിട്ടിയിട്ടില്ല.

ഉറക്കത്തിലെപ്പോഴോ ഇഴുകിയിറങ്ങിയ അവൾ. എന്റെ ഷിർട്ടിനുള്ളിലേക്കു തലകയറി കങ്കാരുവിന്റെ കുഞ്ഞു പോലെയാണ് ഉറങ്ങുന്നത്.

ഞങ്ങൾ ഞെട്ടി അടർന്നു മാറി. കുറച്ചുനേരം മുന്നോട്ടു നോക്കിയിരുന്നു, നേരം വെളുത്തിട്ടില്ല, ഇപ്പോഴും ഇരുട്ടാണ്.

കാറിന്റെ ഇൻഫോടെയ്ന്മെന്റ് സ്ക്രീനിൽ, 5:10 am എന്ന് കാണിക്കുന്നുണ്ട്. 5:30 നു ഹോസ്റ്റലിനു താഴെയെത്തി, ഈ റോഡ് പകൽപോലും അധികം ആളനക്കം ഇല്ലാത്തതാണ്, ആരും റോഡിൽ ഇല്ല.

ബോയ്സ് ഹോസ്റ്റൽ ആയിരുന്നെങ്കിൽ കുഴപ്പം ഇല്ലായിരുന്നു, എല്ലാരും എണിറ്റു വരുമ്പോ ഒരുനേരം ആകും, ഇത് നേരം പരപരാ വെളുക്കാൻ പോകുന്നതിനു മുന്നേ എല്ലാ കൂത്താടികളും ഉണർന്നു പ്രയാണം തുടങ്ങിയിട്ടുണ്ടു. ഞാൻ നോക്കുമ്പോൾ, അരികിലെ ഇലക്ട്രിക് പോസ്റ്റിനോട് ചേർന്ന് ഒരു കോണിയിരുപ്പുണ്ട്, മെയിൻ റോഡിൽ, വിജയുടെ ഫ്ളക്സ് പകുതികെട്ടി നിൽപ്പുണ്ട്, അവർ ഉള്ളിലേക്ക് കയറ്റിവച്ച് പോയതാവും, ഫ്ലക്സ് പണിക്കായത് കൊണ്ട് അറ്റത്തു കൊളുത്തുള്ള ഏണിയാണ്.

എന്തായാലും ഉർവശി ശാഭം നമുക്ക് ഉപകരം ആയി. മതിലിനു മുകളിലൂടെ ജനൽപടിയിൽ കൊളുത്തി നിലത്തു മുട്ടാത്തെ എയറിൽ നിൽക്കുന്ന കോണിയിൽ ഞാൻ ബലമായി പിടിച്ച്, അവളെ നോക്കി.

പക്ഷെ അവൾ ഓടിവന്നു എന്നെ ഇറുക്കി കെട്ടിപിടിക്കുകയാണ് ചെയ്തതു. കുറച്ചു നേരം അങ്ങനെ നിന്ന് വിട്ടകന്നപ്പോൾ ആ മിഴികൾ നിറഞ്ഞു തുളുമ്പിയിരുന്നു.

ഞാൻ ആ തടാകങ്ങളിൽ നോക്കി ഒന്നും പറയാൻ ഇല്ലാതെ നിന്നു. : ഇത്രയും സന്തോഷിച്ച ഒരു രാത്രി എന്റെ ജീവിതത്തിൽ, ഇന്നേവരെ ഉണ്ടായിട്ടില്ല.

ഉണ്ണിയേട്ടന് എന്ത് തന്നാലാണ് ഇതിനൊക്കെ പകരം ആവുക. : നീ ഒന്നും തരണ്ട, ഇപ്പോ ഇതിൽ പിടിച്ചു കയറ്, അല്ലെങ്കി നാട്ടുകാര് വല്ലതും കണ്ട, അവര് തരും എനിക്ക് നല്ല വറുത്ത അടിയുണ്ട.

അതിനൊരു മങ്ങിയ ചിരി തന്ന്, സാഹസികയായ മീനാക്ഷി എന്നെ വിശ്വസിച്ച് അതിൽ പൊത്തിപിടിച്ചു കയറി. റൂമിലേക്ക് എങ്ങനെയൊക്കെയോ ഇറങ്ങി, അവളെന്നെ നോക്കി, കണ്ണുകളിൽ അപ്പോഴും നനവുണ്ടായിരുന്നു.

ഏണി പഴയ സ്ഥലത്തു വച്ച് ഇരുളിൽ മുങ്ങിയ പുകമഞ്ഞിനെ കീറിമുറിച്ചു നടക്കുമ്പോൾ ഞാൻ പുതിയൊരു കാര്യം പഠിച്ചിരുന്നു.... ‘പെണ്ണുങ്ങൾ ആണുങ്ങളെ പോലെയേ അല്ല, അതിലും മനോഹരവും, നിഗൂഢവുമായ ദൈവസൃഷ്ടിയാണ്, അവർ സങ്കടം വന്നാൽ കരയുന്നതുപോലെ, സന്തോഷം വന്നാലും കരയും.....’*********************************

വീട്ടിൽ ചെന്ന് അല്പനേരം കിടന്നുറങ്ങി, വേഗം തന്നെ ചാടിയെഴുന്നേറ്റ് ഓട്ടം തുടങ്ങി. ഉച്ചക്ക് ഇന്റർവ്യൂ ഉണ്ട്, ഫെമിനിസ്റ്റ് ആശയങ്ങളോട് ചേർന്ന് നിൽക്കുന്ന, സ്ത്രീകൾക്ക് പുരുഷൻമാർക്കു സമമായി ജീവിക്കാൻ അവകാശമുണ്ടെന്ന പരസ്യമായവാദം മുന്നോട്ടു വയ്ക്കുകയും ചെയ്യുന്ന ഒരു നടിയുമായാണ് അഭിമുഖം.

പുരുഷാധിപത്യം കൊടികുത്തി വാഴുന്ന സിനിമ മേഖലയിൽ അങ്ങനെ സംസാരിക്കുക എന്ന് പറയുന്നത് കൂടി വിപ്ലവമാണ്. എമ്മ വാട്സൺ, നിക്കോൾ കിഡ്മാന് ആയി നടത്തിയ ഇന്റർവ്യൂവും, അരുന്ധതി റോയുടെ ചില ഇന്റർവ്യൂകളും റഫർ ചെയ്തു നോറ്റ്സ് എടുത്തു.

ഇത്തരം ആളുകളോട് സംസാരിക്കുമ്പോൾ പൊളിറ്റിക്കൽ കറക്ട്നെസ്സ് നാളെ ഒരു തലവേദനയായി വരാം. അപ്പോൾ നമ്മളും തയ്യാറായിരിക്കണം.

ബാക്കിയെല്ലാം സൗഹൃദപരമായ സംഭാഷണത്തിൽ ഒതുക്കാം. എന്ത് പറയണം എന്ന് അധികം ആലോചിച്ചില്ലെങ്കിലും, എന്തൊക്കെ പറയരുതെന്ന് പ്രത്യേകം ശ്രദ്ധിക്കണം.

വെണ്ടയ്ക്ക മെഴുക്കുപുരട്ടിയും, തേങ്ങയരച്ച് ചേർത്ത് പച്ചവെളിച്ചെണ്ണ ഒഴിച്ച അവിയലും, നല്ല പുളിമാങ്ങ ഇട്ടരച്ച ചമ്മന്തിയും കൂട്ടി വാട്ടിയ വാഴയിലയിൽ പൊട്ടിച്ചോറ് കെട്ടി, ഞാൻ ആലോചിച്ചു, ഈയൊരു കാര്യത്തിൽ ഞാനൊരു കലാകാരൻ തന്നെ. ആകെ ഒരു സന്തോഷം, എല്ലാത്തിനും ഉത്സാഹം.എനിക്ക് ഇങ്ങനെയും ജീവിക്കാൻ കഴിയുമെന്ന് ഞാൻ അത്ഭുതത്തോടെ തിരിച്ചറിയുകയായിരുന്നു.

നടക്കുന്ന വഴികളിലും, അടിക്കുന്ന വെയിലിലും അവൾ മാത്രം, അവളെ കുറിച്ചുള്ള വിചാരം മാത്രം. ഓടുന്ന ബസ്സിലെ വിൻഡോസീറ്റിൽ പകൽക്കിനാവും കണ്ടു ഞാനിരുന്നു.

*********************************

സ്റ്റാഫ് റൂമിൽ ആളൊഴിഞ്ഞ ഒരു ഭാഗത്തിരുന്നു പരീക്ഷാപേപ്പർ നോക്കുന്ന മീനാക്ഷി. എന്തോ ശബ്ദം കേട്ട് തലയുയർത്തി.

“ശ്......ശ്......” (വീണ്ടും അതെ ശബ്ദം) ഈശ്വരാ പാമ്പാണോ, അവൾ ചുറ്റും പരതിനോക്കി.

ജനലിനുള്ളിലൂടെ തലകടത്തി ഞാൻ പതുക്കെ പറഞ്ഞു. : പേടിക്കണ്ട മീനാക്ഷി, പാമ്പല്ല....

ഞാനാ. (ഞാൻ ഇളിച്ചു കാണിച്ചു) മീനാക്ഷി വേഗം ആരെങ്കിലും കാണുന്നുണ്ടോ എന്ന് നോക്കി, എന്നെ ജനലിനു മറവിൽ ഒളിപ്പിച്ചു.തല കൈയടക്കം പുറത്തിട്ട്, ജനൽപടിയിൽ കൈമുട്ടുകുത്തി അവൾ എന്നെ നോക്കികിടന്നു, അഴിച്ചിട്ട മുടിയിഴകൾ കാറ്റിൽ, തോരണം ചാർത്തി.

ഞാൻ നിൽക്കുന്ന ഭാഗം ഇടുങ്ങിയ ഒരു ആരുമുപയോഗിക്കാത്ത ഇടനാഴിയാണ്, അവിടവിടെ ചപ്പുചവറുകൾ കൂടി കിടപ്പുണ്ട്, സ്റ്റാഫ്റൂമിനോടടുത്ത ഭാഗം ആയതു കൊണ്ട് പിള്ളേരെയും കാണാൻ ഇല്ല. : ഞാൻ ശരിക്കും പേടിച്ചു പോയി.

(അവളുടെ മുഖത്തു ഇന്നുവരെ കാണാത്ത ഒരു വശ്യത, ഒരു ആലസ്യം) ഞാൻ ആരെയും മയക്കുന്ന ആ മിഴിയഴകിൽ നോക്കി മതിമറന്നു നിന്ന് ചിരിച്ചു. : ഇന്നലെ ശരിക്ക് ഉറങ്ങാൻപറ്റിയോ...

(അവളിൽ കുസൃതി) : ഇന്നലെ പാതിരാത്രിക്ക് ഒരുത്തിക്ക് കടല്ക്കാണാൻ പൂതി വന്നതുകൊണ്ട്, ഒരുപോള കണ്ണടക്കാൻ പറ്റിയില്ല. : അതേതാ ഉണ്ണിയേട്ടാ അങ്ങനൊരു പ്രാന്തി.

(അവൾ അറിയാത്ത പോലെ താടിയിൽ ചൂണ്ടുവിരൽ വച്ച്, കണ്ണുചിമ്മി ആലോചിച്ചു) : അതോ, അതൊരു ശലഭം ആണ് മീനാക്ഷി, രാത്രി പലവർണ്ണത്തിൽ ചിറകു മുളയ്ക്കുന്നൊരു നിശാശലഭം. (അവളതു ഒരു കൊച്ചുകുട്ടി കഥ കേൾക്കുന്ന ലാഘവത്തിൽ കേട്ടിരിപ്പാണ്.

) : അല്ലെങ്കി തന്നെ ഈ ഉറക്കമൊക്കെ എന്ന ഉണ്ടായേ ല്ലേ?!! : അതെയതെ.

(അവൾ ചിരിച്ചു) : നീയുറങ്ങിയോ ഇന്നലെ. (ഞാൻ അവളോട് ചോദിച്ചു).

: എവിടന്നു, ഇന്നലെ റൂമിലൊരു മൂട്ട, മൂട്ടന്നു പറഞ്ഞ ഇണ്ടല്ലോ ഉണ്ണിയേട്ടാ ഈ വലിപ്പം ഉണ്ട് മൂട്ട. (അവൾ കൈ രണ്ടും വിടർത്തി കാട്ടി) : എന്ന ഇന്ന് നീ, ആ മൂട്ട ഉണ്ടാക്കിയ ഭക്ഷണം കഴിക്കണ്ട.

(ഞാൻ തിരിഞ്ഞു നടക്കാൻ പോയി.) : ൻറെ പൊന്നു മൂട്ടയേട്ടാ (അവൾ കൈയിൽ കടന്നു പിടിച്ചു, എന്തെകിലും ഞാൻ പറയും മുൻപേ ഒരു ചൂടുള്ള ചുംബനം അതിൽ പതിച്ചു.

) ഈ മൂട്ടയില്ലെങ്കിൽ ഞാൻ ഇവിടെ കിടന്നു മരിച്ചേനെ. എനിക്ക് ജീവനാ ഈ മൂട്ടയെ.

എനിക്കെന്താ പറയേണ്ടത് എന്ന് അറിയില്ലായിരുന്നു, ഞാൻ ആ ചുംബനത്തിന്റെ മധുരത്തിൽ ലയിച്ചില്ലാതായിരുന്നു. സ്വബോധം വീണ്ടെടുത്ത ഞാൻ അവളോട് എന്തെങ്കിലും പറയും മുൻപേ, തലയോട്ടി തരിക്കുംപോലൊരു ഇലക്ട്രിക് ബെൽ മുഴങ്ങി, “ക്ലാസ്സുണ്ട്”, പുസ്തകങ്ങളും വാരിയെടുത്തു തിരിഞ്ഞു നോക്കാതെ അവൾ എഴുന്നേറ്റു നടന്നു.

ഞാൻ ചുമരുംചാരി ഇഴുകിയിറങ്ങി വെറും നിലത്തിരുന്നു, നെഞ്ച് പതിവിലും വേഗത്തിൽ മിടിക്കുന്നു, രക്തം പതിവില്ലാത്തൊരു തിടുക്കത്തിൽ സിരകളിൽ കുതിച്ചൊഴുകുന്നു, എനിക്കെന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നത്. ഞാൻ എഴുന്നേറ്റു നടന്നു.

ആളൊഴിഞ്ഞ വരാന്തകൾ പിന്നിട്ട് പ്രധാന കോറിഡോറിലെ വളവു തിരിഞ്ഞു പുറത്തേക്കിറങ്ങാൻ തുടങ്ങിയ ഞാൻ ഞാൻ, ഇടതുവശത്തു രണ്ടാമതുള്ള ഫസ്റ്റ്ഇയർ രസതന്ത്രം ക്ലാസ്സിൽ മീനാക്ഷി ക്ലാസ്സെടുക്കുന്നതു കണ്ട് ജനലിലൂടെ അല്പൻനേരം നോക്കി

നിന്നു.   അഴിഞ്ഞു വീണ മുടിയിഴകളും, വിടർന്ന കണ്ണുകളും, മിന്നിമറയുന്ന അഴകൊത്ത നുണക്കുഴിയും....

'മീനാക്ഷി', അവൾ വായുവിൽ വിരലുകൾ കൊണ്ട് ചിത്രം വരച്ചു ഓർഗാനിക് കെമിസ്റ്ററി പഠിപ്പിക്കുന്നു, എന്തൊരു അഭൗമലാവണ്യം. എൻറെ മനസ്സിൽ ഇന്നലെ രാത്രി മിന്നിമറഞ്ഞു, ഒരോ നിമിഷങ്ങളും, അവൾക്കൊപ്പം ഉള്ള ഓരോ സെക്കന്റുകളും, ഞാൻ ആ നിമിഷം മാത്രമാണ് ജീവിക്കുന്നതെന്ന് എനിക്ക് തോന്നി പോകുന്നു.

ഞാൻ തിരിഞ്ഞുനടന്നു, വരാന്തകൾ പിന്നിട്ടു, കോളേജ് കുട്ടികൾ നിറഞ്ഞൊഴുകുന്ന കല്ലുവിരിച്ച നടവഴിയിലേക്കു കടന്നു. തലങ്ങു വിലങ്ങും ഓടുന്ന കോളേജ് കുട്ടികൾക്കിടയിൽ, തലകുമ്പിട്ടു ഒരു പൊട്ടനെപോലെ ചിരിച്ചു കൊണ്ട് ഞാൻ നടന്നു.

മറ്റൊരാളെ പ്രണയിക്കുന്ന പെൺകുട്ടി, സ്വപ്നത്തിൽപോലും എന്നെ പ്രണയിച്ചിരിക്കാൻ സാധ്യതയില്ലാത്ത പെൺകുട്ടി, അവളെ പ്രണയിച്ചാൽ ഞാൻ നാളെ കരയേണ്ടി വന്നേക്കാം, വിരഹത്തിന്റെ നീറുന്ന വേദന സഹിക്കേണ്ടി വന്നേക്കാം, പക്ഷെ അപ്പോൾ ആ നിമിഷം അതൊന്നും എനിക്കൊന്നുമൊരു വിഷയമേ ആയിരുന്നില്ല....!!   'അവളുടെ വിടർന്ന കണ്ണുകൾ, ആ നിഷ്കളങ്കമായ ചിരി, ആ കുഞ്ഞുകുഞ്ഞുനുണക്കുഴികൾ, അവൾ മാത്രം....

എന്റെ മാത്രം.....'   ഞാൻ ചിരിച്ചുകൊണ്ടേയിരുന്നു, കത്തുന്ന വെയിലിലും, എന്നെ കടന്നുപോയ വരണ്ട പൊടിക്കാറ്റിലും, പ്രാന്ത്പിടിച്ചു നെട്ടോട്ടമോടുന്ന ആയിരക്കണക്കിന് ജനങ്ങൾക്കിടയിലും ഞാൻ നിറുത്താതെ ചിരിച്ചു കൊണ്ടേയിരുന്നു....

"ശരിയാണ് പ്രണയത്തിനു കാര്യകാരണങ്ങളൊന്നും തന്നെയില്ല, അത് അതിന്റെതായ സമയത്തു താനെ സംഭവിക്കും ...."   "ഇറ്റ് ജസ്റ്റ് ഹാപ്പെൻസ്..........."

**************************************

പ്രണയത്തിലും, പൂരപ്പറമ്പിൽ ഉണ്ടായ തല്ലിലും നമ്മളെന്ത് ചെയ്താലും ശരിയാണെന്നാണല്ലോ കർന്നവന്മാര് പറഞ്ഞു വച്ചിരിക്കണത്. ഞാൻ അങ്ങട് ചെയ്യാൻ തീരുമാനിച്ചു...

ഇനിയിവളെ ദൈവം തമ്പുരാൻ വന്നു ചോദിച്ചാലും ഞാൻ വിട്ടുകൊടുക്കില്ല. പ്രേമിക്കണം....

മറ്റാരുമിന്നേവരെ പ്രേമിച്ചിട്ടില്ലാത്ത അളവിൽ പ്രേമിക്കണം. ശരിയാണ് അവനൊരു ആന തന്നെയാണ്, പക്ഷെ ഞാൻ വരുന്നത് അമ്പതു ആനകളെ പുല്ലുപോലെ അങ്ങോട്ടും ഇങ്ങോട്ടും നിർത്തി കുടപോക്കി കളിക്കണെ നാട്ടീന്നല്ലേ , എനിക്കെന്തു പേടിക്കാനാണ്....

ചിരിനിർത്താൻ പറ്റാത്ത മുഖവും, മനസ്സിൽ നിറയെ, രവീന്ദ്രൻമാഷുടെ സംഗീതത്തിൽ മുങ്ങി ക്ലാസ്സെടുത്തുകൊണ്ടിരിക്കുന്ന മീനാക്ഷി ടീച്ചറുമായി ഞാൻ സ്റ്റുഡിയോയിലേക്ക്

നടന്നു. എതിരെ വന്ന വണ്ടികൾ കൈകാട്ടി നിർത്തി ഞാൻ രാജാവിനെ പോലെ റോഡ് മുറിച്ചുകടന്നു.

എനിക്കിനിയൊന്നും നോക്കാനില്ല, എല്ലാം മൈരാണ്. പ്രണയത്തിൽ വീണവർക്കെല്ലാം പ്രാന്താണ്, നല്ലസ്സല് നട്ടപ്രാന്ത്....

എൻറെ കഥ ശരിക്കും ഇവിടന്നാണ് തുടങ്ങുന്നത്, ചേർത്ത് പിടിക്കാൻ ഒന്നുമില്ലാത്തവൻ ഒരു നിലാപക്ഷിയെ പ്രണയിച്ചകഥ. ഷെയർ ഓട്ടോയിൽ കയറി, സ്റ്റുഡിയോയിലേക്ക് പോകുമ്പോഴും, ഞാൻ ഇടതടവില്ലാതെ ചിരിച്ചുകൊണ്ടിരുന്നു.

മുന്നിലിരിക്കുന്നവർ എന്നെ ഒരു വട്ടനെ പോലെ നോക്കുന്നുണ്ട്. എനിക്ക് എതിർവശതിരിക്കുന്ന ഒരു കൊച്ചുകുറുമ്പി മാത്രം എന്നെനോക്കി നിറഞ്ഞ ഒരു ചിരിതന്നു.

ഒരുപക്ഷെ വലുതാവുംതോറും മനുഷ്യന് മറ്റുള്ളവരുടെ സന്തോഷങ്ങൾ ആസ്വദിക്കാനുള്ള കഴിവ് നഷ്ട്ടപെടുന്നുണ്ടായിരിക്കാം. സ്റ്റുഡിയോയിൽ എത്തിയിട്ടും എന്റെ മനസ്സിൽ നിറയെ ഇനി എന്തെന്ന  ചിന്ത ആയിരുന്നു.

ചിന്തകളിൽ കുഴഞ്ഞു മറിഞ്ഞു ഇടയ്ക്കിടയ്ക്ക് ചിരിച്ചു കൊണ്ടിരുന്ന ഞാൻ അപ്രതീക്ഷിതമായി മുന്നോട്ടു നോക്കിയപ്പോൾ ആണ് മുന്നിൽ ഇരിക്കുന്ന ആളെ ശ്രദ്ധിക്കുന്നത്. അയാൾ ചെറുചിരിയോടെ എന്റെ ഉള്ളു മനസ്സിലാക്കിയെന്നോണം നോക്കിയിരിക്കുന്നു, ഞാനും മങ്ങിയ ഒരു ചിരിതിരികെ നൽകി.

കാരണം എന്റെ മനസ്സിൽ ഞങ്ങൾ നീന്തിക്കയറിയ ദുരിതകയം വിങ്ങുന്നുണ്ടായിരുന്നു, താര..... ഒന്നര വർഷത്തിന് ശേഷം അവൾ ഓർമ്മകളിലേക്കു കയറിവന്നു.

മറവി എന്നൊക്കെ പറയുന്നത് ഒരു തെരുവ് മാന്ത്രികൻ, പെരുവിരലിനു മറവിൽ നാണയം ഒളിപ്പിക്കുന്നതു പോലെയേ ഉള്ളൂ. നിമിഷനേരത്തെ കണക്കെട്ട്.

എന്റെ മുഖത്തു പടർന്ന സങ്കടം, അവന്റെ മുഖത്തേക്കും വ്യാപിച്ചു തുടങ്ങും എന്ന് തോന്നിയതോടെ ഞാൻ തമാശയിലൂടെ സന്ദർഭം ലഘൂകരിക്കാൻ നോക്കി. അവൻ ഇനിയും കരയാൻ പാടില്ല, ഒരു ജന്മത്തേക്കുള്ളത് അവൻ കരഞ്ഞു തീർത്തിട്ടുണ്ട്.

“വന്നോ ഊരുതെണ്ടി.... ഹിമാലയത്തിലെ സാമിജിമാർക്കൊന്നും ഷഡ്ഡി ഇടാൻ വരെ സമയം കിട്ടിയിട്ടില്ലെന്നാണല്ലോ കേട്ടത്.

” (എനിക്കറിയാമായിരുന്നു അവനു സഹതാപങ്ങൾ ആവശ്യം ഇല്ല, അത് താങ്ങാതെയാണ് അവൻ, ഒരു വർഷംമുന്പ് ഇവിടെ നിന്നും പോയത്) “അല്ലെങ്കിലും അവിടെ സ്വാമിമാരാരും ഷഡി ഇടാറില്ല, ഇനി നീ അതും എന്റെ തലേൽ ഇടണ്ട.” (അവൻ സ്വതസിദ്ധമായ ഒരു ചിരിപാസ്സാക്കി പറഞ്ഞുനിർത്തി, അവൻ ഓക്കെയാണ്, ഒരു വർഷംനീണ്ട യാത്രകൾ അവനിൽ എന്തൊക്കെയോ മാറ്റങ്ങൾ കൊണ്ട് വന്നിട്ടുണ്ട്) ടോണി, ടോണി വട്ടപ്പാറ, സിനിമാക്കാരുടെ പ്രിയപ്പെട്ട സൗണ്ട് ടോണി.

പലമുൻനിരപടങ്ങളിലും ഒരു വർഷത്തിന് മുൻപ് അവൻ സൗണ്ട് ചെയ്തിട്ടുണ്ട്. അനാഥനായി ഈ പട്ടണത്തിൽ അലഞ്ഞുതിരിഞ്ഞപ്പോൾ എനിക്ക് ആകെ ഉണ്ടായിരുന്ന കൂട്ട് അവനും താരയും മാത്രം ആയിരുന്നു.

താരയായിരുന്നു ഞങ്ങൾക്കിടയിലെ സൗഹൃദവും,പോസ്റ്റിവിറ്റിയും, മോട്ടിവേഷനും എല്ലാം. താര.....

മനസ്സിലെവിടെയോ അടക്കി വച്ചിരുന്ന ആ ഓർമ്മയുടെ മുൾവേലി , പിടഞ്ഞുയർന്നു ഉളിലെവിടെയൊക്കെയോ കോറിയുരഞ്ഞു..... കൊളുത്തി വലിച്ചു.

അവൾക്കു വേണ്ടി ആയിരുന്നു ഞാൻ മീനാക്ഷിക്കും മുൻപ് അവസാനമായി ഉണ്ണിയപ്പം ഉണ്ടാക്കിയത്, അവളൊരു ഉണ്ണിയപ്പ കൊതിയത്തി ആയച്ചിരുന്നു. വൈകിവന്ന വന്ന ചിരിയും കൈപ്പിടിച്ചു അവനു നേരെ ഞാൻ നടന്നു ചെന്ന് അടുത്തിരുന്നു.

“എന്താണ് നായികയുടെ പേര്.” (അവനെല്ലാം മുഖത്തു നിന്ന് തന്നെ വായിച്ചെടുക്കാൻ അറിയാം, എന്നെ അറിയാം) “മീനാക്ഷി....., ഒരു പ്രത്യേക സാഹചര്യത്തിൽ എനിക്കവളെ കെട്ടേണ്ടി വന്നു.

” (അവൻ അത്ഭുതത്തോടെ എന്നെ നോക്കി.) “നീ വേഗം പണി തീർത്തു വാ, ഞാൻ ബിവറേജിൽ പോയി സാധനവും എടുത്തിട്ട് വരാം.

” “നീ വന്നത്, എന്ത് കൊണ്ടും നല്ല സമയം ആയി, ഞാൻ ഇതൊക്കെ ആരോടാ പറയാന്ന് അറിയാണ്ടെ, പെട്ട് ഇരിക്കായിരുന്നു.” (എനിക്ക് ചെറിയ ആശ്വാസം) ഇന്നത്തെ ഇന്റർവ്യൂവും നല്ലരീതിയിൽ അവസാനിച്ചു, സാധാരണ എല്ലാ ഇന്റർവ്യൂവും കഴിഞ്ഞു തല്ലുംകൂടി ദേഷ്യപ്പെട്ടു മുഖവും വീർപ്പിച്ചു, ഇറങ്ങി പോവുന്ന ആ നടി, വളരെ സന്തോഷത്തിലാണ് ഇന്ന് പിരിഞ്ഞത്.

എന്തിനാണ് നമ്മലൊരാളുടെ വിശ്വാസങ്ങൾ തകർത്തു, വാചകകസർത്തു നടത്തി, തൃപ്തി നേടുന്നത്. വ്യത്യസ്ത ആശയങ്ങളും, മനുഷ്യരും ഉള്ളതുകൊണ്ടല്ലേ ലോകം ഇത്ര മനോഹരം.

അല്ലെങ്കിൽത്തന്നെ മുഴുവനായ ശരികൾ എന്ത് കാര്യത്തിലാണുള്ളത്. ചൂഴ്ന്നു പരിശോധിച്ചാൽ മാർക്സിസത്തിലും, ലിബറലിസത്തിലും, എന്തിനു ജനാധിപത്യത്തിൽ പോലും നമ്മുക്ക് തെറ്റുകൾ കണ്ടെത്താൻ കഴിയില്ലേ.

പണ്ട് അരിസ്റ്റോട്ടിൽ വല്യപ്പൻ പറഞ്ഞപോലെ വല്യ ഒരു ശതമാനം ഊമ്പന്മാരുടെ ഇഷ്ടം , ചെറിയ ഒരു ശതമാനം എതിരഭിപ്രായം ഉള്ള പൂറന്മാരുടെ തലയിൽ കൂടി കെട്ടി വയ്ക്കുന്നതല്ലേ ജനാതിപത്യം. *********************** പൊടിപിടിച്ച ടോണീടെ ഫ്ലാറ്റിൽ സാധനങ്ങൾ ഒന്നും അനക്കാതെ ഒരുഭാഗത്തു ഒതുങ്ങിയിരുന്നു ഞങ്ങൾ മദ്യത്തിൽ കുതിർത്തു കഥപറഞ്ഞു തുടങ്ങി.

ഈ ലോകത്തു ഒരിടത്തും കണ്ടുകാണാൻ സാധ്യത ഇല്ലാത്ത എൻറെ കദനകഥ അവൻ കണ്ണും മിഴിച്ചു കേട്ടിരുന്നു. എന്റെ തീരുമാനം എന്തായാലും അവൻ എൻറെ ഒപ്പം ഉണ്ടാവും എന്നെനിക്കു ഉറപ്പായിരുന്നു.

അവൻ മാത്രം അല്ല ഞങ്ങൾക്ക് രണ്ടുപേർക്കും കാണാൻ കഴിയുന്നില്ലെങ്കിലും, ഈ മുഷിഞ്ഞ കഥയും കേട്ട് ഇവിടെ എവിടെയോ കാണാമറയത്ത് ഇരുന്നു എന്നെ കളിയാക്കി ചിരിക്കുന്ന മൂന്നാമതൊരാളും. താര....

ഞാൻ തലയുയർത്തി ചുവരിൽ ഞങ്ങൾ മൂന്നുപേരും കൂടിയിരിക്കുന്ന പടത്തിലേക്ക് നോക്കി, നനവ് വീണ കണ്ണ് ഷർട്ടിന്റെ കയ്യിൽ തുടക്കുമ്പോ ടോണിയുടെ കണ്ണുകളും ആ ഫോട്ടോയിൽ ആയിരുന്നു. "നമുക്കവളെ കാണാൻ പോയാലോ, മീനാക്ഷിയെ, എനിക്കവളെ നിന്നെ പരിചയപ്പെടുത്തണം.

" അവനെ ആ ഒരു മൂഡിൽ നിന്ന് മാറ്റണ്ടത് അത്യാവശ്യം ആണെന്ന് തോന്നിയത് കൊണ്ട് ഞാൻ അത് പറഞ്ഞു എഴുന്നേറ്റു പിന്നാലെ എഴുന്നേറ്റ അവൻ മുഖംകഴുകാൻ അകത്തേക്ക് പോയി. അകത്തു നിന്നവന്റെ തേങ്ങലുകൾ കേൾക്കാം.

അതവൻ എത്രമാത്രം വാഷ്ബേസിനിലെ വെള്ളത്തിൽ ലയിപ്പിച്ചില്ലാതാക്കാൻ നോക്കിയാലും. ഞാൻ ഫ്ലാറ്റിൽ നടന്ന്, പൊടികയറിയ ചുവരുകളിൽ കണ്ണോടിച്ചു, എല്ലാം അവളാണ്.

ഉണ്ണിയപ്പം പോലെ മൊട്ടത്തലയുള്ള ഒരു കുറുമ്പി, അവനെല്ലാം അവളായിരുന്നു, എഞ്ചിനീയറിംഗ് പകുതിക്കു വച്ച് ഒളിച്ചോടി ഇവിടെ വരുമ്പോൾ, അവനു എന്ത് ചെയ്യണം എന്ന് യാതൊരുവിധ ബോധവും ഉണ്ടായിരുന്നില്ല. അവളാണ് കാൾസെന്ററിൽ ജോലിക്കുപോയി, അവനെയും ഈ വീടും നോക്കിയതും, അവന്റെ പാഷൻ ആയ സൗണ്ട്ഡിസൈനിങ്ങിലേക്കു തിരയാൻ അവന് എല്ലാ പ്രോത്സാഹനവും കൊടുത്തതും .

ഞാൻ കാണുന്ന കാലത്തു അവൾ ക്യാൻസറിന് മുഴുവനായും അടിമപ്പെട്ടിരുന്നു, കീമോ പറിച്ചെറിഞ്ഞ മുടിയിഴകളിലും, ക്ഷീണം വരയിട്ട കുഴിഞ്ഞ കണ്ണുകളിലും, അവളിലെ ചൈതന്യം മാത്രം കെടാതെ കത്തി നിന്നിരുന്നു, അവളൊരു ചിരിയിൽ എല്ലാം ശരിയാവും എന്ന് ഈ ലോകത്തിനെ തന്നെ വിശ്വസിപ്പിച്ചു. ആ പോസ്റ്റിവിറ്റി നിറഞ്ഞുനിന്നിരുന്ന വാക്കുകൾ കേൾക്കാൻ, അവളോട് സംസാരിച്ചിരിക്കാൻ, ഒഴിവുള്ളപ്പോഴെല്ലാം ഞാൻ ഓടിചെല്ലുമായിരുന്നു.

ചെല്ലുമ്പോൾ ഉണ്ണിയപ്പം നിർബന്ധം ആണ്, അത് ഹോസ്പിറ്റൽ ആണോ, വീടാണോ, റോഡാണോ, എന്നൊന്നും വിഷയം അല്ല, ഉണ്ണിയപ്പം വേണം. അതവൾക്കു കഴിക്കാൻ പറ്റുമായിരുന്നോ എന്നെനിക്കു ഇപ്പോഴും സംശയം ആണ്, അത് വാങ്ങിച്ച് തലയിണക്കടിയിൽ ആരും കാണാതെ സൂക്ഷിച്ചു വയ്ക്കും.

(ഞാൻ ആ ചുവരിൽ തൂക്കിയിട്ടിരുന്ന മദ്യകുപ്പികളിൽ അവൾ വരച്ച ചിത്രങ്ങളിലും, കടലാസിൽ മരകഷണങ്ങൾ ചേർത്ത് നിർമ്മിച്ച ഒരു നൂറുകൂട്ടം കളിപ്പാട്ടങ്ങളിലും നോക്കിനിന്നു, ശരിക്കും പറഞ്ഞാൽ ഒരു വർഷവും മൂന്നു മാസവും മുൻപുള്ള ആ ക്രൂരമായ ദിനം അതിന്റെ കൂർത്തനഖങ്ങൾ വച്ച് എൻറെ നെഞ്ച് മാന്തി പറിക്കുന്നുണ്ടായിരുന്നു.) ************ അവൻ അവന്റെ 1984 മോഡൽ ബുള്ളറ്റ് എയർകളഞ്ഞു കിക്കർ അടിച്ചു സ്റ്റാർട്ട് ആക്കി.

തണുത്ത ആ രാത്രി ഞങ്ങൾ പരസ്പരം ഒന്നും പറയാതെ ഹോസ്റ്റലിലെ ലക്ഷ്യമാക്കി വണ്ടിയോടിച്ചു. നിരാലംബരായ ഞങ്ങളുടെ ഈ വിചിത്രനിശായാത്ര ആസ്വദിച്ച് തണുത്തകാറ്റ് കോളറിലും ഷർട്ടിലും തട്ടിതഴുകി യാത്രപറഞ്ഞു പിന്നോട്ടുപോയി.

സമയം ഒരുപാട് വൈകി, വിസ്കി മാന്യൻ ആണ്, പതുക്കെയേ തലയ്ക്കു പിടിക്കൂ, പിടിച്ച പക്ഷെ അവൻ വിടില്ല. ഞങ്ങൾ രണ്ടാളും കുഴഞ്ഞു തുടങ്ങി, എന്തെങ്കിലും കഴിക്കണം.

എങ്ങനെ ഒക്കെയോ വണ്ടി നിർത്തി അടുത്തുള്ള തട്ടുകടയിൽ കയറി. ബ്രെഡും ഓംലെറ്റും, ഓർഡർ ചെയ്തു.

ദോഷം പറയരുതല്ലോ, ഇത്ര ഊമ്പ്യ ഓംലറ്റ് ഈ നൂറ്റാണ്ടിൽ വേറെ കഴിച്ചിട്ടില്ല. നല്ല ഫിറ്റല്ലെ ഞങ്ങൾ കട കയ്യേറി അയാളെ ഓംലറ്റ് അടിച്ചു പഠിപ്പിച്ചൊടങ്ങി.

അരിഞ്ഞു വച്ചിരുന്ന സവാളയും, പച്ചമുളകും, കറിവേപ്പിലയും വെളിച്ചെണ്ണയിൽ വാട്ടി, ഉപ്പും, ചുവന്ന മുളകും, കുറച്ചു മസാലയും, കണ്ടുപിടിച്ചതിൽ ഇട്ട്, വാടി വന്ന കൂട്ട് അടിച്ചു വച്ചിരുന്ന മുട്ടയിൽ ചേർത്തിളക്കി, പച്ചമുളകും ഉള്ളിയും പിന്നെയും ചേർത്തടിച്ചു ഓംലറ്റ് ആക്കി, കുരുമുളക് മേലെ വിതറി അയാളെ നിർബന്ധിച്ചു തീറ്റിച്ചു കൊണ്ട് ടോണി ഉറക്കെ പറഞ്ഞു. : ഇങ്ങനാട കുഞ്ഞേ ഓംലറ്റ് ഉണ്ടാക്കണ്ടെ !!....

ഞങ്ങളും എന്തൊക്കെയോ വലിച്ചുവാരിതിന്നു, മീനാക്ഷിക്കുള്ള ബ്രഡ് ഓംലെറ്റും ഉണ്ടാക്കിയെടുത്ത് ഹോസ്റ്റലിലേക്ക് വിട്ടു. ഞാൻ കാല് എടുത്തു വച്ചതു കുട്ടികൾക്ക് കാല് വയ്ക്കാവുന്ന പോലെ എൻഫീൽഡിന്റെ മധ്യത്തിൽ അവൻ ഉറപ്പിച്ച ഒരു വടിയിലാണ്, ഞാൻ താഴെക്കു നോക്കി അവനോടു ചോദിച്ചു, “നീ എന്തിനാണ് ഈ നെഞ്ചാക്കു മടക്കി സ്റ്റാൻഡ് പോലെ വച്ചിരിക്കുന്നത്?

” ടോണി തായ് ക്വോണ്ടോ സ്റ്റേറ്റ് ലെവൽ പ്ലയെർ ആയിരുന്നു കോളേജിൽ പഠിക്കണ കാലത്തു. നെഞ്ചാക്കിൽ അവൻ അഗ്രഗണ്യൻ ആയിരുന്നു.

അവൻ അന്ന് ഉണ്ടാക്കിയ തല്ലിനു കയ്യും കണക്കും ഇല്ല. അതിന് ഉത്തരം പറയാൻ ഉള്ള സ്ഥിതിയിൽ ആയിരുന്നില്ല അവനും കേൾക്കാൻ ഉള്ള ബോധത്തിൽ ആയിരുന്നില്ല ഞാനും എങ്കിലും വെറുതെ ഞാൻ അത് ചോദിച്ചു .

ഒരുപക്ഷെ ആസാം ബോർഡറുകളിലും മറ്റും ഒറ്റയ്ക്ക് ബൈക്കിൽ സഞ്ചരിക്കുമ്പോൾ, സ്വയരക്ഷക്ക് വച്ചതാവും. ***************** ടോണിടെ മുതുകിൽ ചവിട്ടിയാണ് കയറിയത്.

എങ്ങനെ കയറീന്നോ എങ്ങനെ അവിടെ എത്തീന്നൊ അറിയില്ല, എത്തി, ജനാലക്കൽ എത്തി മുകളിലേക്ക് നോക്കി ഇളിച്ചു, അവൾ കൈകെട്ടി ദേഷ്യത്തിൽ നോക്കി നിൽപ്പുണ്ട്. ബ്രെഡ്ഓംലറ്റ് ജനൽപടിയിൽ വച്ച്, അവളെ നോക്കി കൈ പുറകിൽകെട്ടി ഒരിക്കൽ കൂടി ഇളിച്ചു.

അപ്പോഴാണ് ടോണിടെ കാര്യം ഓർമ്മവന്നത്. നിന്ന നിൽപ്പിൽ ചെരിഞ്ഞു കൈ രണ്ടും ടോണിക്ക് നേരെ നീട്ടി ഞാൻ പറഞ്ഞു.

: മീനാക്ഷി, ഇത് ടോണി, (ടോണി വിനയം കൊണ്ട് കൈ വയറിൽവച്ച് കുനിഞ്ഞു, തലകുത്തി റോട്ടിൽ വീണ് ഉരുണ്ടു.) എന്റെ ചങ്കാണ്, അജുൻറേം  പിള്ളേരേം പോലെ തന്നെ.

: നൈസ് ടൂ മീറ്റ് യു (ടോണി ആകാശത്തേക്കു നോക്കി കിടന്നു പറയുന്നുണ്ട്) : നീ വേണംങ്ങി സൗണ്ട് ടോണിന്നും വിളിച്ചോ, അവനൊന്നും പറയില്ല,(ഞാൻ സ്വകാര്യംപോലെ കൈ പിടിച്ചു ഉറക്കെ അവളോട് പറഞ്ഞു.) : സൗണ്ട് നിന്റെ ഒക്കെ അച്ഛനാടാ പട്ടികളെ.

(അവൻ ആകാശത്തു നോക്കി തെറി വിളിച്ചു). : ഈ മൈരന് പാമ്പിന്റെ ചെവിയാണല്ലോ, മിണ്ടാണ്ട് കെടക്കട അവടെ.(ഞാൻ അവിടെ നിന്ന് വിളിച്ചു പറഞ്ഞു.

മീനാക്ഷിയുടെ നേരെ തിരിഞ്ഞു,) : അപ്പൊ ഞാൻ പറഞ്ഞു വന്നത് മീനാക്ഷി അവളുടെ മുഖത്തു രൗദ്ര ഭാവം വിട്ടു പോയിട്ടില്ല, അവൾ ബ്രഡ് ഓംലറ്റ്, എടുത്തു ഉള്ളിൽ വച്ച് അവൾ ജനൽ വലിച്ചടച്ചു എനിക്ക് എന്താ നടന്നെന്നു കണ്ണ് പിടിക്കണിണ്ടായില്ല. : കിട്ടാനുള്ളത് കിട്ടിയേങ്കി ഇറങ്ങി പൊന്നുടെടാ മൈരേ.(വെറും മണ്ണിൽ കിടന്നു ടോണി വിളിച്ചു പറയണിണ്ട്.

) ഞാൻ പതുക്കെ കഷ്ടപ്പെട്ട് ഇറങ്ങി, എന്തോ ഭാഗ്യത്തിന് വീണില്ല, എനിക്കിതിപ്പോ ശീലം ആയതുകൊണ്ടാവും. ഞാൻ മതിലിൽ കയറി തിരിഞ്ഞു നോക്കുമ്പോ, എനിക്ക് വല്ലതും പറ്റോന്നു പേടിച്ചവള് നോക്കി നിൽപ്പുണ്ട്, അവളുടെ കണ്ണിൽ ആ ഭയം എനിക്ക് കാണാം.

ഞാൻ നോക്കുന്നുണ്ടെന്നു കണ്ടപ്പോൾ, അവള് വീണ്ടും ജനൽ അടച്ചു. എങ്ങിനെയൊക്കെയോ ഇറങ്ങി താഴെച്ചെന്നു ടോണിയെ പിടിച്ചെഴുന്നേല്പിക്കാൻ നോക്കി, അവൻ ആകാശത്തു പോണ വിമാനത്തെ നോക്കി “റോട്ടിൽ കൂടി ആണോടാ മൈരോളെ വിമാനം ഓടിച്ചു കളിക്കണത്” എന്ന് ചോദിക്കുന്നുണ്ട്, വണ്ടി വരെ എത്തണേനു മുന്നേ റിലേപോയ ഞങ്ങൾ കുറച്ചു നേരം പോസ്റ്റുംചാരി അവിടെ ഇരുന്നു ഉറങ്ങി.

ഇടയിലെപ്പോഴോ ഞെട്ടിഎഴുന്നെറ്റപ്പഴും അവളവിടെ ഉറങ്ങാതെ ഞങ്ങളെയും നോക്കി ഇരിപ്പുണ്ട്, ഞങ്ങൾക്ക് ചുറ്റും അവൾ എറിഞ്ഞ വെള്ളംകുപ്പിയും, ചുവന്ന മഷിപേനകളും,

എൻവിറോൺമെന്റൽ കെമിസ്ട്രി പുസ്തകവും ചിതറികിടപ്പുണ്ട്, ഞാൻ അതൊക്കെ വാരിയെടുത്തു ടോണിയേയും പിടിച്ചെഴുന്നേല്പിച്ചു വണ്ടിയെടുത്തു വീട്ടിലേക്കു വിട്ടു. ****************** ടോണിയെ കെട്ടിപിടിച്ചു വെറും നിലത്തു കിടന്നുറങ്ങിയ ഞാൻ നല്ലൊരു ചവിട്ടു പുറത്തു കൊണ്ടാണ് എഴുന്നേറ്റത്.

ഒന്ന് കറങ്ങിയ ബോധം തൽസ്ഥാനത്തെത്തും മുന്നേ, ചവിട്ടിയ ആൾ ഇറങ്ങി പോയിട്ടുണ്ട്, ഒരു തങ്കനൂപുര ശിഞ്ജിതം മാത്രം മുറിയിൽ അലയടിച്ചു നിന്നു. വാതിലിനരികിൽ ഒരു ഇളംനീലസാരിയുടെ മുന്താണി കാറ്റിൽ പറന്നകന്നു.

അവളാവും, മീനാക്ഷി, അവളെന്തെവോ അതിരാവിലെ തന്നെ വന്നിട്ട് ഒന്നും മിണ്ടാതെ പോയത്. ഞാൻ ഇപ്പോഴും ഫിറ്റാണ് എന്ന് വച്ച് കാണും, അതോ ഇതും വിസ്കിയുടെ കളിയാണോ.

തോന്നിയതാവും. അപ്പോഴാണ് ലക്ഷ്മി അമ്മാൾ ഓടിപിടച്ചു കയറി വന്നത്, : ആവി അന്ത പൊണ്ണ് യാര് , പെരുമാളേ എവളോ അഴക്, അന്തമാതിരി പൊണ്ണെ കല്യാണം പണ്ണ് തമ്പി, നീങ്ക രണ്ടു പേരുമേ മെയ്ഡ് ഫോർ ഈച്ച് അദറാ ഇറുക്കു.കണ്ണുക്ക് ലക്ഷണമാ അഴകായിരുക്ക്.

മുതലേ ഇന്തമാതിരി പൊറുക്കികളോടെ സുത്തറത് നിപ്പാട്ട്. (ടോണിയെ നോക്കി നെറ്റി ചുളിച്ച് ആണ് അക്ക പറഞ്ഞു നിർത്തിയത്, അക്ക അവനെ പൊറുക്കി എന്ന് വിളിച്ചത് പോലും അറിയാതെ അവൻ ഗാഢനിദ്ര പൂണ്ടു കിടന്നു.

മീനാക്ഷിയെ അക്കക്ക് നല്ലോണം ഇഷ്ടം ആയിട്ടുണ്ട്, ഇല്ലെങ്ങി ഇത്ര വെപ്രാളപ്പെട്ട് ഓടി വരില്ല, പക്ഷെ അവര് പറഞ്ഞതിൽ ഞങ്ങൾ നല്ല ചേർച്ചയാണ് എന്ന് പറഞ്ഞത് എനിക്ക് അത്ഭുതം ആയി, എന്നെ കാണാൻ അത്ര ഭംഗി ഒക്കെ ഉണ്ടോ, സ്നേഹം കൊണ്ട് പറഞ്ഞതാവും.പക്ഷെ അക്ക ശരിക്കും തോന്നിയാൽ മാത്രേ എന്തേലും പറയാറുള്ളു വെറുതെ സന്തോഷിപ്പിക്കാൻ മാത്രം ഒന്നും പറയാറില്ല. ആ എന്തേലും ആവട്ടെ, അക്കയോട് പറഞ്ഞേക്കാം) : അക്കക്കു, അത്രക്ക് ഇഷ്ടായത് കൊണ്ട് അന്തപൊണ്ണിനെ, ഞാൻ കഴിഞ്ഞാഴ്ച കല്യാണം കഴിച്ചു.

എല്ലാം പെട്ടന്നായിരുന്നു. അക്ക നാട്ടിന്ന് വന്നിട്ട് ഒരുമിച്ചു വന്നുകണ്ടു സർപ്രൈസ് തരാംന്നു വച്ചിരിക്കാർന്നു, അതിനുമുന്നെ അവള് വന്ന് എല്ലാം പൊളിച്ചു.

: രാമൻ സീത മാതിരിയെ ഇരുക്കു ആവി, യേ ആവ കോപത്തിലെ കളമ്പി പോറാ, സണ്ടയാ. അപ്പൊ അവള് ഇവിടന്നു ചവിട്ടിതുള്ളി പോയത് കണ്ടു അക്ക വിചാരിച്ചു ഞങ്ങൾ ഇന്നലെ വെള്ളംഅടിച്ചതിന്റെ പിണക്കം കാണിച്ചതാവും ന്ന് .

ഹ ഹ ഹ , അവൾക്കെന്തിനാണ് പിണക്കം, ഈശ്വര ശരിക്കും പിണക്കാവോ. അവാൻ സാധ്യത ഉണ്ട് ഇന്നലെ അവളെ കാണാൻ പോയിട്ട് എന്തൊക്കെയാ ഉണ്ടായതെന്ന് യാതൊരു ഐഡിയയും കിട്ടുന്നില്ലാലോ, എന്തായാലും ഇന്ന് സ്പെഷ്യൽ വല്ലതുമായി

ചെന്ന് കാലുപിടിക്ക തന്നെ വഴി : മിഴിച്ചിരിക്കാതെ പോയി സമാധാനിപ്പിക്കാൻ ഉള്ള വഴി നോക്കടാ പൊട്ടാ, അയ്യോ എന്റെ കുട്ടിയോള്.

എന്നെ ചിന്തകളിൽ നിന്ന് ഉണർത്തിയ അക്ക, എല്ലാ ദിവസത്തെയും പകൽ സ്ഥിരമായി നടക്കുന്ന അങ്കംവെട്ടുകളിലേക്കു തിരിച്ചോടി, പിള്ളേർക്ക് വണ്ടി വരാൻ സമയം ആയി കാണണം. ഞാൻ ചാടിയെഴുന്നേറ്റു പണികളെല്ലാം കഴിച്ചു, ടോണിയെ വിളിച്ചു ഉണർത്തി ഒരു കാപ്പി ഇട്ടു കൊടുത്തു, തട്ടികൂട്ടിയ ഉപ്പുമാവും കഴിച്ചു അവൻ അങ്ങനെ ഇരിക്കുമ്പോ, ഞാൻ സദ്യക്കുള്ള ആലവട്ടവും വെഞ്ചാമരവും വിരിച്ചു.

പഴുത്ത പൈനാപ്പിളും, ടച്ചിങ്സ് ആണെന്ന് പറഞ്ഞു ടോണി എവിടന്നൊക്കെയോ കാശുപോലും കൊടുക്കാതെ എടുത്തു കൊണ്ട് വന്ന കുറച്ചു മുന്തിരിയും ഇരിപ്പുണ്ട്. പൈനാപ്പിൾ എടുത്തു നുറുക്കി, കുറച്ചു അരച്ചും ചേർത്ത്, നല്ല കറുത്ത ഉണ്ടശർക്കരയിട്ടു വേവിച്ചു, മഞ്ഞളും പച്ച മുളകും ചേർത്ത്, കുറച്ചു നാളികേരം പാകത്തിനരച്ചു ചേർത്ത്, നെയ്യിൽ വറ്റൽമുളക്, മുന്തിരി, കറിവേപ്പില, കടുക്, ഉലുവ ഇട്ടു വാട്ടി, താളിച്ചു എടുത്തു.

ആഹാ അംമ്പിസ്വാമി വരെ തോറ്റുപോകുന്ന അസ്സല് പൈനാപ്പിൾ പച്ചടി തയ്യാർ. ഇതിലവളല്ല അവളുടെ അച്ഛൻ കോന്തൻ രാഘവൻ വരെ അടിതെറ്റി വീഴും.

ശരവേഗത്തിൽ അണ്ടിപ്പരിപ്പിട്ട മസാല കൂട്ടുകറിയും, ലക്ഷമിഅക്ക നാട്ടി പോയപ്പോ കൊണ്ട് വന്ന നല്ല സൊയമ്പൻ ഇരിമ്പൻപുളി വറ്റൽമുളകിൽ വാട്ടി, നാളികേരം ചേർത്ത് ചമ്മന്തിയാക്കി അതും ചേർത്ത്, ഇലവാട്ടി പൊതിചോറ് കെട്ടി. : സ്നേഹിച്ചു സ്നേഹിച്ചു നിന്നെക്കൊണ്ടു ഞാൻ, അരവിന്ദേട്ടാ, അരവിന്ദേട്ടൻ ഇല്ലാതെ എനിക്ക് ജീവിക്കാൻ പറ്റില്ല അരവിന്ദേട്ടാ, അങ്ങനെ പറയിക്കൂടി വാര്യംപ്പിള്ളിലെ മീനാക്ഷിമോളെ .

( ഞാൻ ആരോടെന്നില്ലാതെ പറഞ്ഞു,) ടോണി എന്റെ കാട്ടികൂട്ടലുകളും കണ്ടുചിരിച്ചു, ഇന്നലത്തെ ഹാങ്ങോവർ ട്രപ്പീസുകളിക്കുന്ന തലയും ഉഴിഞ്ഞിരുപ്പുണ്ട്. : എ മാൻ ഇൻ ലവ് ഈസ്,മോസ്റ്റ് റിഡിക്കുലസ് റ്റു വാച്ച് (പ്രണയത്തിലുള്ള ഒരു ആളെ കാണുന്നതിൽ പരം ഹാസ്യജനകമായ മറ്റൊരു കാര്യം ഇല്ല) ഞാൻ അതിനു വലിയ ശ്രദ്ധകൊടുക്കാതെ അരിഞ്ഞു വറുത്ത പപ്പടത്തിൽ, മുളക്പൊടി വിതറുന്ന തിരക്കിൽ ആയിരുന്നു...

*********************** : എന്തൊക്കെയാണ് ഉണ്ണിയേട്ടാ നിങ്ങളിന്നലെ കാട്ടികൂട്ടിയത്, വല്ല ഓർമ്മയും ഉണ്ടോ. അല്ല നിങ്ങൾ എന്ത് ചെയ്താലും എനിക്കെന്തൊണ്, നിങ്ങൾ ആരാ എൻറെ, നിങ്ങള് കുടിക്കേ, തലകുത്തി മറയെ , എന്താച്ചാ ചെയ്യ്.

(അവള് മുഖം വെട്ടിച്ചു, ചുണ്ടു കൂർപ്പിച്ചു, ഞാൻ കുറുമ്പ് കാണിച്ചു അടി വാങ്ങാൻ വരിനിൽക്കുന്ന ഒരു ഒന്നാംക്ലാസുകാരന്റെ പോലെ കൈ പിന്നിൽ കെട്ടി അവൾക്കു മുന്നിൽ പരുങ്ങിനിന്നു.) : ഞാൻ നിന്റെ ആരും അല്ലെ (എന്റെ ശബ്ദത്തിൽ നിരാശ ഉണ്ടായിരുന്നു) : അല്ല (അവള് ക്രൂരമായി അതിനു ഉത്തരം നൽകി, എനിക്കവളുടെ മുഖത്തേക്ക് നോക്കാൻ ഉള്ള ശക്തി പോലും ഉണ്ടായില്ല, ഞാൻ തിരിഞ്ഞു നടക്കാൻ തുടങ്ങി) തിരിഞ്ഞുനടക്കും മുൻപേ അവൾ കൈയിൽ കടന്നു പിടിച്ചു : ഇന്നലെ ഞാൻ

എന്തോരം പേടിച്ചു പോയിന്നു അറിയോ ഉണ്ണിയേട്ടന്, അതിന്റെ മുകളീന്ന് അങ്ങാനും വീണിരുന്നെങ്കിലോ.

അവിടന്ന് എഴുന്നേറ്റു പോയിട്ടു വീട്ടിൽ എത്തിയോ,അതോ എവിടെങ്കിലും പോയി വീണുകെടക്കണുണ്ടോ, ഞാൻ ആരോട് ആന്നു വച്ച ചോദിക്കാ. (ഞാൻതിരിഞ്ഞു നോക്കുമ്പോ, ആ കരിക്കൊത്ത കണ്ണുകളിൽ,കണ്ണീരിൻ ഇളനീര് കിനിഞ്ഞിരുന്നു) : സോറി, അവനെ കൊറേ നാളുകൂടി കണ്ടപ്പോ, പഴേ സങ്കടങ്ങളൊക്കെ ഓർമ്മ വന്നപ്പോൾ കുടിച്ചു പോയതാ, ഇനി ഇണ്ടാവില്ല.

അവളുടെ മുഖത്തേക്ക് പെട്ടന്ന് കളിയാടിയ പ്രണയഭാവത്തെ മറികടന്നവളൊരു കുറുമ്പ് കടന്നുവന്നു. : അത് എവിടന്നു വാങ്ങിച്ച ബ്രഡ്ഓംലറ്റ് ആയിരുന്നു, ഞാൻ ഇന്നേ വരെ ഇത്ര രുചില് അങ്ങനൊരെണ്ണം കഴിച്ചിട്ടില്ല.

: അത് ഇന്നലെ ഫിറ്റായപ്പോ ഞങ്ങൾ ഒരു കടയിൽ കയറി, കഴിക്കാൻ കയറിയതാണ്, പക്ഷെ അവസാനം യുദ്ധകാലാടിസ്ഥാനത്തിൽ കട ഏറ്റെടുത്തു ഓംലറ്റ് ഉണ്ടാക്കേണ്ടി വന്നു, അയാളെക്കൊണ്ട് കഴിപ്പിച്ചു, പിന്നെ കൊറേ നേരം ഓംലറ്റ് അടിച്ചു പഠിപ്പിക്കേം ചെയ്തുന്നു തോന്നുന്നുണ്ട് ഇനി ആ വഴിക്കു പോകണ്ട. (അവള് ശ്വാസം കിട്ടാത്തെ പോലെ ചിരിച്ചു) : അപ്പൊ ഇന്നലെ ഒരുപാടു സ്ഥലത്തു പ്രശ്നം ഉണ്ടാക്കിയിട്ടാണ് അവസാനം, അവിടെ വന്നടിഞ്ഞത് ലെ?!!

(അവള് ചിരിച്ചു കൊണ്ട് ചോദിച്ചു) ഞാൻ തലകുമ്പിട്ടൊരു കള്ളച്ചിരി ചിരിച്ചു. : അപ്പൊ എന്നെ സോപ്പിടാൻ ഇന്ന് എന്താ സ്പെഷ്യൽ കൊണ്ട് വന്നേക്കണേ?

(അവളൊരു കുസൃതി നിറഞ്ഞ ചോദ്യം എറിഞ്ഞു) : പൈനാപ്പിൾ കറി. : ഈശ്വര, ഈ കൈപ്പുണ്യം ഇല്ലെങ്ങി ഇയാളെ ഞാൻ പണ്ടേക്കുപണ്ടേ ചവിട്ടി കൊന്നേനെ.

പൈനാപ്പിൾ കറി കണ്ടത് കൊണ്ട് മാത്രം ഇത്തവണക്കു വെറുതെ വിടുന്നു, (അവള് വെള്ളം ഇറക്കി കൊണ്ടാണ് ഇത് പറഞ്ഞു അവസാനിപ്പിച്ചത്.) ഞാൻ നിറഞ്ഞ ചിരി കൊടുത്തു തിരിച്ചു നടന്നു.

: പിന്നെ ഇവിടെ കിടന്നു തിരിയണ്ട, സ്റ്റാഫ് റൂമിൽ മുഴുവൻ ആരാധകർ ആയിട്ടുണ്ട് ഇങ്ങേരു ഉണ്ടാക്കാണ കറികൾക്ക്.(ഞാൻ മനസിയിലാവാതെ അവളെ മിഴിച്ചു നോക്കി) ടീച്ചർമാര് കാണിച്ചു തരാൻ പറഞ്ഞു ഒരു തൊയ്രം തരാതായപ്പോൾ, ഇന്നലത്തെ ഇന്റർവ്യൂ എടുത്തു കട്ടികൊടുത്തു, അതബദ്ധം ആയിപോയി, അവർക്ക് പെരുത്ത് ഇഷ്ടപ്പെട്ടിരിക്കണു , ഈ നിഷ്കളങ്കം ആയ ഈ കണ്ണും, കുട്ടികളെ പോലുള്ള ചിരിയും എന്ന് വേണ്ട അടിമുടി ഉണ്ണിയേട്ടന് ഫാൻസായേക്കുണു. പരിചയപ്പെടുത്തിത്തരാൻ പറഞ്ഞു ഒരുപാട് പേര് പുറകെ നടക്കുന്നുണ്ട്.

(ഞാൻ വായും പൊളിച്ചതും കേട്ട് നിന്നു , ഇവള് കളിയാക്കായിരിക്കോ.) : എന്ന എനിക്കാരെങ്കിലും പരിജയപ്പെടുത്തിതാടി, എന്റെ ഓർമ്മ വച്ച കാലം തൊട്ടേ എന്നെ ആരും പ്രേമിച്ചിട്ടില്ല, ഞാൻ എന്നും എല്ലാർക്കും ഫ്രണ്ട് ആയിരുന്നു.

(അറിയാതെ ഞാൻ പറഞ്ഞു പോയി) ആമ്പൽപ്പൂവ് പോലെ നിന്ന പെണ്ണിന്റെ ഭാവം അങ്ങട് മാറി, കലികയറി വന്നഅവൾ കണ്ണുരുട്ടി. : താലികെട്ടിയ പെണ്ണിനോടാണോടാ, ലൈൻ സെറ്റ് ആക്കി തരാൻ പറയണത് അവള് താലിയും പിടിച്ചു ചീറി (എനിക്കൊന്നും അങ്ങട് മനസ്സിലായില്ലെങ്കിലും, സീൻ കോൺട്രാ ആണെന്ന് മനസ്സിലായി) : ഡാ....

ന്നാ.... , മീനാക്ഷി മോളെ...

അല്ലെങ്കിലും ഈ ടീച്ചർമാർക്കൊക്കെ മൂക്കത്താ ശുണ്ഠി. : ആ, ഇനി ഇതുപോലെ പറഞ്ഞ , ചെലപ്പോ ഇടിയും കിട്ടും, അവരുടെ മുന്നി ചെന്ന് പെടാണ്ട്, പോയ്ക്കോ വേഗം ....

(ആ വാക്കുകളിലൊരു പ്രത്യേക സ്നേഹം ഉണ്ടായിരുന്നു) എനിക്കിവളെ അങ്ങട് മനസ്സിലാവണില്ല, ഇവൾക്കെന്നെ ഇഷ്ടം ആണോ, അപ്പൊ ശ്രീറാമോ, അവൾ അവനെ പറ്റി അധികം ഒന്നും പറഞ്ഞു ഞാൻ കേട്ടിട്ടും ഇല്ല. എന്നോട് അതൊക്കെ പറയാൻ മാത്രം അടുപ്പം ഇല്ലാത്തോണ്ടാവോ?

എന്തെങ്കിലും അറിയാങ്ങി വല്ലതും പറഞ്ഞവന്റെ ഇമേജ് ഡാമേജ് ആക്കാരുന്നു, ഇതിപ്പോ ഞാൻ വല്ലതും പറഞ്ഞ അസൂയ കൊണ്ടാണെന്ന് വയ്ക്കും. അവള് നടന്നു അകലുന്നതും നോക്കി ഞാൻ നിന്നു.

******************* വൈകീട്ട് വർക്ക് വേഗം തീർത്തു ഇറങ്ങി, മുൻപ് രാത്രി വരെ അവിടെ ഈച്ചേനേം ആട്ടി ചുമ്മാ കുത്തിയിരിക്കാറുള്ളതാ. കോളേജ് വിടുന്നത് വരെ സ്ഥലത്തെ പ്രധാന പൂവാലന്മാരോടൊത്തു, ചായക്കടയിൽ ചിലവഴിച്ചു.

പിള്ളേരൊക്കെ ഇറങ്ങിപോയി ഒന്ന് തിരക്കൊഴിഞ്ഞിട്ടാണ് മീനാക്ഷി ഇറങ്ങിയത്. ഞാൻ പോയി അവളുടെ കൈയിൽ പിടിച്ചു, അവള് ഞെട്ടി മുഖത്തേക്ക് നോക്കി.

: എന്റൂടെ വാ, നമുക്ക് പോയി ഒരു ചായ കുടിക്കാം. കണ്ണൊന്നു ഉരുട്ടിയെങ്കിലും, എന്റെ പെട്ടന്നുള്ള ഭാവവ്യത്യാസം അവളെ തെല്ലൊന്നു അത്ഭുതപെടുത്തിയിട്ടുണ്ട്.

അവൾ മൗനമായി അതിനു സമ്മതംമൂളി. എനിക്കറിയില്ല ഇവളെ എവിടെ കൊണ്ട് പോകുമെന്ന്.

ഒരുപാട് മോടിയുള്ള സ്ഥലങ്ങളിൽ കൊണ്ടുപോകാൻ, പോക്കറ്റിൽ പണവും ഇല്ല, വിളിച്ചു കൊണ്ടുപോകാൻ ഒരു വാഹനം പോലും ഇപ്പോൾ എന്റെ കൈയിൽ ഇല്ല. ഞാൻ സാധാരണയിലും ദരിദ്രനായ ഒരു കാമുകൻ ആയിരുന്നു.

എങ്കിലും അവൾ ഉത്സാഹത്തോടെ എനിക്കൊപ്പം പുറത്തു പോകാൻ തയ്യാറായി മെടഞ്ഞിട്ട ആ കരിനീല കാർകൂന്തൽ ചുരുൾത്തുമ്പു മാടിയൊതുക്കി, സാരി

നേരെയാക്കി, ആ കറുത്ത കുഞ്ഞുപൊട്ട് നേരെകുത്തി. മീനാക്ഷിക്കൊരുങ്ങാൻ അതൊക്കെ ധാരാളം ആയിരുന്നു.

ഗണേശപുറത്തു ആ സായംസന്ധ്യയിൽ ചന്ദ്രനുദിച്ചപോലെ അവൾ വിളങ്ങി നിന്നു. അടുത്ത വന്ന ബസ്സിൽ ഞങ്ങൾ ചാടികയറി, ചെന്നൈയിലെ വൈകുന്നേരങ്ങളിലെ എല്ലാ ബസ്സും പോലെ, അതും ആളുകളെകൊണ്ട് തിങ്ങിനിറഞ്ഞിരുന്നു.

തിരക്ക് കൂടി വരുംതോറും, വാതിലിനോട് ചേർന്ന് ഘടിപ്പിച്ചുരുന്ന കമ്പിയിൽ പിടിച്ച്, എന്റെ രണ്ടു കൈക്കുള്ളിലും ഒതുങ്ങി നിന്നിരുന്ന അവളോട് ഞാൻ കൂടുതൽ അടുത്ത് വന്നു, ഏതോ ഒരു നിമിഷത്തിൽ അതൊരു നേർത്ത ആശ്ലേഷം ആയി മാറി, അവളെ ചേർത്ത് പുണർന്ന്, അവളുടെ കാതിനു പിന്നിൽ ഒളിപ്പിച്ചിരുന്ന കനത്തമുടിയിഴകളെ കവർന്നു എന്റെ മുഖത്തു കൊണ്ട് വന്നുരസിയ കാറ്റും ആസ്വദിച്ചു, ഞാൻ അങ്ങനെ നിന്നു. അവൾ എന്റെ നെഞ്ചിൽ അവളുടെ ബ്ലൗസിന് പുറമെ നഗ്നമായ പുറം ചേർത്ത് അതിന്റെ ആലസ്യത്തിൽ കിടന്നു.

അവളുടെ ഗന്ധം, അവളുടെ വിയർപ്പിന്റെ ഗന്ധം, ചന്ദനത്തിൻക്കാട് പൂക്കുന്ന ഗന്ധം, ഞാൻ അതിൽ ലയിച്ചു നിന്നു. ബസ്സിന്റെ താളത്തിനൊത്ത് ആ അഴകൊത്ത നിതംബങ്ങൾ എന്റെ തുടയിൽ അമരുന്നുണ്ട്, ഈശ്വര കണ്ട്രോൾ തരണേ.

ഇത് കണ്ടിട്ട് സഹിക്കാൻ പറ്റാതായ സ്നേഹനിധിയായ കണ്ടക്ടർ, എങ്ങനെ ഒക്കെയോ ഒരു സീറ്റ് അവൾക്കു ശരിയാക്കി കൊടുത്തു, പട്ടികുണ്ണ. ഞാൻ പടിയിലെ കമ്പിയിൽ തൂങ്ങിചരിഞ്ഞു എനിക്ക് തൊട്ടു മുകളിൽ ജനൽസീറ്റിൽ ഇരിക്കുന്ന അവളുടെ സുന്ദരവദനം കൊതിയോടെ നോക്കി, പുറത്തെ കാഴ്ചകളാസ്വദിക്കുന്ന, അവളുടെ പീലികണ്ണുകളും, കാറ്റിൽ ഇളകിയാടുന്ന കുറുനിരകളും, അവളെ നോക്കിങ്ങനെ നിന്നപ്പോൾ ഇതുവരെ എവിടെയും കേൾക്കാത്ത ഒരു പാട്ടെന്റെ മനസ്സിൽ കടന്നുവന്നു.

“കണ്ണിമകളിൽ ഞാൻ ഇന്നുരുകിയോളം, ഇന്നോളമില്ല ഒരു ദിനം...., മ്മ്..... മ്മ് ......

, നിന്നോളമില്ല ഒരുവളും. താഴ്വരകളിൽ നീ, ഈ നീല വാനിൽ...

മുങ്ങുന്ന ചെന്തീചന്ദ്രിക.... ആവനി,...

ഞാൻ വീണുതാഴും സാഗരം....” പ്രണയം എത്ര വിചിത്രമാണ്, ഇതുവരെ ഒരു മൂളിപ്പാട്ട് പോലും പാടാത്ത ഞാൻ നിമിഷ കവിയായി മാറി....

************** കോയമ്പേടു ഉള്ള നല്ല കരിനീല വർണ്ണത്തിൽ സുന്ദരിയായ, ചെമ്പക അക്കടെ കടയിലെ മസാലച്ചായയും, പക്കവാടയും അവൾക്കു ഒരുപ്പാട് ഇഷ്ടപ്പെട്ടു, നടക്കുന്ന വഴിക്കു ഒരു കൊച്ചുകുട്ടി , പൂക്കൂടയ്ക്കു മുന്നിൽ ഇരുന്നു പഠിക്കുന്നത് കണ്ടു അവൾ പെട്ടന്ന് നിന്നു, അവൾക്ക് ആവശ്യമില്ലാഞ്ഞിട്ടും, മൂന്നുമുഴം കനകാംബരം വാങ്ങി അവൾ തലയിൽചൂടി. അവിടന്ന് മെട്രോയിലേക്കു നടക്കുന്നദൂരം മുഴുവൻ അവൾ സംസാരിച്ചു കൊണ്ടിരുന്നു, പുതിയ കോളേജ്, കുട്ടികൾ, അവിടെ കിട്ടിയ നല്ല ഒരുകൂട്ടം

സുഹൃത്തുക്കൾ, കുമുദം, ക്ലാസ്സിൽ ഉണ്ടായ തമാശകൾ, അധ്യാപക വിദ്യാർത്ഥി ഭേദമന്യേ അവിടെ അവൾക്കു വന്ന പ്രണയാഭ്യർത്ഥനകൾ.

ഒരു നൂറുകഥകൾ. അവൾ ഒരുപാട് മാറിയിരിക്കുന്നു.

അന്ന് ഞാൻ ആദ്യം ആയി കാണാൻ വന്ന പെണ്ണേ അല്ല, നല്ല ചുറുചുറുക്കും, സന്തോഷവും. അതിനു ഞാൻ ആണ് കാരണം എന്ന് തോന്നുമ്പോൾ, എനിക്ക് അളവില്ലാത്ത സന്തോഷം മനസ്സിൽ നുരഞ്ഞുപൊങ്ങി.

ഞാൻ ആ കഥകളൊക്കെ കേട്ട്, സംശയങ്ങളും ചോദിച്ചു പോക്കറ്റിൽ കയ്യും തിരുകി അവൾക്കൊപ്പം നടന്നു, അവൾക്കു വന്ന പ്രണയലേഖനങ്ങളുടെ എണ്ണം കേട്ടപ്പോൾ എനിക്ക് ചെറിയൊരു കുശുമ്പ് ഇല്ലാതില്ലാതില്ലതില്ല, അതിൽ പകുതിയും തമിഴിൽ ആയിരുന്നു എന്നത് എനിക്ക് സമാധാനം ആണ്. ഇനി കുമുദം വായിച്ചു കൊടുത്തിരിക്കുമോ, യേയ് ഒരിക്കലും ഇല്ല.

നടന്നു ഞങ്ങൾ കൊയംമേട് മെട്രോസ്റ്റേഷനിൽ മെട്രോ പിടിച്ച് അംജിക്കാര, അണ്ണാനഗർ വഴി ഗോപാലപുരത്തേക്കു തിരിച്ചു. വാതോരാതെ കഥകൾ പറഞ്ഞുകൊണ്ടിരുന്ന മീനാക്ഷി എപ്പോഴോ ഉറക്കത്തിലേക്കു വഴുതിവീണു, എന്റെ തോൾചാരി മെട്രോ ട്രെയിനിൽ അവളിരിക്കുമ്പോൾ, എനിക്ക് ഞാൻ ഈ ഒരു നിമിഷത്തിനു വേണ്ടി മാത്രമാണ് ജീവിച്ചിരുന്നത് എന്ന് തോന്നിപോയി, എന്തോ ലോകം കീഴടക്കിയപോലെ ഞാൻ അവളെ കൈകളാൽ എന്റെ തോളിൽ ചേർത്ത് വച്ച് ഇരുള് മൂടിയ ചെന്നൈ നഗരത്തോട് നിശബ്ദമായി നന്ദിപറഞ്ഞു.

എഗ്മോർ ജംക്ഷനിൽ ഇറങ്ങി ഓട്ടോയിൽ കോളജിലേക്കു പോകുമ്പോഴും അവൾ ഉറക്കത്തിൽ നിന്ന് എണീറ്റ ആ ഒരു ആലസ്യത്തോടെ കഥകൾ തുടർന്നു, എന്തുകൊണ്ടോ ഉറക്കം കുഴച്ച പെണ്ണിന്റെ പാതിയടഞ്ഞ തവിട്ടു ശർക്കര കണ്ണുകളും, ആലസ്യം വിട്ടു മാറാത്ത സ്വരവും, വിരിയാൻ കാത്ത് നിൽക്കുന്ന നിശാഗന്ധിപ്പൂവൊത്ത മുഖവും. എനിക്കെന്തോ അവളെ ചുംബിക്കണം എന്ന മോഹം ഉള്ളിലുണർന്നു.

ഞാൻ പോലും അറിയാതെ കയറിവന്ന ആ ചിന്തയെ മറികടക്കാൻ ഞാൻ കഷ്ടപ്പെട്ട് ശ്രമിച്ചു കൊണ്ടിരുന്നു, എങ്ങിനെയൊക്കെയോ കടിച്ചുപിടിച്ചു നിന്നു, ഇടതടവില്ലാതെ വിശേഷംപറച്ചിലിനിടയിൽ, വിടർന്നടയുന്ന ആ പവിഴമല്ലി അധരങ്ങൾക്കടുത്തു അടുത്ത് വിറയ്ക്കുന്ന ചുണ്ടുകളുമായി ഞാനിരുന്നു. ഓട്ടോ ഗോപാലപുരത്തേക്കുള്ള അവസാന തെരുവുംകടന്നപ്പോൾ, എവിടെനിന്നോ ഓടിയണച്ചെത്തിയ മഴ അധികം ശക്തിയില്ലാതെ പെയ്തു തുടങ്ങി.

ഹോസ്റ്റൽഗേറ്റിനു അരികിലെ ഏറെ പ്രയാസപ്പെട്ട്, മങ്ങിയും അണഞ്ഞും തെളിഞ്ഞും കത്തിക്കൊണ്ടിരിക്കുന്ന സോഡിയം വേപ്പർലാമ്പിനടിയിൽ വച്ച് അവൾ യാത്ര പറഞ്ഞു തിരിഞ്ഞു നടന്നു. അലോസരപ്പെടുത്തിക്കൊണ്ടു, ഉപദ്രവിക്കാൻ മാത്രമായി പെയ്തുകൊണ്ടിരിക്കുന്ന ആ മഴയും നനഞ്ഞു, പാന്റിന്റെ പോക്കറ്റിൽ കൈകളുംതിരുകി

നേരിയവഴുക്കലുള്ള മതിലുംചാരി ഞാൻ നിന്നു, അകന്നു പോകുന്ന അവളുടെ നിഴലുകൾക്കുപോലും എന്ത് അനഘസൗന്ദര്യമാണ്.

പെട്ടന്ന് ആ നിഴൽ എനിക്കടുത്തേക്കു വീണ്ടും ഓടിയടുത്തു, ഞാൻ അവളുടെ വിടർന്ന പീലികണ്ണുകളിൽ നോക്കി, തല വേപ്പർലാമ്പിന്റെ മിന്നിമറയുന്ന ആ ചൂടുപിടിപ്പിക്കുന്ന മഞ്ഞലൈറ്റിൽ ഒരു സൈഡ് ലേക്ക് ചരിച്ചു അവൾ ചോദിച്ചു, : ഉണ്ണിയേട്ടന് എന്നോട് എന്തെങ്കിലും പറയാൻ ഉണ്ടോ. അനുനിമിഷം മാറിക്കൊണ്ടിരിക്കുന്ന വെളിച്ചത്തിൽ ഭാവങ്ങൾ വ്യക്തമാകാൻ, അവൾ വളരെ അടുത്താണ് മുഖം പിടിച്ചിരിക്കുന്നത്, നനഞ്ഞ ആ മുഖവും, കൂമ്പിയടഞ്ഞ ആലസ്യം തിങ്ങിനിൽക്കുന്ന കണ്ണുകളും, തുടുത്ത ചാമ്പങ്ങാ കണക്കെ നേർത്ത ചുണ്ടുകളും, ഞാൻ അവളുടെ കഴുത്തിന് പിറകിലേക്ക് കൈ കടത്തി ചേർത്ത് അവളുടെ അഗാധമായ നയനങ്ങളിലേക്കു മിഴികളാഴ്ത്തി, അവളുടെ മുടിയിഴകൾക്കടിയിലെ നേർത്ത കഴുത്തിൽ ഞാൻ വിരലോടിച്ചു, അവളുടെ കണ്ണുകളിൽ ഞാൻ ഇന്നുവരെ കാണാത്ത വശ്യത, സ്വബോധത്തെ അനുരാഗം കീഴടക്കി.

ഇടറിയ ആ മഞ്ഞവെളിച്ചത്തിൽ, മഴയുടെ ശബ്ദത്തിൽ, വിറയ്ക്കുന്ന ചുണ്ടുകളോടെ അവളെ ഞാൻ ആദ്യമായി ചുംബിച്ചു, അവൾക്കെന്തു മധുരമാണ്, എന്റെ തലയ്ക്കു പിന്നിൽ, മുടിയിഴകളിലൂടെ അവളുടെ നേർത്ത വിരലുകൾ ഒഴുകിയിറങ്ങി, മങ്ങിയ വെളിച്ചത്തിൽ മതിലിനോട് കുറച്ചുകൂടി ചേർന്ന് അമർന്നു നിന്ന അവളുടെ വിടർന്നകീഴ്ച്ചുണ്ടിൽ ഒരുക്കൽ കൂടി ഞാൻ കൊതിയോടെ ചുംബിച്ചു. അവളിൽനിന്നു എതിർപ്പിന്റെ കൊള്ളിയാൻ വെട്ടംപോലും ഞങ്ങൾക്കിടയിലേക്കു കടന്നു വന്നില്ല, മഴവെള്ളമെന്നോണം അവളതിൽ ലയിച്ചുനിന്നു .

“ഠപ്പേ ....” തെറ്റില്ല , വിചാരിച്ചതു തന്നെയാണ് കിട്ടിയത് പെട്ടന്നെപ്പഴോ അവളിലുണർന്ന ബോധത്തിൻറെ ലാവെളിച്ചത്തിൽ ആ കൈകളെൻറെ മുഖത്തു പതിച്ചു, അവളെന്നെ തള്ളിമാറ്റി തിടുക്കത്തിൽ നടന്നകന്നു.

സ്വബോധം നഷ്ടപെട്ട ഞാൻ ആ ദ്രവിച്ച സിമെന്റ് മതിലിൽ നെറ്റിമുട്ടിച്ച് പതിയെ ഇടിച്ചു കൊണ്ടിരുന്നു, സുഖമുള്ളൊരു വേദന നെഞ്ചിൽ പടർന്നു, ഇനിയിവളെ മറക്കുക എന്നതു ചിന്തിക്കാൻപോലും, എന്നെകൊണ്ടെങ്ങനെ സാധിക്കാനാണ്?!!.. അത്രമേൽ ഞാൻ അവളിലെ ആഴങ്ങളിലേക്ക് വീണു കഴിഞ്ഞു.

ആകാശത്തെ പകുത്ത് കടന്നുപോയ മിന്നൽവെട്ടം കൊണ്ടുവന്നു തന്ന പരിസരബോധത്തിൽ ഞാൻ ഞെട്ടി തിരിഞ്ഞു, ഇത്രയും നേരം കൊണ്ട മഴയിൽ ഞാൻ ആകെ പുഴുങ്ങിയ കാച്ചില് കണക്കെ കുഴഞ്ഞു മറിഞ്ഞിരുന്നു. മഴ നനഞ്ഞു കൊണ്ട് തന്നെ വീട്ടിലേക്കു നടന്നു, കാലംതെറ്റി പെയ്യുന്ന ഈ മഴയിൽ ഇത്തവണ എന്റെ മനസ്സും നനഞ്ഞു കുതിർന്നു....

ആകാശത്തെവിടെയോ ഒരുകോണിൽ ഒറ്റപ്പെട്ടു ജീവിച്ചിരുന്ന മഴതുള്ളി, പുതുമണ്ണിൻറെ മാറിൽ വീണുടഞ്ഞു, അന്തരീക്ഷത്തിൽ പ്രണയത്തിന്റെ, പുതുമണ്ണിന്റെ മാദകഗന്ധം പടർന്നു. ********************* രാവിലെ എഴുന്നേറ്റപ്പോഴാണ് പണി പാലുംവെള്ളത്തിൽ കിട്ടി എന്ന് ബോധ്യം ആയതു.

വിറയ്ക്കുന്ന പനി, അനങ്ങാൻ പറ്റുന്നില്ല, തലയൊക്കെ വെട്ടിപൊളിയുന്ന പോലെ. ഫോൺ എടുത്തു മീനാക്ഷിയെ വിളിച്ചു ആദ്യ രണ്ടുവട്ടം എടുത്തില്ല, മൂന്നാമത്തെ വട്ടം, അവള് കട്ട് ആക്കി, ഫോൺ സ്വിച്ച് ഓഫ് ചെയ്തു.

ശ്ശെ .... ഇന്നലെ അങ്ങനെ ഒന്നും ചെയ്യണ്ടോർന്നു, അപ്പോഴത്തെ മനസികാവസ്ഥയിൽ പറ്റിപോയതാണ്.

തല വീണ്ടും വിങ്ങിപൊളിഞ്ഞു, നല്ല കുളിരു തോന്നുന്നുണ്ട്, ഒടുക്കത്തെ ക്ഷീണവും. ഞാൻ ഇന്നലെ എന്നെ പ്രണയാതുരൻ ആക്കിയതിൽ, നന്ദിപറഞ്ഞ അതെ മഴയെ തന്നെ കണ്ണുമിഴിച്ചു മുകളിലേക്ക് നോക്കി പ്രാകി.

ഞാൻ സാഹചര്യവാദിയാണോ? ഏയ് സാഹചര്യവാദി ബാഹ്യാവസ്ഥകളുടെ പ്രഭാവത്തിലല്ലേ വിശ്വസിക്കേണ്ടത്, ഞാൻ നല്ല കറതീർന്ന സ്വയംവാദി.

അല്ലെങ്കിലും മനുഷ്യനിലും വലിയ ഓരോന്തു വേറെ ഏതാണ് ലോകത്തുള്ളത്? കൊമോഡോ ഡ്രാഗണോ?

അതിനു നിറം മാറാൻ പറ്റുമോ? ഒരു ആട്ടിൻ കുട്ടിയെ വരെ കിട്ടിയാൽ തിന്നും എന്ന് കേട്ടിട്ടുണ്ട്.

ചുറ്റും ചിതറിക്കിടക്കുന്ന, ഈ തലയിണയും പുതപ്പും എന്നെ ഈ കട്ടിലിൽ തളച്ചിട്ടിരിക്കുകയാണോ!! എങ്ങനെ ഈ ചുഴിയിൽ നിന്ന് പുറത്തു കടക്കും!!

പനിതലയ്ക്കു പിടിച്ച ഞാൻ ഇങ്ങനെ പരസ്പര ബന്ധമില്ലാതെ ഓരോ പിച്ചുംപേയും പറഞ്ഞു കാടുകയറി, ഒന്നും ചിന്തിക്കാതെ ഇരിക്കാൻ പറ്റണില്ല എന്നതാണ് എനിക്ക് ഏറ്റവും ബുദ്ധിമുട്ടായി തോന്നിയത്. സെൽവ അണ്ണനും കുടുംബവും നാട്ടിൽ പോയിരിക്കാണ്.

ടോണിനെ വിളിക്കാം. പനിയാണ്, പാരസെറ്റമോളും കൊണ്ട് വരാൻ പറഞ്ഞു ഫോൺവച്ച്.

20 മിനിറ്റിൽ ആളെത്തി, ഇവന്റെ തലക്കെന്തോ ഓളം ഉണ്ടെന്നു എനിക്ക് തോന്നിപോയി, രണ്ടു പാരസെറ്റമോളു വാങ്ങിവരാൻ പറഞ്ഞതിന് അവൻ എൻഫീൽഡിൽ, റൈഡർ ജാക്കറ്റും, സൺഗ്ലാസും, സേഫ്റ്റി ഗിയറുകളും, ബൂട്ടും ഇട്ട് ഹെൽമെറ്റും വച്ചു കുളുമാണാലിക്ക് ടൂർപോകാൻ പാകത്തിലാണ് വന്നിരിക്കുന്നത്. പാരസെറ്റമോൾ എന്റെ കൈയിൽ തന്നിട്ട് അവൻ മണിച്ചിത്രതാഴിൽ സണ്ണി തടയുമ്പോലെ, ഞാൻ അത് കഴിക്കുന്നത് തടഞ്ഞു സിനിമ സ്റ്റൈലിൽ നിന്നു.

“ അളിയാ ഞാൻ എന്താ വെറും മണ്ടനാണെന്നു വച്ചോ” ഞാൻ അവനെ മിഴിച്ചു നോക്കി. “അതിലിപ്പോ എന്താ സംശയം?

നീ മണ്ടൻ തന്നെ" "അല്ല നിന്റെ ഡയലോഗ് അതല്ല. ഞാൻ എന്താ കൊണ്ടന്നരിക്കണെന്നറിഞ്ഞ നീ ഈ ടോണീനെ കെട്ടിപിടിച്ചു, ഗുഡ് ബോയ് ന്നു പറയും.

" "മൈരെന്നെ" ഞാൻ ആരോടന്നില്ലാതെ പറഞ്ഞു. അവൻ പോക്കെറ്റിനു ഒരു പൊതി വലിച്ചെടുത്തു.

"അളിയാ പാരസെറ്റമോൾ വെറുംവയറ്റി കഴിക്കാൻ പാടില്ല എന്തേലും കഴിച്ചിട്ട് വേണം കഴിക്കാൻ, അത് പോലും അറിയാത്ത താൻ എന്തൊരു ശോകം ആടോ?" അവൻ ആ പൊതി അഴിച്ചു തൊടങ്ങി.

"എല്ലാടത്തും ഈ ടോണീടെ കൈ എത്തണമെന്ന് പറഞ്ഞ എന്താ ചെയ്യാ, ആ മെഡിക്കൽ ഷോപ്പിലെ ക്യൂട്ട് കുട്ടി പറഞ്ഞപ്പഴേ ഞാൻ സാധനം സെറ്റ് ആക്കി" അവൻ പൊതി അഴിച്ചു എന്റെ മുന്നിൽ വച്ചു, ഞാൻ തലയ്ക്കു കൈകൊടുത്തു പനിപിടിച്ചു ചക്രശ്വാസം വലിക്കണ എനിക്ക് അവൻ കഴിക്കാൻ കൊണ്ട് വന്നിട്ടുള്ള, ത്രിബിൾ ചീസ്, ഡബിൾ പാറ്റി ബീഫ്ബർഗറിനെയും അവനെയും മാറി മാറി നോക്കി. "അളിയാ ഉള്ളിൽ മൊട്ട വറുത്തതും ഉണ്ട്, ജംബോ ആണ് ജംബോ" അവനൊന്നു ഇളിച്ചു.

"എടാ മാമല മൈരേ,നീ മണ്ടൻ ആണെന്ന് എനിക്ക് അറിയ ഇത്ര മണ്ടൻ ആണെന്ന് വച്ചില്ല. പനിപിടിച്ചു ചാവാൻ കിടക്കണോർക്ക്, ബീഫ്ബർഗർ ആണോടാ വാനിച്ചിട്ടും വരണത്, അതും ത്രിബിൾ പാറ്റി.

" അതവൻ പ്രതീക്ഷിച്ചില്ല, "അളിയാ ഡബിൾ പാറ്റി ആണ്, ത്രിബിളിനു ഫണ്ട് ഒത്തില്ല." ഞാൻ അവനെ കാട്ടുമുത്തപ്പൻ എന്നോണം തൊഴുതു.

"നീ ഒരു കട്ടൻചായ ഇട്, അറിഞ്ഞോ അറിയാതെയോ നീ ബൺ ഉള്ള സാധനം ആണ് കൊണ്ട് വന്നത്. അത് ചായയിൽ മുക്കിയെങ്കിലും ഞാൻ കഴിക്കട്ടെ.

" പച്ചക്കറിയും, ചീസും, ബീഫും വലിച്ചു പൊറത്തിട്ടു, ഞാൻ അത് അവനിട്ട കട്ടൻചായയിൽ മുക്കി ബണ്ണ് കഴിച്ചു ഗുളികയും വിഴുങ്ങികെടന്നു. "അളിയാ ഞാൻ കൊച്ചിക്കു പോകാൻ ഇറങ്ങിയതാണ്, ലാലേട്ടന്റെ പുതിയ പടം കിട്ടിയിട്ടുണ്ട്, ഞാൻ വിളിച്ചു പറയട്ടെ, ഞാൻ വൈകുമെന്നു.

" "ഫ മൈരേ, നീ എന്താ എന്റെ കെട്ടിയോളാ എനിക്ക് കൂട്ടിരിക്കാൻ, എനിക്കൊരു കൊഴപ്പം ഇല്ല വൈകീട്ട് ശരിയാവും, ഇന്നലെ മഴ കൊണ്ടെന്റെയാ. നീ പോവാൻ നോക്ക്, ഉച്ചക്കൊരു ട്രെയിൻ ഇണ്ട്, ബൈക്ക് ഇവിടെ ഇരിക്കട്ടെ, എനിക്ക് ആവശ്യം വരും.

" "എന്നാ ഞാൻ നിന്റെ ശരിക്കുള്ള കെട്ടിയോളോട് വിളിച്ചു പറയട്ടെ ഇവിടെ വന്നിരിക്കാൻ" അവനൊരു വളിച്ച ചിരിചിരിച്ചു. അവൻ പിന്നെ അധികം ചുറ്റിപറ്റി നിക്കാതെ, പോയി.

ഞാൻ പാരസെറ്റാമോളിന്റെ ലഹരിയിൽ ഗാഢമായ ഉറക്കത്തിലേക്കും വീണു. ക്ഷീണം ഉള്ളപ്പോ പാരസെറ്റമോൾ കഴിക്കുന്നത് സൂക്ഷിച്ചു വേണം, ആരും വിളിച്ചില്ലെങ്കി നമ്മള് ചെലപ്പോ അടുത്ത ദിവസം വരെയും ഉറങ്ങിപോവും.

ഞാൻ എണീറ്റപ്പോ പന്ത്രണ്ടര, ഉച്ചക്കു പന്ത്രണ്ടര അവണെ ദൈവമേ.... അല്ല, എനിക്ക് തെറ്റി, കനത്ത ഇരുള് ഈ ഇടുങ്ങിയ റൂമിലും, പുറത്തും ഒരുപോലെ വിരാജിക്കുന്നുണ്ട്.

കൂമന്റെയും, എവിടെന്നോ കേറിവന്ന ഒരു നശിച്ച ചീവിടിന്റെയും ശബ്ദം മുറിയിൽ നിറഞ്ഞു കേൾക്കുന്നുണ്ട്. ഞാൻ ആകെ വിയർപ്പിൽ മുങ്ങി ഇരിപ്പാണ്, പനി അയഞ്ഞതാണ്.

അയ്യോ മീനാക്ഷി അവൾ വല്ലതും കഴിച്ചിണ്ടാവോ. ഞാൻ ഫോൺ എടുത്തു നോക്കി, വൈകുന്നേരം 6 മണിക്ക് രണ്ടു മിസ്സ്ഡ് കാൾ ഉണ്ട്, വിളിച്ചപ്പോൾ ഫോൺ സ്വിച്ച് ഓഫ് ആണ്.

വയ്യെങ്കിലും ക്ഷീണം ഉണ്ടെങ്കിലും, ഞാൻ എഴുന്നേറ്റു നാലഞ്ചു ഏത്തക്ക എടുത്ത് നെടുകെ കീറി, പാകത്തിൽ കലക്കിയ മൈദമാവിൽ, കുറച്ചു കറുത്ത എള്ളും ഇട്ട്, എണ്ണ ചൂടാക്കാൻ വച്ചു, കീറിയ പഴുത്ത ഏത്തക്ക, മാവിൽ തഴുകി, ഏത്തക്ക പൊരിച്ചു. പനിപോലും കണക്കിലെടുക്കാതെ, രാത്രി ഒരു മണിക്ക് ഞാൻ ഒരു പ്രാന്തനെപ്പോലെ ആ ഫ്ലാറ്റിൽ ഏത്തക്കഅപ്പം പൊരിച്ച് കൊണ്ടിരുന്നു.

അതും പൊതിഞ്ഞു ടോണിയുടെ വണ്ടിയുടെ ചാവിയും എടുത്തു നടന്നു. പോകുന്ന വഴിക്ക്, മുകളിലെ വീട്ടിലെ പനീർസെൽവത്തിന്റെ പൊണ്ടാട്ടി കഴുകി ഉണക്കാൻ ഇട്ട സാധങ്ങളുടെ, കൂട്ടത്തിൽ ഒരു മങ്കിക്യാപ്പും കണ്ടു, അതെടുത്തിട്ടു, അവിടെ എത്തണേന് മുന്നേ തണുപ്പടിച്ചു ഇനി പനി കൂട്ടണ്ട.

ആളൊഴിഞ്ഞ റോഡിലൂടെ ഞാൻ വണ്ടി പായിച്ചു, ഇന്ന് ഒരുപാട് വൈകി. നല്ല കുളിര് ഇപ്പോഴും ഉണ്ട്.

പനി മുഴുവനായും പിടിവിട്ടിട്ടില്ല. മങ്കിക്യാപ് എടുത്തത് എത്ര നന്നായി.

*********************** എങ്ങനെയൊക്കെയോ പൊത്തിപിടിച്ചു കയറി, മുകളിന്നു താഴേക്ക് നോക്കുമ്പോ തലകറങ്ങുന്നുണ്ട്. കുറച്ചു നേരം ജാലകത്തിനു മുൻപിൽ നിന്നു, തുറന്നില്ല, ആരും തുറന്നില്ല, അല്ലെങ്കി ശബ്ദം കേട്ടാൽ അപ്പൊ തന്നെ തുറക്കുന്നതാണ്.

വേണ്ടായിരുന്നു ഒന്നും. മീനാക്ഷി ന്ന് പറഞ്ഞു രണ്ടു വട്ടം മുട്ടി വിളിച്ചിട്ടും, തുറന്നില്ല, ഞാൻ തളർന്നു സൺഷേഡിൽ ഇരുന്നു.

“എന്തിനാ വന്നിരിക്കണെ, ഇനിം കെട്ടിപിടിക്കാനോ ഉമ്മ വെക്കനോ ആണോ?” എനിക്ക് ഉത്തരമൊന്നും ഉണ്ടായിരുന്നില്ല.

“ഉണ്ണിയേട്ടന് അറിയാവുന്നതല്ലേ എല്ലാം, ഞാൻ വേറൊരാളെ മനസ്സികൊണ്ട് നടക്കണ പെണ്ണാണെന്ന്, ശ്രീ പോലും എന്നോട് ഇങ്ങനെ ഒന്നും പെരുമാറിയിട്ടില്ല” ഞാൻ ഒരു നെടുവീപ്പിട്ടു, പുറകിലെ ചുവരിലേക്കു ചാരി, തലക്കുമുകളിൽ ജനലിനോട് ചേർന്ന് കേൾക്കുന്ന അവളുടെ ശബ്ദവും കേട്ടിരുന്നു . “ഈ താലിയുടെ ബലത്തിൽ ആണോ എന്നോടിങ്ങനെ ചെയ്തേ, പൊട്ടിച്ചു തന്നുവിടട്ടെ ഇപ്പൊ തന്നെ ഞാൻ ഇത് കൈയിൽ” എന്റെ നെഞ്ചിൽ ഒരു വിങ്ങൽ കടന്നു വന്നു.

“എനിക്കൊരു തെറ്റ് പറ്റിപ്പോയി. പെട്ടന്ന് പൊട്ടബുദ്ധിക്ക് എന്തൊക്കെയോ മനസ്സിൽ തോന്നിപോയി, ഇനി ഒരിക്കലും ഉണ്ടാവില്ല.

എന്നോട് ക്ഷമിക്ക് നീ.” എന്റെ ശബ്ദത്തിൽ എന്റെ ജീവിതത്തിൽ ഇതുവരെ തിങ്ങി നിറഞ്ഞ മുഴുവൻ നിരാശയും കലർന്നിരുന്നു.

ഞാൻ വെറുതെ ഇരുട്ടിലേക്കും നോക്കിയിരുന്നു, കണ്ണിൽ അൽപ്പം നനവ് തോന്നുന്നുണ്ടായിരുന്നു. “തമാശക്ക് ഓരോന്ന് പറയുവെങ്കിലും, എനിക്ക് ഉണ്ണിയേട്ടനെ എന്റെ ഭർത്താവായൊന്നും കഴിയില്ല, അങ്ങനെ വിചാരിക്കേം വേണ്ട.

ഈ നശിച്ച മാസം കഴിഞ്ഞ നമ്മൾ ഇനി ഒരിക്കലും ജീവിതത്തിൽ കാണാനും പോണില്ല. പോകുന്നതിനു മുന്ന് ഈ താലിയും ഞാൻ ഊരി കയ്യിൽ തരും.

” അവൾ ദേഷ്യം കൊണ്ടോ സങ്കടം കൊണ്ടോ ഇടറുന്ന സ്വരത്തിൽ ഇത് പറഞ്ഞവസാനിപ്പിച്ചു. അവളുടെ ഓരോ വാക്കിലും മനസ്സിൽ വല്ലാത്തൊരു വേദന തോന്നുന്നുണ്ടായിരുന്നു, അർഹത ഇല്ലാത്തതെന്തോ ആശിച്ചു പോയത് പോലെ.

ഞാൻ അനങ്ങാൻപോലും പറ്റാതെ, ആ നിശാകാറ്റും ഏറ്റ്, സൺഷേഡിയിൽ ഇരുന്നു, താരകങ്ങൾ എന്റെ അവസ്ഥ കണ്ടു സമാധാനിപ്പിക്കാൻ പോലും വരികളില്ലാതെ കണ്ണുംചിമ്മി നിന്നു. മുകളിൽ ജനൽ തുറക്കപെട്ടു, എഴുന്നേൽക്കാനോ, അവളെ ഒന്ന് തലയുയർത്തി നോക്കനോ പോലും ശക്തി ഇല്ലാതെ ഞാൻ അവിടെ തന്നെ ഇരുന്നു.

“ഒരു ഉമ്മ തന്നപ്പോഴേക്കും, ഞാൻ അങ്ങട് മുഴുവനായും നിങ്ങളുടെ ആയിപോയിന്നു തോന്നീലെ ഉണ്ണിയേട്ടാ, ഇന്ന് കാലത്തു ഭക്ഷണവും കൊണ്ട് വന്നില്ല, വിളിച്ചു നാല് കണ്ണ് പൊട്ടണ ചീത്ത പറയാന്നു വച്ചു വിളിച്ചപ്പോൾ ഫോണും എടുത്തില്ല, ഇതൊക്കെ ചെയ്തത്കൂട്ടിയത് ഇതിനു വേണ്ടി മാത്രം ആയിരുന്നല്ലേ.” അവൾ വീണ്ടും, വീണ്ടും ഭാരിച്ച ഒരുപാട് സങ്കടം ഉണ്ടാക്കുന്ന ചോദ്യങ്ങൾ എന്റെ മുകളിലേക്കിട്ടു.

അതിൽ കൂടുതൽ താങ്ങാൻ ഉള്ള ത്രാണി എനിക്കുണ്ടായിരുന്നില്ല, ഞാൻ ഏത്തക്ക അപ്പം അവൾക്കും കൊടുത്തു അവിടന്ന് വേഗം പോകാം എന്ന് വിചാരിച്ചു എഴുന്നേറ്റു. എഴുന്നേറ്റപ്പോൾ തലചെറുതായി ഒന്ന് കറങ്ങി ഞാൻ ചുമരിൽ ചാരി സൺഷേഡിൽ നിന്ന് വീഴാതെ പാട് പെട്ടു, താഴെ കരിങ്കല്ല് കൂട്ടിയിട്ടുണ്ട് വീണാൽ തല പൊളിഞ്ഞതു തന്നെ.

എന്റെ ഈ കോലവും, നിൽപ്പും കണ്ടു മീനാക്ഷി ആകെ പേടിച്ചുപോയി, ക്ഷീണം കൺപോളകൾ ഉള്ളിലേക്ക് വലിച്ചു കൊണ്ട് പോയിരുന്നു, ഉഗ്രമായ കുളിരിൽ ഇടതടവില്ലാതെ ഞാൻ വിറച്ചു കൊണ്ടിരുന്നു, തലയിലെ മങ്കിക്യാപും ഇട്ടു വിറച്ചുകൊണ്ടുള്ള നിൽപ്പും, തലകറങ്ങിയുള്ള നിലകിട്ടാതെ പോയതും, കാര്യങ്ങൾ പന്തിയല്ലെന്ന് അവൾക് തോന്നിയിരിക്കാം. “അയ്യോ...

ഏതാ ഉണ്ണിയേട്ടാ പറ്റിയെ.... അവൾ ഒരു ഓളിയോടെ ജനലിനു പുറത്തേക്കു കൈകളിട്ടു എന്നെ ചേർത്ത് പിടിച്ചു, ഞാൻ ഒരു ചായസമോവർ പോലെ തിളച്ചുപൊള്ളുന്നുണ്ടായിരുന്നു, അതവളിലെ പേടിയെ ഇരട്ടിപ്പിച്ചു, അവൾ ഭയത്തോടെ ശബ്ദമിട്ടതും, ചേർത്ത് പിടിച്ചിരുന്ന അവളുടെ നെഞ്ചിന്റെ മിടിപ്പ് വേഗത്തിലായതും, എനിക്കത്ഭുതം തോന്നി, എനിക്കെന്തു പറ്റിയാലും ഇവൾക്കെന്താ.

അവൾ കൂടുതൽ എന്നെ വിടാതെ ചേർത്ത് പിടിച്ചു, ഞാൻ എങ്ങനെയൊക്കെയോ തള്ളി നിന്നിരുന്ന കല്ലുകളിൽ ചവിട്ടി മുകളിൽ കയറി ജനൽപടിയിൽ ഇരിക്കാൻ നോക്കി, വഴുതി ഉള്ളിലേക്ക് വീണു. എനിക്ക് വീഴ്ചയിൽ ഒന്നും പറ്റിയില്ല.

പറ്റാൻ സമ്മതിച്ചില്ല എന്ന് പറയുന്നതാവും ശരി, അവൾ എന്നെ അവളുടെ നേർത്ത ശരീരത്തോട് ചേർത്ത് അണച്ച് ഇറുക്കി പിടിച്ചിരുന്നു. അവൾ എന്തിനെന്നില്ലാതെ വിതുമ്പിക്കൊണ്ടിരുന്നു.

ശ്ശെ.... വയ്യാത്ത സമയത്തു ഇത്രയ്ക്കു സാഹസികത കാണിക്കണ്ടായിരുന്നു, എനിക്കങ്ങട് നാണക്കേടായി, എന്നെ ഒരു കൊച്ചു കുഞ്ഞെന്നെ പോലെ മാർദ്ദവമുള്ള അവളുടെ മാറിൽ അവൾ ഇറുക്കി വച്ചു.

“നല്ല പനിയായിരുന്നു അതാ രാവിലെ വരാൻ പറ്റാഞ്ഞത്” ആ വാക്കുകൾ അവളുടെ ഉള്ളിൽ എവിടെയൊക്കെയോ  കൊളുത്തി വലിച്ചെന്നു തോന്നുന്നു, അവളുടെ പതിഞ്ഞ തേങ്ങൽ കുറച്ചുകൂടി ഉച്ചത്തിലായി. “എനിക്കൊരു അബദ്ധം പറ്റിയതാണ് എന്നോട് ക്ഷമിക്കില്ലേ മീനാക്ഷി” അവൾ ഒന്നും മിണ്ടിയില്ല കരഞ്ഞുകൊണ്ട് തന്നെ, എന്നെ അണച്ച്പിടിച്ചു കട്ടിലിൽ കൊണ്ടു കിടത്തി, ഒരാൾക്ക് കഷ്ടിച്ച് കിടക്കാവുന്ന വലിപ്പമേ അതിനുണ്ടായിരുന്നുള്ളു.

അവൾ മുറിയിൽ ആകെ കരഞ്ഞുകൊണ്ട് ഓടിനടക്കുന്നുണ്ട്, എന്തൊക്കെയോ കീറി, എന്റെ തലയിൽ തുണി നനച്ചിട്ടു. “ഞാൻ പൊക്കോളാം, ഞാൻ ഇത് തരാൻ വന്നതാ.

” ഞാൻ അപ്പോഴും കൈയിൽ വിടാതെ പിടിച്ചിരുന്ന ഏത്തക്ക അപ്പത്തിന്റെ പൊതി അവൾക്കു നീട്ടി, അവൾ കരച്ചിൽ കലർന്ന ഒരു ദേഷ്യത്തിൽ അത് വാങ്ങി മേശയിൽ വച്ചു. എഴുന്നേൽക്കാൻ നോക്കിയ എന്നെ അവൾ, അതിനു സമ്മതിക്കാതെ, പുതപ്പുകൊണ്ട് മൂടി അണച്ച് കിടത്തി , ഞാൻ ഇടയ്ക്കൊന്നും എഴുന്നേറ്റു പോകാതിരിക്കാൻ അത്ര ശക്തിയിൽ അവളെന്നോട് ചേർന്നിരുന്നു, നെഞ്ചിൽ തലവച്ച് എന്റെ ഹൃദയതാളം ശ്രദ്ധിച്ചു അവൾ കിടന്നു.

“ ഇതുവരെ എന്നെ ആരും ഇങ്ങനെ ഒന്നും സ്നേഹിച്ചിട്ടില്ല, അതോണ്ട് ഏതോ ഒരു നിമിഷത്തിൽ എനിക്കൊരു പൊട്ടബുദ്ധി തോന്നിപോയതാ, ഒരു ഇഷ്ടം തോന്നിപോയതാ. എന്നോട് ദേഷ്യം തോന്നല്ലേ” അവൾ ഒന്നും മിണ്ടാതെ ഇതെല്ലം കേട്ട്കിടന്നു, എന്റെ നെഞ്ചിൽ കണ്ണീരു പടർന്നൊഴുകുന്നണ്ടായിരുന്നു.

ഞാൻ പിച്ചുംപേയും പറയുന്ന അവസ്ഥയിലേക്ക് കടന്നിരുന്നു എന്തൊക്കെയാണ് പറയുന്നതെന്ന മുഴുവനായി ബോധം എനിക്കുണ്ടായിരുന്നില്ല. “മീനാക്ഷി എനിക്കൊരു ആഗ്രഹം ഉണ്ട്, സാധിച്ചെരോ.

” നീണ്ട നിശബ്ദതയും അവളുടെ തേങ്ങലും എനിക്ക് സമ്മതംമൂളി, അല്ലെങ്കിലും എന്താണ് പറയുന്നതെന്ന ബോധം എനിക്ക് അപ്പോഴേക്കും പോയിരുന്നു. “ ആ താലി.....

അതവിടെ കിടന്നോട്ടെ.... അവൻ വരുന്നതിന്ന് തലേന്ന് വരെയെങ്കിലും....

” അവൾ എഴുന്നേറ്റു എന്നെ ഒന്ന് നോക്കി, എന്റെ ബോധമണ്ഡലവും, അബോധമണ്ഡലവും ഒന്നായി എന്നവൾക് മനസ്സ്സിലായി. മറയുന്ന കാഴ്ച്ചയിൽ ഞാൻ അത് പറഞ്ഞു മുഴുവിക്കാൻ കിണഞ്ഞു ശ്രമിച്ചു.

“ഈ അരവിന്ദൻ ജീവിതത്തിൽ ആകെ ആഗ്രഹിച്ചു കെട്ടിയ താലിയ അത്.... ആദ്യം ആയിട്ടും.......

അവസാനം ആയിട്ടും....... ഇനി അങ്ങനൊന്നും എന്റെ ജീവിതത്തിൽ ഉണ്ടാവില്ല.

മരണം വരെ എനിക്കോർക്കാൻ, അതീ കുറച്ചു ദിവസങ്ങൾ അവിടെ കിടക്കട്ടെ..... കിടക്കട്ടെ....

” എന്റെ ബോധത്തിൻറെ മണ്ഡലം മുഴുവനായും ഇരുട്ട് തിന്നുന്നതിനു മുൻപേ, അവളുടെ ചൂടുകണ്ണുനീർ മഴയായി നെഞ്ചിൽ പെയ്തിറങ്ങുന്നുണ്ടായിരുന്നു. ************************ ബോധം വരുമ്പോൾ മുറിയിൽ പകൽവെളിച്ചം നിറഞ്ഞൊഴുകുന്നുണ്ട്, എന്നോട് ചേർന്ന് കട്ടിലിൽ ചാരി നിലത്തിരുന്നുറങ്ങുന്ന മീനാക്ഷിയുടെ, കരിനീല കാർകൂന്തളം, തണുത്തപുലർകാല കാറ്റിൽ എന്റെ നെഞ്ചിൽ പ്രചുരപ്രവാഹം ചെയ്യുന്നുണ്ടായിരുന്നു.

ആ കറുത്തകടലിൽ മുങ്ങി മരിക്കാൻ എന്റെ ഉള്ളു തുടിച്ചു. പെട്ടന്നാണ് വിമൻസ് ഹോസ്റ്റലിൽ ആണെന്ന ചിന്ത മനസ്സിലേക്ക് കയറി വന്നത്.

ഞാൻ അവളെ തട്ടിവിളിച്ചു. കിഴക്ക് അരുണൻ ചെന്തീചിന്തി ഉദിച്ചു നില്കുന്നു, അതിലും ശോഭ പുലർക്കാലേ ഇവളുടെ മുഖത്തിനുണ്ട്.

പൊന്നിൻ കിരണങ്ങൾ അരുവിയിൽ തൊട്ടു പ്രകാശം പരത്തും പോലെ, ഈ പെണ്ണ് ഉദിച്ചു ഉണരുന്നതും നോക്കി ഞാൻ മതിമറന്നിരുന്നു. എന്തോരം നിർബന്ധിച്ചിട്ടും അവളെന്നെ സൺഷെഡ് വഴി ഇറങ്ങാൻ സമ്മതിച്ചില്ല.

ഞാൻ ആകെ ചക്രവ്യൂഹത്തിൽപെട്ട അഭിമന്യുവിനെ അവളെ നോക്കിയിരുപ്പായി. അവൾ യാതൊരു കൂസലും ഇല്ലാതെ, പുലർകാല വ്യവഹാരങ്ങളിലേക്കു കടന്നു, മുഖം കഴുകി, മുടിമേലെ കെട്ടി അവൾ പല്ലുതേപ്പ് തുടങ്ങി.

“ഉണ്ണിയേട്ടൻ ഇവിടെ നിന്നോ ഞാൻ ഭക്ഷണം കൊണ്ടു വന്നു തരാം മൂന്ന്നേരം.” അവൾ കുസൃതിയിൽ കണ്ണുചിമ്മി പറഞ്ഞു.

ഞാൻ ചെവിവച്ച് പുറത്തു എന്താ നടക്കുന്നതെന്ന് നോക്കി, പെൺകുട്ടികളുടെ കലപില, എല്ലാരും ഉണർന്നിട്ടുണ്ട്. ഇനി എന്ത് ചെയ്യും.

മീനാക്ഷി അവൾക്കിതൊന്നും ഒരു വിഷയമേ അല്ലാത്ത പോലെ നടപ്പുണ്ട്. ഞാൻ തല പുകഞ്ഞു ആലോചിക്കുമ്പോൾ പുറത്തു എന്തോ ബഹളം, ഏതോ ഒരു പുരുഷ ശബ്ദം, ആരോ എല്ലാ മുറിയിലും കയറി ദേഷ്യത്തിൽ എന്തൊക്കെയോ പറഞ്ഞു, ആരെയോ തിരയുന്ന പോലെ ഉണ്ട്.

മീനാക്ഷിക്കും എന്താകാര്യം എന്ന് മനസ്സിലായിട്ടില്ല, അപ്പൊ അടിപൊളി, പനിയുടെ ക്ഷീണത്തിൽ നല്ല സൊയമ്പൻ അടികിട്ടിയാൽ എത് അരവിന്ദനും ഒന്ന് നന്നാവും, വാനിച്ചേക്കാം, ഞാൻ വാതിലിനടുത്തു കണ്ണുംപൂട്ടി നിന്നു. എങ്കിലും ആ ശബ്ദം രണ്ടു ഡോർ അപ്പുറം വച്ച് നിന്നു, പിന്നെ ബഹളവും തെറിവിളിയും കൂടി വന്നു, പെണ്കുട്ടികളൊക്കെ ഒളിയിടുന്നുണ്ട്.

ഞാൻ പതുക്കെ വാതിൽ തുറന്നു വിടവിലൂടെ നോക്കി, ആരും ഇല്ല. പതുക്കെ ഒരു വാതിൽ മാത്രം തുറന്നു വലതു ഭാഗത്തേക്ക് എത്തി നോക്കി ഇടതുഭാഗത്തു വേറെ റൂമുകൾ ഇല്ല.

നോക്കുമ്പോൾ മറ്റേ ടീച്ചർക്കൊപ്പം കണ്ട പയ്യനെ ആരോ വാതിലിൽ ചേർത്ത് നിർത്തി ഇടിക്കുന്നു, എല്ലാരും അവർക്കു ചുറ്റും കൂടി നിൽക്കുന്നുണ്ട്, ആ ടീച്ചർ അയാളെ സമാധാനിപ്പിക്കാൻ കിണഞ്ഞു ശ്രമിക്കുന്നുണ്ട്, എങ്കിലും അവളുടെ കൈ തട്ടിമാറ്റി അയാൾ അവന്റെ മുഖത്തു ആഞ്ഞാഞ്ഞു ഇടിച്ചു കൊണ്ടിരുന്നു. അയാൾ ആ ടീച്ചറുടെ ഭർത്താവായിരിക്കും.

നല്ല കാര്യം. ഞാൻ ഇടതു വശത്തെ പടിയിൽ താഴേക്ക് നോക്കി ആരും ഇല്ല.

ഞാൻ ഒന്നും അറിയാത്ത പോലെ ഇറങ്ങി നടന്നു, പിൻവശത്തെ മതില് ചാടി. വണ്ടിയെടുത്തു തിരിക്കുമ്പോൾ മീനാക്ഷി മുകളിൽ മുടിചിക്കോർത്തു കൊണ്ട് ആർക്കും കൊതി തോന്നുന്ന ഒരു മന്ദഹാസം നൽകി.

ഞാനും ഒരു മങ്ങിയ ചിരി തിരികെ നൽകി. വീട്ടിലേക്കു പുറപ്പെട്ടു.

ഇന്നലെ എന്തൊക്കെയാണ് ഉണ്ടായത്, സ്വപ്നം ഏതാണ് യാഥാർഥ്യം ഏതാണ് എന്ന് മനസ്സിലാവുന്നില്ല..... ********** റോഡ് അരികിലേക്ക് നോക്കുമ്പോ അന്ന് കയറി ഓംലറ്റ് വാങ്ങിയ കടയുടെ മുന്നിൽ മലയാളത്തിൽ പച്ചത്തെറി എഴുതി വച്ചിരിക്കുന്നു.

ടുഡേയ്സ് സ്പെഷ്യൽ “കുണ്ണ ഓംലറ്റ്” . ഇതെന്തു മൈര്.

അപ്പോഴാണ് ഞാൻ അന്ന് ടോണി അവസാനം പറഞ്ഞ വാചകം ഓർത്തത്. “ഇങ്ങനെ ആട കുണ്ണെ, ഓംലറ്റ് ഉണ്ടാക്കണതു” ആ പൂറൻ അതാ ഓംലെറ്റിന്റെ, മലയാളം പേരാണെന്ന് വച്ച് കാണും.

ഓരോരോ കുണ്ണതലയന്മാര്. ഞാൻ അതാലോചിച്ചു ചിരിച്ചു വണ്ടി ഓടിച്ചു കൊണ്ടിരുന്നു.

************************* വീട്ടിൽ ചെന്ന് കിടന്നു ബോധമില്ലാതെ ഉറങ്ങി, വൈകുന്നേരം ആണ് എണീറ്റത്. ഇന്നും അവൾക്കു ഭക്ഷണം കൊണ്ടുപോകാൻ വിട്ടു പോയി.

കൊഴപ്പല്യ എന്തെങ്കിലും ഉണ്ടാക്കി ഇപ്പൊ തന്നെ കൊണ്ട് കൊടുക്കാം കോളേജ് വിടാറായിട്ടുണ്ട്. ഞാൻ എഴുന്നേറ്റു മുഖം കഴുകി ശരിയായി അടുക്കളയിലെത്തിയപ്പോൾ, പുറത്തു വാതിലിൽ മുട്ട് കേട്ടു.

ചെന്ന് തുറന്നപ്പോൾ മീനാക്ഷി, അവൾ ഡ്രസ്സ്പാക്ക് ചെയ്തു കൊണ്ടുവന്ന പെട്ടിക്കു മുകളിൽ കയറി ഇരുപ്പാണ്, ഇറുകിയ കീറിയ ജീൻസും, ഒരൊഴുക്കൻ ബനിയനും ആണ് വേഷം, എവിടന്നോ സംഘടിപ്പിച്ച ഒരു വട്ടം കൂളിംഗ് ഗ്ലാസ്സും വച്ചിട്ടുണ്ട്. ഇത്ര റോൾ വക്കണ്ട കാര്യം ഒന്നും ഇല്ല, എന്ത് കോപ്രായം കാണിച്ചാലും ഭംഗി ഉണ്ടാവുമെന്നുള്ള അഹംങ്കാരം ആണ് പെണ്ണിന്.

അതിൽ ആർക്കും എതിർപ്പ് പറയാനും പറ്റില്ല, കാരണം അപ്പൊ തുറന്ന വായ ഞാൻ ഇപ്പോഴും അടച്ചിട്ടില്ല. പിള്ളേരെക്കാളും ഫ്രീക്ക് ആയ ടീച്ചർ.

കാലിനോട് ഒട്ടിയ ജീൻസും, അളവൊത്ത ബനിയനും, അവളുടെ ശരീരഘടനാ രൂപശില്പം, എടുത്തു കാണിച്ചു, എല്ലാം അതിന്റെതായ അളവിൽ, കടഞ്ഞെടുത്ത കാലളവുകളും, പുഷ്ടമായ അളവൊത്ത നിതംബവും, പകുത്തു വെച്ച അഴകൊത്ത മാറിടങ്ങളും. “ഇതെന്താ നിന്നെ അവിടന്ന് ഇറക്കി വിട്ടോ” ഞാൻ പെട്ടന്ന് തോന്നിയ സംശയം ചോദിച്ചു.

അവള് ഒന്നും മിണ്ടാതെ പെട്ടിയും വലിച്ചു ഉള്ളിലേക്ക് കയറിയപ്പോ, ഞാൻ പിന്നെയും ചോദിച്ചു. “എവിടേക്കാണ് നീ ഈ തള്ളി കയറി പോണത് പെണ്ണെ, ഞാൻ ഇവിടെ വാഴവച്ചപോലെ പോലെ നിക്കണ കണ്ടൂടെ നിനക്ക്.

" "ഹാലോ മിസ്റ്റർ വാഴ, ഗുഡ് ഈവെനിംഗ്, നാളെ മുതല് ക്രിസ്ത്മസ് വെക്കേഷൻ ആണ് ഹോസ്റ്റൽ മെസ്സ് അടക്കും, ഇനി അവടെ നിന്നാ പച്ചവെള്ളം പോലും കിട്ടില്ല, മാത്രല്ല സംസാരിക്കാൻ ഒരു പട്ടികുഞ്ഞു പോലും ഉണ്ടാവില്ല. പിന്നെ....

" "പിന്നെ ?" അവൾ അല്പം ഗാപ് ഇട്ട്, നാണിച്ചു കാലിന്റെ പെരുവിരൽ കൊണ്ട് കോലം വരച്ച്, താലിയിൽ പിടിച്ചു കൊണ്ട് പറഞ്ഞു, "പിന്നെ....

ഇതെന്റെ ഒരേയൊരു കെട്ടിയോന്റെ വീടാണ്, ഇവിടെ കേറാൻ എനിക്കൊരു വാഴേടേം അനുവാദം വേണ്ട..... വായുംപൊളിച്ചു നോക്കി നിലക്കാതെ വാഴപോയൊരു ചായ ഇടൂ, ഞാൻ ഒന്ന് കുളിക്കട്ടെ.

" കളിപറഞ്ഞതാണെങ്കിലും , അത് കേട്ട് എന്റെ ഉള്ളിൽ ചെറിയൊരു മാസ്മരിക സുഖം പടർന്നുകയറി എന്നത് നേരാണ്, പക്ഷെ ഞാൻ അത് കാണിക്കാതെ, ചിരിച്ചുകൊണ്ട് അടുക്കളയിലേക്കു തിരിച്ചു നടന്നു. "കെട്ടിയോൾക്കു ഒരു ചായ ഉണ്ടാക്കി തരില്ലാ....?

" അവൾ ആ നുണക്കുഴി രണ്ടും വിരിച്ച്, ശർക്കരയുണ്ട പോലുള്ള കൃഷ്ണമണികൾ ഉരുട്ടി, ചെറിപൂവ് പോലുള്ള നേർത്തചുണ്ടുകൾ പിളർത്തി ഒരിക്കൽ കൂടി ചോദിച്ചു. ആ ചോദ്യത്തിന് അവൾക്കു ചായ അല്ല, ചാരായം വരെ ഞാൻ കാച്ചികൊടുക്കും എന്നവൾക്കു ഉറപ്പായിരുന്നു.

ഞാൻ ഒരു മിനിറ്റ് എന്ന് കൈയോണ്ടു കാണിച്ചു തിരിഞ്ഞതും കാലു ആ ടീപ്പോയുടെ കാലിൽ ഇടിച്ചു, ഞാൻ അത് കൂസാക്കാതെ ഞൊണ്ടി മുന്നോട്ടു നടന്നു. പുറകിൽ ഒരു ചിരി കേട്ടെങ്കിലും തിരിഞ്ഞു നോക്കിയില്ല, യക്ഷികഥകളിൽ പാലയിൽ ആണി തറയ്ക്കാൻ പോകുന്നവർ തിരിഞ്ഞു നോക്കാറില്ലത്രെ, അങ്ങനെ തിരിഞ്ഞു നോക്കുന്നവർ അപ്പോൾ തന്നെ സുന്ദരിയായ യക്ഷിയവൾക്കു അടിമയാകുമത്രേ.

എല്ലാം വെറും കെട്ടുക്കഥകൾ, തിരിഞ്ഞു നോക്കാതെ തന്നെ എപ്പോഴേ ഞാൻ ഇവൾക്ക് അടിമയാക്കപ്പെട്ടിരിക്കുന്നു. അപ്പൊ ഇനി സോഫയിൽ കെടക്കണ്ടി വരും, കൊഴപ്പം ഇല്ല.

ഇവളെ കണ്ണുനിറച്ചൊന്നു കാണാൻ പറ്റൂലോ. അവൾ ഡ്രസ്സും, ടർക്കിയും എടുത്ത് കുളിക്കാൻ കയറി.

ഞാൻ ചായപാത്രം വലിച്ചെടുത്തു പഞ്ചാരയിട്ടു വെള്ളം വച്ച്, ചായിലയിൽ ഏലക്ക, കറുകപ്പട്ട, നാരങ്ങാതൊലി ചേർത്ത് ചൂടാക്കി തുടങ്ങി, ഇഞ്ചി ചതച്ചതും കൂടി ഇട്ട് കടുപ്പത്തിൽ തിളപ്പിച്ചവെള്ളം , തിളച്ചപാലിൽ ചേർത്ത് അടിച്ചെടുത്തു ഞാൻ മാറ്റി വച്ച് മറ്റു പണികളിലേക്കു തിരിഞ്ഞു. ******* കുളിച്ചു മുടിയിൽ ഈറൻ പോലും ഉണങ്ങാതെ പെണ്ണ് ഓടിവന്നു അടുക്കളതിണ്ണമേൽ ചാടികയറി ഇരുന്നു, ഞാൻ തൊലിചീകി വച്ചിരുന്ന ക്യാരറ്റ് എടുത്ത് കടിച്ചു.

ചായ എടുത്തു മടമടാ കുടിച്ചു. "അയ്വാ....

പാചകത്തിൽ ഉണ്ണിയേട്ടൻ ഒരു കലാകാരൻ തന്നെ" ഞാൻ അവളെ നോക്കി ചിരിച്ചു, അവളവിടന്നു ചാടിയിറങ്ങി, ആകെ പരതൽ തുടങ്ങി അപ്പോഴാണ് എന്റെ കണ്ണ് താഴെപോയതു, അവളൊരു കൊച്ചു പിങ്ക് ട്രൗസർ ആണ് ഇട്ടിരിക്കണത്, അവളെപോലെള്ള മൂന്നുപേർക്കു കയറി നിൽക്കാവുന്ന ഒരു ലൂസ് റൗണ്ട്നെക്ക് ടി ഷർട്ടും. കൊച്ചു കുട്ടികൾ ഇടുന്നപോലത്തെ വേഷവിധാനം.

പക്ഷെ ആകാരവടിവിൽ അവൾ അപ്സരസായിരുന്നു. ലക്ഷണമൊത്ത അരയഴകും, അളവൊത്തഗോള നിതംബങ്ങളും, അതിൽനിന്നു ഒഴുകിയിറങ്ങുന്ന പൊന്നിൻനിറമാർന്ന തിളങ്ങുന്ന തുടകളും, മുട്ട് അവളുടെ കാലിനെ അവളുടെ തന്നെ ഒതുങ്ങിയ അരക്കെട്ടെന്നോണം രണ്ടായി വേർതിരിക്കുന്നു.

മുകളിലെ സൗന്ദര്യം താഴേക്കും അവിരാമമായി തുടരുന്നു. അവളുടെ കാൽവണ്ണകളോട് സമാനമായ മറ്റൊന്നും ഞാൻ കണ്ടിട്ടില്ല, കൊഴുത്തുരുണ്ട വിരിഞ്ഞ അളവൊത്ത കാൽവണ്ണകൾ, ബ്രഹ്മന്റെ വിരൽപതിഞ്ഞ ശില്പ കലാചാതുര്യങ്ങൾ.

അവളുടെ ശരീരത്തിലുടനീളമുള്ള കൊതിപ്പിക്കുന്ന കയറ്റിറക്കങ്ങൾ, അവൾ ഒരു ഒത്തപെണ്ണാണെന്ന് എന്നോട് വിളിച്ചോതി. ചായക്കപ്പിനു മുകളിലൂടെ ഒരു കുസൃതി നിറഞ്ഞ ഒരു പാളിനോട്ടം എനിക്ക് നേരെ വന്നപ്പോൾ , ഞാൻ കൈവിട്ടു പോയിക്കൊണ്ടിരുന്ന സംയമനം വീണ്ടെടുത്ത്, പാചകത്തിലേക്കു വീണ്ടും ശ്രദ്ധപതിപ്പിച്ചു.

ഇടയ്ക്കു ഒരിക്കൽ കൂടി തിരിഞ്ഞു നോക്കിയപ്പോൾ കണ്ട അവളുടെ അന്നനടയിൽ എന്റെ മനസ്സൊന്നു കൂടി ഇളകിയാടി.... ആഞ്ജനേയ സ്വാമി കണ്ട്രോള് തരണേ....

കോളേജ് പിള്ളേര് ഇത് വല്ലതും അറിയുന്നുണ്ടോ, അവരുടെ സാരിയിൽ കേരളീയത്തനിമ വിഭാവനം ചെയ്യുന്ന മീനാക്ഷി ടീച്ചർ, വീട്ടിൽ മാർഗരറ്റ് റൂബി ആണെന്ന്, അവർ കണ്ടതിലും എത്രയോ മടങ്ങു സുന്ദരിയാണെന്ന്. ഈ സൗന്ദര്യം ഒക്കെ ആളുകൾ എന്തിനാണ് മറച്ചു പിടിച്ചു നടക്കുന്നത്, വസ്ത്ര സ്വാതന്ത്ര്യം വിടരട്ടെ, മറ്റൊരാൾ അയാളുടെ ഇഷ്ടത്തിന് വിലയിരുത്തുമ്പോൾ മാത്രമാണ് ഏതു വസ്ത്രവും ബോർ ആയി മാറുന്നത്.

ഇല്ലെങ്കിൽ ഈ ലോകത്തു എല്ലാവരും സുന്ദരികളും, സുന്ദരന്മാരും ആയേനെ, സ്വന്തം ഇഷ്ടത്തിനൊത്തു ജീവിച്ചേനെ.... കുറെ സദാചാര പട്ടികള്....

( ഓ.... നമ്മൾ ഒരുപാട് മുന്നോട്ടു പോയി....

നമ്മുടെ നായകൻ ഇപ്പോഴും മീനാക്ഷിയുടെ ഇളകിയാടുന്ന ചന്തിഗോളങ്ങൾ നോക്കി കമ്പിയടിച്ചു നിൽപ്പാണ്) തുറന്ന വായ അടച്ചു ഞാൻ, പാചകത്തിലേക്കു കൂപ്പുകുത്തി. മനസ്സിൽ സന്തോഷം നുരപൊന്തുകയായിരുന്നു.

ആരെങ്കിലും ഒപ്പം ഉണ്ടെന്നു തോന്നുമ്പോൾ മാത്രമാണ് മനുഷ്യന്, ജീവിക്കാൻ ആശ തോന്നി തുടങ്ങുന്നത്. ഉണ്ടാക്കി കൊടുക്കുന്ന ഭക്ഷണം കഴിക്കാൻ, അതിനെ നാല് കുറ്റംപറയാൻ, തമാശകൾ പറയുമ്പോൾ കൂടെ ചിരിക്കാൻ, ഇടയ്ക്കൊക്കെ

ദേഷ്യപ്പെടാൻ, പനി വന്നാൽ ഒന്ന് തുണി നനച്ചിടാൻ, സങ്കടം വരുമ്പോൾ ചേർത്ത് പിടിക്കാൻ, എല്ലാം ആയി ആരെയെങ്കിലും ഒക്കെ മാത്രമേ അടിസ്ഥാനപരമായി മനുഷ്യനു ജീവിതത്തിൽ നേടാൻ ഉള്ളൂ.

അതില്ലാതെ നാം നേടുന്നതെല്ലാം വെറും മായികസ്വർഗങ്ങളാണ്. *************** തണുപ്പിൽ പലവിധ വർണ്ണങ്ങൾ ചാലിച്ച ക്രിസ്ത്മസ് ദിനങ്ങൾ.....

യഥാർത്ഥ വർണ്ണങ്ങൾ അവളായിരുന്നു, എനിക്കവളില്ലാതെ ജീവിക്കാൻ കഴിയില്ലയെന്ന അവസ്ഥ വന്നു തുടങ്ങിയിരിക്കുന്നു. അപ്പോഴേക്കും മീനാക്ഷി ജോണി വാക്കറിലെ നായിക മയക്കുമരുന്നിനു അടിമപ്പെട്ട പോലെ എന്റെ പാചകത്തിന് അടിമയായി തീർന്നിരുന്നു.

രാത്രികളിൽ അവൾ പറഞ്ഞിരുന്ന കഥകൾ യാതൊരു മടുപ്പും ഇല്ലാതെ കൊതിയോടെ ഞാൻ കേട്ടിരുന്നു. തണുത്ത നിലാവെളിച്ചം ഞങ്ങളിൽ പെയ്തിറങ്ങി.

രാത്രികളും പകലുകളും പവിഴമല്ലി പൂക്കൾ പോലെ വിടർന്നു കൊഴിഞ്ഞുവീണു. പകലുകളിൽ അവൾക്കൊപ്പം ചിലവഴിക്കാൻ കിട്ടുന്ന ചെറിയ സമയം പോലും ഞാൻ പാഴാക്കിയിരുന്നില്ല.

രാത്രികളിൽ അവളുറങ്ങുന്നതു വരെ അവൾക്കൊപ്പം കൂട്ടിരുന്നു. ചെന്നൈ നഗരത്തിന്റെ എല്ലാ രസങ്ങളും, നിറങ്ങളും, മണങ്ങളും ഞങ്ങൾ ആസ്വദിച്ചു, ഒരുപാട് സ്ഥലങ്ങൾ കണ്ടു, ഒരുപാട് രുചികൾ പരീക്ഷിച്ചു.

ഒരുമിച്ചു മഴയും, വെയിലും ആസ്വദിച്ചു, കടലിൽ ചേർന്നലിഞ്ഞു. അവളെന്റെ ജീവിതത്തിന്റെ സന്തോഷം നിറഞ്ഞ ഭാഗം ആയി മാറി.

അവളുടെ പ്രണയം മാത്രം, ഞങ്ങൾക്കിടയിൽ അതിർവരമ്പായി നിന്നു. ജനലരികിൽ വന്നണയുന്ന പക്ഷികളുടെ എണ്ണം അനുദിനം കൂടി വന്നു.

ചെടികളിൽ പലവർണ്ണത്തിൽ ഉള്ള പൂക്കൾ വിരിഞ്ഞുലഞ്ഞു. ചുറ്റും പ്രകൃതിയും എനിക്കൊപ്പം മാറുകയായിരുന്നു.

ക്രിസ്ത്മസ് മനസ്സ് നിറഞ്ഞ ആഹ്ലാദത്തിന്റെ കാലഘട്ടം ആണ്, രാത്രികൾ പലവർണ്ണ വിളക്കുകൾ തെളിഞ്ഞും, പകലുകൾ നനുത്ത മഞ്ഞിൽ പൊതിഞ്ഞും കാണപ്പെടും, നമ്മളെ അനുദിനം കൂടുതൽ കൂടുതൽ ഉല്ലാസവാനാക്കികൊണ്ടിരിക്കും. മീനാക്ഷി ബൈക്ക് ഓടിക്കാൻ പഠിച്ചു, ബുള്ളെറ്റോ, ട്രയംഫോ, ഹാർലിയോ, ആര് കൊണ്ട് വന്നാലും അവളതെടുത്തു ഓടിക്കും.

പല നടന്മാരുടെയും ചെന്നൈയിലെ പാർക്കിങ് ലോട്ട്, എന്റെ ഈ എളിയ വീടായതു കൊണ്ട് വാഹനങ്ങൾക്കു ഒരു പഞ്ഞവും നേരിട്ടില്ല. ഞാൻ സ്ഥിരമായി അവൾക്കു പിന്നിലിരുന്നായി യാത്ര, വേഗത കൂടുമ്പോൾ, ആ ഒതുങ്ങിയ വയറിൽ കൈചേർത്ത് പിടിക്കും, ആ നനുത്ത കഴുത്തിൽ മുഖം ചേർത്ത് വയ്ക്കും.

അവളുടെ ഗന്ധത്തിൽ മുഴുകിയിരിക്കും. അവൾ ഇടയ്ക്കു ദേഷ്യത്തിൽ നോക്കുമെങ്കിലും എതിർത്തില്ല.

എന്തോ ഈ തുച്ഛമായ ദിവസങ്ങളിലെങ്കിലും , എന്റെ ഓർമ്മകളിൽ ഒരു ഭാര്യയുടെ സാമിപ്യം ഉണ്ടായിക്കോട്ടെ എന്ന് അവളുടെ ആർദ്രമായ മനസ് വിചാരിച്ചു കാണണം. ഞാൻ ഇതിനു ശേഷം ഒരു വിവാഹം കഴിക്കുക ഉണ്ടാവില്ലെന്ന് അവൾക്കു തോന്നിക്കാണണം.

അത് പരമാര്ഥമായിരുന്നുതാനും. ഒരിക്കൽ ഉണ്ണി സുഗന്ധൻ, എന്തോ കാര്യത്തിന് ചെന്നൈയിൽ വന്നപ്പോൾ, വച്ചിട്ട് പോയ ഡുക്കാട്ടി സ്ക്രാമ്ബ്ലെർ, ഓടിച്ചിട്ട് അവൾക്ക് വളരെ ഇഷ്ടം ആയി എന്ന് പറഞ്ഞു.

കാശുണ്ടാവുമ്പോ അവൾക്കത് വാങ്ങി കൊടുക്കണം. വരുംവരായ്കകളെ കുറിച്ചോർക്കാതെ, എനിക്ക് നേരിടാനിരിക്കുന്ന കഠിനമായ വിരഹത്തെ കുറിച്ചോർക്കാതെ, ആ ചെറിയ ദിവസങ്ങളിൽ ഞാൻ ഒരു നൂറു സ്വപ്നങ്ങൾ നെയ്തുകൂട്ടി.

ഇടയ്ക്കു അവളൊന്നു അടുക്കളയിൽ കയറും, അന്ന് ഞാൻ അവളുടെ പരീക്ഷണ എലിയാണ്. പല ദിവസങ്ങളിലും ദയനീയമായി പരാജയപെട്ടിട്ടും, ഏലി മരിച്ചിട്ടും അവളതു തുടർന്നു.

എങ്കിലും പതുക്കെ അവൾ മെച്ചപ്പെട്ടു തുടങ്ങി. ഇടയ്ക്കൊരു ദിവസം ലീവ് തീർന്നു മടങ്ങുകയാണെന്നു പറയാൻ വന്ന അഭിയും, അജുവും, മറ്റു പിള്ളേരും അവൾ ഫുഡ് എടുക്കാം എന്ന് പറഞ്ഞപ്പോൾ, തിരക്കുണ്ട് എന്ന് പറഞ്ഞു വേഗം ഇറങ്ങിയത് ചൊല്ലി ഞാൻ ഇടയ്ക്കവളെ കളിയാക്കും.

അപ്പോൾ കണ്ണിൽ ഒരു ദയനീയ ഭാവംവരും, ചുണ്ടുകൾ പുറത്തേക്കു പിളർത്തി, നുണക്കുഴികൾ കാട്ടി അവൾ പിണങ്ങും. അത് കണ്ടു നിൽക്കാൻ തന്നെ ചേലാണ്.

നിർബന്ധിച്ചു ഞാൻ അവളെ കട്ടിലിൽ കിടത്തും, രാവിലെ ഉണർന്നു നോക്കുമ്പോൾ, എന്റെ പുതപ്പിനുള്ളിൽ സോഫയിലെ പരിമിതമായ സ്ഥലത്തു ഒതുങ്ങി കൂടി ഒരു പൂച്ചയെപ്പോലെ അവൾ ഉറങ്ങുന്നുണ്ടാവും, അപ്പോൾ എനിക്കവളെന്റെ കുഞ്ഞു മോളാണെന്നു തോന്നും. എന്റെ മനോമണ്ഡലം ആ നിഷ്കളങ്കമായ മുഖത്തിനു ചുറ്റും വലംവച്ച്കൊണ്ടിരുന്നു.

മുഖത്തൊരു കാറ്റടിച്ചാൽ, നല്ല ഒരു പാട്ടുകേട്ടാൽ, അറിയാതൊരു പൊടിമഴ എനിക്കുമേലെ തൂവിയാൽ എനിക്കവളെ ഓർമ്മവരും, ഞങ്ങൾ ഒരുമിച്ചുള്ള ജീവിതം സ്വപ്നം കാണും. അവൾക്കും എന്നെ ഇഷ്ടമാണെന്ന് എനിക്ക് അറിയാം, പക്ഷെ എന്തോ അവളാ പ്രണയത്തെ കൂട്ടുപിടിച്ചു എന്നിൽ നിന്ന് അകലാൻ ശ്രമിച്ചുകൊണ്ടിരുന്നു.

മീനാക്ഷിയുടെ കാമുകൻ, ഞാൻ ആയിരുന്നെങ്കിലോ. എന്റെ ഹൃദയത്തിൽ അവളോട് ഇക്കണ്ട സ്നേഹം കുത്തിനിറക്കുന്ന ദൈവത്തിനു, അവനവിടെയൊരു മദാമ്മയോട് ഇഷ്ടം തോന്നിപ്പിക്കാൻ നിഷ്പ്രയാസം കഴിയില്ലേ.

എന്റെ ക്രൂരമായ മനസ് അനുനിമിഷം അവർ പിരിയാൻ ആഗ്രഹിച്ചു. പ്രണയം നിഗൂഢമാണ്, അതിൻ്റെ ചിന്തകളോ അതിലേറെ നിഗൂഢം.

*************** അവളുടെ കരിഞ്ഞ കുക്കർ കേക്ക് തിന്നണ്ടി വന്ന ക്രിസ്തുമസ് രാത്രിയും കടന്നു ദിനങ്ങൾ കടിഞ്ഞാണില്ലാത്ത കുതിരകൾ പോലെ പാഞ്ഞു. അങ്ങനെ പുതു വർഷത്തിന്റെ തലേന്ന് പകൽ പൊട്ടി വിരിഞ്ഞു.

ഞാൻ എഴുന്നേറ്റതും കണ്ടത് അവളെ ആയിരുന്നു, കാതിൽ ജിമിക്കിയണിഞ്ഞു കൊണ്ട് അവൾ ഓടിനടന്ന് എന്തൊക്കെയോ ചെയുന്നു. ഇന്ന് സാധാരണയിൽ വിപരീതമായി നേരത്തെ എണീറ്റു കുളിച്ചൊരുങ്ങി എങ്ങോട്ടോ പോകാൻ തയ്യാറാവുകയാണ്.

കൈയിൽ ചുവപ്പു എംബ്രോയിഡറി പട്ട വച്ച, ക്രീംകളർ പട്ടുതുണി കുർത്തയാണ് അണിഞ്ഞിരിക്കുന്നതു, പാട്ടുപാവാടയ്ക്കൊപ്പം ഇടുന്ന പോലെ എങ്കിലും ഇറക്കം കൂടുതൽ ഉണ്ട്, താഴെ അവിടവിടെ പിന്നിയ ബ്ലൂ ആംഗിൾ ലെങ്ത് ജീൻസ് ആണ്. കോളജിലേക്ക് ആയിരിക്കില്ല, അവിടേക്കു അവൾ സാരി ഉടുത്തേ പോയികണ്ടിട്ടുള്ളൂ.

എന്തായാലും സിനിമ നടിമാർക്കു പോലും എന്റെ മീനാക്ഷിക്കൊത്തു ഭംഗി ഇല്ല, അതെനിക്കൊറപ്പാ. ഞാൻ സോഫയിൽ കൈമുട്ടു കുത്തി തല അതിൽ താങ്ങിനിർത്തി അവളെ നോക്കി.

സാമുദ്രിക ലക്ഷണപ്രകാരം ഇവൾ ശംഖിനിയോ, പത്മിനിയോ, എന്റെ തലയിൽ അപ്പോൾ അതാണ് കടന്നു പോയത്. രാത്രികളിൽ ശംഖിനിയും, പകലവൾ പത്മിനിയുമാകുമോ, ഇത്തരത്തിൽ സ്ത്രീ ശരീരങ്ങളോട് കാലത്തിനനുസരിച്ചു നമുക്ക് വ്യത്യസ്തഭാവങ്ങൾ തോന്നുന്നതെന്താണ്.

“ഉണ്ണിയേട്ടാ എന്താ ഈ ആലോചിച്ചു കിടക്കണെ?” അവൾ മുന്നിൽ കൈവീശി എന്നെ ചിന്തയിൽ നിന്നുണർത്തി.

അവളോട് അതെങ്ങനെ ചോദിക്കാനാണ്, അതുകൊണ്ടു ഞാൻ തിരിച്ചൊരു ചോദ്യം തന്നെ ചോദിച്ചു. “എങ്ങോട്ടാണ് നീ ഇത്ര രാവിലെത്തന്നെ?

” “ശ്രീ വിളിച്ചിരുന്നു, അവൻ അടുത്തയാഴ്ച്ചവരും, അവനു സ്റ്റാൻഫോർഡ് യൂണിവേഴ്സിറ്റിയിൽ വിസിറ്റിംഗ് പ്രൊഫെസ്സർ ആയി ജോലി ശരിയായിട്ടുണ്ട്. ഇവിടെ വന്നു മാര്യേജ് രജിസ്റ്റർ ചെയ്താൽ എനിക്കും വിസക്ക് പ്രശ്നം ഉണ്ടാവില്ലന്ന തോന്നണത്.

നമ്മുടെ രജിസ്ട്രറേൻ കാലാവധി അടുത്ത ആഴ്ച തീരല്ലേ? അപ്പൊ ഒപ്പിടാൻ പോവാതിരുന്നാൽ ക്യാൻസൽ ആവില്ലേ?

അതിനു ശേഷം അപ്ലിക്കേഷൻ കൊടുക്കാമെന്ന അവൻ പറഞ്ഞെ.” തിരക്കിട്ടു ഒരുങ്ങുന്നതിനിടയിൽ എന്നെ നോക്കാതെ ഇത്രയും പറഞ്ഞു, അവൾ എന്റെ നേരെ തിരിഞ്ഞു.

എന്റെ തല കറങ്ങുക ആയിരുന്നു. തലക്ക് ആരോ കല്ലുപൊട്ടിക്കുന്ന കൂടം കൊണ്ട് അടിച്ചപോലെ ഞാൻ പകച്ചിരുന്നു.

കരയണോ, ചിരിക്കണോ എന്നെനിക്കു പിടികിട്ടുന്നില്ല. എഴുന്നേൽക്കണ്ടായിരുന്നു, മിണ്ടാതെ കിടന്ന മതിയായിരുന്നു, ഇനി കിടന്നാലോ, ഏയ് നടക്കില്ല, അവൾക്കു എന്നെറെ മുഖം കണ്ടാൽ എല്ലാം പിടികിട്ടും.

ഇതെന്നെങ്കിലും ഉണ്ടാവുമെന്നെനിക്കു അറിയാമായിരുന്നു, എങ്കിലും അതിനെ എങ്ങനെ നേരിടുമെന്ന് ഞാൻ ആലോചിച്ചു വച്ചിരുന്നില്ല. ഞാൻ വെറുതെ ഒന്ന് ചിരിക്കാൻ ശ്രമിച്ചു.

അവൾക്കു എന്റെ മുഖം മാറിയത് കണ്ടപ്പോൾ ഞാൻ അനുഭവിക്കുന്ന വ്യഥ മനസ്സിലായിട്ടാണെന്നു തോന്നുന്നു, വന്നെനിക്കു താഴെയിരുന്നു, സോഫയിൽ താടിവച്ച് എന്റെ മുഖത്തേക്ക് കുട്ടികളെപ്പോലെ നോക്കിയിരുന്നു. “പോകാൻ എനിക്കും വിഷമം ഉണ്ട്, ഞാൻ ജീവിതത്തിൽ ഏറ്റവും കൂടുതൽ ചിരിച്ചതു, സന്തോഷിച്ചത് ഉണ്ണിയേട്ടന്റെ ഒപ്പം ഉണ്ടായ ദിവസങ്ങളാ.

മരിച്ചാലും അതൊന്നും എനിക്ക് മറക്കാൻ പറ്റില്ല. ഞാൻ ജീവിതാവസാനം വരെ അതൊക്കെ ആലോചിച്ചിരിക്കും.

” അവൾ ഒരു കണ്ണിൽ ഒഴുകിവന്ന കണ്ണ്നീര് തുടച്ചു. “പക്ഷെ അവൻ വന്നു വിളിക്കുമ്പോ എനിക്ക് പോകാതിരിക്കാൻ പറ്റോ?

അത് വിശ്വാസ വഞ്ചനയല്ലെ?” അവളുടെ മൂക്കിൽ നിന്ന് അത് പറഞ്ഞു തീർന്നപ്പോഴേക്കും രക്തം ചാലുകീറി ഒഴുകിതുടങ്ങി.

അതിൽ നിന്നും അവൾ വല്ലാത്ത പ്രഷറിൽ കൂടിയാണ് കടന്നു പോകുന്നതെന്ന്, എനിക്ക് മനസ്സിലായി. അവളുടെ മൂക്കിൽ നിന്നൂർന്നു വന്ന രക്തം, തള്ളവിരലിൽ തുടച്ചെടുത്ത്, ഞാൻ ആ സന്ദർഭം ലഘൂകരിക്കാൻ, ദയനീയമായി ഒരു താമശപറയാൻ ശ്രമിച്ചു.

“നീ ഇത്ര നേരത്തെ കുളിച്ചൊരുങ്ങി, ഞാൻ എണീക്കാണേനും മുന്നേ തിരക്കുപിടിച്ച് ഓടണ കണ്ടപ്പോൾ ഞാൻ വിചാരിച്ചു.... നീ ഇനി ആ തയ്യൽക്കാരൻ കുമാർ അണ്ണന്റെ ഒപ്പം ഒളിച്ചോടാൻ ഉള്ള വല്ല പ്ലാനും ആയിരിക്കുമെന്ന്.

(ഞാൻ അർത്ഥമില്ലാത്തൊരു ചിരിചിരിച്ചു) അവളും ഒരു ഉഷാറില്ലാത്ത ചിരിച്ചിരിച്ച്, എന്റെ തോളിൽ ഒരു ഇടിയും ഇടിച്ചു എഴുന്നേറ്റു. ടൗണിൽ പോയി അടുത്ത ആഴ്ചക്കു അവനു

സർപ്രൈസ് കൊടുക്കാൻ കുറച്ചു സാധനങ്ങളും വാങ്ങിവരാം എന്ന് പറഞ്ഞു, അവൾ ഇറങ്ങി.

ഞാൻ കണ്ണ് തുറന്നുകൊണ്ടു തന്നെ തിരിഞ്ഞു കിടന്നു. ഇന്നത്തെ പകൽകാറ്റിൽ ഞാൻ തീർത്ത ചീട്ട്ഗോപുരങ്ങളെല്ലാം, തകർന്നുവീണു തുടങ്ങിയോ!!....

*************** വെയിൽ മൂത്തു പഴുക്കുന്നതിനനുസരിച്ച് , എനിക്ക് നെഞ്ചിൽ നെരിപ്പോട് കയറ്റിവച്ച അവസ്ഥയായി, ആകെ സംഭ്രമം, അവളിന്നു ആദ്യമായി ഭക്ഷണം കഴിക്കാൻ സമയത്തേക്ക് എത്തിയില്ല. ഫോൺ വിളിച്ചപ്പോൾ തിരക്കിലാണ്, പുറത്തുന്നു കഴിച്ചു എന്ന് പറഞ്ഞു കട്ട് ചെയ്തു.

ഇത്രനാൾ ഞാൻ ചെയ്തതിനെ എല്ലാത്തിനേക്കാളും, എന്റെ പാചകത്തിനും, സ്നേഹത്തിനും മുകളിലാണ് അവൾക്കവനെന്നു എനിക്ക് വെറുതെ തോന്നി, യാഥാർഥ്യമാണെങ്കിലും അതെന്നെ ഒരുപാട് വേദനിപ്പിച്ചു. വെയിലിന്റെ ഭാവങ്ങൾ സമയത്തിനനുസരിച്ചു മാറിവന്നു, അവസാനം പോക്കുവെയിൽ വീണു, രാവിലെ മുതൽ ഒറ്റനിൽപ്പു നിന്നുകൊണ്ട്, ദേഷ്യമെല്ലാം തണുത്തു തുടങ്ങിയ സൂര്യൻ, ചുവന്ന ഷർട്ട് എടുത്തിട്ട് സന്ധ്യക്ക് പോകാൻ ഒരുങ്ങുന്ന പെയിൻറ് പണിക്കരുടെ പോലെ തയ്യാറായി നിന്നു.

അവളുടെ ഒരു കോൾ, ഇല്ല മെസ്സേജ് ഇല്ല, എന്തുകൊണ്ടോ എനിക്കതു സഹിക്കാവുന്നതിലും അപ്പുറം ആയിരുന്നു. തിരക്കേറിയ ചെന്നൈ നഗരത്തിന്റെ വഴിയോരങ്ങളിൽ വശ്യമായ വഴിവിളക്കുകൾ തെളിഞ്ഞു, അതിനെ മനോഹരമായ തണുത്ത രാത്രി പുണർന്നു.

നാളെ പുതുവത്സരദിനം ആണ്. പ്രതീക്ഷയുടെ ഒരു വര്ഷംകൂടി വിരിയാൻ കാത്തുനിൽക്കുകയാണ്.

ഫോണിൽ തുടരെ തുടരെ വിളികളാണ്. എല്ലാവരും ആഘോഷങ്ങളിലാണ്.

മദ്യത്തിൽ ചാലിച്ച ആർപ്പുവിളികൾ അന്തരീക്ഷത്തിൽ മുഴങ്ങി കേട്ടുകൊണ്ടിരുന്നു. സന്തോഷം എങ്ങും കാറ്റിൽ നിറഞ്ഞു നിന്നു, എനിക്ക് ഒഴികെ.

മണി പത്തും കഴിഞ്ഞു മുന്നോട്ടു പോയി. രാത്രി ഭക്ഷണവും തണുത്തുറഞ്ഞു മേശപ്പുറത്തു ഇരിപ്പുണ്ട്.

ഞാനും ഒന്നും കഴിച്ചില്ല. വിശപ്പിനേക്കാൾ നെഞ്ചിലെ വിങ്ങലായിരുന്നു കൂടുതൽ.

പെട്ടന്ന് തോന്നിയ അരിശത്തിൽ എനിക്ക് തോന്നി ഞാൻ എന്തിനവളെ ഇങ്ങനെ കാത്തിരിക്കണം. എനിക്ക് അവൾ ഇല്ലെങ്കിലും, ഉണ്ടെങ്കിലും ജീവിതത്തിൽ ഒരു മാറ്റവും ഇല്ലെന്നു കാണിച്ചു കൊടുക്കണം.

ടോണീടെ വീട്ടിൽ പാർട്ടി ഉണ്ട് അങ്ങോട്ടു പോകാം, അവൻ കുറേയായി വിളിക്കുന്നു. ഞാൻ ഫ്ലാറ്റ് പൂട്ടി ഇറങ്ങി.

മീനാക്ഷി വന്നാൽ കൊടുക്കാൻ താക്കോൽ ലക്ഷ്മി അക്കയെ ഏൽപ്പിച്ചു. സെൽവ അണ്ണനും, അക്കക്കും, എന്നെയറിയാവുന്ന എല്ലാവര്ക്കും ഇപ്പോൾ അവളെ അറിയാം, അവളെന്റെ ഭാര്യാ ആണെന്നറിയാം.

എങ്കിലും അവളെ അറിയാവുന്ന എല്ലാവരിൽ നിന്നും അവളെന്നെ അകറ്റി നിർത്തി, ഒരു പക്ഷെ അവർ ഒരുമിച്ചു ജീവിക്കുമ്പോൾ അത് ഒരു പ്രശ്നമാവണ്ട എന്ന് വിചാരിച്ചു കാണും. അപ്പൊ എനിക്കോ, എന്നെ കുറിച്ച് ആര് ചിന്തിക്കാൻ അല്ലെ.

വിങ്ങുന്ന മനസ്സുമായി ഞാൻ ടോണിയുടെ അടുത്തേക്ക് പുറപ്പെട്ടു. ടോണീടെ വീട്ടിൽ നല്ലൊരു കൂട്ടം കുടിയൻമാർ ഒത്തുകൂടിയിരുന്നു കുമ്മിയടിക്കുന്നുണ്ടായിരുന്നു.

കുടിച്ചു ബോധം നശിച്ചവരുടെയും, നശിക്കാൻ ഇരിക്കുന്നവരുടെയും ഇടയിൽ ഞാൻ ഒറ്റപ്പെട്ടു ഇരുന്നു. ചുറ്റും നോക്കി....

പഴയ കഥകൾ പറഞ്ഞു വെറുപ്പിക്കുന്നവർ, ഊമ്പിയ ശബ്ദത്തിൽ പാട്ടുപാടി അത് യേശുദാസൻറെ അച്ചിട്ടാണെന്നു സ്വയം അഭിമാനിക്കുന്നവർ, ചിലങ്കയില്ലാതെ നൃത്തം ചെയ്യുന്നവർ, നിലത്തു നാവുകൊണ്ട് ചിത്രം വരക്കുന്നവർ പോലെ കലാകാരൻമാർ ഒരു ഭാഗത്ത്. പരിച ഇല്ലാതെ വാളുവക്കുന്ന തുളുനാട്ടിൽ നിന്ന് കള്ളപയറ്റ് പഠിച്ചു വന്ന ബഡുവകൾ, അടുത്തിരിക്കുന്നവന്റെ മർമ്മവും ക്ഷമയും പരീക്ഷിക്കുന്ന മർമ്മാണികൾ, വിളിച്ചു കൊണ്ടുവന്നവന്റെ തന്നെ കോളറിൽ കയറിപിടിക്കുന്ന നന്പന്മാർ, എന്നിങ്ങനെ തല്ലുകൊള്ളാനും, കൊടുക്കാനും, ഒരുങ്ങി വന്നിരിക്കുന്ന ക്ഷത്രിയന്മാർ ഒരുഭാഗത്ത്.

ലോകത്തെല്ലാ അരക്ഷിതമണ്ഡലത്തെയും പോലെ ഈ പുണ്യപാവന ഭൂമിയും, ഇത്തരത്തിൽ രണ്ടായി വേർതിരിഞ്ഞു കിടക്കുന്നു. രണ്ടിനും നടുക്ക് കലാപത്തിനൊടുക്കം വന്നണയേണ്ടേ സമാധാനാ രേഖയെന്നോണം ഞാൻ നിശ്ചലമായി ഇരുന്നു.

എനിക്ക് പ്രാന്ത് പിടിച്ച് തുടങ്ങി. “എന്ന ആവി ഉൻ കല്യാണത്ത്ക്ക് കൂപ്പിടവേ ഇല്ലെ.

തിരുട്ടു കല്യാണമാ ? ഓടിപോണിങ്കളാ?

” പ്രൊഡക്ഷൻ കൺട്രോളർ പരമശിവം ആണ്. അവനു ഞാൻ കല്യാണത്തിന് വിളിക്കാത്ത വിഷമം, ഞാൻ തന്നെ അതറിയണത് താലികെട്ടണ സെക്കന്റിലാണ്, അതവനെ ഞാൻ എങ്ങനെ പറഞ്ഞു മനസിലാക്കാൻ ആണ്.

“ യേ പേസാമേ ഇറുക്കിറെ, പൊണ്ടാട്ടി കൂടെ പ്രച്ഛനായാ.” കുടിച്ചു ബോധം ഇല്ലാതെ ഇരിക്കണെ, ഇവർക്ക് ഇതെങ്ങനെ മനസ്സിലായി എന്റെ പ്രശ്നം മീനാക്ഷി ആണെന്ന്.

ഒരു പക്ഷെ ഈ ഇരിക്കുന്ന എല്ലാവരുടെയും പ്രശ്നം അവരവരുടെ ഭാര്യമാർ തന്നെയാവുമോ?!!.. “നിർത്തട മൈത്താണ്ടികളെ, ഒരു മാതിരി കുളക്കടവിലെ പെണ്ണുങ്ങളെ പോലെ വളവളവളാന്നു.

വല്ലതും ഊമ്പി കുടിച്ചിട്ട് എഴുന്നേറ്റു പോടാ പൂറന്മാരെ.” ടോണി ആണ് പറഞ്ഞത്, ടോണി വട്ടപ്പാറയെ തമിഴന്മാർക്കെല്ലാം പേടിയാണ്.

അവൻ പറഞ്ഞത് മനസ്സിലായില്ലെങ്കിലും, അത് മുട്ടൻ തെറിയവും എന്ന് ഊഹിച്ചു അവർ മിണ്ടാതെയിരുന്നു കുടിതുടങ്ങി, കുത്താട്ടം കുറത്തിയാട്ടം തുടർന്നു. “ആവി, നീ അടിക്കു എല്ലാം ശരിയാവും”, അവൾ ഒരു ഫുൾ സന്യാസി മദ്യം  എനിക്കടുത്തേക്കു നീക്കി വച്ച്, സിഗരറ്റ് ഊതി മുകളിലെ വായുവിൽ വളയങ്ങൾ ലയിപ്പിച്ചു കൊണ്ടിരുന്നു.

എന്റെ ഉള്ളിലെ ആത്മസംഘർഷം മനസ്സിലാക്കാൻ ഈ മുറിയിൽ അവനും, അവന്റെ ഉള്ളിൽ കിടക്കുന്ന മദ്യത്തിനും മാത്രമേ കഴിയൂ. ഞാൻ ഉള്ളിൽ കത്തുന്നതീ മദ്യം ഒഴിച്ച് കിടത്താൻ ശ്രമിച്ചു കൊണ്ടിരുന്നു.

രണ്ടു പെഗ്ഗിൽ, ഒരു സിഗെരെറ്റിനു തീ കൊടുത്തു ഞാൻ ചിന്തകളിലേക്ക് കൂപ്പുകുത്തി. പതുക്കെ പതുക്കെ എണ്ണം കിട്ടാതെയായി, ഞാൻ വോഡ്കയെന്നോ, ബ്രാണ്ടിയെന്നോ, വിസ്കിയെന്നോ, വ്യത്യാസമില്ലാതെ സോഷ്യലിസ്റ്റ് ആയിമാറി.

ഒരു പൈന്റെക്കുപ്പിയിൽ പകുതി റം മിക്സ് ചെയ്തു എടുത്തു സെൽവ അണ്ണനാണെന്നു കള്ളം പറഞ്ഞു അതും പിടിച്ചു ഞാൻ ഇറങ്ങി നടന്നു, ടോണി കൊണ്ട് വിടാം എന്ന് ഒരുപാട് വട്ടം പറഞ്ഞിട്ടും സമ്മതിച്ചില്ല, എനിക്ക് തനിയെ പോണമെന്ന് വാശിപിടിച്ചു, എന്തിനെന്നു അറിയില്ല ഒറ്റക്ക് യാത്ര ചെയ്യണം എന്ന് തോന്നി. ഓട്ടോ ഓടി തുടങ്ങിയപ്പോൾ, പതുക്കെ സെൽവ അണ്ണന്റെ കുപ്പി ഞാൻ കാലിയാക്കി തുടങ്ങി.

ഓട്ടോക്കാരൻ മിററിലൂടെ നോക്കിയെങ്കിലും, എന്തെങ്കിലും പറഞ്ഞാൽ മനസ്സിലാക്കാൻ തന്നെ ഞാൻ രണ്ടുദിവസം എടുക്കും എന്ന് തോന്നിയത് കൊണ്ട് അവനൊന്നും പറഞ്ഞില്ല. കാരണവന്മാരുടെ പുണ്യം കൊണ്ടും, പിന്നെ എന്റെ കാഞ്ഞബുദ്ധി കൊണ്ടും, ഞാൻ കുറച്ചു അച്ചാറ്, കുറച്ചേ ഉള്ളു അത് പോക്കറ്റിൽ ഇട്ടിരുന്നു.

പക്ഷെ തൊട്ടു നക്കാൻ നോക്കിയപ്പോൾ ഒന്നും ഇല്ല. അത് ഞാൻ ഇട്ട വെള്ള ഷർട്ടിൽ ആകെ  ഒലിച്ചു ഇറങ്ങിയിരുന്നു, വെള്ള ഷർട്ട് ഇട്ടതു എത്ര നന്നായി, ഇല്ലെങ്കിൽ അച്ചാറു കണ്ടുപിടിക്കാൻ കൊറേ ബുദ്ധി മുട്ടിയേനെ, ഞാൻ മദ്യത്തിന്റെ കെട്ടകൈപ്പ് ശമിപ്പിക്കാൻ, ഷർട്ടിൽ ചുവപ്പ് നിറം കണ്ടിടത്തു ആഞ്ഞു നക്കി.

ഓട്ടോക്കാരൻ മുഖം ചുളിച്ചിരിക്കും, ചുളിക്കട്ടെ, അവനു അറിയില്ലല്ലോ അവശ്യസമയത്തെ അച്ചാറിന്റെ വില. ഫ്ലാറ്റ് എത്തിയതും ഞാൻ നാല് കാലിൽ ചാടിയിറങ്ങി, കാശ് ടോണി കൊടുത്തിരുന്നു, അത് നന്നായി ഇല്ലെങ്ങി ഞാൻ ഫിറ്റാണെന്നു ഓട്ടോക്കാരന് മനസ്സിലായേനെ, എനിക്ക് ശരിക്കും കണ്ണ് പിടിക്കണില്ല.

അവൻ ഒന്നും പറയാതെ എടുത്തുപോയി. ഞാൻ സമയം ആലോചിച്ചു, യാതൊരു എത്തുംപിടിയും കിട്ടണില്ല.

ആകാശത്തു പലവർണ്ണത്തിൽ അമിട്ടുകൾ പൊട്ടുന്നുണ്ട്. ആരൊക്കെയോ ഓളിയിടുന്നുണ്ട്.

"എന്തിനാ പടക്കം പൊട്ടിച്ചത്, ഇന്നെന്താ വിഷു ആണോ?" ഞാൻ അടുത്ത് നിന്നിരുന്ന ഒരു ഇലക്ട്രിക്ക്പോസ്റ്റിനോട് ചോദിച്ചു.

ഉത്തരം കിട്ടാതെ ആയപ്പോ അവനു ഇത്തിരി അഹംകാരം കൂടിയിട്ടുണ്ടെന്നു മനസ്സിൽ ആലോചിച്ചു ഞാൻ വീട്ടിലേക്കു നടന്നു. പടികയറലായിരുന്നു ഏറ്റവും വലിയ ടാസ്ക്.

ഞാൻ ഒരു പടി കയറുമ്പോൾ മൂന്ന് പടി താഴോട്ട് ഇറങ്ങും, അതെങ്ങനെ ശരിയാവും, അങ്ങനെയാണെങ്കിൽ ഈ പന്ത്രണ്ട് സ്റ്റെപ്പ് കയറി മുകളിൽ എത്താൻ എത്ര നേരം ഞാൻ എടുക്കും. പി.എസ്.സി പരീക്ഷക്ക് വന്ന ചോദ്യം പോലെ ഞാൻ ഇതും ആലോചിച്ചു അവിടെ താഴെ രണ്ടാമത്തെ പടിയിൽ ചാരിയിരുന്നു .

ഞാൻ ഫോൺ എടുത്തു നോക്കി ഇരുപത്തിയേഴു മിസ്സ്ഡ് കാൾസ് മീനാക്ഷി, ഇവൾക്കെന്താ പ്രാന്തായോ. നോക്കിയിരിക്കലെ വീണ്ടും 'മീനാക്ഷി കാളിങ്" കാണിച്ചു.

ഞാൻ തപ്പിപിടിഞ്ഞു അതെടുത്തു. "മീനാക്ഷി....മോളെ...

നീ എവിടെ ആയിരുന്നെടീ, ഞാൻ എത്രവട്ടം വിളിച്ചു. ഇരുപത്തേഴുവട്ടം" എന്റെ മനസ്സിൽ അങ്ങനെ ആണ് ഓടിയത്.

അവൾക്കെന്തോ പന്തികേട് തോന്നിയെങ്കിലും പറഞ്ഞു തുടങ്ങി. "ഉണ്ണിയേട്ടൻ എവിടെയാ, എത്ര നേരം ആയി ഞാൻ വിളിക്കാണ്.

എന്നോട് പിണങ്ങിയിരിക്കണോ?" അവൾ കരച്ചിലിന്റെ വക്കത്തായിരുന്നു.

ഞാൻ ഒരുപാട് കാത്തിരുന്നു എന്നവൾക്കു തോന്നിക്കാണണം, മേശപ്പുറത്തു രാവിലെതൊട്ടു തയ്യാറാക്കി വച്ചിരുന്ന ഭക്ഷണമെല്ലാം അവിടെത്തന്നെ ഇരിക്കുന്നുണ്ടാവും. "മീനാക്ഷി......മോളെ....

അങ്ങനെ ഒന്നും പറയല്ലെടിയെ. (ഞാൻ വലിയൊരു ശ്വാസം എടുത്തു, കണ്ണൊന്നു തിരുമ്മി പറഞ്ഞുതുടർന്നു.

) ചേട്ടൻ താഴെ ഉണ്ടടി, സ്റ്റെപ്പ് കയറികൊണ്ടിരിക്കാ. ഇപ്പൊ എത്തും, കാൽക്കുലേഷനിൽ ചെറിയ ഒരു ഡൌട്ട് അതാ വൈകണെ.

" ശബ്ദത്തിൽ വ്യത്യാസം കേട്ടപ്പോൾ അവൾക്കു ഉറപ്പായി എന്തോ പ്രശനം ഉണ്ടെന്നു, അവൾ ഫോൺ കട്ട് ചെയ്തു സ്റ്റെപ് ഓടിയിറങ്ങി വരണ ശബ്ദം കേൾക്കാം. കുടിച്ചത് അവൾക്കു മനസ്സിലാവാതിരിക്കാൻ, ഞാൻ വരുന്ന വഴിക്കു ഒരു തമിഴന്റെന്നു അടിച്ചു മാറ്റിയ ചീർപ്പ് പോക്കറ്റിൽ നിന്ന് എടുത്തു മുടി ചീകിയൊതുക്കി, കണ്ടോ ഞാൻ ഫുൾ പ്ലാൻഡ് ആയിരുന്നു.

ചീർപ്പ് പോക്കറ്റിൽ ഒളിപ്പിച്ചു ഞാൻ നാച്ചുറൽ ആയി, സ്വഭാവികം ആയി സ്റ്റെയർകേസിൽ ചാരിയിരുന്നു. എങ്ങനെ ആണെന്ന് അറിയില്ല, അവൾക്കു മനസ്സിലായി ഞാൻ നല്ല ഫിറ്റ് ആണെന്ന്.

ഇവളാളു പുലി തന്നെ. ഞാൻ അവളെ അത്ഭുതപ്പെട്ടു നോക്കി.

(ലവലേശം ബോധം ഇല്ലാത്ത എനിക്ക് ഇങ്ങനെ ഒക്കെയാണ് തോന്നണതു,പക്ഷെ ഞാൻ ഊതിവിട്ട കാറ്റിൽ രണ്ടു കിലോമീറ്റർ അപ്പുറത്തെ പോലീസ് സ്റ്റേഷനിലെ ആൽക്കഹോൾ ടെസ്റ്റിംഗ് മെഷീൻ വരെ നിർത്താതെ ബീപ്പ് അടിക്കുന്നുണ്ടാവും.) അവളെന്നെ എടുത്തു പൊക്കാൻ നോക്കി, ഞാൻ സമ്മതിച്ചില്ല.

" എവിടെ ആയിരുന്നുടീ നീ ഇത്ര നേരം, ഞാൻ എന്തോരം തീ തിന്നു.... ഓ......

ഞാൻ നിന്റെ ആരും അല്ലല്ലോ, എന്നോട് പറയണ്ട ആവശ്യം ഇല്ലാലോ, ഞാൻ ആരാ ഇതൊക്കെ ചോദിക്കാൻ ല്ലെ...."     ഞാൻ കുഴഞ്ഞു തുടങ്ങി.

അവൾ എന്നെ താങ്ങി വലിച്ചു മുകളിലേക്ക് നടന്നു. "പൂമുറ വാതിക്കൽ, സ്ളേകം വിരത്തുന്ന, പഹൂ തിന്കെൾ ആഹുന്നു പഹാര്യാ.

" ഈശ്വര മനസ്സി വിചാരിച്ചതൊക്കെ പറഞ്ഞു പൂവാണല്ലോ.... എന്റെ ഭാരം താങ്ങാൻ ബിദ്ധിമുട്ടി നിന്ന അവൾ തിരിഞ്ഞു ഒരു കത്തുന്ന നോട്ടം നോക്കി.

ആ നോട്ടത്തിനു ഞാൻ വെന്തു വെഞ്ചാമരം ആവണ്ടതാണ്, എന്റെ ഭാഗ്യത്തിന് അടിച്ച മദ്യത്തിൽ ഞാൻ വെള്ളം ചേർത്തിരുന്നു. അത് കൊണ്ട് മാത്രം തീപിടിക്കാതെ രക്ഷപ്പെട്ടു.

സോഫയിൽ കൊണ്ട് കിടത്തിയ എന്റെ മേലേക്കൂടെ ഭാരം താങ്ങാതെ അവളും മറഞ്ഞു വീണു. ഞാൻ അവളുടെ വിയർപ്പിൽ കുതിർന്ന കഴുത്തിൽ ഇറുക്കിപ്പിടിച്ചു ഒരു മുത്തംവച്ച് നുകർന്നു, പതിയെ ചുണ്ടുരുമികയറി, ഇന്നുമുഴുവൻ ജിമിക്കിയിട്ട വേദനയിൽ നീറി നിൽക്കുന്ന അവളുടെ ലോലമായ കീഴ്ക്കാതിൽ , നീരുകുടിയൻ മാങ്ങ കഴിക്കാറുള്ളതുപോലെ കാതടക്കം ഞാൻ ചപ്പിവലിച്ചു.

അവളുടെ രുചി, ത്രസിപ്പിക്കുന്ന വിയർപ്പിന്റെ രുചി. അവളെന്നെ തള്ളിമാറ്റി എഴുന്നേറ്റു, എഴുന്നേൽക്കാൻ പറ്റാത്തത് കൊണ്ട് മാത്രം ഞാൻ അവിടെത്തന്നെ കിടന്നു.

ബോധം മറയുന്നതിനു മുൻപ് മനസ്സിലെവിടെയോ കരുതി വച്ചിരുന്ന വാക്കുകൾ അണപൊട്ടിയൊഴുകി. “മീനാക്ഷി നീ എവിടേക്കും പോകണ്ട, എന്നെ വിട്ടു എവിടേക്കും പോകണ്ട, ഞാൻ വിടില്ല.

എനിക്ക് നിന്നെ ജീവനാ....” പറഞ്ഞു മുഴുവിക്കും മുന്നേ ഞാൻ ഉറക്കത്തിലേക്കു വഴുതി വീണു.

ഇടയ്ക്കു വരുന്ന ബോധത്തിൽ മീനാക്ഷി അടുത്തിരുന്നു എന്തൊക്കെയോ പിറുപിറുത്തു കരയുന്നപോലെ തോന്നി. ‘മരണം’ അതാണോ അവൾ പറഞ്ഞ വാചകത്തിന്റെ അർഥം.

‘കരയണ്ട മീനാക്ഷി, ഞാൻ ഇല്ലേ?’ അത് പറയാൻ മാത്രം ഉള്ള ശക്തി എനിക്കുണ്ടായിരുന്നില്ല, മദ്യം വീണ്ടും എന്റെ കണ്ണുകളെ അമർത്തിയടച്ചു.

***************** ശ്ശേ ...... വളരെ വളരെ മോശം ആയിപോയി, ഞാൻ ഇനി ജന്മത്ത് കുടിക്കില്ല.

ഇന്നലെ എന്തൊരു ബോർ ആണ് ആയതു. ഔ....

ഓർക്കാൻ പോലും പറ്റണില്ല. ഞാൻ എഴുന്നേറ്റു മച്ചിലേക്കു നോക്കി ആലോചിച്ചു, നല്ല തലവേദന ഉണ്ട്..

ഒരു കട്ടൻ ഇട്ടു കുടിച്ചു. മീനാക്ഷി കുളിക്കായിരിക്കും.

അവള് ഇന്നും ലീവ് ആക്കിയോ. “ആ, എണീറ്റൊ കള്ളുകുടിയൻ” ആ ചോദ്യം എന്നെ ചിന്തകളിൽ നിന്നും ഉണർത്തി.

ഈറൻ മുടി ഒരു സൈഡിലേക്ക് വിരിച്ചിട്ട്, തലചരിച്ചു കൈയുംകെട്ടി അവള് എന്നെ നോക്കിനിന്നു. മുഖത്തു ഗൗരവം ആണ്.

ഈറൻ താങ്ങി നിൽക്കുന്ന ആ മുഖത്തു ഒരു ജാലകണമാവാനെങ്കിലും കഴിഞ്ഞിരുന്നെങ്കിൽ ഞാൻ വെറുതെ കൊതിച്ചു. ഞാൻ ഒരു ഇളിഞ്ഞ ചിരിചിരിച്ചു.

“ ഇളിക്കണ്ട, പടിക്കെട്ടു കയറാൻ പോലും പറ്റാണ്ട് നിലത്തിരുന്നു നെരങ്ങായിരുന്നു ഞാൻ വരുമ്പോ, ഷർട്ടിൽ ചോരയാണെന്നു വച്ച് പേടിച്ചു അഴിച്ചു നോക്കുമ്പോൾ, നിങ്ങളുടെ അച്ഛന്റെ അച്ചാറാണ് അതിലെന്നു പറഞ്ഞു എന്നോട് ചൂടായതു ഓർമ്മയുണ്ടോ?.. എവിടന്നു, ചവിട്ടി പൊന്തിച്ച് അതിന്റെ അടിയിൽ ഛർദ്ദിച്ചതോ....

ഏയ്.... എന്നെ ഈക്കണ്ട സ്റ്റെപ്പ് മുഴുവൻ താങ്ങിപിടിച്ചു കയറ്റിച്ചതെങ്കിലും ഓർമ്മ ഉണ്ടോ?

” “ചിലതൊക്കെ....” ഞാൻ  പറഞ്ഞു മുഴുവനാക്കുന്നതിനു മുന്നേ അവളുടെ തീപാറുന്ന നോട്ടം കണ്ടു നിശബ്ദതപാലിച്ചു, മൗനം ആണ് വിദ്വാന്ഭൂഷണം.

അവൾ ഇപ്പോൾ മുഴുവനായും ഒരു ഭാര്യയുടെ ശൗര്യത്തിലേക്കു എത്തിയിരുന്നു. “നിങ്ങളീ താലി കെട്ടിയതു കൊണ്ടല്ലേ എന്നോടിങ്ങനെയൊക്കെ കാണിക്കുന്നത്, എല്ലാം സഹിച്ചു നിൽക്കുമെന്ന് വിചാരിച്ചല്ലേ.

അല്ലെങ്കിൽ തന്നെ ഞാൻ ആരോടാ ഈ പറയണത്? എന്നോട് വല്ല സ്നേഹം ഉണ്ടെങ്കിൽ അല്ലെ ഞാൻ പറഞ്ഞാൽ കേൾക്കാ.

” എനിക്കൊന്നും പറയാൻ പറ്റിയില്ല. എന്റെ ഉള്ളിൽ അവളോട് എത്ര ഇഷ്ടമാണെന്നു പറഞ്ഞു മനസ്സിലാക്കേണ്ടത് എങ്ങനെയാണെന്ന് പോലും എനിക്കറിയില്ല.

എന്തോ  അവളുടെ കണ്ണ് നിറഞ്ഞു തുടങ്ങി. എൻറെയും.

ഞാൻ അവളുടെ ആ പീലികണ്ണുകളിൽ നോക്കിയിരുന്നു. എന്തൊക്കെയോ അവളുടെ മനസ്സിൽ കുഴഞ്ഞു മറയുന്നുണ്ടായിരുന്നു, അതെനിക്ക് ആ കണ്ണുകളിൽ കാണാൻ കഴിഞ്ഞു.

അവൾ എനിക്ക് നേരെ നോക്കാതെ വലതു വശത്തെ ചുമരിൽ നോക്കി ചോദിച്ചു. “ഉണ്ണിയേട്ടൻ....

ഇന്നലെ.... കിടക്കുമ്പോൾ ഒരു കാര്യം പറഞ്ഞു, അത് സത്യമാണോ?

” ഞാൻ എന്താണെന്നു മനസ്സിലാവാതെ അവളെ നോക്കി. “എന്നെ....

എന്നെ.... അത്രക്കു ഇഷ്ടമാണോ, ജീവനാണോ....

” അവൾ എന്നെ നോക്കാതെ, എന്റെ കണ്ണിൽ നോക്കാതെയാണ് അത് ചോദിച്ചത്. ഞാൻ അത് അവളോട് പറഞ്ഞു എന്നത് എന്നെ ഞെട്ടിച്ചു എങ്കിലും, എന്നെങ്കിലും അവളോടത് പറയാൻ ഞാൻ ഉള്ളാൽ ആഗ്രഹിച്ചിരുന്നു .

എനിക്കതിനു ഉത്തരം പറയാൻ കഴിഞ്ഞില്ല, കണ്ണിൽ നിറഞ്ഞു നിന്നിരുന്ന ഒരു തുള്ളി കണ്ണുനീർ, നിലവിട്ടു താഴേയ്ക്കൊഴുകി കയ്യിൽ വീണു ചിതറി. ഞാൻ അത് ഒളിപ്പിക്കാൻ എന്നോണം വിഫലമായി എഴുന്നേറ്റു നടക്കാൻ നോക്കിയെങ്കിലും അവൾ അത് കണ്ടിരുന്നു.

“നാളെ ഞാൻ ഹോസ്റ്റലിലേക്ക് തിരിച്ചുപോകും. ഇനിയെന്നെ കാണാൻ ഉണ്ണിയേട്ടൻ വരരുത്.

ഞാൻ വളരെ കുറച്ചു നാളെ ഇവിടെ ഉണ്ടായിരിക്കുള്ളൂ. പോയാൽ പിന്നെ......

നമ്മൾ ഒരിക്കലും ജീവിതത്തിൽ കണ്ടുമുട്ടില്ല." പിന്നിൽനിന്നും ശക്തമായി അവളിതു പറയുന്നുണ്ടായിരുന്നു.

കൂടുതൽ കേൾക്കാൻ ത്രാണിയില്ലാത്തതാണ് കൊണ്ട് ഞാൻ നടന്നു ബാത്റൂമിൽ കയറി, ഷവർ തുറന്ന്, തണുത്ത ടൈലിൽ തലയമർത്തി കുറച്ച്നേരം നിന്നു. കണ്ണുനീർ ഷവറിലെ വെള്ളത്തിൽ ലയിച്ചു കണ്ണെത്താത്ത ഏതോ ലോകത്തേക്ക് യാത്രയായി.

*************** കുളികഴിഞ്ഞിറങ്ങിയ ഞാൻ ഒരു തീരുമാനം എടുത്തിരുന്നു, ഇനി അവളെ വേദനിപ്പിക്കില്ല. നോക്കുമ്പോൾ അരികിലെ കബോഡിന് മുകളിൽ അവളന്ന് എന്നെ എറിഞ്ഞ 'എൻവിറോൺമെന്റൽ കെമിസ്ട്രി' ബുക്ക് ഇരിക്കുന്നു.

മിനിയാന്നതു കോളേജ് ലൈബ്രറിയിൽ കൊണ്ട് കൊടുക്കാൻ അവള് പറഞ്ഞിരുന്നു. ഞാൻ അത് ഉഴപ്പി വൈകിപ്പിച്ചു.

എന്തായാലും മാറ്റത്തിന്റെ ആദ്യപടിയായി ഇത് ലൈബ്രറിയിൽ കൊണ്ട് കൊടുക്കാം. ബുക്ക് എടുത്തു, "മീനാക്ഷി ഞാൻ ബുക്ക് കൊടുത്തിട്ടു വരാം" എന്നുപറഞ്ഞു ഇറങ്ങി.

അപ്പോഴത്തെ ദേഷ്യത്തിന് അവൾ തിരിഞ്ഞു നോക്കുകയോ, എന്തെങ്കിലും പറയുകയോ ചെയ്തില്ല. *************** കുറച്ചു സമയത്തിന് ശേഷം ആണ് അവള് ഓർത്തത് , 'ലൈബ്രറിയിൽ നല്ല പൊടിയുണ്ട്, ഇൻഹേലർ എടുക്കാതെ പോകരുത്" എന്ന് അവനോടു മിനിയാന്ന് പറഞ്ഞത്.

അവനു ശ്വാസംമുട്ട് എത്രക്ക് അപകടകരമായ രീതിയിൽ ഉണ്ട് എന്ന് അവൾക്കു വ്യക്തമായി അറിയാമായിരുന്നു, അവളതു നേരിട്ട് കണ്ടിട്ടുള്ളതാണ്, കല്യാണപിറ്റേന്ന് തന്നെ. ചെന്ന് നോക്കിയപ്പോൾ ബുക്ക് കാണാൻ ഇല്ല, ഇൻഹേലർ അവൾ വച്ചിടത്തു തന്നെ ഇരിപ്പുണ്ട്.

അവൾക്കു പെട്ടന്നൊരു ആദി കയറി.... *************** ഞാൻ ബസ്സുപിടിച്ചു ഗണേശപുറത്തു ഇറങ്ങി, കോളേജ് ലൈബ്രറിയിലേക്ക് നടന്നു.

ലൈബ്രേറിയൻ ക്ലീനിങ്ങിൽ ആയിരുന്നു.കുറച്ചു നേരം അവിടെ കത്ത് നിൽക്കേണ്ടി വന്നു. രണ്ടു ദിവസത്തെ ലേറ്റ് ഫീ അടച്ച്, പുസ്തകം റിട്ടേൺ ചെയ്തു ഞാൻ ഇറങ്ങി.

സാധാരണ പോലെ ക്ലാസ് നടക്കുന്നുണ്ട്, അവളെന്താവോ ലീവ് എടുത്തത്. ഇന്നലത്തെ ക്ഷീണം കാണും.

പാവം.... ഞാൻ ആണ് എല്ലാം ചെയ്തുകൂട്ടിയത്.

എല്ലാം അവൾ തന്നെ വൃത്തിയാക്കേണ്ടി വന്നു. ഇനി ഇതുപോലെ ഉണ്ടാവരുത്.

കുറച്ചു ദൂരം നടന്നു കോളേജ് ഗേറ്റ് എത്താറായപ്പോൾ, ചെറുതായി ശ്വാസം മുട്ടുന്നപോലെ, ആ ലൈബ്രേറിയിലെ പൊടിമൊത്തം വലിച്ച് കയറ്റിയിട്ടാവും. നടക്കും തോറും വലിവ് കൂടി വന്നു.

ഞാൻ ആരെയും അറിയിച്ചു നാണക്കേടാവാതിരിക്കാൻ പോക്കറ്റിൽ കൈയും തിരുകി തലകുമ്പിട്ടു, ശ്വാസം കഷ്ടപ്പെട്ടു എടുത്തുകൊണ്ട് നടന്നു. കുറച്ച് സമയത്തിൽ തന്നെ ശ്വാസം തീരെ കിട്ടാതായി.

എന്റെ മരണം ഒരുപക്ഷെ ഇങ്ങനെ ആയിരിക്കും. എന്നെ അറിയാത്ത, ഞാൻ അറിയാത്ത വലിയൊരു ആൾക്കൂട്ടത്തിനു നടുവിൽ.

എനിക്ക് അതോർത്തപ്പോൾ ഒരു ചെറുചിരി മുഖത്തു പടർന്നു. അല്ലെങ്കിൽ തന്നെ ഞാൻ എന്തിനാണ് ജീവിക്കുന്നത്, ആർക്കു വേണ്ടിയാണു ജീവിക്കുന്നതു.

മരണം ഒരുതരത്തിൽ എന്റെ രക്ഷപെടലാണ്. കോളേജ് ഗെയ്റ്റ്നു അരികിൽ പരുക്കൻ റോഡിൽ മുട്ടുകുത്തി നിന്നുകൊണ്ട്, ഞാൻ എൻറെ മരണത്തെ സധൈര്യം അഭിവന്ദനം ചെയ്തു.

പിള്ളേര് വിചാരിച്ചു കാണണം ഞാൻ വിണ്ണെത്താണ്ടി വരുവായയിലെ ചിമ്പു കളിയ്ക്കാൻ മുട്ട്കുത്തി നിൽപ്പാണെന്നു. പെട്ടന്ന് എനിക്കെതിരെ നിർത്തിയ ഓട്ടോയിൽ നിന്ന് മീനാക്ഷി ചാടിയിറങ്ങി, ബോധം മറഞ്ഞു തല മണ്ണിലിടിക്കുന്നതിനു മുൻപ് ഞാൻ കാണുന്നത് അലറിക്കരഞ്ഞുകൊണ്ടു എനിക്ക് നേരെ ഇൻഹേലറും പിടിച്ചുകൊണ്ട് ഓടി വരുന്ന മീനാക്ഷിയെ ആണ്.

സ്റ്റെല്ല മേരീസ് ലെ ആരും കൊതിച്ചു പോകുന്ന സ്വപ്നസുന്ദരിയായ മീനാക്ഷി മിസ്സ്, ഒരു കീറിയ ജീൻസ് മിനിട്രൗസറിലും അയഞ്ഞ ബനിയനിലും കൂടുതൽ മനോഹാരിണിയായി ഓടിവരുന്നത് കണ്ട് കോളേജ് പിള്ളേരെല്ലാം, പകച്ചു കൊണ്ട് നോക്കിനിന്നു. അവളൊരു അൾട്രാ മോഡേൺ ഹോളിവുഡ് നായികയെപോലെ, ഇന്ദ്രനെപോലും മോഹിപ്പിക്കുന്ന ഉടലഴകിൽ ആരെയും ശ്രദ്ധിക്കാതെ എനിക്കുനേരെ ഓടിയണഞ്ഞു.

ദൈവത്തിനു പോലും വേണ്ടാത്ത എനിക്ക് വേണ്ടി ഇവളെന്തിന് കരയുന്നു.... മീനാക്ഷി......

എന്റെ മാത്രം മീനാക്ഷി..... ***********************

“ കഥയുടെ തികവിനും , മികവുറ്റ ആസ്വാദനത്തിനും വേണ്ടി മാത്രമായി സാങ്കല്പികമായി എഴുതിച്ചേർക്കപ്പെട്ട കഥാസന്ദർഭങ്ങളും, കഥാപാത്രങ്ങളും ആണ് . ഏതെങ്കിലും രീതിയിൽ ആരെയും, ഏതെങ്കിലും വിഭാഗത്തേയും വേദനിപ്പിക്കാനോ, കരിവാരിത്തേക്കാനോ ചെയ്തതല്ല .

എല്ലാം സാങ്കല്പികം മാത്രമായി കണ്ട് വായിക്കണം.

ഇതിൽ ഉപയോഗിച്ചിട്ടുള്ള നാടൻ പാട്ട് ഞാൻ കഥാസന്ദർഭത്തിനു ഉതകുന്ന രീതിയിൽ വരികളിൽ ചെറിയ മാറ്റങ്ങൾ വരുത്തിയിട്ടുള്ളതാണെങ്കിലും, യഥാർത്ഥമായി അത് ജൈനീഷ് മണപ്പുള്ളി എന്നയാളുടെ ബ്ലാക്ക് ബ്രോ ചാനലിൻറെ കോപ്പിറൈറ്റ് പരിധിയിൽ വരുന്നതാണ്, ഈ കഥയും ആയി ബന്ധപ്പെട്ടു അദ്ദേഹത്തെയോ ചാനലിനെയോ വ്യക്തിഹത്യ ചെയ്യാൻ പാടുള്ളതല്ല എന്ന് അറിയിക്കുന്നു. പുകഴ്തലുകൾ എഴുതണമെന്നില്ല.

കുറവുകളും, തെറ്റുകളും, പോരായ്മകളും എഴുതുക. ഏതെങ്കിലും പദം മനസ്സിലാവത്തതുണ്ടെങ്കിൽ കമന്റിൽ കുറിക്കുക.

" പ്രണയത്തിൽ പരാജയപ്പെട്ടവരുടെ മനസ്സും ഉടഞ്ഞ കളിമൺ പാത്രങ്ങളും ഒരു പോലെയാണ് എങ്ങിനെയെല്ലാം ശരിപ്പെടുത്താൻ ശ്രമിച്ചാലും ആർക്കും നികത്താനാവാത്ത വിടവുകളും, ആറാത്ത മുറിപ്പാടുകളും അതിൽ അവശേഷിക്കുക തന്നെ ചെയ്യും. അവളാൽ ഉടച്ച് വാർക്കപ്പെട്ട പുതിയൊരു മനസ്സുമായി ജീവിക്കുന്നതിലും പ്രിയം എനിക്ക് മരണമായിരുന്നു.

മരണം കൊണ്ടെഴുതുന്ന കഥകൾക്ക് മറ്റെന്തിനേക്കാളും മാറ്റ് കൂടുതലായിരിക്കും. പ്രണയമവിടെ അനശ്വരമാകും.

ഈ ഒരു നിമിഷം ഞാൻ മരിക്കാൻ ആഗ്രഹിച്ചു. കാരണം, ഞാൻ ഇപ്പോൾ സന്തോഷവാനാണ്.

എനിക്ക് വേണ്ടി കരയാൻ ഒരു പെണ്ണുണ്ട്, സുഹൃത്തുക്കളുണ്ട്, ഇത് മഴയില്ലാത്ത ഒരു ദിവസവുമാണ്. എനിക്ക് മരിക്കാൻ ഇതിലും നല്ലൊരു സാഹചര്യം വേറെ എന്ന് ലഭിക്കും.

ഒരു പക്ഷെ ഇതൊന്നുമില്ലാത്ത ഒരു ദിവസമാണ് ഞാൻ മരിക്കുന്നതെങ്കിലോ. അല്ല ഇപ്പോൾ മരിക്കുന്നതാണ് അതിന്റെ ഭംഗി.

************** ട്വൊന്റി എയ്റ്റ്, ട്വൊന്റി നയൻ, തേർട്ടി...... ഒക്കെ ലെവൽ അപ്പ് ഓക്സി കോൺസന്റേറ്റർ.

ഒക്കെ കീപ്പ് ഇട്ട് സ്റ്റേബിൾ ലെറ്റ്സ് സ്റ്റാർട്ട് എഗയിൽ .......... ഗെറ്റ് ദ ഡിഫൈബ്(defibrillator machine) ഓൺലൈൻ.

വീ ഷുഡ് യൂസ് ദാറ്റ് അഫ്റ്റർ ദിസ് സെറ്റ്. വൺ, ടു, ത്രീ, ഫോർ ....

പെട്ടന്നുണ്ടായ സമ്മർദ്ദത്തിൽ ഹൃദയം ഇതുവരെയില്ലാത്ത ശക്തിയിൽ കഠിനമായ വേദനയിൽ മിടിച്ചുകൊണ്ട് നെഞ്ചിലേക്ക് ശ്വാസം അരിച്ചു കയറിവന്ന്നിറഞ്ഞു. ശുദ്ധമായ ഓക്സിജൻ നെഞ്ചിലേക്ക് കയറിയൊഴുകി ഉള്ളൊന്നു തണുത്തു.

ഞാൻ ആർത്തിയോടെ അത് വീണ്ടും വീണ്ടും വലിച്ചെടുത്തു, ഒരു മനുഷ്യന് ജീവിതത്തിൽ ഏറ്റവും പ്രധാനപ്പെട്ടത്, അതില്ലാത്ത നാലുമിനിറ്റ് സ്ഥിരമായ മസ്തിഷ്കക്ഷതത്തിനു വരെ കാരണമാകാം. എട്ട് മിനിറ്റ് മരണത്തിനും.

കലർപ്പില്ലാത്ത ഓക്സിജൻ തലയ്ക്കു പിടിച്ച് തുടങ്ങിയപ്പോൾ അതിനകത്ത് കുറച്ച് വെളിച്ചം വന്നു. ഞാൻ പകച്ച്, കിടക്കുന്ന സ്ഥലം നോക്കി.

ഓടുന്ന എന്തോ ഒന്നാണ്, ഓ അംബുലൻസ്. ഞാൻ എന്റെ ദേഹത്ത് കയറിയിരുന്നു ഈ സർക്കസ് മുഴുവൻ കാണിക്കുന്ന പെണ്ണിനെ നോക്കി.

കാഴ്ചയിൽ സുന്ദരിയായൊരു നേഴ്സ് അവളുടെ എടുത്ത്പിടിച്ചു നിൽക്കുന്ന കുചഗോളങ്ങളെ മറികടന്ന് ആ മുഖം ഒന്ന് നോക്കാൻ ആരും ഒന്ന് പാടുപെടും. എനിക്ക് ബോധം വന്ന സന്തോഷത്തിൽ പിന്നിലേക്ക് ചാഞ്ഞ അവളുടെ കനത്ത ചന്തിഗോളങ്ങൾ എന്റെ അടിവയറ്റിലുരഞ്ഞു.

ഞാൻ എന്റെ നഗ്നമായ നെഞ്ചിലമർന്നിരിക്കുന്ന അവളുടെ കൈകൾ അൽപ്പം ഈർഷ്യയോടെ തട്ടിമാറ്റി, ഇല്ലെങ്ങി അവക്കിനിയും ഒരുവട്ടം കൂടി പിടിച്ച് അമർത്താൻ തോന്നിയാലോ. രണ്ട് കൈ കൊണ്ടും ഷർട്ട് വലിച്ച് നെഞ്ച് മറച്ചുകൊണ്ട് ഞാൻ ഇടംവശത്തു നിൽക്കുന്നയാളെ നോക്കി.

അവൻ ഡിഫിബ്രിലേറ്ററിൽ ജെൽ ഇട്ട് ഉരക്കുക്കുക ആയിരുന്നു. ഏതോ കാർന്നവൻമാരുടെ പുണ്യം കൊണ്ട് ഞാൻ ഇപ്പോൾ എഴുന്നേറ്റു, ഇല്ലെങ്കി അവൻ അതും വച്ച് എന്റെ നെഞ്ചിൽ പൊങ്കാലയിട്ടേനെ, ആണ്ടവാ...., അതു ചെയ്യാൻ പറ്റാത്ത വിഷമം അവന്റെ മുഖത്ത് നല്ലപോലെ തെളിഞ്ഞ് കാണാനുണ്ട്.

നാശം, ചത്തില്ല. ഈ മറുത എന്നെ രക്ഷിച്ചു ഞാൻ അവളെ നിസ്സംഗമായി നോക്കി.

അവൾക്കിതൊന്നും പുത്തരിയല്ല എന്ന് അവളുടെ മുഖം കണ്ടാൽ അറിയാം, ഒരു പക്ഷെ അവൾ രക്ഷിച്ചവരിൽ ഏറെപേരും സ്വസ്ഥമായി മരിക്കാൻ ആഗ്രഹിച്ചിരുന്നവർ ആയിരിക്കും. അല്ലെങ്കിൽ തുടർച്ചയായ ജനനവും മരണവും അതിനിടയിലെ ദുരിതപൂർണ്ണമായ ജീവിതവും കണ്ട് കണ്ട് മനംമടുത്ത് പോയി ജീവിതത്തിന്റെ ഫിലോസഫി തെറ്റിയവളായിരിക്കും.

ഇതൊന്നുമല്ലെങ്കിൽ കൂടിയും, രാവും പകലും മാറുന്നതറിയാതെ തൊഴിൽ ചെയ്ത് തുച്ഛമായ ശമ്പളവും വാങ്ങി, പ്രാരാബ്ധം തള്ളിനീക്കുന്ന പിഞ്ഞിയ ഗൗണിട്ട, വാട്ട്സ് അപ്പ് സ്റ്റാറ്റസുകളിൽ സ്ഥിരമായി കാണുന്ന മാലകയാണ് അവളെന്ന് ഒട്ടും ആലോചിക്കാതെ തന്നെ എനിക്ക് പറയാൻ കഴിയും. എന്റെ കാട്ടികൂട്ടിലുകൾ കണ്ട് അവൾക്ക് ചിരിപൊട്ടിയെങ്കിലും, വലത് കാലിനോരത്ത് നിർത്താതെയുള്ള ഏങ്ങലടികൾ കേട്ട് ഞാൻ അങ്ങോട്ട് എത്തിനോക്കി.

കരഞ്ഞ് കുതിർന്ന്, വെള്ളത്തിൽ നിന്നും പിടിച്ചു കരയില്ലിട്ട മീനെന്ന കണക്കെ മീനാക്ഷി. അതൊന്നും കണ്ട് നിൽക്കാൻ ഉള്ള ത്രാണി എനിക്കുണ്ടായിരുന്നില്ല ഞാൻ ചാഞ്ഞ് ആംബൂലൻസിന്റെ മച്ചിലും നോക്കി കിടന്നു.

എന്നാലും ആംബുലൻസിൽ പോലും ICU സെറ്റപ്പ് ഉള്ള ആശുപത്രി ഇതേത്. തലക്ക് പെട്ടന്നൊരു വെള്ളിടിവെട്ടി.

ആണ്ടവാ..., നെപ്പോളോ, സുഭാഷ്.   എം.

ജി. ആറും, ജയലളിതയും വലിയ വലിയ ആളുകൾ കിടന്ന ഹോസ്പിറ്റൽ.

വെറും പനിക്കു പോലും മിനിമം പതിനായിരം ബില്ലുവരും, അത്യാസന്നനിലയിൽ ബോധം പോലും ഇല്ലാതെയാണ് എന്നെ കൊണ്ടു പോകണത്, പോരാത്തതിന് ആ നാറി ഡീഫിബ്രിലേറ്ററിൽ ജെല്ലെടുത്ത് തേക്കുകയും ചെയ്തു, അതിനും ചേർത്ത് ബില്ല് വരും. മിക്കവാറും അടിയിലിട്ടിരിക്കണ വള്ളിനിക്കറു വരെ അവര് ഊരി വാങ്ങും.

ഇറങ്ങി ഓടിയാലോ, വേണ്ട ഇപ്പൊ ഉള്ള പരിക്കെന്നെ ധാരാളമാണ് ഇനി ഇതിന്ന് എടുത്ത് ചാടി കയ്യും കാലും കൂടി ഒടിഞ്ഞാ ഒരു മാസം അവരു പിടിച്ച് കിടത്തും. ഞാൻ ബോധംപൂവാതിരിക്കാൻ പ്രത്യേകം ശ്രദ്ധകൊടുത്ത് മുകളിലോട്ട് നോക്കി കണ്ണുമുരുട്ടി കിടന്നു.

ഇവർക്കീ നിലവിളിശബ്ദം ഒന്ന് നിറുത്തിക്കൂടെ, ഞാൻ ചത്തില്ലല്ലോ, ചത്തിട്ട് ഇട്ടാ പോരെ. ആശുപത്രിയിൽ എത്തിയപ്പോൾ ഞാൻ തന്നെ അവർക്ക് എന്റെ ശ്വാസമുട്ടിനെ പറ്റിയും, അത് ട്രിഗർ ചെയ്യാൻ കാരണമായ പൊടിയും, തലേദിവസത്തെ അമിതമദ്യപാനവും അതുമൂലം ഉണ്ടായ ഡീഹൈഡ്രേഷനും, ഭക്ഷണം കഴിക്കാൻ മറന്നതും, ഇൻഹേലർ തിരക്കിൽ എടുക്കാൻ വിട്ടുപോയതും വിശദമായി വിവരിച്ചു കൊടുത്തു.

എല്ലാം കേട്ട്, എല്ലാം എന്റെ കുത്തികഴിപ്പിന്റെ ഭാഗമായി ഉണ്ടായതാണെന്ന് മനസ്സിലാക്കി അവർ എന്നെ അപമാനിച്ചു തുടങ്ങി. അപമാനിച്ച് മതിയായപ്പോൾ അറഞ്ചം പൊറഞ്ചം മരുന്നും എഴുതി , എന്റെ ഡെബിറ്റ് കാർഡ് വാങ്ങി അക്കൗണ്ട് ക്ലീനായി തന്നു.

മീനാക്ഷി കൊടുക്കാമെന്ന് ഒരു പാട് വട്ടം പറഞ്ഞു. അത് അങ്ങനെ അല്ലല്ലോ നമ്മള് കാണിച്ച കന്നന്തിരിവിന് മീനാക്ഷി എന്തിനാണ് ഫൈൻ അടക്കണത്.

എന്തായാലും പണിക്ക് പൂവാതെ ജീവിക്കാൻ പറ്റില്ല എന്ന സ്ഥിതിയായി. എന്നെ വിഷമിപ്പിച്ചത് ഈ പ്രണയമാണ്, അതിന്റെ മൂലമായ ഭാവം സന്ദേഹമാണ്.

പ്രണയമെന്താണെന്ന് വേർത്തിരിച്ചറിയാൻ കഴിയാത്ത അവസ്ഥ. നേടിയെടുക്കുന്നതാണൊ, വിട്ടുകൊടുക്കുന്നതാണോ പ്രണയം.

അത് ശരിതെറ്റുകൾ പോലെ തന്നെ നിർവചിക്കാൻ കഴിയാത്തൊരു ആശയമാണ്. വരുന്നിടത്ത് വച്ച് കാണം എന്ന് മാത്രമേ പറയാൻ കഴിയൂ.

പ്രണയം നേടുന്നവരുടെയോ, വിട്ടുകൊടുക്കുന്നവരുടെയോ എന്ന വിശ്വപ്രസിദ്ധമായ ഉത്തരമില്ലാത്ത തർക്ക വിഷയത്തിൽ ഞാനും ഭാഗമായി എന്നു മാത്രം. രണ്ടിനും അതിന്റേതായ മനോവലിപ്പവും ധൈര്യവും ആവശ്യമുള്ളത് തന്നെ.

എങ്കിലും വിട്ടുകൊടുക്കുന്നവന് കാലംകൽപ്പിച്ച് നൽകിയിട്ടുള്ള ഒരു നായക പരിവേഷം ഉണ്ടെന്നുള്ളത്ത് ഒരു സത്യം തന്നെയാണ്. ഒരു യുദ്ധകളത്തിൽ ഒൻപത് ജീവൻ എടുക്കാൻ സാധ്യതയുള്ള ഒരാളെ കൊല്ലുന്നവനെക്കാൾ, സ്വന്തം ജീവൻ കൊടുത്ത് ഒരു ജീവൻ രക്ഷിക്കുന്നവനു തന്നെയല്ലെ നായകസ്ഥാനം.

ത്യാഗം എന്നും കേട്ടിരിക്കാൻ ഇമ്പമുള്ളൊരു കാര്യമാണ്. അതുകൊണ്ട് തന്നെയാണെല്ലോ വിശ്വപ്രസിദ്ധമായ പ്രണയകഥളെല്ലാം നഷ്ടപ്രണയളായി അവസാനിച്ചത്.

തലച്ചോറിന്റെ ഈ ഊമ്പിയ ഫിലോസഫിക്ലാസ് എന്റെ തളർന്ന മനസ്സിനെ പിന്നെയും തളർത്തിയതേയുള്ളു. സങ്കീർണ്ണമായ ഈ പ്രശ്നങ്ങൾ കുറച്ചൊന്നു ലളിതമാക്കാൻ മീനാക്ഷി ഹോസ്റ്റലിലേക്ക് തിരിച്ച് പോകുന്നത് തന്നെയാണ് നല്ലതെന്ന് എനിക്കും തോന്നി.

എനിക്ക് വയ്യാതിരിക്കുന്ന ഈ അവസ്ഥയിൽ ഇവിടം വിട്ട്പോകാൻ മീനാക്ഷിക്ക് ഒട്ടും മനസ്സില്ലായിരുന്നു. ഒരു കുഴപ്പവും ഇല്ല എന്ന എന്റെ ഉറപ്പിന്റെ പുറത്ത് നേരത്തെ തയ്യാറാക്കിവച്ചിരുന്ന ബാഗും എടുത്ത് അവളിറങ്ങി.

ഞാൻ തന്നെ അവളെ ഓട്ടോയിൽ അവിടം വരെ കൊണ്ട് ചെന്ന് ആക്കി കെടുത്തു. അധികം ദീർഘമല്ലാത്ത ആ യാത്രയിൽ ഞങ്ങൾ തമ്മിൽ ഒന്നും സംസാരിച്ചില്ല.

ഒട്ടോ ഹോസ്റ്റലിന് മുൻപിൽ നിർത്തി, ഞങ്ങൾ അതിൽ ചലനമില്ലാതെ എന്തോ ചിന്തയിൽ മുഴുകിയിരുന്നു. “സാർ ഇറങ്ങ വേണ്ടിയ ഇടം വന്താച്ച്” അക്ഷമനായ ആ ഒട്ടോക്കാരൻ അണ്ണാച്ചി ഞങ്ങളെ കാടുകയറിയ ചിന്തകളിൽ നിന്ന് വലിച്ച് പറിച്ച് പുറത്തേക്കിട്ടു.

ഞെട്ടിയെഴുന്നേറ്റ ഞാൻ അയാളുടെ അണ്ണാക്കിൽ കുത്തികയറ്റാൻ കാശ് തപ്പി. എന്നെ ഒന്നു തിരിഞ്ഞ് നോക്കുകപോലും ചെയ്യാതെ അവളിറങ്ങി നടന്നു.

ഒരു യാത്ര പോലും പറയാതെ. ഭാരിച്ച ആ ബാഗുംതാങ്ങി തലതാഴ്ത്തി അവൾ നടന്നു നീങ്ങുന്നത് നുറുങ്ങുന്ന ഹൃദയവുമായി ഞാൻ നോക്കിനിന്നു.

ഓട്ടോ പറഞ്ഞ് വിട്ട്, കൈകൾ ഇരുപോക്കറ്റിലും തിരുകി ഞാൻ തിരിച്ച് നടന്നു. പറഞ്ഞറിയിക്കാൻ പറ്റാത്തൊരു വിഷമം ശരീരമാകെ പടർന്നു കയറി.

എത്ര ദൂരം എന്ന് ഓർമ്മയില്ല നടന്നു കൊണ്ടേയിരുന്നു. ലക്ഷ്യബോധമില്ലാതെ എവിടെയോ ചെന്നെത്തി നിന്നു.

അപ്പോൾ ഫോണിൽ ഒരു മസ്സേജ് ട്യൂൺ കേട്ടു. മീനാക്ഷിയാണ് 'മരുന്ന് മറക്കാതെ കഴിക്കണം.

റെസ്റ്റ് എടുക്കണം' ഇതാണ് അതിൽ എഴുതിയിരിക്കുന്നത്. ഞാൻ അത് എടുത്ത് വച്ച് ഏത് കോണേത്ത് കുന്നിലാണ്, ഞാൻ ചെന്ന് എത്തിപ്പെട്ടിരിക്കുന്നതെന്ന് നോക്കി.

അവിടെ നിന്നു തിരികെ നടന്ന് എങ്ങനെയൊക്കെയോ വീടെത്തി. ഈ സമയമെല്ലാം തിന്നു തീർത്തത് അവളെ കുറിച്ചുള്ള ഓർമ്മകൾ മാത്രമായിരുന്നു.

അവളെ കുറിച്ച് ഓർമ്മിക്കാൻ മാത്രമായി നടക്കുക ആയിരുന്നു എന്നു പറയുന്നതാവണം ശരി. എവിടെ നിന്നോ ഓടിവന്ന ഇരുട്ട് എന്റെ തോളത്ത് കയറിയിരുന്ന് ഞാൻ പറഞ്ഞ കഥകളും കേട്ട് എനിക്കൊപ്പം പോന്നു.

വീട്ടിലെത്തിയതും തോളത്ത് നിന്നും ഇരുട്ടിനെ വലിച്ച് പുറത്തിട്ട് ഞാൻ ഉള്ളിൽ ലൈറ്റ് ഓൺ ചെയ്യ്തു. ഇതൊരു വലിയ ദിവസമായിരുന്നു.

പോയി കട്ടിലിൽ വീണതേ ഓർമ്മയുള്ളൂ. ********************** കണ്ണ് തുറക്കുമ്പോൾ മുറിയിൽ സൂര്യപ്രകാശം സ്വർണ്ണശോഭയിൽ പടർന്നു കിടന്നിരുന്നു.

രണ്ട് മൂന്ന് ദിവസമായി മഞ്ഞിന് കുറവുണ്ട്. ജനവാതിൽക്കൽ മീനാക്ഷി ഇന്നലെ ഇട്ടുപോയ ഗോതമ്പ് മണികൾക്കായി പക്ഷികൾ തിരക്കുകൂട്ടി.

അവൾ മറന്നിട്ടു പോയ ഓർമ്മയുടെ ഗോതമ്പുമണികൾ ഈ റൂമിലങ്ങോളം ഇങ്ങോളം ചിതറിക്കിടപ്പുണ്ട്. അവയിൽ വീണ് പോകാതെ മനസ്സിനെ പണിപ്പെട്ടു നിയന്ത്രിച്ച് ഞാൻ അവിടെ നിന്നും എഴുന്നേറ്റു.

ഇന്നലെ മരുന്ന് കഴിക്കാൻ വരെ മറന്നു പോയിരിക്കുന്നു. ഞാൻ തലേന്നു ഇട്ടു വച്ച ലൈറ്റ് ഒഫ് ചെയ്തു.

വേഗം തയ്യാറായി സ്റ്റുഡിയോയിലേക്ക് ഇറങ്ങി. ജോലിയിൽ ഇൻവോൾവ് ആകുന്നത് മാത്രമാണ് ഇതിൽ നിന്നെല്ലാം ഉള്ള ഏകരക്ഷാമാർഗ്ഗം എന്നെനിക്ക് അറിയാമായിരുന്നു.

അടുത്ത ദിവസങ്ങളിലേക്കുള്ള ഇന്റർവ്യൂ ഷെഡ്യൂൾ നോക്കി. ഒന്ന് പഴയ നടൻ ത്യാഗരാജൻ സാറിന്റെ ഇന്റർവ്യൂ ആണ്.

ത്യാഗരാജൻ നസ്സീർ സാറിനും, സത്യൻ മാഷ്ക്കും, ജയനും ശേഷം മലയാള സിനിമ മമ്മുക്കയിലേക്കും, ലോലേട്ടനിലേക്കും കൂടുമാറുന്നതിനു മുൻപ്, ഒരുപാട് ആരാധകരും പ്രശസ്തിയും ആയി തിളങ്ങിനിന്ന നടൻ ആണ്. സിനിമയുടെ മാറ്റത്തിന്റെ

കുത്തൊഴുക്കിൽ ഒപ്പം നീന്തിയെത്താൻ കഴിയാതെ വന്നപ്പോൾ സിനിമാ ജീവിതം അവസാനിപ്പിച്ച ഒരുപാട് പേരിൽ ഒരാൾ.

അതിനു ശേഷം ഗൃഹസ്ഥ ജീവിതത്തിലേക്കും, എഴുത്തിലേക്കും തിരിഞ്ഞു ജീവിക്കുന്ന ഒരു പാവം മനുഷ്യൻ. അദ്ദേഹത്തിന്റെ മക്കൾ ഇങ്ങോട്ട് അഭ്യർത്ഥിച്ചതു പ്രകാരമുള്ള പ്രോഗ്രാം ആണ്.

അഭിമുഖങ്ങളിൽ ഞാൻ തുടർന്നു കൊണ്ടിരിക്കുന്ന സൗഹൃദപരമായ രീതി തന്നെയാണ് കാരണം. ഇതുവരെ ആരെയും അടുപ്പിക്കാതിരുന്ന അദ്ദേഹം ഞാനാണെന്ന് പറഞ്ഞപ്പോൾ സമ്മതംമൂളിയിരുന്നു.

നാളെ ദിൽബർ സൽമാനുമായുള്ള അഭിമുഖമാണ് അവൻ നല്ല ഒരു സുഹൃത്ത് ആയതുകൊണ്ടും, അവനെ മുൻപ് ഒരുപാട് വട്ടം ഇന്റർവ്യൂ ചെയ്തിട്ടുള്ളതു കൊണ്ടും അതിൽ സമാധാനം ഉണ്ട്. അവസാനത്തെ ഇൻസ്റ്റാ, ട്വീറ്റർ പോസ്റ്റ് മാത്രം നോക്കി പോയി ഇന്റർവ്യൂ ചെയ്താമതി.

ഞാൻ അത് മാറ്റി വച്ച് ത്യാഗരാജനെ കുറിച്ച് ചികഞ്ഞ് തുടങ്ങി. സോഷ്യൽ മീഡിയയും, മറ്റ് സൗകര്യങ്ങൾക്കും അദ്ദേഹത്തിനെ പറ്റിയുള്ള അറിവുകൾ പരിമിതമായിരുന്നു.

വിക്കിപീഡിയയിലെ പരിമിതമായ അറിവുകൾക്കൊപ്പം ഞാൻ പഴയകാല ജേണ്ണലുകളും, അദ്ദേഹത്തിന്റെ എഴുത്തുകളും ചികഞ്ഞ് ഞാൻ അറിവുകൾ ക്രോഡീകരിച്ചു. കണ്ടന്റ് അസ്സിസ്റ്റന്റിനെ പഴയ ഫോട്ടോകളും, വീഡിയോകളും ക്രമീകരിക്കാൻ ഏൽപ്പിച്ച്, ഞാൻ ഒന്നു മൂരി നിവർന്നു.

പുറത്ത് ചെന്നൈ നഗരത്തിന്റെ പ്രശസ്തമായ കത്തുന്ന നൻപകൽ നേരം ആരംഭിച്ചിരുന്നു. വിശന്നപ്പോൾ വീണ്ടും അവളെ ഓർമ്മ വന്നു.

വല്ലതും കഴിച്ചിട്ടുണ്ടാകുമോ പാവം. ഇന്നലെ മുഴുവൻ ജലപാനമില്ലാതെ എന്നെയും വലിച്ച് ടെൻഷനടിച്ച് ഓടിനടന്നതാണ്.

ഉച്ചക്ക് നിർബന്ധിച്ച് ഒരു ദേശയും ചായയും കഴിപ്പിച്ചിരുന്നു. അതും നുള്ളിപറക്കി അവിടെ വച്ച് പോയി.

ഇന്നലെ രാത്രിയും ഒന്നും കഴിച്ചിരിക്കില്ല. എനിക്ക് ഇരുന്നിടത്ത് ഇരുപ്പുറച്ചില്ല.

വേഗം ഇറങ്ങിനടന്നു. മൗണ്ട്റോഡിലുള്ള ദിൽഡുക്കൽ തലപ്പാകെട്ടി ബിരിയാണി കടയിൽ നിന്നും ഒരെണം പാർസൽ വാങ്ങി.

കറിയിൽ പകുതി വെന്തകായമ്മ അരിയിട്ടു വേവിക്കുന്നത്കൊണ്ട്, അരിയിൽ ആവശ്യത്തിന് മസാല പറ്റിയിരിക്കും, ചിക്കൻ ആണെങ്കിൽ അരിക്കൊപ്പം കിടന്ന് വെന്ത് നല്ല മൃദുവായിരിയും. നല്ല കിളിന്ത് വാഴയിലയിൽ വിളമ്പിക്കഴിക്കുന്ന ബിരിയാണിയോളം

പോന്ന വേറെ എന്താണ് നമ്മുക്ക് വിശന്നിരിക്കുന്ന പ്രിയപ്പെട്ടവൾക്ക് കൊടുക്കാൻ കഴിയുക.

അതും വാങ്ങി ഞാൻ ഗണേശപുരത്തേക്ക് ഓട്ടേയിൽ വച്ചടിച്ചു. എന്തൊക്കെ തന്നെ സംഭവിച്ചാലും, മീനാക്ഷി എനിക്ക് എന്നും പ്രിയപ്പെട്ടവൾ തന്നെയാണ്.

************** ക്യാൻറീനിൽ.... പരിതാപകരമായ അവസ്ഥയിൽ ചുരുണ്ട് കൂടികിടക്കുന്ന ആ തൈർസാദത്തേയേം, അതിനടുത്ത് ചെമ്പു വളയം പോലെ യാതൊരുവിധ മയവുമില്ലാതെ കിടക്കുന്ന ഉഴുന്നുവടയേയും നോക്കി മീനാക്ഷി നെടുവീർപ്പിട്ടു.

കഴിക്കാതെ വേറെ വഴിയില്ല. നല്ല വിശപ്പുണ്ട്.

അറിഞ്ഞെന്തെങ്കിലും കഴിച്ചിട്ട് ഒരു ദിവസമായിക്കാണും. ഉണ്ണിയേട്ടൻ എന്നെ പാടെ മറന്നെന്നു തോന്നുന്നു.

ക്ഷീണം മാറിയാണാവോ. എത്ര വട്ടം വിളിച്ചു ഫോൺ സ്വിച്ച്ട് ഓഫ് ആണ്.

അവൾ മുൻപിലിരിക്കുന്ന കുഴപ്പം പിടിച്ച ഭക്ഷണത്തേക്കാൾ കുഴഞ്ഞ ചിന്തകളിൽ ആയിരുന്നു. ഇടയിലെപ്പോഴോ തടസ്സങ്ങളില്ലാതെ സൂര്യപ്രകാശം വ്യാപിച്ച് കിടക്കുന്ന തുറന്നിട്ട ക്യാന്റീൻ വാതിലിലേക്ക് അവളുടെ ശ്രദ്ധപോയി.

അവിടെ കട്ടിളയും ചാരി, പൊള്ളുന്ന വെയിലിനെ കീറിമുറിച്ച് ചിരിച്ചു കൊണ്ട് അവളുടെ സുമുഖനായ സഹധർമ്മചാരി നിൽപ്പുണ്ടായിരുന്നു. അവൻ അവൾക്കടുത്തേക്ക് നടന്ന് വന്ന് ആ പാത്രമെടുത്ത് മാറ്റി, അവിടെ ഒരു പൊതി വച്ചു.

അതിൽ നിന്നും വരുന്ന കൊതിപിടിപ്പിക്കുന്ന വാസന അവളുടെ നാസികയിലേക്ക് അരിച്ച് കയറി. അവൻ അവളെ നോക്കി ചിരിച്ചു കൊണ്ട് അവിടെ നിന്നും നടന്നകന്നു.

ഈറനണിഞ്ഞ കണ്ണുകളോടെ അവൾ നടന്നകലുന്ന തന്റെ പ്രിയതമനെയും നോക്കിയിരുന്നു. അവളുടെ ഹൃദയം അതിവേഗത്തിൽ മിടിക്കുന്നുണ്ടായിരുന്നു.

അവളതിനെ വരുതിയിലാക്കാൻ ഏറെ പാടുപെട്ടു. തിരിച്ചൊന്നും പ്രതീക്ഷിക്കാതെ ജീവിതത്തിൽ ആദ്യമായി ഒരാൾ അനന്തമായ സ്നേഹം കൊണ്ട് തന്നെ കൂടുകയാണ്.

എങ്ങിനെ താൻ അയാളെ ഈ സാഹസത്തിൽ നിന്നും പിൻതിരിപ്പിക്കും. എങ്ങിനെ താൻ അയാളെ സ്നേഹിക്കാതെയിരിക്കും.

എങ്ങിനെ ഈ ജീവിതകാലം തന്റെ ഉണ്ണിയേട്ടനെ മറക്കാൻ കഴിയും. അവളുടെ മനസ്സിൽ ഗുപ്തമായ പ്രണയം നിഴലാട്ടമാടുകയായിരുന്നു, ആരോരുമറിയാതെ അവളൊളിപ്പിച്ച പ്രണയം.

ഇല്ല ഇതൊരിക്കലും സംഭവിക്കാൻ പാടില്ല. ഞാൻ ഒരിക്കലും പ്രണയത്തിൽ വീണു പോകാൻ പാടില്ല.

ഇന്നല്ലെങ്കിൽ നാളെ എല്ലാതിൽ നിന്നും യാത്ര പറഞ്ഞ് ഇറങ്ങേണ്ടതാണ്. ഇപ്പോൾ തന്നെ മണ്ണിൽ മരംവേരിറക്കും പോലെ അയാളിൽ ഏറെ ആഴ്ന്നു പോയി.

അത് പറിച്ചു മാറ്റപ്പെടുമ്പോൾ ഉള്ള വേദനയുടെ ആക്കം കൂട്ടുകയേ ഉള്ളു. അപ്പോൾ മനസ്സിലേക്ക് കടന്നു വന്ന് കുമിഞ്ഞ് കൂടിയ ഒരായിരം ചിന്തകൾക്കടിയിൽ അവൾ ഇതുവരെ പറയാത്ത അവളുടെ ആദ്യ പ്രണയത്തെ കുഴിച്ചു മൂടി.

അവൾ നടന്നകലുന്ന അരവിന്ദനെ അവസാനമായി ഒരുവട്ടം കൂടി നോക്കി. ഒരുതുള്ളി കണ്ണുനീർ ആ ചുവന്ന കവിളിണകളിൽ കൂടി ഒഴുകിയിറങ്ങി, ആ കുഞ്ഞു നുണക്കുഴികളിലൊന്നിൽ വന്നു നിറഞ്ഞു.

ശരിയാണ് ആദ്യ പ്രണയം ആർക്കും മറക്കാൻ കഴിയില്ല. **************** അന്നത്തെ പണിയൊക്കെ ഒരു തരത്തിൽ സൈഡ് ആക്കി, ഇറങ്ങിയപ്പോൾ 6 മണി.

വീട്ടി പോയി കട്ടിലിൽ വീണ് ഒന്ന് കണ്ണടച്ചു. കണ്ണു തുറന്നപ്പോൾ സമയം 10:15.

അവളെന്തെങ്കിലും കഴിച്ചിട്ടുണ്ടാകുമോ.വേണ്ടം ഇന്നിനി പോകണ്ട എന്ന് വച്ചു. പക്ഷെ എന്ത് ചെയ്യാം, 10:30 ന് ഞാൻ അരിപ്പൊടിയും ശർക്കരയും അന്വേഷിച്ച് അടുക്കളയിലെത്തി.

പിന്നെയും കുറച്ച് നേരം റൂമിൽ അങ്ങോട്ടും ഇങ്ങോട്ടും നടന്നു. നേരെ ചെന്ന് എടുത്ത് വച്ച വറുത്ത അരിപ്പൊടിയെടുത്ത് ചൂടുവെള്ളം ചേർത്ത് കുഴച്ച് വച്ച്.

കുറച്ച് നെയ്യ് എടുത്ത് കയ്യിൽ പുരട്ടി അത് ഒന്നു കൂടി കുഴച്ചെടുത്ത് മയപ്പെടാൻ വച്ചു. ഞാൻ ഇത് വേണോ വേണ്ടയോ എന്ന തീരുമാനത്തിൽ പോലും എത്തിയിരുന്നില്ല.

എങ്കിലും എന്റെ തലതെറിച്ച ശരീരം അക്ഷീണം പണി തുടങ്ങി. നല്ല കറുത്ത ഉണ്ടശർക്കരയെടുത്ത് ഉടച്ച് പാത്രത്തിലിട്ട് വെള്ളം ചേർത്ത് കുറുക്കിയെടുത്തു.

ചെരുകിയ ഇളംനാളികേരം കുറുക്കിയ കടുംശർക്കരയിലിട്ട് വിളയിച്ച്, അണ്ടിപരിപ്പ് നെയ്യിൽ വാട്ടി അതിന് മുകളിൽ താളിച്ച് ഇളക്കി മാറ്റി വച്ചു. ഓടിപ്പോയി കിഴക്ക് ബാൽക്കണിയിൽ നിന്ന് ശെൽവ അണ്ണൻ മക്കളെ പോലെ നോക്കുന്ന വാഴയിൽ, ഇല അധികം ഉണ്ടോന്ന് നോക്കി.

വേണ്ട കുറവാണ്. ഇനിയും ആവശ്യം വരും.

ഞാൻ അട വേണ്ടെന്നു വച്ചു. മയപ്പെടുത്തിയ മാവെടുത്ത് ഉള്ളംകയ്യിൽ വച്ച് പരത്തി അതിനുള്ളിൽ നല്ല കുറുകിയ ശർക്കരനീരൊലിക്കുന്ന നാളികേര മിശ്രിതം നിറച്ച് ഇരുഭാഗവും ബന്ധിപ്പിച്ച് ഉരുട്ടി ബോളാക്കിയെടുത്തു.

അങ്ങനെ ഒരു ആറേഴ് എണ്ണം നിസ്സാരസമയത്തിൽ ഞാൻ ഉരുട്ടിയെടുത്തു. അതെല്ലാം ഇഡലി ചെമ്പിൽ നിരത്തി ആവിയിൽ വേകിച്ചെടുത്തു.

ഞാൻ അതെക്കെ പുറത്തെടുത്തു വാട്ടിയ വാഴയിലയിൽ പൊതിയാനായി നിരത്തി. ഞാൻ മുമ്പിലിരിക്കുന്ന ആവി പറക്കുന്ന ആ സുന്ദരകുട്ടനെ നോക്കി.

തൊട്ടാൽ ശർക്കര തെറിക്കുന്ന നല്ല സൊയമ്പൻ "കൊഴുക്കട്ട" അരിപ്പൊടിക്ക് പുറത്തേക്ക് പോലും ശർക്കരയുടെ ആ ലഹരിപ്പിടിപ്പിക്കുന്ന കടുംനിറം തെളിഞ്ഞ് കാണുന്നുണ്ട്. രുചിയുടെ ആ ഗോളകങ്ങൾ പൊതിയുമ്പോൾ ഞാൻ വെറുതേ ആലോചിച്ചു 'പാചകം ഒരു കടലാണെങ്കിൽ ഞാൻ അതിലൊരു കുഞ്ഞു കൊമ്പൻ സ്രാവ് തന്നെ'.

അതെല്ലാം പൊതിഞ്ഞെടുത്ത് വാച്ച്മാൻചേട്ടന്റെ കയ്യിൽ നിന്ന് സൈക്കിളും വാങ്ങി ഞാൻ ഗണേശപുരത്തേക്ക് വച്ചു പിടിച്ചു. സമയം 11:45, അവളുറങ്ങിക്കാണും എങ്കിലും എന്റെ ഒരു സമാധാനത്തിന് ഞാൻ അത്രടം വരെ പോകാൻ വച്ചു.

തെങ്ങോലകൾക്കിടയിൽ കൂടി എന്നെ എത്തിനോക്കുന്ന പൂനിലാവും, ഇടക്കിടെ ആശ്വാസമായി വീശുന്ന തണുത്ത ഇളങ്കാറ്റും, നിറഞ്ഞ ഈ സുന്ദരരാത്രിയും, അതിനെല്ലാമൊപ്പം അമ്പിളിവട്ടമുള്ള കൊഴുക്കട്ടയും പൊതിഞ്ഞ് പ്രണയിനിക്ക് സമ്മാനിക്കാൻ പഴയൊരു സൈക്കിളിൽ പോയികൊണ്ടിരിക്കുന്ന ഞാനും. ഒരുപാട് വർഷങ്ങൾ പിന്നോട്ട് പോയി ഇരുപതാം നൂറ്റാണ്ടിന്റെ പകുതിയിലെന്നോ ഒരു ദശകങ്ങളിൽ ഞാൻ ചെന്നെത്തി നിൽക്കുന്നത് പോലെ എനിക്ക് തോന്നി .

ആധുനികയുടെ കറപറ്റികളങ്കപ്പെടാത്ത നിഷ്കളങ്ക പ്രണയവുമായി, മട്ടുപ്പാവിൽ കാത്തിരിക്കുന്ന അപ്സരകന്യകയായ എന്റെ പ്രിയകാമിനിയുടെ പുളകം കൊള്ളിക്കുന്ന ഓർമ്മകളിൽ, ഞാൻ സൈക്കിൾ ആഞ്ഞ് ചവിട്ടി. ഇതെല്ലാം യഥാർത്ഥ്യത്തിൽ നിന്നും ഒരുപാടു മൈലുകൾ അകലെ തന്നെ ആയിരുന്നു.

അവൾക്ക് എന്നോടുള്ള മനോഭാവം എന്തെന്ന് പോലും എനിക്കറിയില്ല. പ്രണയം ഈ കഥയിൽ എന്നിൽ മാത്രം ഒതുങ്ങി പരിമിതപ്പെട്ടിരിക്കുന്നു.

പ്രണയം എന്നു പറയുന്നതിനെക്കാൾ വട്ടെന്ന് പറയുന്നതാവും ശരി. ബഷീർ പറഞ്ഞതു പോലെ വട്ടു വരാനും ഒരു ഭാഗ്യം വേണ്ടെ.

അല്ലെങ്കിൽ തന്നെ വിശ്വവിഖ്യാതമായ ഈ ഏകമാർഗ്ഗ പ്രണയത്തിന്റെ വരട്ടുച്ചൊറിയിൽ മാന്തുന്നതിനേക്കാൾ സുഖപ്രദമായ മറ്റെന്താണ് ഈ ലോകത്തുള്ളത്. ഗണേശപുരത്ത്

പൗരാണികമായ സെന്റ് മേരീസ് കോളേജിന്റെ ഹോസ്റ്റലിനു പിന്നാമ്പുറത്ത് മീനക്ഷിയുടെ അന്തഃപുരത്തിന്റെ ജാലകകവാടം മലക്കെ തുറന്ന് കിടന്നിരുന്നു.

അതിന്റെ വാതായനത്തിൽ, വിശുദ്ധമായ നിലാവെളിച്ചം നടക്കാൻ ഇറങ്ങിയിരുന്നു. ജനലൽപടിമേൽ പാൽനിലാവ് തൂകും ചന്ദ്രനേയും നോക്കി, ചെറിയൊരു മന്ദഹാസം നൽകി കൊല്ലുസിട്ട കാൽപ്പാദങ്ങൾ കാറ്റിൽ ദോലനം ചെയ്ത്, ചുരുൾ മുടിയിഴകളിൽ വിരലോടിച്ച് മീനക്ഷി എന്തോ ഓർമ്മകളിൽ വ്യാപൃതയായി ഇരിപ്പുണ്ടായിരുന്നു.

ആ കനവിലെ മന്ദഹാസത്തിനു ഹേതു ഞാനായിരുന്നെങ്കിൽ, ഞാൻ ഒരു മാത്രവെറുതെ നിനച്ചുപോയി.  ഇടയ്ക്കിടെ ഞാൻ വണ്ടി വക്കുന്നിടത്തേക്ക് മിഴിപായിക്കുന്നുണ്ട്.

സൈക്കിളിന് പ്രതേകിച്ച് ശബ്ദമോ, വെളിച്ചമോ ഇല്ലാത്തത് കൊണ്ട് അവളെന്റെ വരവറിഞ്ഞില്ല. കാണാമറയത്ത് നിന്ന് ഞാൻ അവളെ മനസ്സ് നിറച്ച് കണ്ടു.

ഒരു കാമുകിയുടെ, പത്നിയുടെ പരിഭവത്തിന്റെ ലാഞ്ഛനകൾ ഞാൻ ആ മുഖത്ത് കണ്ടു. എല്ലാം കണ്ടും കേട്ടും അവൾക്കു കൂട്ടിരിക്കുന്ന നിലാവിനോട് അവളെന്തൊക്കെയോ എണ്ണിപെറുക്കി കൊണ്ടിരുന്നു.

പ്രണയത്തിന്  വാക്കുകളാൽ വർണ്ണന ആവശ്യമില്ലല്ലോ. മനസ്സിൽ നിന്നും മനസ്സിലേക്കാണല്ലോ അതിന്റെ മൊഴിമാറ്റം.

എന്നിരുന്നാലും നിസ്സാര ജീവിയായ എനിക്കത് വായിച്ചെടുക്കാൻ കഴിഞ്ഞില്ല എന്ന് പറയുന്നതാവും ശരി. അത്ഭുതമില്ല , ഞാൻ പുരുഷനാണ്.

സ്ത്രീയെ മനസ്സിലാക്കാൻ കഴിയാതെ പോകുന്ന മൂഢത്വം അവന്റെ നൈസ്സർഗികമായ പ്രകൃതമാണ്. സുന്ദരമായ പല നിമിഷങ്ങളും ഭസ്മമാക്കാൻ ദൈവം കനിഞ്ഞ് ചെയ്ത് വച്ച ഒരു കുസൃതി.

എന്നെ കണ്ടപ്പോൾ പെട്ടന്ന് ഓടിവന്ന സന്തോഷത്തിന്റെ മറപറ്റി ആ മുഖത്തൊരു കുറുമ്പ് കുടിയിരുന്നു. അവൾ പരിഭവത്തിൽ കൈകൾ ചേർത്ത് കെട്ടി അമ്പിളിയെ നോക്കിയിരുന്നു, ആ അതിലോലമായ അധരങ്ങൾ ഇടം വലം നീക്കി പിണക്കം കാണിച്ചു.

നിറഞ്ഞു നിൽക്കുന്ന പൊൻനിലാവെട്ടത്തേയും, വിരിഞ്ഞ് നിൽക്കുന്ന ഇന്ദുചന്ദ്രബിംബത്തേയും അവഗണിച്ചു ഞാനാ ജനൽപടിയിലുദിച്ചു നിൽക്കും എന്റെ രതിചന്ദ്രബിംബത്തെ കണ്ണെറിഞ്ഞു. തണുത്ത ചന്ദ്രരശ്മികൾ അവളുടെ പോലവമായ കവിളിണകളിൽ നാണത്തിന്റെ കളംവരച്ചു.

എങ്ങിനെയൊക്കൊയോ പൊത്തിപിടിച്ചു മുകളിലെത്തി. കുറേ നാളായി ഈയൊരു സാഹസം ഇല്ലാതിരുന്നത് കൊണ്ട് കുറച്ചൊന്നു പടുപെടേണ്ടിവന്നു.

അവൾ പരിഭവത്തിനിടയിലും ആധിയോടെ എന്നെ നോക്കുന്നത് ഞാൻ കണ്ടു. എപ്പോൾ ഞാൻ ഇതിൽ പിടിച്ച് കയറുമ്പോഴും അവൾക്ക് ആധിയാണ്.

ആദ്യ ദിവസം ഞാൻ വീണത് അവള് കണ്ടതാണെ. ഞാൻ മുകളിൽ സുരക്ഷിതമായി എത്തി എന്ന് ഉറപ്പായപ്പോൾ പഴയപടി പരിഭവത്തിന്റെ അംഗവിന്യാസത്തിൽ വിദൂരതയിൽ കണ്ണും നട്ടിരുന്നു.

“മീനാക്ഷി” (ഇല്ല മറുപടിയില്ല.) ചുണ്ടൊന്ന് കൂർപ്പിച്ച്, കണ്ണുകൾ അവൾ ചന്ദ്രനിൽ ആഴ്ന്നിറക്കി.

ഞാൻ കൂടുതലെന്നും പറയാതെ പൊതിയഴിച്ച് അവളുടെ മുഖത്തിനടുത്തേക്കു നീട്ടി. നാസികയിലേക്കും സകലമാന ഇന്ദ്രിയങ്ങളിലേക്കും വ്യാപിക്കുന്ന അതിന്റെ മത്തുപിടിപ്പിക്കുന്ന ശർക്കര വാസനക്ക് മുൻപിൽ അധികനേരം പിടിച്ചു നിൽക്കാൻ മധുര കൊതിയത്തി ആയിരുന്ന മീനാക്ഷിക്ക് കഴിയില്ലെന്ന് എനിക്കും അവൾക്കും നല്ലത് പോലെ അറിയാമായിരുന്നു.

മീനാക്ഷിയുടെ പരിഭവം എന്ന വൻമ്മരം മൂക്കും കുത്തിവീണു. നമ്മുടെ നായിക നിസ്സാരമായ പലഹാര പൊതിക്ക് മുൻപിൽ തോറ്റുപോയിരിക്കുന്നു.

അത്രക്കും പാവമായിരുന്നു എന്റെ മീനാക്ഷി. അവൾക്ക് വലിയ ആഗ്രഹങ്ങളൊന്നും തന്നെയില്ല.

വെറുമൊരു പലഹാരപൊതി കൊണ്ടും, ശർക്കരയച്ച് കൊണ്ടും പോലും നമ്മുക്കവളെ കൊച്ചു കുട്ടിയെന്ന പോലെ സന്തോഷിപ്പിക്കാം. മനസ്സു സമ്മതിച്ചില്ലെങ്കിലും അവളുടെ കൈ, അതൊരെണം എടുത്തു.

പറഞ്ഞാ കേൾക്കാത്ത മറ്റേ കയ്യും ഒരെണ്ണം എടുത്ത് സൂക്ഷിച്ചു വച്ചു. ഞാൻ അറിയാത്ത പോലെ നിന്നു.

ആദ്യത്തെ കടിയിൽ തന്നെ കണ്ണുകൾ പ്രകാശിച്ചു, മുഖത്ത് സന്തോഷം അലതല്ലി. പടർന്നിറങ്ങിയ ശർക്കരനീരിൽ അവളുടെ സർവ്വമുകുളങ്ങളും ത്രസിച്ചിരുന്നു.

ചുണ്ടുകളിൽ ബാക്കിയായ അൽപ്പം ശർക്കരനീര് ഒഴുകിയറങ്ങി അവളുടെ കീഴ് താടിയെല്ലിൽ പടർന്നു. അത് നുകരണമെന്ന അതിയായ മോഹമുള്ളിലുണർന്നിട്ടും ഞാൻ സ്വയം നിയന്ത്രിച്ച് അവിടെ നിന്നു.

അവളത് ആർത്തിയോടെ കഴിച്ചു കൊണ്ടേയിരുന്നു. മധുരം ഉർന്നിറങ്ങി ആ അഴകൊത്ത താടിമുനയ്ക്കും, തേനൂറുന്ന അവളുടെ തുടുത്ത അധരങ്ങൾക്കുമിടയിലെ കൊതിപ്പിക്കുന്ന മടക്കിലും വന്നു നിറഞ്ഞ് എന്നെ നോക്കി ചിരിച്ചു.

അതിന്റെ രുചിയറിയണമെന്ന മോഹം, എന്റെ സപ്തനാഡികളിലും നിറഞ്ഞു നിന്നു. ഇടക്കെപ്പോഴോ പലഹാരത്തിന്റെ രുചിയെ വർണ്ണിക്കാൻ എന്റെ കണ്ണുകളിലേക്കു നോക്കിയ മീനാക്ഷിക്ക് അതിൽ നിറഞ്ഞു നിന്നിരുന്ന കൊതി വായിച്ചെടുക്കാൻ അധികം നേരം വേണ്ടി വന്നില്ല.

ഒരു നാണം ആ മുഖത്ത് ഒഴുകിയെത്തി. അവളെ അത്രമേൽ കാതരയായി ഞാൻ ആദ്യമായി കാണുകയായിരുന്നു.

ലജ്ജയാൽ ആ മിഴികൾ കൂമ്പിനിന്നു. പ്രണയം മഷിയെഴുതിയ ആ നയനങ്ങളിൽ മിഴിനട്ട് ഞാനവളോട് കേണു.

" മീനാക്ഷി ഒരിക്കൽ കൂടി ,(എന്റെ ശബ്ദം വിറകൊണ്ടു) ഞാൻ ഇതിന്റെ രുചിയൊന്ന് നോക്കട്ടെ. " ആ അധരങ്ങളിൽ നോക്കി ഞാൻ പറഞ്ഞു.

അവൾ ഒന്നും പറഞ്ഞില്ല. പോലവമായ ആ കൈവിരലുകൾ ജനൽപടിയിൽ ചിത്രം വരച്ചു.

കരിമിഴികളിൽ പ്രണയം തിരതല്ലി. അവ ഒന്നുകൂടി കൂമ്പിയടഞ്ഞു.

ചുവന്ന കവിളിണകളിൽ കൂടുതൽ അരുണാഭ പടർന്നു കയറി. ചുണ്ടുകൾ എന്തിനോ വിറകൊണ്ടു.

അതിൽ ആഭരണം പോലെയണിഞ്ഞിരുന്ന ശർക്കരക്കണങ്ങൾ ഉദിച്ച ലാവെളിച്ചത്തിൽ പുഷ്യരാഗമെന്നോണം തിളങ്ങി. ആ മൗനം അതെനിക്ക് ധരാളമായിരുന്നു.

താഴെ പുറത്തേക്കായി തള്ളി നിന്നിരുന്ന കല്ലുകളിലൊന്നിൽ ചവിട്ടി ജനൽപാളികളിൽ കൈതാങ്ങി ഉയർന്ന് ഞാനാ ഈറനുണങ്ങാത്ത അധരങ്ങളെ നുകർന്നു. അവളെതിർത്തില്ല.

മധുരമൊഴുകിയിറങ്ങിയ മയമുള്ള ദന്തച്ഛദങ്ങളിൽ, കീഴ്താടിയിൽ, അതിനിടയിലെ മധുരം തങ്ങി നിൽകുന്ന ഒടിവു നെളിവുകളിൽ, എന്റെ ദന്തക്ഷതങ്ങൾ കോലങ്ങൾ തീർത്തു. അവൾ കനൽപോലെ പൊള്ളി, ശ്വാസഗതി ഒരു ആവിയന്ത്രം പോലെ ഉയർന്നു വന്നു.

പുറമേ ചേർത്തു പിടിച്ച കൈകളിൽ ഏറുന്ന ഹൃദയതാളം എനിക്ക് ആവേശം പകർന്നു. അവളുടെ വിയർപ്പിൽ കുതിർന്ന ഈ ശർക്കരനീരിലും രുചികരമായ ഒന്നും ഈ ലോകത്തില്ലെന്ന് എനിക്ക് തോന്നിപ്പോയി.

ആ പൊള്ളുന്ന കഴുത്തിൽ ഞാൻ നുകരുമ്പോൾ തളർന്ന അവളുടെ ശിരസ്സ് ഇടതുകൈകളിൽ വിശ്രമം കൊണ്ടു. ശർക്കരയേക്കാൾ മധുരമുള്ള ചുണ്ടുകൾ.

ആ മധുരത്തിനൊരു കുറവും വരുന്നില്ല. ഉയർന്നു കയറുന്ന നിശ്വാസഗതിക്കും, കൊടുംതാപത്തിനുമെപ്പം അവൾ തിരിച്ചു ചുംബിക്കാൻ തുടങ്ങി.

പരസ്പരം ആർത്തിയോടെ ഞങ്ങൾ ചുംബിച്ചുകൊണ്ടേയിരുന്നു. കിതച്ചു തളർന്നു പിന്നിലേക്ക് വീഴാൻ പോയ അവളെ വലതുകൈയിൽ കോരിയെടുത്ത് ഞാൻ തിരിഞ്ഞ് ഇടതുകൈ തറയിൽ കുത്തി പതിയെ താഴെയിറങ്ങി കിടന്നു.

എനിക്കു മുകളിൽ കിടന്നിരുന്ന അവൾ ഇതൊന്നും ശ്രദ്ധിക്കാതെ ചുംബനത്തിൽ മുഴുകിയിരുന്നു. അവളുടെ മൂക്കിൽ നിന്നും മുഴുവൻ വിറകിട്ടു കത്തിച്ച നെരിപ്പോടിൽ നിന്ന് വരുന്ന അത്രയും ഊഷ്മാവിൽ താപനിശ്വാസങ്ങൾ എന്റെ മുഖത്ത് വന്നടിച്ച്, അന്തരീക്ഷത്തിൽ കലർന്നു.

അവളുടെ ഗന്ധം, കൊതിപ്പിക്കുന്ന ആ ഗന്ധം എങ്ങും എനിക്ക് ചുറ്റും അലയടിച്ചു.അവൾ ഇടക്കിടെ ഷർട്ടിൽ പിടിച്ച് വലിച്ച് എന്നെ അവളിലേക്ക് കൂടുതൽ അടുപ്പിച്ചു കൊണ്ടിരുന്നു. താഴെവീണ പൊതിയിയിൽ നിന്നും ഒരു കൊഴുക്കട്ട ഉരുണ്ട് പോയി എവിടെയോ തട്ടി നിന്നു.

അവളുടെ മിഴികൾ ഈറനണിഞ്ഞിരുന്നു. കാമത്തിന്റെ കരകാണാ കടലുകളിലെവിടെയോ ഞങ്ങൾ ലക്ഷ്യമില്ലാതെ ഒഴുകി നടന്നു.

എന്റെ കൈകൾ അവളുടെ വടിവൊത്ത മെയ്യിൽ, മുഴുപ്പുകളിൽ അവളുടെ കയറ്റിറക്കങ്ങളിൽ പരതി, നിറഞ്ഞ മാറിൽ ഉണർന്നു നിന്ന സ്തനവൃന്തങ്ങളിൽ അംഗുലം ചെന്നെത്തിനിന്നു. വിയർപ്പിറ്റുന്ന കണ്ഠത്തിൽ ആഴ്ന്നിറങ്ങിയ എന്നെ അവൾ കിതച്ചു കൊണ്ട് തള്ളിമാറ്റി.

കാമം കെട്ടടങ്ങാത്ത കണ്ണുമായി മീനാക്ഷി എന്നെ നിർദാക്ഷിണ്യം അവളിൽ നിന്നും അടർത്തി മാറ്റി.അവളത് ഒട്ടും ആഗ്രഹിച്ചിരുന്നില്ലെങ്കിൽ പോലും. കിതച്ചു കൊണ്ട് ഞങ്ങൾ പരസ്പരം നോക്കിയിരുന്നു.

“ഞാ ...... ഞാൻ പോട്ടെ...., ഇത് ക....കഴിച്ച് കിടന്നോ” ഞാൻ എങ്ങനെയോ പറഞ്ഞൊപ്പിച്ചു.

“മ്മ്....” കിതപ്പ് മാറാതെ അവൾ മൂളി.

എനിക്കവളെ ഇനിയും ചുംബിക്കണമെന്നുണ്ടായിരുന്നു. അത് ഒരിക്കലും അവസാനിക്കുന്നൊരു ആഗ്രഹമല്ലെന്ന് എനിക്ക് ഇതിനോടകം മനസ്സിലായിരുന്നു.

ഈ ജീവിതാവസാനം വരെ അവളെ ചേർത്ത് പിടിച്ച് ചുംബിച്ചാലും അത് തീരുമെന്ന് തോന്നുന്നില്ല. ഞാൻ ബദ്ധപ്പെട്ടു എങ്ങിനെയൊക്കെയോ സൺഷേഡിലിറങ്ങി.

അരക്കെട്ടിലൊരാളുടെ കെട്ടപ്പോഴും വിട്ടിരുന്നില്ല. ഉദ്ദീപനങ്ങളിൽ ഉണർന്ന് ചാഞ്ചാടി അവൻ വിട്ട് തരാൻ യാതൊരു ഭാവവുമില്ലാതെ അങ്ങനെ നിന്നു.

ഞാൻ അവിടെ നിന്ന് കുറച്ചു വട്ടം ചാടി നോക്കി. അപ്പോഴേക്കും അവിടെ നിന്നു ഞാൻ എന്നു കോപ്രായമാണ് കാണിക്കുന്നതെന്ന് നോക്കാൻവന്ന മീനക്ഷിക്ക് എന്റെ കാട്ടികൂട്ടലുകൾ കണ്ടപ്പോൾ കാര്യം മനസ്സിലായി, അവൾ നാണിച്ചുകൊണ്ട് ചുണ്ടുകളിൽ വിരലുകൾ ചേർത്ത് ചിരിച്ചു പോയി.

പരുഷനെ ഉണർത്താൻ കഴിയുന്നത്, അത് അടങ്ങാതെ ഇത്തരത്തിൽ നിലനിർത്താൻ കഴിയുന്നത്, സ്ത്രീ മനസ്സുകളിലെ പരമരഹസ്യമായ അഭിമാനഹേതുവായ ഒരുതരം സാഡിസമാണല്ലോ. മിണ്ടാതെ സഹിക്കുക തന്നെ.

ഇതൊക്കെ കൊണ്ട് നടക്കുന്നവർക്കല്ലേ അതിന്റെ ബുദ്ധിമുട്ടറിയൂ. അടിവയറ്റിലെ അനുസരണ തൊട്ടുതീണ്ടിയിട്ടില്ലാത്ത ആ മഹാനെയും കൊണ്ട് ഞാൻ എങ്ങനെയൊക്കെയോ താഴേയിറങ്ങി.

സൈക്കിളും എടുത്ത് പോകാൻ നേരം ഞാൻ ഒരിക്കൽ കൂടി തിരിഞ്ഞ് നോക്കി. അവൾ എന്നത്തേതിലും സുന്ദരിയായിരിക്കുന്നു.

മിഴികൾ ചിമ്മാതെ എന്നെയും നോക്കിയിരിക്കുന്നു. ഈറനുണങ്ങാത്ത ആ കരിമിഴികളിൽ നിലാവ് ഊയലിട്ടു.

************** ഓരോ ദിവസവും അവളെ മറക്കണമെന്നു കരുതിയാണ് ഉറക്കമെഴുന്നേൽക്കുന്നത്. അവൾ കൂടുതൽ കൂടുതൽ ആഴത്തിൽ പതിയാതെ, ഒരു ദിവസവും അവസാനിക്കുന്നുമില്ല എന്നതാണ് വാസ്തവം.

എന്നിൽ നിന്നും അടർത്തിയെടുക്കാൻ കഴിയാതെ ഭാഗധേയം (destiny) തുടർന്നു കൊണ്ടേയിരിക്കുന്നു. തടുക്കാൻ കഴിയാത്ത ഈ പ്രഹേളിയിൽ ഞാനുഴറി.

സത്യം പറയാമല്ലോ, ഇന്നലെ മുതൽ വടിവെത്ത ആ ശരീരത്തോടും മോഹം തുടങ്ങിയിരിക്കുന്നു. കാമ, പ്രേമ, ലേഭങ്ങൾക്കിടയിൽ ഗതികിട്ടാത്തൊരു ആത്മാവായി ഞാനലഞ്ഞു.

കുനുമ്മേൽ കുരു എന്നോണം, സാധാരണയിൽ വിപരീതമായി അവളിന്ന് ഉച്ചക്കു ശേഷം ക്ലാസ്സും കട്ട് ചെയ്ത് ഇന്റർവ്യൂ കാണാൻ വന്നിരിക്കുന്നു. അന്നു ദിൽബറിന്റെ ഇന്റെർവ്യൂ ആയിരുന്നു പറഞ്ഞു വച്ചിരുന്നത്.

കൊച്ചിന് സുഖമില്ലാത്തതു കൊണ്ട് അവനിന്നു എത്തിപ്പെടാൻ കഴിഞ്ഞില്ല. വിളിച്ച് മറ്റൊരു ദിവസത്തേക്കു മാറ്റി, അപ്പോഴാണ് അവളുടെ വരവ്.

ദിൽബൻ ആയിരുണെങ്കിൽ അവൾക്ക് കാണാൻ രസം തോന്നിയേനെ. അപ്പോഴാണ് പ്രെഡക്ഷൻ കണ്ട്രോളർ മണിവണ്ണൻ ഓടിവന്ന് പറയുന്നത്, ത്യഗരാജൻ സാർ എപ്പോൾ വേണമെങ്കിലും തയ്യാറാണെന്ന് പറഞ്ഞിരുന്നു.

ഇവിടെ നിന്ന് ഒന്നര കിലോമീറ്റർ ദൂരമേ ഉള്ളൂ അങ്ങോട്ടെക്കെന്ന്. എനിക്കത് രസമായി തോന്നിയില്ല.

ആദ്യമായി മീനാക്ഷി ഞാൻ അഭിമുഖം എടുക്കുന്ന കാണാൻ വന്ന ദിവസം ഒരു കിളവനെ കിട്ടിയതിൽ എനിക്കൊരു ഈർഷ്യ തോന്നി. ഞാൻ മുഖം ചുളിച്ച് വേണ്ട എന്നു പറയാൻ പോകുമ്പോൾ ആണ് മീനക്ഷിയുടെ മുഖം ശ്രദ്ധിച്ചത്.

അവൾ ആകംക്ഷയോടെ ഇരിപ്പാണ്. " ഉണ്ണിയേട്ടാ.., നടരാജനിലും, വെള്ളിവർണ്ണത്തേരിലും, പത്മദളത്തിലും എല്ലാം അഭിനയിച്ചിട്ടുള്ള ആ ത്യാഗരാജനാണോ ?

" അവള് വളരെ സന്തോഷത്തിൽ ആണ് അത് ചോദിച്ചത്. ഇതിൽ ഇത്ര അത്ഭുതപ്പെടാൻ എന്തിരിക്കുന്നു എന്നെനിക്ക് തോന്നി.

" ആ അയാള് തന്നെ, മക്കള് നിർബന്ധിച്ചപ്പോൾ ഞാൻ ഒരു ദിവസംചെയ്യാം എന്ന് പറഞ്ഞിരുന്നു. പക്ഷെ അത് കാണാൻ അത്രരസം ഉണ്ടായിരിക്കുമെന്നു എനിക്ക് തോന്നുന്നില്ല.

വയസ്സായ ആളുകളെല്ലെ, അവരൊക്കെ ഒത്തിരി സീരിയസ്സ് ആയിരിക്കും. ചിലപ്പോൾ നല്ലബോറും ആയിരിക്കും.

നാളെയോ, മറ്റന്നാളോ ദിൽബറ് വരും നമുക്ക് അത് കാണാം. അവൻ നല്ല കമ്പനി ആണ്.

ഇത് ഞാൻ മറ്റേതെങ്കിലും ദിവസം ചെയ്തേക്കാം." " ഉണ്ണിയേട്ടൻ എന്നാ അന്ന് എന്നെയും കൊണ്ടു പോകുമോ, അദ്ദേഹത്തെ കാണാൻ.

എനിക്ക് നല്ല ആഗ്രഹം ണ്ണ്ടായിരുന്നു. ഭയങ്കര ഇഷ്ടാ ചെറുപ്പം മുതലേ അദ്ദേഹത്തിന്റെ അഭിനയം.

എല്ലാ പടങ്ങളും ഞാൻ ഒരുപാടു വട്ടം കണ്ടിട്ടുണ്ട്. ദിൽബറിനെ ഒന്നും എനിക്ക് കാണണ്ട, എന്നെ അദ്ദേഹത്തെ കാണാൻ പോകുമ്പോ കൊണ്ട് പോകോ....?

" മീനാക്ഷിക്കു ദിൽബറിനേക്കാൾ പ്രിയം, പഴയ നടൻ ത്യാഗരാജന്നോടാണെന്നത് എനിക് അതിശയോക്തി കലർന്ന പുതിയൊരറിവായിരുന്നു. "എല്ലാം തയ്യാറാണ്, ഇന്ന് വേണമെങ്കിൽ ഇന്ന് ചെയ്തേക്കാം.

ഞാൻ നിനക്കത് ബോറായാലോന്ന് വിചാരിച്ചാണ് വേണ്ടന്ന് വച്ചത്." " അയ്യോ.....

എന്റെ ഭാഗ്യത്തിനാണ് ഈ സമയത്ത് എനിക്ക് വരാൻ തോന്നിയത്. നമ്മുക്ക് ഇന്ന് തന്നെ പോകാം ഉണ്ണിയേട്ടാ, എന്നെയും കൊണ്ട് പോകോ....

" " ഏയ്, ഇല്ല്യാ, പറ്റില്ല്യാ....." " എന്താ ഉണ്ണിയേട്ട.....

എനിക്ക് അത്ര ഇഷ്ടം ഇള്ളോണ്ടല്ലെ, ഞാൻ വേറെ വല്ല ആഗ്രഹോം പറയാറിണ്ടോ? " അവൾ ഒരു കൗമാരക്കാരി കാമുകിയെപ്പോലെ നിന്നു ചിണുങ്ങി.

" എടീ മണ്ടി, നീ കാരണം മാത്രമാണ് ഇന്നു ഇപ്പോൾ തന്നെ ഈ ഇന്റർവ്യൂ എടുക്കണത് തന്നെ പിന്നെ നിന്നെ കൊണ്ട് പോകാതിരിക്കോ ? ഇത് നല്ല കൂത്ത്" ആ മുഖത്ത് ഹൈ വോൾട്ടേജിൽ ഒരു ചിരിവന്നു.

" എനിക്ക് അറിയാ, ഉണ്ണിയേട്ടന്ന് എന്നെ നല്ല ഇഷ്ടാന്ന് " "പോടിയവടന്ന് എനിക്ക് അങ്ങനൊന്നും ഇല്ല്യ, മാത്രമല്ല എനിക്കിത്തിരി ചന്തം കുറവുള്ള പെൺകുട്ട്യോളനെയാ ഇഷ്ടം, അവർക്കിത്തിരി സ്നേഹോം, കാര്യപ്രാപ്തീം ഒക്കെ കൂടുതലായിരിക്കും. ഇതൊരുമാതിരി ഐശ്വര്യാരായിടെ ശരീരോം, മാമാട്ടികൂട്ടിയമ്മേടെ കാര്യപ്രാപ്തീം, ആവ്...

എനിക്കൊന്നും വേണ്ട ഇതിനെ" ഞാൻ വെറുതെ അവളെ ഒന്ന് ചൂടാക്കാൻ പറഞ്ഞു. അത് പക്ഷെ ശരിക്ക് ഏറ്റു.

അവളുടെ ചുണ്ടുകൾ മുന്നിലേക്ക് കൊറുവിച്ച് വന്നു, നുണക്കുഴികൾ എനിക്കിപ്പോൾ തെളിഞ്ഞ് കാണാം, മിഴികളിൽ പരിഭവം വന്ന്നിറഞ്ഞു, അവളുടെ മുഖമഴക്ക് പതിൻമടങ്ങ് ഇരട്ടിച്ചു. " എന്നെ ആരുക്കും ഇഷ്ടല്ല (അവളുടെ മിഴികൾ കൂടുതൽ നിറഞ്ഞ് വന്നു) ഉണ്ണിയേട്ടനും കൂടി അങ്ങനെയാണെങ്കി ഞാഞ്ചത്ത് കളയും.

സത്യായിട്ടും ചത്ത്കളയും. " അവളു തകർന്ന ശബ്ദത്തിൽ പറഞ്ഞു.

ഞാൻ പെട്ടന്ന് അവളെ ചേർത്തു പിടിച്ചു. അങ്ങനൊരു പ്രതികരണം ഞാൻ പ്രതീക്ഷിച്ചിരുന്നില്ല.

"അയ്യേ എന്തായിത്, ഇത്രയ്ക്കോളേളാ ഈ സുന്ദരിക്കുട്ടി. എത്രപേര് കാത്ത് നിക്കുന്ന് അറിയോ, ന്റെ മീനക്ഷീനെ ഒരു നോക്ക് കാണാൻ മാത്രം, അപ്പോഴാണ്" ഞാൻ പറഞ്ഞത് വാസ്തവം മാത്രമായിരുന്നു.

ഞാൻ കാണുന്നതല്ലെ, എന്നും അവളുടെ മിഴിപ്രസാദത്തിനു മാത്രമായി, ഇക്കണ്ട വഴികളിലെല്ലാം ആരാധകവൃന്ദം കാത്തു നിൽക്കുന്നത്. അവളവരെയൊന്നും കണ്ടതായിപ്പോലും നടിക്കാറില്ല.

അവൾ പുറംകൈയിൽ കണ്ണു തുടച്ച് ചെരിഞ്ഞ് എന്നെ നോക്കി. "എന്നെ ആരും കാത്തുനിക്കണ്ട, ന്നെ ഉണ്ണിയേട്ടൻ കാത്തു നിന്നാ മതി.

"    "ശരി ഞാ മാത്രാ കാത്ത് നിക്കണുള്ളൊ, ഇനി അതിന് ചിണുങ്ങണ്ട"    "എന്നാലും എനിക്കറിയാ ...."    "എന്തറിയാന്നാ ന്റെ വാര്യംമ്പിള്ളിലെ മീനാക്ഷിക്കുട്ടിക്ക്"    " ന്നെ ഒത്തിരി ഇഷ്ടാന്ന് "   " അതെന്താ??

"    " ഇന്നലെ ന്നെ ന്തൊക്കെയാ ചെയ്തതേ, ഇഷ്ടം ഇല്ലാത്തോരെ അങ്ങനെ ഒക്കെ ആരെങ്കിലും ചെയ്യോ ദുഷ്ടാ... "    " ന്റെ മീനാക്ഷി ഒന്നു പതുക്കെ പറ, പറ്റിപ്പോയി, ഇഷ്ടയോണ്ടെന്ന്യാ.

" അവൾ അത് കേട്ട് ഒരു വിജയിയെ പോലെ ചിരിച്ചു. " അല്ലേ.....

എന്താ വിളിച്ചേ, ദുഷ്ടാ ന്നൊ "    " അതെ ദുഷ്ടനെന്ന്യാ, ന്നെ കരയിപ്പിച്ചില്ലെ " അവൾ കെച്ചുകുട്ടികൾ പിണങ്ങും പോലെ ചുണ്ട്കൂർപ്പിച്ചു.  ബാലചാപല്യങ്ങൾ വിട്ട് മാറാത്ത ആ ദേവമനോഹരിയായ കോളേജ് അധ്യാപികയെ ഞാൻ അത്ഭുതത്തോടെ നോക്കി.

ഇവളെന്നും എനിക്കൊപ്പം ഉണ്ടായിരുന്നെങ്കിൽ ജീവിതം എത്ര അർത്ഥവത്തായേനെ.    " വാ...., ദുഷ്ടൻ നിനക്ക് ത്യഗരാജൻ സാറിനെ കാട്ടിത്തെരാം, ബാ....മേളെ ബാ...

" ഞാൻ അവളെയും അണച്ച് പിടിച്ച് നടന്നു.   എന്തായാലും വിവരങ്ങൾ  എവിടെയും അധികം ഇല്ലാതിരുന്നത് കൊണ്ടു നേരത്തേ തന്നെ അന്വേഷിച്ച് എല്ലാം തയ്യാറാക്കി വച്ചത് വളരെ നന്നായി.

അതോണ്ടിപ്പൊ ചാടിക്കേറിപ്പോയി ഇന്റർവ്യൂ എടുക്കാൻ പറ്റി.    ************* ത്യാഗരാജൻ സാറിന്റെ വിന്റേജ് സെറ്റപ്പിലുള്ള വീടിനുള്ളിലെ വലിയ പഠന മുറിയിൽ, ഒരുപാട് പുസ്തകങ്ങളുള്ള ഒരു ഷെൽഫ് ബാക്ഗ്രൗണ്ട് സെറ്റ് ചെയ്ത് ഇന്റർവ്യൂ തുടങ്ങി.

ഒരു ഓരത്ത് സ്ക്രീൻ സെറ്റ് ചെയ്തു അദ്ദേഹത്തെ കാണിക്കാൻ തയ്യാറാക്കി വച്ചിരുന്ന വീഡിയോകളും ഫോട്ടോകളും  കാണിക്കാൻ. മീനാക്ഷി തന്റെ പ്രിയനടനെ അടുത്ത് കണ്ട വിഹ്വലതയിൽ അരികിൽ ഞങ്ങളെയും നോക്കി നിൽപ്പുണ്ട്.

അദ്ദേഹത്തോട് സംസാരിച്ചപ്പോൾ തന്നെ മനസ്സിലായി, എന്റെ അഭിമുഖങ്ങളൊന്നു വിടാതെ കാണുന്ന ഒരാളാണെന്നു. പ്രേക്ഷകൻ എന്നതിലുപരി, അദ്ദേഹം ഒരു അരാധകൻ എന്ന കണക്കെ എന്നോട് സംസാരിച്ചു.

എത്ര വലിയ മനുഷ്യനാണ് എങ്ങനെയാണ് അദ്ദേഹത്തിന് ഇങ്ങനെ വിനയത്തോടെ സംസാരിക്കാൻ കഴിയുന്നത് എന്നെനിക്ക് അത്ഭുതമായി. ഒരു യുവാവിന്റെ ചുറുചുറുക്കും സൗഹൃദവുമായി അദ്ദേഹം എനിക്ക് മുന്നിൽ നിന്നു.

അത് എനിക്ക് കാര്യങ്ങൾ കൂടുതൽ എളുപ്പമാക്കി. ലളിതമായ സൗഹൃത സംഭാഷണങ്ങളിലൂടെ ഞങ്ങൾ അഭിമുഖം തുടങ്ങി.

ഏതൊരു യുവനടനേക്കൾ എളുപ്പമായിരുന്നു അദ്ദേഹവുമായുള്ള ആശയവിനിമയം. വളരെ പോസ്റ്റീവ് ആയി ജീവിതത്തെ കാണുന്ന, അത്മവിശ്വാസം നിറഞ്ഞ് നിൽക്കുന്ന ഒരു മനുഷ്യൻ.

ഒരു നാല് ചുവരുകൾക്കുള്ളിൽ ഒതുങ്ങി കൂടുന്ന ഒരാളിൽ ഇത്രയും സരസമായ തുഷ്ടിജന്യമായ മനസ്ഥിതി ഞാൻ പ്രതീക്ഷിച്ചിരുന്നില്ല. സാത്വികമായ നിർവൃതിയുടെ വീചികൾ അദ്ദേഹത്തിൽ നിന്നും അനന്തമായി പ്രസരിച്ചിരുന്നു എന്നെനിക്ക് തോന്നിപ്പോയി.

വളരെ കുറഞ്ഞ സമയത്തിൽ ഞങ്ങൾ രണ്ടു സുഹൃത്തുകളെന്നോണം അടുപ്പത്തിലായി. ഒരു പുഴയോരത്തോ, പീടികത്തിണ്ണയില്ലോ, വയൽവരമ്പത്തോ രണ്ടു സമപ്രായക്കാരായ കൂട്ടുക്കാർ ഏറെ നേരത്തെ നീന്തി തുടിക്കലിനോ, കാൽപ്പന്ത് കളിക്കളിക്കോ ശേഷം ഒരു സിഗരറ്റും പുകച്ച് സ്വസ്ഥമായിരുന്നു ജീവിതം ചർച്ചചെയ്യും പോലെ, ഏറെനേരം നിറുത്താതെ സംസാരിച്ചു കൊണ്ടേയിരുന്നു.

അതിൽ ചോദ്യങ്ങളോ ഉത്തരങ്ങളോ ഉണ്ടായിരുന്നില്ല. രണ്ടു മനസ്സുകൾ തമ്മിൽ സ്നേഹം പങ്കുവയ്ക്കുന്നു.

ഉള്ളുതുറന്ന് സംസാരിക്കാൻ ഒരാളെ കിട്ടുക എന്നതാണെല്ലോ ഈ പോസ്റ്റ് മോഡേൺ കലിയുഗത്തിൽ ഏറ്റവും ബുദ്ധിമുട്ടുള്ള കാര്യം തന്നെ.  പഴയ കാലഘട്ടം, ജീവിതം, സിനിമ, നാനാവിധ മനുഷ്യർ, അനുഭവങ്ങൾ, അബദ്ധങ്ങൾ, ഒരുപാട് ചിരിച്ച നർമ്മങ്ങൾ, സങ്കടങ്ങൾ, മനോരാജ്യങ്ങൾ, സുഹൃത്തുക്കൾ, ആദ്യ പ്രണയം, അദ്ദേഹം വികാരാധീനനായി സംസാരിച്ചു കൊണ്ടേയിരുന്നു.

സ്ക്രീനിൽ പ്രദർശിപ്പിച്ചിരുന്ന ചിത്രങ്ങളും, വീഡിയോകളും അദ്ദേഹം അത്ഭുതത്തോടെ നിരീക്ഷിച്ചു, എല്ലാതിനെ പറ്റിയും കഥകൾ പറഞ്ഞ് വിവരിച്ചു കൊണ്ടിരുന്നു. അദ്ദേഹം ഓർമ്മകളിൽ ഒഴുകി നടക്കുകയായിരുന്നു.

ആദ്യപ്രണയിനിയുടെ ചിത്രം കണ്ടതും ആ വൃദ്ധൻ വിതുമ്പിപ്പോയി.  “അവൾ അറുപതാം വയസ്സിലും ഇത്രയേറെ തന്നെ സുന്ദരിയായിരുന്നു.

ആരു കണ്ടാലും  ഒറ്റനോട്ടത്തിൽ തന്നെ പ്രണയിച്ച് പോകുമായിരുന്നു.” അദ്ദേഹം ഭൂതകാലത്തിലെങ്ങോ ഇഹലോകവാസം വെടിഞ്ഞ തന്റെ ആദ്യവും അതിരുമായ പ്രണയിനി, പ്രിയപത്നിയുടെ സ്മൃതിയിൽ മിഴികോണിൽ പടർന്ന നനവൊപ്പി.

“ആദ്യ പ്രണയിനിയെ സ്വന്തമാക്കാൻ എല്ലാവർക്കും കഴിയണമെന്നില്ല, അതിന് കഴിയുന്നവർ അത്രയേറെ ഭാഗ്യവാൻമാരാണെന്ന് ഞാൻ നിസ്സംശയം പറയും, ഞാൻ ഒരു ഭാഗ്യവാനായിരുന്നു”  അദ്ദേഹത്തിന്റെ വാക്കുകളിൽ ശ്രദ്ധിച്ചിരുന്ന ഞാൻ ഒരുവേള മീനാക്ഷിയെ നോക്കിപ്പോയി. ഞങ്ങൾക്കിടയിൽ അവശേഷിച്ചിരുന്ന ശ്യൂന്യതയിൽ കണ്ണുകൾ തമ്മിൽ കൂട്ടിമുട്ടി.

'ഞാൻ ഏറ്റവും വലിയ നിർഭാഗ്യവാനും!!' ആകസ്മികമെന്ന് തന്നെ പറയട്ടെ മീനാക്ഷിയുടെ മനസ്സിലും ആ ഒരു നിമിഷം കടന്നുപോയ ചിന്ത മറ്റൊന്നായിരുന്നില്ല, 'അവൾ ആയിരിക്കും, ഈ ലോകത്ത് ഏറ്റവും നിർഭാഗ്യവതി' എന്ന് തന്നെയായിരുന്നു.

സർവ്വവിധ വികാരതലങ്ങളിലൂടെയും ആ അഭിമുഖം കടന്നുപോയി പരിസമാപ്തിയിലെത്തിച്ചേർന്നു. കണ്ടിരുന്നവരെല്ലാം തന്നെ വികാരവിവശരായിരുന്നു, പലരും കണ്ണുനീരൊപ്പുന്നുണ്ട്.

മീനാക്ഷിയുടെ വിഴികളും നിറഞ്ഞിരിക്കുന്നു. അദ്ദേഹത്തിന്റെ മക്കൾക്ക് അനന്ദത്തിന്റെ പാരമ്യത്തിൽ എങ്ങനെ എന്നോട് നന്ദി പറയും എന്ന അവസ്ഥയിൽ ആയിരുന്നു.

അവരുടെ അച്ഛൻ ഇത്രയേറെ സംസാരിച്ച്, സന്തോഷവാനായി, യുവത്വത്തിന്റെ ഉൻമേഷത്തോടെ, അവർ ആദ്യമായി കാണുകയായിരുന്നു. അതിൽപരം എന്താണ് മക്കളെന്ന നിലയിൽ ഒരാൾക്ക് നേടാൻ ഉള്ളത്.

ഞാൻ വെറുതെ എന്റെ അച്ഛനെ ഓർത്തു പോയി. ഒരുപാട് നേരം നീണ്ട അഭിമുഖത്തിന് ശേഷം അദ്ദേഹം എന്നെ ഇറുക്കി കെട്ടിപുണർന്നു.

ആ കണ്ണുകൾ ഈറനണിഞ്ഞിരുന്നു. " അഭിമുഖമാണെന്ന് ഒട്ടും തോന്നീല്ല്യ, പഴേയൊരു സ്നേഹിതനെ ഒരുപാട് നാളുകൾക്ക് ശേഷം കണ്ട്മുട്ടി, അങ്ങനെയേ തോന്നിയുള്ളൂ.

ഇനിയും വരണം സമയം കിട്ടുമ്പോഴെല്ലാം, എനിക്കത് ഒരു പാട് സന്തോഷമാകും" അദ്ദേഹം വികാരാധീനനായി. എനിക്കതെല്ലാം കേട്ട് വിഷമം തോന്നി തുടങ്ങിയിരുന്നു.

ഒരു അഭിമുഖത്തിന് ശേഷം ഇത്ര ആത്മാർത്ഥമായി വാക്കുകൾ കൊണ്ട് ഒരാൾ ഇത്രയേറെ എന്റെ മനസ്സിനെ സ്വാധീനിക്കുന്നത് ആദ്യമായിട്ടായിരുന്നു. "ഞാൻ ഇനിയും വരും, ഇടയ്ക്ക് വിളിക്കുകയും ചെയ്യും, എനിക്കിനിയും സാറിനോട് സംസാരിച്ചിരിക്കണം.

" അദ്ദേഹം അതുകേട്ട് നിറഞ്ഞ് പുഞ്ചിരിച്ചു. തിരിഞ്ഞ് നോക്കുമ്പോൾ കരച്ചിലിന്റെ വക്കിൽ നിൽക്കുന്ന മീനാക്ഷിയേ കണ്ടു.

ഞാൻ അവളെ അടുത്തേക്ക് വിളിച്ചു. അവളൊന്ന് പരുങ്ങി, എന്നിട്ട് അടുത്ത് വന്നു.

" ഇത് മീനാക്ഷി, എന്റെ ഭാര്യയാണ്. സാറിന്റെ വലിയൊരു ആരാധികയാണ് എല്ലാ പടങ്ങളും ഒരുപാട് വട്ടം കണ്ടിട്ടുണ്ട്.

ദിൽബരിന്റെ ഇന്റർവ്യൂ എല്ലാം സാറിന്റെ ഇന്റർവ്യൂന്ന് ശേഷം മാത്രം മതീന്ന് പറഞ്ഞ് ഇവളാണ് എന്നെയിന്നിങ്ങോട്ട് കൊണ്ട് വന്നത്." ഭാര്യയെന്ന് പറഞ്ഞ് പരിചയപ്പെടുത്തിയപ്പോൾ അവളുടെ മുഖം നാണം കൊണ്ട് ചുവന്നു വന്നു.

അവൾക്ക് ത്യാഗരാജൻസാറിനെ പരിചയപ്പെടാൻ പറ്റിയത് വളരെ സന്തോഷമായി. അദ്ദേഹം അവളോട് വാത്സല്യത്തോടെ കവിളിൽ തട്ടി വിശേഷങ്ങളെല്ലാം ചോദിച്ചറിഞ്ഞു.

മക്കളിൽ പലരും എന്നെ കെട്ടിപ്പിടിച്ച് കരഞ്ഞു. അവർക്ക് അറിയാവുന്ന അച്ഛൻ ഒരുപാട് നാളുകളായി ചിരിക്കാറില്ലായിരുന്നു.

ആ മുറിയും പുസ്തകങ്ങളും മാത്രമായിരുന്നു അദ്ദേഹത്തിന്റെ ലോകം. അദ്ദേഹത്തിനിനുണ്ടായ മാറ്റം അവരെ അത്ഭുതപ്പെടുത്തിയിരുന്നു.

എനിക്കും മനസ്സിൽ വളരെ ആഴത്തിൽ പതിഞ്ഞ ഒരു ഇന്റർവ്യൂ ആയി മാറിയിരുന്നു ഇന്നത്തെ ഇന്റർവ്യൂ. മീനാക്ഷി പറഞ്ഞതു കൊണ്ടു മാത്രമാണ് ഇന്നിവിടെ വന്നത്.

എന്റെ എല്ലാ സന്തോഷത്തിന്റെയും തുടക്കം അവളാണ്. എനിക്ക് അങ്ങനെയാണ് മനസ്സിൽ തോന്നിയത്.

ഞാൻ ഇളംവയലറ്റ് കോട്ടൻ സാരിയിൽ സുന്ദരിയായി നിലകൊണ്ടിരുന്ന അവളെ ചേർത്ത് പിടിച്ചു. അവിടെ നിന്നും നടന്നു.

എന്റെ മനസ്സ് വായിച്ചിട്ടെന്നപോലെ, അവൾ എന്നെ നോക്കി പുഞ്ചിരിച്ചു. ഇന്നത്തെ ദിവസം അവൾക്കും മറക്കാൻ പറ്റാത്ത ഒന്നാണെന്നു എനിക്കുറപ്പായിരുന്നു.

അവളെന്റെ തോളിൽ ചാരി നടന്നു. പുറത്തേക്കിറങ്ങി ആരും കാണാതെ, ഞാൻ അവളുടെ കവിളിൽ നുണക്കുഴിയിൽ അമർത്തി ചുംബിച്ചു.

അവളുടെ താമരപൂവൊത്ത കപോലങ്ങൾ വീണ്ടും ചുവന്നു തുടുത്തു. ഞാൻ നോക്കി നിൽക്കെ മൂക്കിൻ തുമ്പിലേക്ക് പോലും രക്തമിരച്ചു കയറി ചുവന്ന് മാതളപ്പൂവിന്റെ നിറമായി.

പ്രഥമദൃഷ്ടിയിൽ ഉണ്ടാകുന്നതാണോ പ്രണയം!!! അല്ലേയല്ല എന്നതാണ് ഉത്തരം.....

അത് മനോഹരമായ ലക്ഷോപലക്ഷം നിമിഷങ്ങളുടെ  സംഗമമാണ്. പുറമേയുള്ളവർക്ക് അത് ഒരുപക്ഷെ നിസ്സാരമായി തോന്നാം.

ലോകത്ത് ഏറ്റവും മാരകമായവയെല്ലാം നിസ്സാരമായവയാണെന്ന് കേട്ടിട്ടില്ലെ. നിസ്സാരമായ ചിത്രശലഭത്തിന്റെ ചിറകടിയിൽ നിന്നുണ്ടാവുന്ന ചെറിയ മർദ്ദവ്യതിയാനം, മറ്റൊരിടത്ത് ഭീകരമായ ചക്രവാതങ്ങൾ പോലുള്ള പ്രകൃതിക്ഷോഭങ്ങൾക്ക് വരെ കാരണമാകുമെന്ന് നിങ്ങൾ കേട്ടിട്ടില്ലെ.

അതെ, ഇതും അതുപോലൊരു വിശ്വവിഖ്യാദ്ധമായ 'ബട്ടർഫ്ലൈ ഇഫക്ട്" ആണ്.
*************** പറഞ്ഞിരിക്കലെ രാത്രിയായി, ഞങ്ങൾ  ചെന്നൈ നഗരത്തിന്റെ തനതായരുചികൾ പലതും മാറിമാറിരുചിച്ചു കൊണ്ട് മുന്നേറുകയായിരുന്നു..

രാത്രി എല്ലാത്തിനും ഇരട്ടി വർണ്ണാഭതോന്നിച്ചു. എല്ലാവരുടെയും മുഖത്ത് സന്തോഷം.

ദിനരാത്രം അദ്ധ്വാനിച്ച ഒരാളുടെ മുഖത്ത് ചിരിയുണ്ടാകാൻ സാധ്യത കുറവാണ്. എങ്കിലും ഒരു തമിഴന്റെ മുഖത്ത് അതുണ്ടായിരിക്കും.

ലോകത്ത് മറ്റൊരിടത്തും നമുക്കത് കാണാൻ ബുദ്ധിമുട്ടാണ്. അദ്ധ്വാനികുന്നവരുടെ നഗരം.

നിഷ്കളങ്കമായി മനസ്സു തുറന്ന് ചിരിക്കുന്നവരുടെ നഗരം. ഞങ്ങൾ അതിനിടയിൽ കൂടി കവാത്ത് തുടർന്നു.

" ഇങ്ങനെ നടന്ന മതിയോ, ഹോസ്റ്റലിൽ കയറണ്ടെ ?" "ആം" അവൾ കയ്യിലിരുന്ന ആവിയിൽ വേവിച്ചെടുത്ത കടല അലക്ഷ്യമായി വായിലേക്ക് എറിയുന്നതിനിടയിൽ, ഒട്ടും ആത്മാർഥതയില്ലാതെ മൂളി.

" പോകാം പക്ഷെ ഒരു കാര്യം ണ്ട്." ഞാൻ സംശയത്തിൽ അവളെ നോക്കി.

"ന്നെ സൈക്കിളി കൊണ്ടോണം" ഞാൻ അവളെ നോക്കി ചിരിച്ചു. ഇന്നലെ ഞാൻ അതിൽ വന്നപ്പൊ തോന്നിയ ആഗ്രഹം ആവും, ഇപ്പൊഴാണ് പറയണത്.

ന്റെ മീനാക്ഷിക്കൊച്ച് അവക്കത്ര ഇഷ്ടം ഇള്ളോരുടെ അടുത്ത് മാത്രേ അവളുടെ മോഹങ്ങളുടെ കെട്ടഴിക്കൂ എന്നെനിക്ക് നല്ലപോലെ അറിയാവുന്നത് കൊണ്ട് ഞാൻ മറുത്തൊന്നും പറഞ്ഞില്ല. ആ കുഞ്ഞു കുഞ്ഞ് മോഹങ്ങൾക്കപ്പുറം എനിക്ക് വേറെന്ത് സന്തോഷമാണുള്ളത്.

ഞാൻ അവളുടെ കരിങ്കൂവളം പൂത്തപോലുള്ള കണ്ണുകളിലേക്ക് നോക്കി. അത് മനോഹരമായി ആശ്ചര്യത്തിൽ തുറന്നടയുന്നു.

അവിടെ എനിക്ക് കാണാൻ കഴിഞ്ഞത്, ആദ്യമായി അവളുടെ മോഹങ്ങൾ കേൾക്കാനും, അതിനു കൂട്ടുനിൽക്കാനും ഒരാളെ കിട്ടിയ സന്തോഷമായിരുന്നു. ശരിക്കും ഇവളോട് ഇതുവരെയാരും ഇത്രസ്നേഹം കാണിച്ചിട്ടില്ലെ...!!

ഇവളുടെ ഭാവങ്ങളിൽ സ്നേഹം പോലും ഒരു പുതുമയാണ്. ************* തിരക്കൊഴിഞ്ഞ വിജനമായ വീഥികളിലൂടെ ഞങ്ങളെയും വഹിച്ച് കൊണ്ട് സൈക്കിൾ മുന്നോട്ട് പോയിക്കൊണ്ടിരുന്നു.

മുൻവശത്ത് ഇരിക്കുന്ന മീനാക്ഷി, എന്റെ നെഞ്ചിൽ ചാരിയിരുന്ന് പൂർണ്ണ ചന്ദ്രനെ നോക്കി. മുഴുവൻ വലിപ്പത്തിലെത്തിയ ചന്ദ്രൻ 'റെഡ് മൂൺ' എന്ന് സായിപ്പ് വിളിക്കുന്ന രക്തവർണ്ണ നിറത്തിൽ സാധാരണയിലും ഏറെപെരുത്ത മുഴുമതി അത് നിറഞ്ഞ് നിൽക്കുന്നു.

മാർഗ്ഗഴിമാസം ആണ് സ്ത്രീകളിലെല്ലാം പാർവ്വതിയുണരുന്ന മാസം, പോരാത്തതിന് പൗർണ്ണമിയും. ഇടവഴികളിൽ ഇല്ലിക്കാടുകളിൽ, വിരിഞ്ഞ് നിൽക്കുന്ന കാട്ടുമല്ലികളിലെല്ലാം പ്രണയം മണക്കുന്നു.

കാച്ചെണ്ണയില്ലെങ്കിലും, കന്മദമില്ലെങ്കിലും മീനാക്ഷിയുടെ കേശഭാരത്തിന് മർത്യനെ മയക്കുന്ന പരിമളമാണ്. അവൾ രാത്രിയുടെ സർപ്പസൗന്ദര്യവും ആസ്വദിച്ചുകൊണ്ട് നിശബ്ദമായി അവളുടെ കയ്യിലിരിപ്പുള്ള കടലയെ നിർദാക്ഷിണ്യം ആക്രമിച്ച് കൊണ്ടിരിക്കുന്നു.

“പാ....തിരാവായില്ല പൗർണ്ണമി കന്യയ്ക്ക് പതിനേഴോ പതിനെട്ടോ പ്രായം മൂവന്തി പൊയ്കയിൽ മുങ്ങി നീരാടി പാവാട മാറ്റിയ പ്രായം....” അവള് സംസാരിക്കാതെ കണ്ടപ്പോൾ ഞാൻ വെറുതെ മൂളി.

അവൾ ആദ്യത്തെ വരികൾ ശ്രദ്ധിച്ചിരുന്നു, ഞാൻ ഇനിയും അടുത്ത വരികൂടി പാടി കുളമാക്കും എന്ന് തോന്നിയപ്പോൾ എന്റെ വായിൽ അവളുടെ കൈയിലിരുന്ന കടല തട്ടിതന്നു. എന്നിട്ട് മധുരമായി തന്നെ എനിക്ക് അത് പാടി തന്നു.

അവള് വലിയ പാട്ടുകാരി ഒന്നുമല്ല, എങ്കിലും അതവളുടെ ശബ്ദത്തിൽ കേൾക്കുമ്പോൾ ഒരു ഇമ്പമുണ്ടായിരുന്നു. രാത്രിയുടെ രാഗംപോലെ മധുരവും നിർമ്മലവുമായ ശബ്ദം.

“പാതിരാവായില്ല പൗർണ്ണമി കന്യയ്ക്ക് പതിനേഴോ പതിനെട്ടോ പ്രായം... മൂവന്തി പൊയ്കയിൽ മുങ്ങി നീരാടി പാവാട മാറ്റിയ പ്രായം...

താരക കണ്ണെഴുതി വിണ്ണിലെ തൂവെള്ള താമരപ്പൂവെന്നു ചൂടി....” അതിൽ ലയിച്ചിരുന്നിരുന്ന എനിക്ക് പെട്ടെന്ന് മനസ്സിലേടിയ കഥയിൽ ചിരിപൊട്ടി.

അവൾ തിരിഞ്ഞ് എന്നെ നോക്കി. പുരികം വളച്ചു പൊന്തിച്ച് ചോദിച്ചു.

“അത്രക്ക് മേശാണോ ന്റെ ശബ്ദം” “ഏയ്, എന്ത് രസാ മീനാക്ഷി, നിന്റെ ശബ്ദത്തിൽ അത് കേൾക്കാൻ, അപ്പൊ എനിക്ക് പഴയ ഒരു തമിഴ് നാടോടി കഥ ഓർമ്മ വന്നതല്ലെ, അതിൽ ഇതുപോലെ രണ്ട് കഥാപാത്രങ്ങളുണ്ട്.” മീനാക്ഷി കഥ കേൾക്കാൻ തയ്യാറായി തിരിഞ്ഞിരുന്നു.

“പണ്ട് മധുരക്കടുത്ത് ഒരു കൊച്ചു ഗ്രാമത്തിൽ, മുനിയാണ്ടിയെന്നു പേരുള്ള ഒരു കണവനും, അയാളുടെ ഭാര്യ മുത്തുലക്ഷ്മിയും ജീവിച്ചിരുന്നു. മുനിയാണ്ടി കൊറേ കള്ളൊക്കെ കുടിക്കുമെങ്കിലും മുത്തുലക്ഷ്മിയെ വലിയ കാര്യം ആയിരുന്നു.

ജീവനായിരുന്നു. എല്ലാ വെള്ളിയാഴ്ചയും അവളെ അവൾക്കിഷ്ടമുള്ള തലൈവർ എം.ജി.ആറിന്റെ സിനിമ കൊണ്ട് പോയി കാണിക്കുമായിരുന്നു.

മുത്തുലക്ഷ്മി അധികം പുറത്തൊന്നും പോകാത്തതുകൊണ്ടു അവൾക്കത് ഭയങ്കര സന്തോഷം ഉള്ള കാര്യം ആയിരുന്നു. അങ്ങനെ അവർ സിനിമ കാണാൻ സൈക്കിളിൽ പോകുമ്പോൾ ഇങ്ങനെ തന്നെയാണ്.

രണ്ടെണം അടിച്ചിട്ടുള്ള മുനിയാണ്ടി, അയാളുടെ കൂതറ ശബ്ദത്തിൽ പാട്ടുപാടും. മുത്തുലക്ഷ്മി അയാളുടെ വായപൊത്തി ആ പാട്ടൊക്കെ മധുരമായ ശബ്ദത്തിൽ തിരിച്ച് പാടികൊടുക്കും.

മുനിയാണ്ടി അതെല്ലാം കേട്ട് ആസ്വദിച്ചിങ്ങ് പോരും. എനിക്ക് പെട്ടന്നു നമ്മളു മുനിയാണ്ടിയും മുത്തുലക്ഷ്മിയും ആണെന്ന് തോന്നിപോയി.

ഹി..ഹി.... ഹി..

" എനിക്ക് നല്ല ചിരിവന്നു. അതുവരെ ശ്രദ്ധയോടെ എല്ലാം കേട്ട് കൊണ്ടിരുന്ന മീനാക്ഷി ഉറക്കെ ഉറക്കെ പെട്ടിച്ചിരിച്ചു.

ഒരു യക്ഷിയെപ്പോലെ. പക്ഷെ യക്ഷി ഇങ്ങനൊരു കക്ഷിയാണെങ്കിൽ, ആരാണ് അവളുടെ കൈകൊണ്ട് മരിക്കാൻ ആഗ്രഹിക്കാത്തത്.

അവർ വീണ്ടും കുറേ നേരം വീണു ചിരിച്ചു. സൈക്കിൾ അടിയുലഞ്ഞു.

അവൾ തിരിഞ്ഞിരുന്ന് എന്റെ മീശ പിരിച്ചുവച്ച്, എന്നെ മുനിയാണ്ടിയാക്കി. അവളുടെ ഇടതൂർന്ന ചുരുൾമുടി വകഞ്ഞ് രണ്ടാക്കി മുൻപിലേക്കിട്ടു മുത്തുലക്ഷ്മിയായി.

അവളുടെ വിസ്തൃതമായ പുറമഴക്ക് എനിക്ക് മുൻപിൽ അനാവൃതമായി. അവളാ കറുത്ത കുഞ്ഞുപൊട്ട് എടുത്ത് മൂക്കുത്തിയാക്കി കുത്തി, നിഷ്കളങ്കമായി എന്നെ നോക്കി പുഞ്ചിരിച്ചു.

എന്നിട്ട് കുഞ്ഞു കുട്ടികളെ പോലെ മുനിയാണ്ടി, മുത്തുലക്ഷ്മി എന്ന് മാറി മാറി ഉച്ചരിച്ചു കൊണ്ടിരുന്നു. അവൾക്കത് ഇഷ്ടമായി.

ഞാൻ ഒരു കൈയിൽ സൈക്കിൾ നിയന്ത്രിച്ച് കൊണ്ട്, മറുകയ്യിൽ ആ കുറുമ്പിയെ നെഞ്ചോട് ചേർത്ത് പിടിച്ചു. ഈ നിമിഷം ഒരിക്കലും തീരാതിരുന്നെങ്കിൽ.

ഇനിയും മുഴുവനാക്കപ്പെടാത്ത മനോഹര കഥകളുടെ സുഭഗമായ ഈ ആയിരത്തൊന്ന് രാവുകൾ തുടർന്നു കൊണ്ടിരുന്നെങ്കിൽ. ************** ഹോസ്റ്റലിനു പിൻവശം.....

അവൾക്ക് വേണമെങ്കിൽ സുഖമായി മുൻവശത്തുകൂടി വാച്ച്മാനോട് പറഞ്ഞ് കയറാം. അവൾ അസിസ്റ്റന്റ് പ്രൊഫസർ ആണ് അല്ലാതെ, കോളേജ് സ്റ്റുഡന്റ് അല്ല.

എന്നാലും എന്റെ മുതുകത്ത് ചവിട്ടി ആ പാരപ്പറ്റിൽ കയറിയാലേ അവൾക്കൊരു സമാധാനമുള്ളു. ഹൊ, വല്ലാത്തൊരു പെണ്ണ് തന്നെ.

ആദ്യത്തെ ചവിട്ടിൽ എന്റെ ഭൂമിയും, രണ്ടാമത്തെ ചവിട്ടിൽ പാതാളവും സ്വന്തമാക്കി, മൂന്നാമത്തെ ചവിട്ടിനായി മഹാബലിയെ പോലെ ഞാൻ തല വച്ച് കൊടുത്തു. ഭാഗ്യത്തിന് അതുണ്ടായില്ല അപ്പോഴേക്കും മരംകേറിപ്പെണ്ണ് പാരപ്പറ്റിൽ വലിഞ്ഞ് കയറി കഴിഞ്ഞിരുന്നു.

ഒരു തോൾ ഉയർത്താൻ പറ്റാതെ ഞാൻ ലാലേട്ടനെപ്പോലെ അവളെ നോക്കി. എന്നിട്ട് എങ്ങനെയോക്കെയോ വലിഞ്ഞ് കയറി അവൾക്കടുത്തെത്തി.

ജനൽപ്പടിയിലേക്ക് കയറാൻ  എന്നെയും കാത്ത് നഖംകടിച്ച് നിൽപ്പാണ്. അവിടെ സ്ഥലം വളരെ കുറവാണ് പുറത്ത് ചവിട്ടി കയറുന്നത് അപകടം ഉണ്ടാക്കും.

അതുകൊണ്ട് തന്നെ എന്നത്തേയുംപ്പോലെ എടുത്ത് പൊക്കികയറ്റണം, അതിനാണ്. ഞാൻ നടന്ന് ചെന്ന് അവളുടെ ഒത്ത തുടകളിൽ കൈകൾ അമർത്തി പുണർന്ന് എടുത്ത് പൊക്കി.എന്റെ കൈപിടിക്കു മുകളിൽ അവളുടെ നിതംബഗേളങ്ങളുടെ കൊതിപ്പിക്കുന്ന കയറ്റം തുടങ്ങുന്നുണ്ട്.

ഞാൻ  വളരെ കഷ്ടപ്പെട്ട് മനസ്സാന്നിദ്ധ്യത്തോടെ നിന്നു. അവൾ ജനൽപടികളിൽ ശക്തമായി പിടിമുറുക്കാൻ നോക്കുന്നുണ്ടു.

അവളുടെ ആ പരാക്രമത്തിൽ ആഡംബരം തൊട്ട് തീണ്ടിയിട്ടില്ലാത്ത ഇളംവയലറ്റു കോട്ടൻസാരി അൽപ്പം ഉലഞ്ഞ് നീങ്ങി, നിറഞ്ഞ് നിൽക്കുന്ന ചന്ദ്രികയിൽ എനിക്കു മുന്നിൽ അവളുടെ ഒതുങ്ങിയ ഉദരം അനാവൃതമായി. അതിലെ അളവൊത്ത കയറ്റിറക്കങ്ങളും, അരുമയായ പെക്കിൾചുഴിയും ബ്രഹ്മനെ പോലും പുളകം കൊള്ളിക്കാൻ പോന്നതായിരുന്നു.

അതിനു കീഴെ മദ്ധ്യത്തിൽ ഞൊറിഞ്ഞെടുത്തു കുത്തിയ മടിക്കുത്തിലോരത്ത്, നിലാവിൽ സ്വർണ്ണവർണ്ണത്തിലെന്തോ തിളങ്ങി. അത് ശരീരത്തോടേറെ ചേർന്ന് സാരിയുടെ അരികുകളിൽ കയറിയിറങ്ങി ആഴങ്ങളിൽ മുങ്ങിക്കിടക്കുന്നു.

പൂർണ്ണ രൂപം കണ്ടില്ലെങ്കിലും എനിക്കു സംശയമില്ലാതെ പറയാൻ കഴിയും. ‘അരഞ്ഞാണം, മീനാക്ഷിയുടെ പൊന്നരഞ്ഞാണം’  എന്റെ തലക്കകത്ത് കൊള്ളിയാൻ മിന്നി, ഇത് ഇത്രയടുത്ത് കാണാൻ കഴിഞ്ഞ എന്റെ അഭിനിവേശം പറഞ്ഞറിയിക്കാൻ കഴിയാത്തതായിരുന്നു.

ലോഭത്തിൽ മുങ്ങിയ ആശയെ ആനപിടിച്ചാൽ പോലും കിട്ടില്ലല്ലോ.  സർപ്പിളത്തിലകപ്പെട്ട പോലെ മനസ്സ് ചുഴലി ചുഴലി ആ അരഞ്ഞാണത്തിന്റെ ഗുരുത്വാഗർഷണ ബലത്തിൽ മുഴുകിയതിലേക്ക് പതിച്ച് കൊണ്ടിരുന്നു.

അവളുടെ ഗന്ധം, കാറ്റിൽ കരിന്നെച്ചി പൂത്തുലയുന്ന ഗന്ധം. "എന്താ മാഷെ അവിടെ പരിപാടി" ( ഞാൻ മുകളിലേക്ക് നോക്കി, അവളുടെ മുഖത്ത് കുസൃതിയാണ് ) ഞാനൊന്ന് ഇളിച്ചു " ഇതിപ്പൊ ആദ്യം അല്ലല്ലോ, എന്തേ എന്റെ വയറിനോടൊരു കൊതി.

വഷളൻ തന്നെ." അവൾ എന്റെ കയ്യിൽ ഒന്നുകൂടി അമർന്നിരുന്ന്, എയറിൽ തന്നെ നിന്ന് കൈ രണ്ടും കെട്ടി, ഒരു ടീച്ചറുടെ ഗൗരവത്തോടെ, കുസൃതിയിൽ കലർന്ന ദേഷ്യത്തോടെ എന്നെ നോക്കി ഒരു പുരികമുനയുയർത്തി.

ഇരിക്കുന്നതെന്നാലും കൊച്ചുകുഞ്ഞിനെപ്പോലെ എന്റെ കയ്യിലാണ്. പെട്ടന്നൊരു കാറ്റുവീശിയപ്പോൾ അവൾ പേടിച്ച് രണ്ടു കൈകളും എന്റെ തോളുകളിലമർത്തി, എന്നിട്ടും ഞാൻ പറയാൻ പോകുന്ന ഉത്തരം പ്രതീക്ഷിച്ച് മിഴികളെന്നിൽ തന്നെ ഊന്നിനിൽപുണ്ട്.

"ഞാൻ ഈ കണ്ട തല്ലും, ഇടിയുമൊക്കെ കൊണ്ട്, എന്റെയീ കഷ്ടപ്പാടിനിടയിലും കെട്ടിയതല്ലെ നിന്നെ." "അതിന്" "അപ്പൊ ഇനീം കഷ്ടപ്പാട് വരുമ്പൊ എനിക്കിത് പണയം വക്കാൻ തരോ....

" "യെന്ത് യെന്റ വയറോ" ( അവളെരു കെറുവോടെ ചോദിച്ചു ) "യേയ്, ദതല്ല, ദിത്" ഞാൻ അവളുടെ സാരിക്ക് പുറത്ത് മേനിയോട് പറ്റിക്കിടന്നിരുന്ന അരഞ്ഞാണ തൊങ്ങലിൽ കടിച്ച് അത് മുഴുവനായും ആ കോട്ടൻ സാരിക്ക് പുറത്തിട്ടു. അത്ര കൊതി തോന്നിയതോണ്ട് ചെയ്തതാണ്.

പേരിനൊരു അരഞ്ഞാണമാണെങ്കിലും അവളുടെ അരയഴകാണ് അതിന്റെ മാറ്റ്. സ്വർണ്ണനൂലുപോലുള്ള അത്, അവളുടെ പൊന്നുടലിൽ ചേർന്നിരുന്നാൽ കണ്ടുപിടിക്കാൻ പോലും പ്രയാസമാവും.

അവളുടെ നേർത്ത മേനിയിലെന്റെ ചുണ്ടുരഞ്ഞ് പോയി. പെട്ടന്നുണ്ടായ ഇന്ദ്രിയബോധത്തിൽ, അനുഭൂതിയിൽ അവൾ നടുങ്ങി കൈകൾ എന്റെ ഇടത് തോളിലും വലത്ത് നെഞ്ചിലും കുത്തി പുളഞ്ഞുയർന്നു.

ഇതുവരെ ഉലകിതിലാർക്കും ദർശനഭാഗ്യം സിദ്ധിക്കാത്ത മീനാക്ഷിയുടെ പൊന്നരഞ്ഞാണം ഞാൻ കൺനിറയെ കണ്ടു. അതിനവളുടെ രുചിയായിരുന്നു.

കാലിൻ നഖമുനത്തൊട്ട്, വൈശിഷ്ട്യമായ നിമ്നോന്നതികളോടെ വളഞ്ഞ് പുളഞ്ഞൊഴുകി ലാളിത്യത്തിന്റെയും, സൗകുമാര്യത്തിന്റെയും, ഉത്തുംഗശൃംഗമായ സിരസ്സിലെത്തി നിൽക്കുന്ന അവളുടെ സർപ്പസൗന്ദര്യം, ഉലഞ്ഞ് മുടിയാട്ടമാടി എന്നെ നോക്കി സംഭ്രമപ്പെട്ട് തെല്ലൊരു പിണക്കത്തോടെ പറഞ്ഞു. "ശ്ശൊ...

ഒരു നാണോം നാളികേരോം ഇല്ലാത്ത മനുഷ്യൻ, തനി വഷളൻ, എന്നെ അങ്ങോട്ട് കയറ്റി വിട്, ഇല്ലെങ്കി ഞാൻ ഉണ്ണിയേട്ടനെ തള്ളി താഴെയിടും. അപ്പൊ ആവി ശരിക്കും ആവിയാവും.

ആ പറഞ്ഞതിലെ ലോജിക്ക് എനിക്ക് ശരിക്ക് കിട്ടിയില്ല. എന്നെ തള്ളി താഴെയിട്ടാ അവളും കൂടെ പോരൂല്ലെ.

വല്ലാണ്ട് ചിന്തിക്കാൻ നിന്നില്ല. അവളത്രക്കങ്ങട് ചിന്തിച്ചിട്ടില്ലെങ്കിൽ, പിന്നെ ചിന്തിക്കണ്ടി വരില്ല.

ഞാനവളെ ഉന്തിതള്ളി കയറ്റിവിട്ട്, പോകാൻ തിരികെ നടന്നു. അപ്പൊ പിന്നീന്ന് വിളിച്ചു.

" ഉണ്ണിയേട്ടോയ് ....." ( ഞാൻ തിരിഞ്ഞ് നോക്കി, ജനൽപ്പടിയിൽ കൈകുത്തി ഇളിച്ച് നിൽപ്പുണ്ട്, എന്തോ കാര്യസാധ്യത്തിനാണ്.

) " എന്തോയ് " "നിക്ക് ഒരു കഥ പറഞ്ഞ് തെരോ....?" ( അവൾ കൊച്ചുകുഞ്ഞെന്ന പോലെ ചിണുങ്ങി) ഞാൻ ഇവക്കെന്താ പ്രാന്തായോ എന്ന് നിരീച്ച് ശ്രദ്ധിച്ച് നോക്കി.

" സൂക്ഷിക്ക് നോക്കണ്ട ഉണ്ണിയേട്ട, ഞാൻ ഉണ്ണിയേട്ടനെ കെട്ടിയേന്റെ മഹ്റായി കൂട്ടിയാ മതി." " മഹ്റോ !!!

സ്ത്രീധനം ആയിട്ട് നിന്റെ അച്ഛനും ചേട്ടൻമാരും, എനിക്ക് തന്നത് നല്ല പൂവൻപഴം പോലത്ത ഇടിയാണ്. അതെന്ന അങ്ങട് തന്നാ മതിയോ.

" അവള് നിർത്താതെ ചിരിക്കുന്നുണ്ട്, ഞാൻ ജനലിൽ പിടിച്ച് ഉള്ളിലേക്ക് കയറി തുടങ്ങി. ഒറക്കത്തീന്ന് എണീക്കാൻ പോയ എന്നെ ഇടിച്ച് കുരുകളഞ്ഞതും പോര.

ആ ഇടി വാങ്ങിയതിന് ഞാൻ പെറ്റിയും അടക്കണോ. "ചെലപ്പൊ അടക്കണ്ടി വരും, വെറുതെ അല്ലല്ലോ മിസ്റ്റർ നല്ല പൂവൻപഴം പോലത്തെ പ്രാണപ്രേയസിയെ അങ്ങ്ട് കിട്ടിയില്ലെ.

" "ഹൊ, ഇതിലും ഭേദം ബഷീറിന്റെ പൂവൻപഴത്തിലെ ഭാര്യയായിരുന്നു." "അതോതാ ആ പെണ്ണുമ്പിള്ള, എന്നാ ആദ്യം ആ കഥ പറയ്.

" അവിടന്ന് തുടങ്ങിയ കഥയാണ്, പറഞ്ഞ് പറഞ്ഞ് നാക്കുളുക്കി തുടങ്ങി. ഞാൻ അത് കാര്യമാക്കിയില്ല.

അവൾക്ക് വാശി പിടിക്കാനും ഞാൻ അല്ലെ ഉള്ളൂ. കഥ പറഞ്ഞ് കൊടുക്കാൻ എനിക്കു അവളും.

ഇടത്കൈ തലയിൽ ചാരി അവള് അനന്തശയനത്തിലാണ്. ഒരാൾക്ക് കിടക്കാനുള്ള സ്ഥലമേ കഷ്ടി ആ കട്ടിലിനുള്ളു അതിലെന്നെ നിർബന്ധിച്ചവൾ കിടത്തിയിട്ടുണ്ട്.

തിങ്ങിഞ്ഞെരുങ്ങി അവളുടെ മാറിൻ ചൂടേറ്റ് ഞാൻ അതിൽ ബദ്ധപ്പെട്ടു കിടന്നു. കഥകളുടെ രസചരടുപ്പൊട്ടാതെ മുന്നേറിയപ്പോൾ അവളെന്റെ നെഞ്ചിലേക്ക് ചാഞ്ഞ്കിടന്നു വട്ടം കെട്ടിപ്പിടിച്ചു.

ഒരു കൊച്ച് കുഞ്ഞ്, അച്ഛന്റെ  നെഞ്ചിൽ തലചായ്ച്ചു കഥകേട്ട് ഉറങ്ങും പോലെ. ബാല്യകാല സ്മൃതിപഥങ്ങളിലെങ്ങും അവൾക്ക് അനുഭവിക്കാൻ കഴിയാതെ പോയ ഒരു അച്ഛന്റെ സ്നേഹം ആസ്വദിച്ച് അവളെന്റെ നെഞ്ചിന്റെ ചൂടിൽ ആലസ്യത്തിൽ കിടന്നു.

ഇത്തരം പരമരഹസ്യമായ ഒരുകുന്ന് ബാലിശസ്വപ്നങ്ങളുടെ കൂട്ടമാണ് മീനാക്ഷി എന്നെനിക്ക് തോന്നിപോയി. ഈ നാട്യങ്ങളുടെ അരങ്ങഴിഞ്ഞ് വീണാൽ അവളൊരു വെറും എട്ട് വയസ്സ്കാരി പൊട്ടി കുട്ടിയാണ്.

അവളുടെ മുടിയിഴകളിൽ തലോടി ഞാൻ കഥ പറഞ്ഞു കൊണ്ടിരുന്നു, പെരുംനാഗത്തെ നാഭിയിലൊളിപ്പിച്ച രാജക്കുമാരിയുടെ കഥ, പയറുചെടിയിൽ കയറി സ്വർഗ്ഗത്തിൽ പോയ ബാലന്റെ കഥ, ആലിബാബയുടെയും വെന്ത് മരിച്ച നാൽപ്പത്തൊന്ന് കള്ളൻമാരുടേയും കഥ, കുറുക്കൻ കാട്ടിലെ രാജാവായ കഥ, സുമോറോ ദ്വീപിലെ കടൽകിഴവന്റെ കഥ, പല്ലവൻകാട്ടിലെ കുടവയറൻ ഭൂതത്താന്റെ കഥ, രാത്രികളിൽ മാനം നിറയെ നക്ഷത്രങ്ങൾ പൂത്തുലഞ്ഞ കഥ, ഞാൻ നിറുത്താതെ പറഞ്ഞു കൊണ്ടിരുന്നു. അവളത് കേട്ട് കിടന്നു.

നെഞ്ചിൽ കണ്ണീരിന്റെ ചൂടെനിക്ക് അറിയാൻ കഴിയുന്നുണ്ടായിരുന്നു. അവൾക്കിനിയും എന്തൊക്കെയോ സങ്കടങ്ങൾ മനസ്സിലുണ്ട്.

അവയൊക്കെ എന്നോട് അവൾക്ക് പറയാൻ കഴിയുന്ന അത്രയും ഞാൻ അവളെ സ്നേഹിക്കുന്ന കാലം വരും. ഞാൻ അവളെ നെഞ്ചിൽ ചേർത്ത് പിടിച്ച് നെറുകിൽ തലോടി മൂർദ്ധാവിൽ മുത്തമിട്ടു.

അപ്പോൾ ഫോണിലൊരു  നോട്ടിഫിക്കേഷൻ വന്നു. ടോണിയുടെ മെസ്സേജ് ആണ്.

ഒരു യൂട്യൂബ് ലിങ്ക് ആണ്. എന്താണാവോ, ഈ രാത്രി അവൻ ഇത്ര കാര്യമായി അയക്കാൻ മാത്രം.

ഞാൻ അതിൽ ക്ലിക്ക് ചെയ്തു. അതൊരു വാർത്ത ലിങ്ക് ആയിരുന്നു.

അപ്രതീക്ഷിതമായ ആ വാർത്ത കേട്ട് ഞാനും, നെഞ്ചിൽ തലവച്ചിരുന്ന മീനാക്ഷിയും ഒരുപോലെ ഞെട്ടി.   "പ്രശസ്ത മുൻകാല സൂപ്പർസ്റ്റാർ, ത്യാഗരാജൻ അന്തരിച്ചു.

ഹൃദയാഘാതം ആണ് മരണകാരണം. വൈകീട്ട് ഏഴരയോടെ ചൈന്നെയിലെ അദ്ദേഹത്തിന്റെ വസതിയിൽ വച്ച്, ശാരീരിക അസ്വാസ്ഥ്യം അനുഭവപ്പെട്ടതിനെ തുടന്ന് ആശുപത്രിയിൽ പ്രവേശിപ്പിക്കുകയായിരുന്നു.

ആശുപത്രിയിൽ എത്തിക്കുന്നതിനു മുൻപ് തന്നെ ......" ഞാൻ ആ വീഡിയോ ക്ലോസ് ചെയ്തു.

അതിൽ കാണിച്ചതെല്ലാം എന്റെ ഇന്റവ്യൂവിലെ ഫൂട്ടേജ്കളും, പഴയ അദ്ദേഹത്തിന്റെ നിത്യഹരിത സിനിമ നിമിഷങ്ങളുമായിരുന്നു. എനിക്കൊപ്പം മനസ്സറിഞ്ഞ് ചിരിച്ച് അനുഭവങ്ങൾ പങ്ക് വയ്ക്കുന്ന ത്യാഗരാജൻ സാർ.

ഞാൻ നിശബ്ദമായി കിടന്നു. മീനാക്ഷി നിറുത്താതെ തേങ്ങുന്നുണ്ടായിരുന്നു.

അവൾ അവ്യക്തമായി എന്തൊക്കെയോ, എണ്ണിപെറുക്കി കൊണ്ട് കരഞ്ഞ് കൊണ്ടേയിരുന്നു. "ഞാനാ....

ഞാനാ എല്ലാത്തിനും കാരണം, ഞാ ഇന്റർവ്യൂന് വന്ന കാരണാ. ഞാ ..ഞാനാ...

ഞാൻ ഒരു ദുർഭാഗ്യാ..... എവിടെ ചെന്നാലും അവിടെ ദോഷംമാത്രേ ഇണ്ടാവൂ.

ജനിച്ചന്ന് മുതല് തുടങ്ങിയ ദുരിതാ. ഞാ കാരാണാ, എല്ലാം ഞാ കാരണാ, ആദ്യം സരു, ഇപ്പൊ സാറ്.....

ഞാ..... ഞാ മരിച്ചാ മതിയാർന്നു....

" (അതെല്ലാം എനിക്കു സഹിക്കാൻ കഴിയുന്നതിൽ അപ്പുറമായിരുന്നു, പെട്ടന്നു വന്ന അടക്കാനാവാത്ത സങ്കടത്തിൽ ഞാൻ അവളുടെ വായപൊത്തി) " അങ്ങനെ പറയല്ലെ മോളെ, നീ എങ്ങനെയാ ദുർഭാഗ്യം ആവാ... ഇന്നത്തെ ദിവസം അദ്ദേഹം എത്ര സന്തോഷിച്ചൂന്ന് നീയും കണ്ടതല്ലെ.

നീ ഇല്ലെങ്കിൽ അതു നടക്കാരുന്നോ. മരണം മനുഷ്യന് നിയന്ത്രിക്കാൻ പറ്റണതല്ലല്ലോ.

പക്ഷെ ജീവിതം അത് നമ്മുക്ക് മാറ്റാൻ കഴിഞ്ഞില്ലെ. ഒരായുസ്സിനുള്ള സന്തോഷം അദ്ദേഹം ഇന്ന് അനുഭവിച്ചിട്ടുണ്ട്, അവസാനം അദ്ദേഹം പറഞ്ഞത് മോളും കേട്ടതല്ലെ.

അതല്ലെ ഏറ്റവും വലിയ മോക്ഷം. അത് എല്ലാവർക്കും സാധിക്കില്ലല്ലോ.

അദ്ദേഹത്തിന് അത് സാധിച്ചു. ഞാനും മോളുമൊക്കെ അതിനൊരു നിമിത്തമായി അങ്ങനെ കണ്ടാമതി.

അതിന് മോളെന്തിനാ വിഷമിക്കണത്" (ഞാൻ അവളെ നെഞ്ചിലേക്ക് ചേർത്ത് പിടിച്ചു, മൂർദ്ധാവിൽ തലോടി) "മോളല്ല, എല്ലാം ഞാനാണെങ്കിൽ കൂടിയും അത് മോളല്ല, കാരണം മോള് ദുർഭാഗ്യം അല്ല, സ്നേഹം ആണ്, കറയില്ലാത്ത സ്നേഹം. നീ ഇല്ലെങ്കിൽ ഞങ്ങൾക്കൊക്കെ ആരാണ് ഉള്ളത് ഭാഗ്യമായിട്ട്.

"     അതവളുടെ കരച്ചിലിന്റെ ആക്കം കൂട്ടിയതേയുള്ളു, അവൾ നിറുത്താതെ കരഞ്ഞു കൊണ്ടിരുന്നു. അവളുടെ ചുടുകണ്ണുനീർ എന്റെ  നെഞ്ചിനകത്തും പുറത്തും ഒരു പോലെ പടർന്നിറങ്ങി.

ഞാൻ അവളുടെ നേർത്ത കവിളിണകളിൽ തഴുകി കൊണ്ടിരുന്നു. എത്ര നേരം കഴിഞ്ഞു എന്നറിയില്ല, അവളുടെ ശ്വാസതാളം ഏറിവന്നു, ശരീരത്തിന് ഭാരം കൂടി.

അവളൊരു വാടിതളർന്ന തമരയല്ലി പോലെ എന്റെ നെഞ്ചിൽ ചായ്ഞ്ഞുറങ്ങി. പതിയെ വളരെ ശ്രദ്ധയോടെ നെഞ്ചിൽ നിന്നവളെ തലയിണയിലേക്കു പകർന്ന് കിടത്തി, ഞാൻ അവിടെ നിന്നും ഇറങ്ങി നടന്നു.

തിരിച്ച് പോരുമ്പോൾ ഞാൻ ചിന്തിച്ചത് ജീവിതത്തെ കുറിച്ചായിരുന്നു. പ്രവചനാതീതമായ അതിനു മുൻപിൽ നമ്മളെല്ലാം എത്ര നിസ്സാരജീവികളാണ്.

ഇങ്ങനെയെല്ലാം സംഭവിക്കുമെന്ന് അറിയുമായിരുന്നെങ്കിൽ നാം ഇതിലും ആത്മാർത്ഥമായി പരസ്പരം സ്നേഹിക്കില്ലെ, ദേഷ്യങ്ങളെല്ലാം മറന്നുകളയില്ലെ, നാണക്കേടുകൾ കണക്കിലെടുക്കാതെ കെട്ടിപുണർന്നൊന്നു കരയില്ലെ, എല്ലാം മറന്ന് പങ്ക്ചേർന്ന് ചിരിക്കില്ലെ, അതല്ലെ നമുക്ക് ജീവനോടെയിരിക്കുമ്പോൾ ചെയ്യാൻ കഴിയാതെ പോകുന്നത്. ഉലകനിയതിയുടെ ഈ പെർമ്യൂട്ടേഷൻസ് ഏൻഡ് കോമ്പിനേഷൻസിൽ നമ്മളെല്ലാം ഭാഗ്യബിന്ധുക്കൾ മാത്രമാണ്, ഒന്നിടവിട്ട് വരാനിരിക്കുന്ന മരണത്തെ കാത്തിരിക്കുന്നവർ.

*************** അടുത്ത ദിവസത്തെ പത്രങ്ങളിലും, വാർത്താ ചാനലുകളിലും, സോഷ്യൽ മീഡിയയിലും നിറഞ്ഞ് നിന്നിരുന്നത് എന്റെ ഇന്റർവ്യൂ ആയിരുന്നു.  യൂട്യൂബിൽ അത് ട്രെൻഡിങ് വൺ ആയിരുന്നു.

സാധാരണ തോന്നാറുള്ളത് പോലെ യാതൊരു വിധ താൽപര്യവും ഇന്ന് എനിക്കതിനോട് തോന്നിയില്ല. ഇത്തരം വേദനിപ്പിക്കുന്ന മരണങ്ങൾക്ക് മുന്നിൽ എനിക്ക് മറ്റാരെങ്കിലും പകരക്കാരനായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു.

ഇത് എന്റെ നിയോഗമാണ്.  അദ്ദേഹത്തിന്റെ അത്മാർത്ഥമായ ചിരിയും, ചൈതന്യം സ്പുരിക്കുന്ന വാക്കുകളും എന്റെ മനസ്സിൽ വീണ്ടും വീണ്ടും ഒരു ചലനച്ചിത്രമെന്നോണം തെളിഞ്ഞ് വന്നു കൊണ്ടിരുന്നു.

" എന്നെക്കാൾ കഴിവുറ്റ പുതുതലമുറക്ക് വഴിമാറി കൊടുക്കുന്നതിൽ എന്താണ് തെറ്റ്. എനിക്കത് സന്തോഷമുള്ള കാര്യമായിരുന്നു.

ലോകത്തിന്റെ ചലനം തന്നെ ഈ മാറ്റത്തിലാണ്. എന്നെ ഈ ലോകം വീക്ഷിക്കുന്നതിലും എനിക്കിഷ്ടം ആരുടെയും കണ്ണിൽപ്പെടാതെ മാറിനിന്ന് ഈ ലോകത്തെ നോക്കി കാണുന്നതാണ്.

അതിന്റെ സൗന്ദര്യവും, സന്തോഷവും ഏതൊരു പരമാണുവിലും എന്നപോലെ എന്നിലും നിറഞ്ഞു നിൽക്കുന്നു. ഞാൻ സന്തോഷവാനാണ്.

പ്രത്യേകിച്ചും ഇന്ന്. ഇപ്പോൾ ഈ നിമിഷം മരിച്ചാലും എനിക്ക് സന്തോഷമേയുള്ളു.

" മീനാക്ഷിക്ക് ഭക്ഷണം കൊടുത്ത് ഞാൻ നേരെ പോയത് അദ്ദേഹത്തെ കാണാൻ ആയിരുന്നു. മരണം കൊണ്ട് മായ്ക്കാൻ കഴിയുന്നതായിരുന്നില്ല ഇന്നലെ ഒരു ദിവസം കൊണ്ട് അദ്ദേഹം എനിക്ക് തന്ന സ്നേഹം.

കുറച്ച് കൂടി നേരത്തേ പരിചയപ്പെടേണ്ടതായിരുന്നു. സമയം വളരെ പരിമിതമായിപ്പോയി.

മീനക്ഷിയെ മനപ്പൂർവ്വം വിളിക്കാതിരുന്നതായിരുന്നു. അവൾക്കതിന് കഴിയില്ലെന്ന് രാവിലെ കണ്ടപ്പോഴെ എനിക്ക് മനസ്സിലായി.

ആ മുഖത്തിപ്പോഴും ദുഃഖത്തിന്റെ കാർമേഘം മൂടിക്കടപ്പാണ്. ******* അന്ന് രാത്രിയും അവള് കരച്ചില് തന്നെ ആയിരുന്നു.

കൊണ്ട്കൊടുത്ത മാസാലദോശ പോലും, ഞാൻ വാരികൊടുത്ത ഒരു പൊട്ട് മാത്രമേ അവളുടെ വയറ്റിലെത്തിയിട്ടുള്ളു. ഒരുപാട് പാടുപെട്ടാണ് ഒന്നു സമാധാനിപ്പിച്ചു കിടത്തി ഉറക്കിയത്.

ഈ രണ്ട് ദിവസത്തിൽ ഞാൻ ദിവസം മുഴുവൻ കരയുന്ന ഒരു കൗമാരക്കാരിയുടെ, അച്ഛനാണെന്ന് എനിക്ക് തോന്നിപോയി. മീനാക്ഷിയുമായി ബന്ധപ്പെട്ടതെല്ലാം എനിക്ക് പുതു ഉണർവുകളായിരുന്നു.

കെയറിംങ് എന്നത് അത്രമേൽ പ്രിയമായിടത്ത് മാത്രം വെളിവാകുന്ന മനുഷ്യന്റെ വൈശിഷ്ട്യമാണല്ലോ. *************** അവളെ സമാധാനിപ്പിച്ചൊന്നു ഉറക്കി വീട്ടിൽ വന്നപ്പോഴേക്കും ഇന്നലെ സമയം ഒരുപാടായിരുന്നു.

വൈകിയാണ് എഴുന്നേറ്റത്. ചുവന്നപയറരിഞ്ഞ് നല്ല കുഞ്ഞുള്ളി അരിഞ്ഞതും, കുത്തിപൊടിച്ചെടുത്ത വറ്റൽ മുളകും ചേർത്ത് മെഴുക്ക് പുരട്ടിയുണ്ടാക്കി, നല്ല ചള്ള് വഴുതന ഇരുന്നിരുന്നത് എടുത്ത് നെടുകെ കീറി ഉപ്പും മുളകും ചേർന്ന് പൊരിച്ചെടുത്തു.

എരുപുള്ളി കുറുക്കി വച്ചിരുന്നതും ചേർത്ത് പൊതികെട്ടിയിറങ്ങി. പത്തര കഴിഞ്ഞിരുന്നു കോളേജിലെത്തുമ്പോൾ, മീനാക്ഷി ക്ലാസ്സിലായിരുന്നതു കൊണ്ട്, പൊതിചോറു ശ്രദ്ധിച്ച് ഒതുക്കി, സ്റ്റാഫ് റൂമിൽ അവളിരിക്കുന്ന സ്ഥലത്ത് എടുത്താൽ പൊങ്ങാത്ത ഇൻ-ഓർഗാനിക്ക് കെമിസ്ട്രി പുസ്തകത്തിന് മുകളിൽ വച്ച് ഇറങ്ങി നടന്നു.

ഫാക്യുൽറ്റിമാർ പലരും പ്രത്യേകിച്ച് സ്ത്രീകൾ എന്നെ നോക്കി എന്തൊക്കെയോ പരസ്പരം പറയുന്നുണ്ട്. ചിലപ്പോൾ ഞാൻ ആരാണെന്നു മനസ്സിലായി കാണില്ല.

മീനാക്ഷി പറഞ്ഞിട്ടുണ്ടാവില്ല. അല്ലെങ്കിൽ ഇന്നലത്തെ ഇന്റർവ്യൂ കണ്ടിരിക്കും, ന്യൂസ് വച്ച് നോക്കിയില്ലല്ലോ.

ഇന്ന് അതായിരിക്കും പ്രധാന വാർത്ത. ഞാൻ അവരെ ശ്രദ്ധിക്കാതെ പുറത്തേക്കിറങ്ങി നടന്നു.

പതിവില്ലാതെ പുറത്തൊരു കൂട്ടം ഉണ്ടായിരുന്നു. ഓറഞ്ച് തലേകെട്ടും മറ്റുമായി എന്തോ ജാഥയോ, ഉപരോധമോ അങ്ങനെയെന്തോ ആണ്.

കണ്ടാൽ അറിയാം പലരും അലമ്പ് പിള്ളേരാണ്, തല്ല് എരന്ന് വാങ്ങണ ടൈപ്പ്. ഈ വിരുതൻമാരാണ് ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഹിന്ദുത്വമുണർത്താൻ നടക്കുന്നതു.

കൊടിയുടെ നിറമോ,നേതാവിന്റെ മുഖമോ അല്ലാതെ യാതൊരുവിധ പ്രത്യയശാസ്ത്രങ്ങളിലും, മാനുഷികമൂല്യങ്ങളിലും, പ്രയോഗികജ്ഞാനം പോലുമില്ലാത്ത ഒരു തലമുറ വളർന്നു വരുന്നത് ഞാൻ വേദനയോടെ കണ്ട് കൊണ്ട്, ഏതൊരു സാധാരണക്കാരനെയും പോലെ അവിടെ നിന്നും നടന്നു നീങ്ങി, കാരണം ഇതൊന്നും നമ്മളെ നേരിട്ട് ബാധിക്കുന്ന കാര്യങ്ങളല്ലല്ലോ. അൽപ്പം നടന്നപ്പോൾ ഒരു ഓരത്ത്, ഏതാനും പെൺകുട്ടികൾ നിൽപ്പുണ്ട്.

അവരിൽ പലരും തലമൂടുന്ന ഹിജാബും, ചിലർ ശരീരം മുഴുവനായും മൂടുന്ന ബുർക്കയും ധരിച്ചിട്ടുണ്ട്. മുദ്രാവാക്യം മുഴക്കുന്നവരെ നോക്കുമ്പോൾ ആ സുന്ദരികളായ തരുണീമണിമാരുടെ മിഴികളിൽ ഭയം നിറഞ്ഞ് നിഴലിച്ചിരുന്നു.

ചിലതൊക്കെ കണ്ടില്ലെന്ന് നടിക്കുന്നതാണു ശരീരത്തിന് നല്ലത്. പിന്നെയും നടന്നപ്പോൾ പുറത്ത് തെപ്പിയിട്ടൊരുകൂട്ടർ കൂടി നിന്ന് മറ്റൊരു യോഗം ചേരുന്നുണ്ട്.

സത്യത്തിൽ ലോകം മുഴുവൻ ഈ രാഷ്ട്രീയ മുതലെടുപ്പുകളിൽ അധീശത്വം പ്രാപിച്ചിട്ട് കൊല്ലങ്ങളെത്രയായി, പത്തോ, നൂറോ, അതോ സഹസ്രാബ്ദ്ങ്ങളോ. ഞാൻ സമാധാന മേഖലയിൽ ജീവിക്കുന്ന ഏതൊരാളെപ്പോലെയും, ഇതിലൊന്നും ശ്രദ്ധകൊടുക്കാതെ പോക്കറ്റിൽ കൈയ്യുംതിരുകി സ്റ്റുഡിയോയിലേക്ക് നടന്നു.

എനിക്ക് മുകളിൽ വെയിലടിക്കുമ്പോൾ, ലോകം മുഴുവൻ മഴക്കാറുകൾ നീങ്ങിയെന്നു ഞാൻ വെറുതെ വിശ്വസിച്ചു. **************** ഒരുപാട് സന്ദേശങ്ങളും, ഫോൺ കോളുകളും, ട്വീറ്റ്സ്സും, റഫറൻസുകളും തൃഗരാജൻസാറുമായുള്ള ഇന്റർവ്യൂവിന് വന്നിരുന്നു.

അതെല്ലാം വിശദമായി നോക്കി, ഒരു ഭാഗത്തേക്ക് ഒതുക്കി പബ്ലിക്ക് റിലേഷൻസിൽ ഏൽപ്പിച്ചു. മറ്റ് വർക്ക്കളിലേക്ക് കടന്നപ്പോൾ, പെട്ടന്ന് ത്യാഗരാജൻ സാറിന്റെ മുഖം ന്യൂസിൽ കണ്ടപ്പോൾ ഞാൻ ഒന്നു ശ്രദ്ധിച്ചു.

അപ്പോഴാണ് അത് മാറി മറ്റൊരു ഫ്ലാഷ് ന്യൂസ് സ്ക്രീനിൽ തെളിഞ്ഞത്. അതിന്റെ സംഗ്രഹം ഇങ്ങനെ ആയിരുന്നു.

‘ കർണ്ണാടകയിൽ സ്കൂളുകളിലും, കേളേജുകളിലും യൂണിഫോർമിനൊപ്പം ഹിജാബ് ധരിക്കുന്നതിന് നിരോധനം ഏർപ്പെടുത്തി. ഇത്തരം സാഹചര്യങ്ങളിൽ വസ്ത്ര സ്വാതന്ത്ര്യം എന്നതിനെക്കാൾ, ഭരണഘടനപ്രകാരം ഏകത, സമത്വം, മതനിരപേക്ഷത എന്നിവയ്ക്കാണെല്ലോ കൂടുതൽ ഊന്നൽ കെടുക്കുക.

കോടതിയിൽ അപ്പീൽ പോയിട്ടുണ്ട് എങ്കിലും, വിധി എതിരാവനാണ് സാധ്യത. ഇതിനെതിരെ ഇസ്ലാമിക് സംഘടനകൾ പ്രതിഷേധവുമായി മുന്നോട്ട് വന്നു.

ഇതിനെതിരെ ഹിന്ദു സംഘടനകൾ പ്രതിപ്രതിഷേധങ്ങളും തുടങ്ങി. രാഷ്ട്രീയ മുതലെടുപ്പുകൾ ഇരുചേരികളെയും സംഘർഷഭരിതമാക്കി കൊണ്ടിരിന്നു.

അതിപ്പോൾ തമിഴ്നാട്ടിലേക്കും പടർന്നിരിക്കുന്നു. ചെന്നൈ അടക്കമുള്ള നഗരങ്ങളിലെ പല പ്രമുഖ ക്യാമ്പസുകളിലും സംഘർഷാന്തരീക്ഷം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു.

’ അപ്പൊ അതാണ് ഇന്ന് കാലത്ത് അവിടെ കണ്ടത്. അല്ലെങ്കിലും ഇത്തരം പ്രശ്നങ്ങൾ നടന്നാൽ മാത്രം തീപിടിക്കുന്ന വെള്ളത്തിൽ കിടക്കുന്ന ഒരു ‘ബോംബ്’ ആണല്ലോ ഇന്ത്യ.

ആ പരസ്പരം തല്ലി തീരുമാനത്തിലെത്തട്ടെ. ഞാൻ വീണ്ടും തിരക്കുകളിലേക്ക് വീണു.

********** വൈകുന്നേരം നാലരയായി കാണും , കുമുദത്തിന്റെ ഫോണിൽ നിന്നും ഒരു കോൾ വന്നു. ഞാൻ എടുത്തു.

“സാർ ഇങ്കെ ശീക്രം വാങ്കളെ ... ഇങ്കെ പെരിയ പ്രച്ചന നടന്നിട്ടിറുക്ക്.

” (അവളാകെ സംഭ്രമത്തിലാണ്, ഞാൻ ഇരുന്നിരുന്ന സീറ്റിൽ നിന്നും ചാടി എഴുന്നേറ്റു) “ അമ്മാ പെരിയ ആപത്തിലെ മാട്ടികിട്ടിരുക്കെ. ശീക്രം വാങ്കളെ, എനക്ക് ഉടമ്പെല്ലാം നടുങ്ക്ത്” മീനാക്ഷി എന്തോ ആപത്തിലാണ്, കുമുദവും ആകെ ഭയന്നിരിപ്പാണ്.

ഇത് കേട്ട് മുഴുവനാക്കുന്നതിന് മുൻപ് തന്നെ ഞാൻ ഓടി റോഡിലെത്തിയിരുന്നു. ഓടി കൊണ്ടിരുന്ന ഒരു ഓട്ടോയിൽ ഞാൻ ചാടികയറി സ്റ്റെല്ലാ മേരീസ് കോളേജെന്ന് പറഞ്ഞു.

ടോണിയെ വിളിച്ചു കോളേജിലേക്ക് വരാൻ പറഞ്ഞു വച്ചു. ഇങ്ങനെ ഒരു പ്രശ്നം വന്നാൽ തിരിഞ്ഞ് നടക്കുന്നവരാണ് ഞാനടക്കം നമ്മളെല്ലാവരും, മീനാക്ഷി അങ്ങനെയല്ലെന്ന് അവിടെ ചെന്നിറങ്ങിയപ്പോൾ അത്ഭുതത്തോടെ ഞാൻ മനസ്സിലാക്കി.

ഹിജാബിട്ടവരോ, ബുർക്കയിട്ടവരോ, വാർമുടിയിൽ കനകാബരം ചൂടിയവരോ, വരമഞ്ഞളിൽ പനിനീരുരച്ച് കുറിയിട്ടവരോ, എന്ന് നോക്കാതെ മീനാക്ഷി ഒരു കൂട്ടം കുട്ടികളെ അടക്കി പിടിച്ചു ഇരുഭാഗത്ത് നിന്നും അക്രമിക്കാൻ നിൽക്കുന്നവരെ എതിർത്ത്

നിൽപ്പുണ്ട്. ഒരു കൂട്ടർ എന്തോ ചെറിയ വീപ്പ കുത്തിതുറക്കുന്നുണ്ട്, അതിൽ നിന്നും കറുത്ത ദ്രവകം തുളുമ്പി, കരിഓയിൽ ആണെന്ന് തോന്നുന്നു.

മറ്റൊരു കൂട്ടർ ഫ്ലക്സിൽ നിന്നും പരന്ന മരപലകകൾ ഊരിയെടുക്കുന്നുണ്ട്. അടിപൊട്ടുമെന്ന് ഉറപ്പാണ്.

മീനാക്ഷിയുടെ ഭംഗി മാത്രമാണ് അവരെ ഇത് വരെ തടുത്ത് നിറുത്തിയതെന്ന് തോന്നുന്നു. നിരാലംബരായ സാധുകുട്ടികൾ, മതമേതുമാവട്ടെ, രാഷ്ട്രീയമേതുവാകട്ടെ, അവരെ ആക്രമിച്ച് വിപ്ലവം വിജയിപ്പിക്കാമെന്നീ തെമ്മാടികളെ പഠിപ്പിച്ചതാരാണ്.

ഇവർക്ക് പരസ്പരം തല്ലി തീർന്നാൽ പോരെ. അതു പറ്റില്ലല്ലോ സാധുക്കൾക്ക് മീതെ തന്നെ അധീശത്വം പ്രകടിപ്പിക്കൻ.

മീനാക്ഷി കുട്ടികളെ, തള്ളക്കോഴി കുഞ്ഞുങ്ങളെ അടക്കി പിടിക്കും പോലെ ചേർത്ത് പിടിച്ചിരിക്കുന്നു. ഏത് ഭാഗത്തു നിന്നും ആക്രമണമുണ്ടായാലും, അത് ആദ്യം പതിക്കുന്നത് അവളുടെ ദേഹത്തായിരിക്കും.

മീനാക്ഷിക്കവരെ തരിമ്പും പേടിയുണ്ടായിരുന്നില്ല. ഞാൻ ഓടി, പറ്റാവുന്ന അത്രയും വേഗത്തിൽ ഓടി.

ഹിന്ദുത്വമോ ഇസലാമോ, ഉണരുന്നതോ വൃണപ്പെടുന്നതോ, എനിക്ക് വിഷയമായിരുന്നില്ല. ഹിജാബ് ഇടുന്നതോ, കാവിയുടുക്കുന്നതോ എനിക്കു പ്രശ്നമായിരുന്നില്ല.

പക്ഷെ അതിന്റെയെല്ലാം പേരിൽ മീനാക്ഷിയുടെ മേലോ, അസാധു കുട്ടികളുടെ മേലോ ഒരു പോറലു പോലും വീഴുന്നത് എനിക്ക് സഹിക്കാവുന്നതിലും അപ്പുറമായിരുന്നു. എന്റെ മനുഷ്യത്ത്വത്തിന്റെ ശവത്തിന് മുകളിൽ നട്ടാൽമതി അവന്റെയൊക്കെ മതത്തിന്റെ ഊമ്പിയ ജാതിമരങ്ങൾ.

ഞാൻ ചെന്ന് കയറിയതും ഒരു കൂട്ടർ കരിഓയിൽ നീട്ടി ഒഴിച്ചതും ഒരുമിച്ചായിരുന്നു. ഭാരം കൂടുതലായതു കൊണ്ട് അവർക്കത് പിടിച്ച് നിറുത്താനും കഴിഞ്ഞില്ല.

ഞാൻ വളരെ അടുത്തായത് കൊണ്ട്, ഒരുതുള്ളി പുറത്ത് പോകതെ ശരീരം കൊണ്ട് പ്രത്യേകിച്ച് മുഖംകൊണ്ട് തടയാൻ പറ്റി. മീനാക്ഷി തലയുയർത്തി നോക്കുമ്പോൾ വെള്ളിടികിട്ടി കരിഞ്ഞവനെപ്പോലെ ഞാൻ തിരിഞ്ഞ് മുഴുവൻ പല്ലുംകാട്ടി ചിരിച്ചു നിൽപ്പുണ്ട്.

പെട്ടന്ന് അപ്പുറത്തെ വശത്ത് നിന്ന് ആരോ വലിയ പലക വലിച്ച് വീശി. ഞാൻ ചാടി അത് പുറം വച്ച് തടഞ്ഞു.

“പ്ഠോ” നല്ല ശബ്ദം ഉണ്ടായി കേട്ടവരെല്ലാം തെല്ലൊന്ന് പകച്ചു. പലക നുറുങ്ങി കഷണങ്ങളായി തെറിച്ചു.

മീനാക്ഷി പേടിയോടെ എന്നെ നോക്കി. ഞാൻ വേദനയിൽ പുളഞ്ഞ് കൊണ്ട് തന്നെ മുന്നിലേക്ക് പോയി അവിടന്ന് ഓടിവന്ന രണ്ട് പേരെ ചവിട്ടിയും ഉന്തിയും മാറ്റി.

സൈഡിൽ നിന്നും ഓടി വന്നവരെ കൈമുട്ട് വച്ച് ഇടിച്ച് മറച്ചിട്ട്. ഏതോ ഒരുത്തനെ കൈയിൽ വലിച്ച് ഓടി വരുന്ന വരുടെ മുന്നിലേക്കിട്ട്.

അവന്റെ നെഞ്ചിൽ ശക്തമായി തള്ളി. പ്രതീക്ഷിക്കാത്ത ആ നീക്കത്തിൽ പിന്നിലുള്ളവരും പുറകിലേക്ക് മലർന്നു.

കുറേ പേര് ഒരുമിച്ച് വീണപ്പോൾ മറ്റു പിള്ളേരും ഒന്നു പകച്ചു. ഒരു ഇരുപത് പേരു കാണും അവരെല്ലാവരും കൂടി.

നാലുവശത്തു നിന്നും ഇടി വീഴുന്നുണ്ട്. മുന്നിൽ കിട്ടുന്നവർക്കെല്ലാം തിരിച്ച് കൊടുക്കുന്നും ഉണ്ട്.

പൂരപ്പറമ്പിൽ ഇടിയിൽ ഒരുപാട് വട്ടം പെട്ടിട്ടുള്ളതുകൊണ്ടു, നാലുവശത്തുന്നുള്ള ഇടി തലക്ക് കൊള്ളാതെ തടയാനും, കിട്ടുന്നിടവച്ച് തിരിച്ചു കൊടുക്കാനും പ്രകൃതിയാ ഒരു കഴിവ് കൈവന്നിരുന്നു. തമിഴ്നാട്ടിലെ നരിന്ത് പിള്ളേര് തൃശ്ശൂക്കാരുടെ പൂരത്തല്ലിനു മുന്നിൽ ചെറുതായൊന്നു പകച്ചുന്നുള്ളത് വസ്തവം തന്നെയാണ്.

എങ്കിലും എണ്ണത്തിൽ കൂടുതലാണ് എത്ര നേരം ഇങ്ങനെ പിടിച്ച് നിൽക്കാൻ കഴിയുമെന്നറിയില്ല. ഓടിവന്ന ഒരുത്തന്റെ വർമ്മത്ത് ചവിട്ടി, തല കൈ കൊണ്ട് പൊതിഞ്ഞ്, അതേ കാലെടുത്ത് മുട്ടുകാല് ചേർത്ത് വച്ചൊരുത്തന്റെ നെഞ്ചിന് കയറ്റി ഇടിച്ചിട്ട് ഞാൻ ആലോചിച്ചു.

പെട്ടന്ന് പിന്നിൽ നിന്ന് ഒരു അലർച്ച കേട്ടു പിള്ളേരൊന്ന് പകച്ചു, എനിക്ക് പക്ഷെ ആ അലർച്ച പരിചിതമായിരുന്നു. ടോണിയാണ്, ബുള്ളറ്റ് സ്റ്റാൻഡിൽ ഇടാൻ പോലും നിൽക്കാതെ നിലത്തിട്ട് അതിൽ ചവിട്ടി നടുക്ക് വച്ചിരുന്ന നെഞ്ചാക്ക് വലിച്ചെടുത്ത്, വിറളിപിടിച്ച പോലെ അവൻ ഞങ്ങൾക്ക് നേരെ ഓടിവന്നു.

ഹയ്യാ..... ഹയ് ഹയ്യ്....ഹീ....

ഓടിവന്ന് കൂട്ടത്തിൽ കയറി അവൻ അറഞ്ചം പൊറഞ്ചം നെഞ്ചാക്ക് വലിച്ചടി തുടങ്ങി. അവന് കാരണം എന്താണെന്ന് പോലും അറിയണം എന്നുണ്ടായിരുന്നില്ല.

എന്റെ മേലവര് കൈവച്ചു, അതവൻ കണ്ടു, അതിനി ദൈവം തമ്പുരാനാണെങ്കിലും ടോണി തല്ലിയിരിക്കും, എനിക്കറിയാം. നെഞ്ചാക്ക് ബ്രൂസ് ലി പടങ്ങളിൽ കണ്ടിട്ടുണ്ടെങ്കിലും, അതുവച്ചുള്ള അടി അത് തമിഴൻ പിള്ളേർക്ക് ഒരു പുത്തൻ അനുഭവം തന്നെയായിരുന്നു.

കിട്ടിയവർ കിട്ടിയവർ മാറി നിന്ന്, അടുത്തവർക്ക് അവസരം കൊടുത്തു. പലരുടേയും തല അടികൊണ്ട് പിന്നിലേക്കു തിരഞ്ഞ് വരണത് ഞാൻ കണ്ടു.

ചുറ്റും താടിയെല്ലും, ചെവിക്കല്ലും അച്ചപ്പം പൊടിയണപോലെ തകരുന്ന ശബ്ദം. തല്ലിന് ഹിന്ദുവെന്നോ, മുസ്ലീം എന്നോ ഇല്ലല്ലോ കൊണ്ടവർ കൊണ്ടവർ മാറി റോഡിലോരത്ത് പോയിരുന്നു കിളിയെണ്ണി.

അപ്പോൾ ഞങ്ങൾ ശ്രദ്ധിക്കാതെ ചുറ്റും നിന്നിരുന്ന അൽപ്പം പ്രായം ഉള്ള കുറച്ച് പേർ മുന്നോട്ട് വന്നു. അവരായിരുന്നിരിക്കണം പിള്ളേരെ പിരികേറ്റി പിന്നിൽ നിന്ന് നയിച്ചിരുന്നത്.

അവർ പത്തുപതിനഞ്ച് പേരുണ്ട്, എല്ലാം നല്ല ഒത്ത ഘടാഘടിയൻമാർ. ടോണിക്ക് അടി തുടങ്ങിയാൽ പിന്നെ ആരു വന്നാലും മൈരാണ്, അവൻ നെഞ്ചാക്ക് വീശി തയ്യാറായി.

അവർ ഒരുമിച്ച് ഞങ്ങൾക്ക് നേരെ ഓടി വന്നു. ഞാൻ മീനാക്ഷിയേയും പിള്ളേരെയേയും അടിതട്ടാതിരിക്കാൻ താഴ്ത്തിപിടിച്ചു.

പെട്ടന്ന് ഞങ്ങളുടെ തലക്ക് മുകളിൽ കൂടി ഒരു ‘നോ പാർക്കിങ്” ബോർഡ് കമ്പിയടക്കം പറന്നുവന്ന് ഓടിവന്നവരുടെ നെഞ്ചിൽ ഇടിച്ച്, അവർ ഒന്നടങ്കം നിലത്ത് പതിച്ചു. എഴുന്നേറ്റ് വീണ്ടും വരാൻ പോയ അവർ അതെറിഞ്ഞ ആളെ കണ്ട് ഭയന്ന് നിന്നു.

ഞാൻ തലയൽപ്പം ചെരിച്ച് ആളാരാണെന്ന് നോക്കി. മുഖത്തേക് വീണ മുടി രജനിസ്റ്റൈലിൽ മാടിയൊതുക്കി, ചിരിച്ചു കൊണ്ട് തലചരിച്ച് പിടിച്ച് കുമാറണ്ണൻ എന്നോട് ചോദിച്ചു “എന്ന തമ്പി സൗഖ്യമാ”.

ഈ ഇടി മുഴുവൻ കൊണ്ട്, അടിമുടി കരിഓയിലിൽ മുങ്ങി, കരണ്ടടിച്ച കടവാതില് ഇരിക്കണ എന്നോട് അയാള് ചോദിക്കാണ് സുഖാണോന്ന്. ‘ഇണ്ട്, നല്ല സുഖണ്ട്, കൊറച്ച് വേണാവോ.

’ മനസ്സി തോന്നിയെങ്കിലും അത് ഞാൻ പറയാൻ നിന്നില്ല. ഇനി ‘നോ പാർക്കിങ്” ബോർഡ് കൊണ്ട് കൂടി തല്ല് വാങ്ങാൻ വയ്യ.

വയ്യാതോണ്ടാണ് ഇല്ലങ്കി പറഞ്ഞേനെ. നല്ല പോലെ പേടിച്ച കുമുദം, എന്നെ വിളിച്ചതിന് ശേഷം ധൈര്യത്തിന് അവളുടെ തങ്കമാന അണ്ണനെയും വിളിച്ചിരുന്നു.

മീനാക്ഷി അവൾക്കും ഏറെ പ്രിയപ്പെട്ടവളായിരുന്നു. ഹയ്യാ....

ഹീഹാ.... പിന്നിലപ്പോഴും ആരെയൊക്കെയോ ടോണി, എടുത്തിട്ട് പൂശുന്നുണ്ട്.

അവനെപോയി പിടിച്ച് നിർത്താനുള്ള ആരോഗ്യം ഒന്നും ഇപ്പൊ ശരീരത്തിന് ഇല്ലാത്തത് കൊണ്ട് ഞാൻ അത് മനഃപൂർവ്വം കേട്ടില്ലന്ന് നടിച്ചു. എന്റെ ഒപ്പം ഉള്ളത് കുമാറണ്ണൻ

ആണെന്ന് മനസ്സിലായപ്പോൾ, തല്ലുകിട്ടിയവരും, തല്ലാൻ വന്നവരും, എന്തിന് അത് വരെ കാഴ്ച്ചക്കാരായി ന്യൂട്ടൽ അടിച്ച് നിന്ന് അവസാനം ഞങ്ങളെ അറസ്റ്റ് ചെയ്യാൻ തിട്ടംകൂട്ടിയിരുന്ന പോലീസ് അധികാരികൾ വരെ അവിടെനിന്നു പതുക്കെ വലിഞ്ഞു, എന്ന് പറയുന്നതാവും ശരി.

പെട്ടന്നു തന്നെ രംഗം ശൂന്യമായി. ഉണങ്ങിയ കൊതുമ്പ്പോലെയിരിക്കുന്ന കുമാറണ്ണന്റെ ദേഹത്ത് കൈവക്കാൻ ഇവിടെ എന്നല്ല, തമിഴ്നാട്ടിൽ തന്നെ ആർക്കും ധൈര്യമില്ല എന്നത് പരസ്യമായ ഒരു രഹസ്യമാണ്.

പടയപ്പയിൽ രജനീകാന്തിന്റെ കുർത്ത തയ്യ്ച്ച ആളെന്ന് പറഞ്ഞാൽ നിസ്സാരക്കാരനല്ല, പോരാത്തതിന് രജനിമക്കൾ മണ്ഡ്രത്തിന്റെ , ചെന്നൈ ദക്ഷിണ പ്രവിശ്യയുടെ പ്രധാന കാര്യനിർവ്വാഹകനും, പോരെ കൂത്ത്. രജനീകാന്തിന് പ്രിയപ്പെട്ട ഒരാളുടെ മേൽ കൈവച്ചാൽ പ്രത്യേകിച്ച് പറയണ്ടല്ലോ, തമിഴ്നാട്ടിൽ എന്നു വേണ്ട, തമിഴൻ ഉള്ള ഏത് ഗല്ലിയിൽ പോയൊളിച്ചാലും ഓടിച്ചിട്ട് ഇടിച്ചിടിച്ച് ചോരതുപ്പിക്കും.

അതിൽ കിളവനെന്നോ, കൊച്ചനെന്നോ വ്യത്യാസമില്ല, ആപാദചൂഢം തമിഴ് ജനതക്കും അയാളൊരു നടനല്ല, മറിച്ചൊരു വികാരമാണ്. ഞാൻ നിലത്തൊക്കെ ഒന്ന് പരതിനോക്കി എന്റെ കയ്യോ കാലോ ഊരി വീണിട്ടുണ്ടോ എന്നറിയാനായി.

അവരെല്ലാരും കൂടിയെന്നെ ചായക്കടയിൽ കൊണ്ടിരുത്തി. കുട്ടികളെ രക്ഷിതാക്കൾ വന്ന് കൂട്ടികൊണ്ട് പോയി.

ടേണി വായപൊത്തിച്ചിരിക്കുന്നുണ്ട് എന്റെ ഇരുപ്പ് കണ്ടിട്ട്. അവൻ കരണ്ട്കമ്പിയിൽ ഇരുന്ന കാക്കയെ ഓടിച്ചു, "പോ കാക്കെ ചുമ്മ കരണ്ടടിച്ച് വീണ്, ആൾക്കാരെ ചിരിപ്പിക്കാൻ" അവൻ കാക്കയോടെന്ന പോലെ എന്നോട് പറഞ്ഞു, മീനാക്ഷിക്കും ചെറുതായിട്ട് ചിരി വരണുണ്ടെന്നു തോന്നുന്നു.

അവര് കൊറച്ച് വെള്ളം തന്നു, മുഖം കഴുകാൻ, നല്ല ഗാരന്റി കരിഓയിൽ, അത് വെള്ളത്തിൽ അനങ്ങിയത് പോലുമില്ല. സ്വതവേ ദുർബല, പോരാത്തതിന് ഗർഭിണിയും എന്ന് പറയും പോലെ പുറത്ത് കാട്ടിയ അടിയെല്ലാം നീലിച്ചു കിടപ്പുണ്ട്.

"എന്ന തമ്പി, നെരുപ്പിലെ തഴുക്കി വിഴുന്തിടിച്ചാ" ചായക്കടക്കാരൻ അണ്ണാച്ചിയുടെ പുളിച്ച കോമഡി കേട്ട് എനിക്ക് നന്നായി പൊളിഞ്ഞ് വന്നു. " നീ ചായ അടിച്ചാ മതിടാ തെണ്ടി, എന്നെ അടിക്കാൻ നിക്കണ്ടട, അലവലാതി.

" എന്റെ കണ്ട്രോളു പോയൊടങ്ങീന്ന് കണ്ടപ്പോൾ, കൂട്ടത്തിലെല്ലാവർക്കും ചിരിപൊട്ടി തുടങ്ങി. മലയാളം മനസ്സിലായില്ലെങ്കിലും, എന്റെ കാട്ടികൂട്ടലുകള് കണ്ടപ്പോൾ കുമുദവും, കുമാറണ്ണനും വരെ ചിരിക്കുന്നുണ്ട്.

കാര്യങ്ങൾ ഒന്ന് ശാന്തമായി ടോണി ഏതോ പടത്തിന്റെ റികോഡിംങ് ന് ഇടയിൽ ഇറങ്ങി വന്നതാണ്. അവിടന്ന് വിളി വന്നപ്പോൾ, എന്നോട് വീട്ടിപോയി നല്ലപോലെ സോപ്പിട്ട് കുളിക്കാൻ പറഞ്ഞ്, അവൻ തിരിച്ച് പോയി.

'സുടുതണ്ണി പോട്ട്" (ചൂട് വെള്ളത്തിൽ) കുളിച്ചാൽ ഇത് വേഗം ഇളകി പൊക്കോളുമെന്നു ഉപദേശം തന്ന്, കുമുദവും, കുമാറണ്ണനും യാത്ര പറഞ്ഞ് നടന്നു. മീനാക്ഷിയെ നിർബന്ധിച്ച് ഹോസ്റ്റലിലേക്ക് പറഞ്ഞ് വിട്ട്, എതിരെ വരുന്ന ഓട്ടോകൾക്ക് കൈകാണിച്ചു തുടങ്ങി.

പുറകിൽ ചായക്കടക്കാരൻ, കൂട്ടുകാരനു വിശദമായി അവിടെയുണ്ടായ സംഭാഷണത്തിന്റെ ഉള്ളടക്കം പറഞ്ഞു കൊടുക്കുന്നുണ്ട്. "ഇന്ത അലവലാതി വന്ത്, കേരളാവിലെ പെരിയ പലകാരം, നാൻ പലവാട്ടി സാപ്പിട്ടുരുക്കെ.

റെമ്പ ടേസ്റ്റ്, അതാ തമ്പി കേട്ടാറ്. ഇങ്കെ കടയാത് അത്.

അടുത്ത വാട്ടി പാത്തുക്കളാം" ഞാൻ അയാളെ തലചെരിച്ച് നോക്കി, അല്ല അയള് സീരിയസ് ആണ്. കൂട്ടുകാരനും 'അലവലാതി' കേരളത്തിലെ ഏതോ വലിയ പലഹാരമാണെന്നു വിശ്വസിച്ച മട്ടാണ്.

എനിക്ക് ചിരിയും വരുണുണ്ട്, കരച്ചിലും വരണുണ്ട്. എന്റെ കോലം കണ്ട് ഒരാളുപോലും വണ്ടി നിർത്തിയില്ല.

അവസാനം ഒരു പ്രായമായ ആൾ, പാവംതോന്നി നിറുത്തി തന്നു. വീട് എത്തിയപ്പോഴേക്കും ഇരുട്ട് പരന്ന് തുടങ്ങിയിരുന്നു.

ഞാൻ ആരും കാണാതെ, നിറുത്തിയിട്ടിരുന്ന വണ്ടികളുടെ മറപറ്റി വീട്ടിലേക്ക് കയറികൂടി. എല്ലാ ആവേശവും ഇവിടെ അവസാനിച്ചു.

ഞാൻ കരിഓയില് മുങ്ങിയ ജീൻസും,ഷർട്ടും ഊരിയെറിഞ്ഞ്, ബോക്സർ മാത്രം ഇട്ട് കണ്ണാടിയിൽ പോയി നോക്കി. "ഇയ്യോ....

" മുഖംമൊത്തം ഓയിലാണ് കഴുത്തിലും, നെഞ്ചിൽ കുറച്ച് ഭാഗത്തും എല്ലാം ഉണ്ട്. പുറത്ത് നല്ല നീറ്റലുണ്ട് എവിടെയൊക്കെയോ പോറി മുറിഞ്ഞിട്ടുണ്ട്.

ഞാൻ ബാത്ത്റൂമിൽ കയറി ഗീസർ ഓൺ ചെയ്ത്, ഒരു ബക്കറ്റ് എടുത്ത് തിരിച്ച് വച്ച് അതിൽ കയറിയിരുന്ന് മുൻപിലെ ചുവരിലെ ടൈലും നോക്കി മിണ്ടാതെയിരുന്നു. അതിൽ പൂക്കളുടെ ചിത്രപ്പണി ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് അന്തമില്ലാതെ തുടർന്ന് കൊണ്ടിരിക്കുന്നു.

എൻഡ് ഓഫ് ദ ഡേ, എല്ലാ ദിവസത്തിനുമന്ത്യത്തിൽ നമ്മൾ തനിച്ചാണെന്നറിയുമ്പോൾ, നമ്മുടെയെല്ലാം അകത്തെവിടെയോ ഒളിച്ചിരുപ്പുള്ള ഒരു കൊച്ചുകുട്ടി ചാടി പുറത്തുവന്നിരുന്ന് നമ്മളെ നോക്കി കരയും. ഇത്തരത്തിലുള്ളൊരു ദിവസം

വിളിക്കാതെയും പറയാതെയും കയറി വരുമ്പോൾ, തലചായ്ക്കിരിക്കാൻ ഒരു മടിതട്ടെങ്കിലും ബാക്കിയില്ലാത്തവനാണ് യഥാർത്ഥ ദരിദ്രൻ.

******** എത്രനേരം അങ്ങനെ തന്നെയിരുന്നുവെന്ന് ഓർമ്മയില്ല. ആരോ വന്ന് ഹീറ്റർ ഒഫ് ചെയ്ത് ചുമലിൽ കയ്യ് വച്ച്, പൈപ്പ് തുറന്നു.

" യിയ്യോ....... " ഞാൻ ചിന്തകളിൽ നിന്ന് ഞെട്ടിതിരിഞ്ഞു.

" ഇനി പേടിച്ച് ചാവണ്ട..., ഞാനാണ് " മീനാക്ഷി ഒന്ന് ഞെട്ടി നെഞ്ചിൽ കയ്യ് വച്ചുകൊണ്ട് പറഞ്ഞു. " എനിക്കറിയാരുന്നു, ഇന്നിവിടെ വന്നിട്ടു, ഇങ്ങനെ ഈ ഇരിപ്പിരിക്കുണുണ്ടാവൂന്നു.

" ഇത് പറയുന്നതിനിടയിൽ അവൾ ചൂടുവെള്ളത്തിൽ പച്ചവെള്ളം കലർത്തി മയപ്പെടുത്തി പാകമുള്ള ചൂടായപ്പോൾ അവളെന്നു ചിരിച്ചു. ഞാൻ അവളെ നോക്കി, ഇന്നു മുഴുവൻ ഉടുത്ത് ഉലഞ്ഞ കോട്ടൻസാരി ആ ഒതുങ്ങിയ അരകെട്ടിലേക്കു കയറ്റിക്കുത്തിയിട്ടുണ്ട്, മുടിയവിടവിടെ അഴിഞ്ഞ് ഇഴകളൂർന്നിറങ്ങി കിടപ്പുണ്ട്, അന്ന് മുഴുവൻ ക്ലാസ്സുകളിൽ കയറിയിറങ്ങി, തലതെറിച്ച പിള്ളേരോട് വായിട്ടലച്ചതിന്റെ ക്ഷീണം മുഴുവൻ മുഖത്ത് തെളിഞ്ഞ് കാണാനുണ്ട്.

ഇവളുടെ ഈ വാടിയ മുഖത്തിനു പോലും എന്തൊരു തേജസ്സാണ്. അവൾ ശ്രദ്ധയോടെ എന്റെ ദേഹത്ത് പതിഞ്ഞു കിടന്നിരുന്ന ക്ഷതങ്ങളിലും, അടികൊണ്ട തടിമ്പ്കളിലും, വിരലോടിച്ച്, അവിടവിടെ തെളിഞ്ഞു ചോരപ്പൊടിഞ്ഞ് കിടന്നിരുന്ന മുറിവുകളിൽ ഏതിലോ, വിരൽ ചെന്ന് കൊണ്ടപ്പോൾ പെട്ടന്നെന്നിൽ മിന്നിമറഞ്ഞ വേദന ഞാൻ കടിച്ചമർത്തി.

അതവൾ വിരലിനാൽ തിരിച്ചറിഞ്ഞു. ആ മിഴികൾ ആർദ്രമായി.

കാതരമായ ആ നിറമിഴികൾ എന്റെ കണ്ണുകളിൽ തന്നെയൂന്നി, എന്റെ മനസ്സിലെ വ്യാകുലതകൾ മനസ്സിലായെന്ന പോലെ ഇരുതോളുകളിലും പിടിച്ചുവൾ എനിക്കുറപ്പ് തന്നു. " ഞാൻ ഉണ്ട്, ആരില്ലെങ്കിലും ഞാനുണ്ട്..

" ഞാൻ ഒരു കൊച്ചുകുഞ്ഞെന്ന പോലെ മുകളിലേക്ക് അവളുടെ മുഖത്തേക്ക് ആ ബക്കറ്റിനു മുകളിലിരുന്നു കൊണ്ട് നോക്കി. എന്തൊ, എനിക്കെന്റെ അമ്മയെ ഓർമ്മ വന്നു.

കണ്ണെല്ലാം നിറഞ്ഞ് വന്നു. അത്ഭുതം തന്നെ അവൾക്കിപ്പോൾ ഞാൻ മനസ്സിൽ വിചാരിക്കുന്നതെല്ലാം മനസ്സിലാവുന്നത് പോലെ.

അവളെന്നെ അവളിലേക്ക് അടക്കി പിടിച്ചു നിന്നു. അവളുടെ മാറിനും, ഉദരത്തിനുമിടയിലെ ചെറിയയിടുക്കിൽ വാത്സല്യത്തിന്റെ ചൂട് നിറഞ്ഞ് നിന്നിരുന്നു.

എന്റെ കണ്ണുനീർ അവളുടെ വയറിലൂടെ ധാരധാരയായി ഒഴുകിയിറങ്ങി അവളുടെ നാഭിയിൽ ചെന്ന് നിറഞ്ഞു തുളുമ്പി. നേരമൊരുപാട് ചകിരിയും, സോപ്പും, സ്ക്രബറും, വെള്ളവുമായി മല്ലിട്ടവൾ എന്റെ മുഖത്തും, നെഞ്ചിലും, കൈകളിലും എല്ലാം പറ്റിയിരുന്ന ഓയിൽ ഒന്നും ശേഷിപ്പില്ലാതെ ഇളക്കിയെടുത്തു.

ടർക്കിയെടുത്തു കൊണ്ട് വന്ന് അതിന് പോലും അനുവദിക്കാതെ അവൾ തോർത്തി തന്നു. ഞാൻ എഴുന്നേറ്റ് ടർക്കി ഉടുത്ത്, പോകുന്ന വഴി ബോക്സർ ഊരി വാഷിങ് മെഷീനിൽ ഇട്ട്, സമാധാനമായി സോഫയിൽ പോയിരുന്നു.

ഇപ്പോൾ മനസ്സിന് ഒരു സുഖവും സമാധാനമെല്ലാന്തോന്നുന്നുണ്ട്. എങ്കിലും എന്തുകൊണ്ടോ മീനാക്ഷി എന്ന മായിക വലയത്തിനുള്ളിൽ ഞാൻ അകപ്പെട്ടു പോയിരുന്നു.

അതിന് വെളിയിൽ ജീവവായുവില്ലാതെ ശ്യൂന്യമാണെന്നൊരു തോന്നൽ. മീനാക്ഷി ഉടുത്തിരുന്ന സാരി ഓയിലുമായുള്ള മൽപ്പിടുത്തത്തിനിടയിൽ നനഞ്ഞ് കുതിർന്നിരുന്നു.

അവളാ ഈറനാർന്ന ചാരവർണ്ണ കോട്ടൻസാരി വാരിയഴിച്ച് മെഷീനിൽ തള്ളി. രണ്ട് കൈകളും അതിൽ ഊന്നി, തിരിഞ്ഞ് നിന്നു എന്നെ നോക്കി.

അവളുടെ വിഴികളിലെ വശ്യതയിൽ, എന്റെ മോഹത്തിന്റെ ചുരുളഴിഞ്ഞ് വീണു. അവളുടെ നിറമാറിൽ, ആ കടുംചുമപ്പ് ബ്ലൗസ് പത്മരാഗമെന്നോണം പൂണ്ടണഞ്ഞു കിടന്നു.

കാമന്റെ ലാസ്യങ്ങൾ അന്തരാളത്തിൽ അഗ്നിപടർത്തി. അവളുടെ നിസ്സാരമായ പാവാടനാടയ്ക്കു പോലും സ്വർണ്ണനാഗമൊത്ത ചേലഴക്ക്.

അവളെന്തൊരു ഭൂമിയാണ്, പരന്ന് കിടക്കുന്ന വൈവിധ്യങ്ങളുടെ ഭൂമിക. അവളിലെ ഗിരിശൈലങ്ങളിൽ, മോഹങ്ങൾ ഉന്മാദമായലയും വിടർന്ന താഴ്വാരങ്ങളിൽ, അഗാധ ഗർത്തങ്ങളിൽ, ഇരുട്ടിൽ, ജല രസ സുധ കുംഭങ്ങളിൽ, തണുത്തുറഞ്ഞ ഹിമവൽപിണ്ഡങ്ങളിൽ, മനസ്സ് ഗതിയിട്ടാതെയലഞ്ഞു.

ശൃംഗാരത്തിന്റെ പൂമ്പൊടികൾ കാറ്റിൽ ആവാഹനം ചെയ്യപ്പെട്ടു. വദന ശിരോധര സ്തന ജഠര നാഭി, ജഘന ജാഘനി കാൽവണ്ണ ചരണങ്ങളിലെല്ലാം, നഖമുനയിൽ പോലും വിളങ്ങിനിന്നു മീനക്ഷിയുടെ ആരും കൊതിച്ച് പോകുന്ന സർവ്വാംഗ ഭൂഷണം.

വഴുതി വീണ കാർക്കൂന്തളം പുറകിലേക്ക് ചുഴറ്റിയെറിഞ്ഞ്, അവളെന്റെ അടിവയറ്റിൽ ഉദ്ദീപനത്തിന്റെ തിരമാലകൾ തീർത്തു കൊണ്ട് നടന്ന് വന്നു. പെട്ടന്ന് രാവിലെയെപ്പോഴോ ഓൺ ചെയ്ത് ഓഫ് ആക്കാൻ വിട്ട് പോയ റേഡിയോ കുറുകി കിരിങ്ങി ഓണായി ശബ്ദിച്ച് തുടങ്ങി, വൈകുന്നേരത്തെ സംപ്രേക്ഷണം ആരംഭിച്ചതാണ്.

അതിനിവിടെ സംഭവിച്ചു കൊണ്ടിരിക്കുന്നതെന്താണെന്ന് മനസ്സിലാക്കാനുള്ള പരിസരബോധമെന്നുമില്ല, അത് പാടാൻ തുടങ്ങി. ഏതോ വിദൂര മലയാള സ്റ്റേഷൻ നിലയത്തിൽ നിന്നുള്ള, നാടൻ പാട്ടിന്റെ ശീലുകൾ മുറിയിൽ ആകവെ അലയടിച്ചു.

“കരിങ്കാളിയല്ലേ, കൊടുങ്ങല്ലൂര് വാഴണ പെണ്ണാള്, കരിനീർ മിഴിയും, ചുടുച്ചെങ്കനൽ തോൽക്കുന്ന ചുണ്ടാണ്. എരിയേറ്റിയ വറ്റമുളകോ, പെണ്ണെ നിൻ മനസ്സ് ജട കെട്ടിയ കാർമുടിക്കെന്തിന്, മുല്ലപ്പൂവഴക്....

കലിതുള്ളിയ കാളിതൻ കാലിൽ, തങ്ക പൊൻചിലമ്പ് തുടികൊട്ടിയ പ്രാണന്റെ പാട്ടിൽ, അമ്മെ നീയടങ്ങ്...” കരിവിഴികളിൽ കാർമേഘദളങ്ങളിൽ, കവിതപടർത്തി അവൾ നടന്നടുത്തു.

കരിയൊത്തയാ നടയഴകിൽ കയറിയിറങ്ങുന്ന നിതംബഭാരങ്ങളിൽ, ഇളകുന്ന മെയ്യിൻ ലാസ്യസൗകുമാര്യത്തിൽ, സുകുമാരകലകൾ പോലും അടിയറവ് നിന്നു. ഇടംകാൽ സോഫയിൽ പതിപ്പിച്ച് അവളെന്റെ വലത് തുടയിൽ അമർന്നിരുന്നു.

ആ ഘനനിതംബങ്ങൾ, അടിവയറ്റിൽ പറഞ്ഞറിയിക്കാൻ കഴിയാത്ത അനുഭൂതികൾ സൃഷ്ടിച്ചു. ശരിയാണ് വലത് തുട പട്ടമഹർഷിക്കുള്ളതാണ്.

ഞാനവളുടെ മേനിയഴകിൽ കണ്ണോടിച്ചു. അവളെന്റെ ഇടനെഞ്ചിൽ നാണത്തിന്റെ ചിത്രം വരച്ചു.

കഴുത്തിന് കീഴെ ഒത്തനടുക്കുള്ള കണ്ഠക്കുഴിയിൽ വിരലുകൾ ആഴ്ത്തി ഞാൻ മുകളിലേക്ക് ഉരസി കയറ്റിയവളുടെ കുറുനിരകൾക്ക് കീഴെ ലോലമായ ചർമ്മത്തിൽ ചെന്നെത്തിന്നു. വിസ്മയത്തോടെ ഞാൻ ആ കേശഭാരം കയ്യിലെടുത്ത് വാസനിച്ചു.

കാട്ടുമുല്ല കാറ്റിലുലയുന്ന ഗന്ധം, മഥനനു പോലും മതിവരാത്ത രാസകേളിതരംഗം. നനഞ്ഞീറനായ ശരീരങ്ങൾക്കുള്ളിൽ പ്രാണനു തീപിടിച്ചിരുന്നു.

അവളുടെ നേർത്ത കാൽപടങ്ങളിലൊന്ന് അവളെനിക്കായ് എന്റെ തുടയിൽ കയറ്റിവച്ചു തന്നു. ഞാൻ ഒരു കൊച്ച് കുഞ്ഞിനു കയ്യിൽ ആദ്യമായി ഒരു കളിക്കോപ്പു കിട്ടും പോലെ കൗതുകത്തോടെ അതിലെ പാദസരഞ്ഞൊറികളിൽ തൊട്ട്നോക്കി.

ഉരഞ്ഞു കയറിയ പാവാട ചേലയിൽ നിന്ന് അനാവൃതമായ ശിൽപകലയൊത്ത കാൽവണ്ണകളിൽ തൊട്ട് മാർദ്ദവമളന്നു. അവളെതിർത്തില്ല, അവൾക്കതെല്ലാം കുസൃതി ആയിരുന്നു.

ഒരു പൈതലിനോളം പോലവമായ ശരീരം. ചിലനേരങ്ങളിലെ പ്രകൃതവും വിഭിന്നമല്ല.

അവൾ എത്രകണ്ടാലും കൊതിതീരാത്തൊരു അത്ഭുതമായിരുന്നു. ഇതൊന്നു മറിയാതെ, ആസ്വദിക്കാതെ മൂഢനായ റേഡിയോ പാടി കൊണ്ടേയിരുന്നു.

അവയെല്ലാം തന്നെ, പൈശാചികമായ ദേവീവർണ്ണനകൾ പോലും അവളെ കുറിച്ചാണെന്ന് എനിക്ക് വെറുതേ തോന്നിപോയി. " തലയോടുകൾ അടിയുലഞ്ഞോ, പെണ്ണെ നിൻ ഗളത്തിൽ അലങ്കാര വിഭൂഷിതയാമം, പെണ്ണിൻ മെയ് കരുത്ത് പുരി കത്തിയ ചാരമെടുത്ത്, പെണ്ണിൻ കണ്ണെഴുത്ത് നൂറായിരം പൊന്നുരച്ചാലും, മാറ്റ് നിൻ അഴക്.

" അവളുതിരിഞ്ഞ് അഴിച്ചിട്ട കാർമുടി ഒരു ഓരത്തേക്ക് ഒതുക്കി എനിക്കാ കുഞ്ഞു ജാക്കറ്റിന്റെ ഹുക്ക് കാണിച്ച് തന്നു. ശരീരത്തെ വലിഞ്ഞ് മുറുക്കി അത് അവളുടെ വശ്യമായ പുറമഴകിനെ പുണർന്ന് കിടന്നു.

തിളങ്ങുന്ന കുഞ്ഞുകുഞ്ഞു വെള്ളികൊളുത്തുകൾ, കാമത്തിന്റെ തീയള്ളിയിട്ട കാട്ടുകടന്നൽ കൂട്ടങ്ങൾ. ഞാനത് ഒരോന്നോരോന്നായി കടിച്ചഴിച്ചു കൊണ്ടിരുന്നു.

അവളത് ആസ്വദിച്ച് ഓരകണ്ണാൽ എന്നെ നോക്കി മടിയിലമർന്നിരുന്നു. ഒരു കൊളുത്തു കൂടിയേ ബാക്കി കാണുമായിരുന്നുള്ളു, അതിന് ക്ഷമകാണിക്കാതെ ഞാൻ അവളെ തിരിച്ച് അധരങ്ങളിൽ അമർത്തി ചുംബിച്ചു.

ഇനിയുമവളെ ചുംബിക്കാതിരിക്കുന്നത് മനുഷ്യരാൽ സാധ്യമാണോ, അത് കരിയിലകളിൽ കനൽതരി വീഴുംപോലെയായിരുന്നു, അതാളി പടർന്നു കയറി. ആ നനവാർന്ന ചുണ്ടുകൾ ഞാൻ കൊതിയോടെ നുണഞ്ഞു.

ആ അഴകൊത്തമേനിയിൽ എന്റെ കൈകൾ പരതി നടന്നു. നിതംബത്തെ തഴുകിയിറങ്ങിയ കൈ ആ ഫലപൂയിഷ്ടമായ ഭൂമിയിൽ കൃഷിയാരംഭിച്ച് സ്ഥിരതാമസമാക്കി.

അയഞ്ഞ ജാക്കറ്റിനുള്ളിൽ കയറിപറ്റിയ ഒരു കൈ കുചകുംഭലഹരിയിൽ അർമാദ നൃത്തമാടി. അവളെന്നെ ശക്തിയിൽ മറച്ചിട്ട് മുകളിലിരുന്ന് ചുംബിച്ച് തുടങ്ങി, സുഖത്തിൽ പുളഞ്ഞമർന്ന് ഒരു നാഗമെന്നോണം വിടർന്നെഴുന്നേറ്റ് അവളാ ബാക്കിനിന്നിരുന്ന ജാക്കറ്റിൽ നിന്നും സ്വതന്ത്രയായി.

നിമിഷനേരത്തിലവളെ വീർപ്പുമുട്ടിയിരുന്ന സ്തനകഞ്ചുകങ്ങളും ഊരിയെറിഞ്ഞ് അവളുടെ അർദ്ധനഗ്നമായ പെണ്ണഴക് എനിക്ക് മുന്നിൽ അനാവൃതമാക്കി. കൊതിയോടെ ഞാനാ കുചകുംഭദളങ്ങളിൽ വിടർന്ന അങ്കുരങ്ങളിൽ തഴുകി.

ഇരുമേനികളിലും ആസക്തിയുടെ നഖക്ഷതങ്ങൾ പതിഞ്ഞമർന്നു. നെഞ്ചുകൾ ഉമിനീരിൽ കുതിർന്നു.

ചുണ്ടുകൾ കൂടുതൽ ചുവന്ന് വീർത്തു വന്നു. ക്ഷീണമില്ലാതെ റേഡിയോ അപ്പോഴും സ്ഥലകാലബോധമന്യെ പാടുകയാണ്.

“ പദമൂന്നിയ നാട്യ വിലാസം പകയോടെ നീ, അടി കലാശം.. വലംകാൽ ചിലമ്പൂരിയെറിഞ്ഞെന്റെ നെഞ്ചിലമർന്നവളെ...

മുടിയേറ്റിയ ദേവികലാവതി ലാസ്യ വിലാസിനിയേ... ” കരണ്ട് പോയി, റേഡിയോ ഓഫായി.

ഞങ്ങൾക്കു മുകളിൽ ഇരുള് കമ്പളം വിരിച്ചു. ചീവീടുകളുടെ ശബ്ദം മുറിയിലാകെ പ്രതിധ്വനിച്ചു.

വഴി തെറ്റിയെത്തിയ ഒരു കാറ്റ് ചൂളമടിച്ചു കൊണ്ട് ഞങ്ങൾക്കരികിലൂടെ കടന്ന് പോയി. ഇതൊന്നു മറിയാതെ, ഞങ്ങളിരുവരും രതിയുടെ കാണാപുറങ്ങൾ തിരഞ്ഞു കൊണ്ടിരുന്നു.

നിലാവിൽ അവളുടെ കണ്ണിൽ അസുലഭ രതിഭാവം പൂത്തുനിൽക്കുന്നത്, ഞാൻ അത്ഭുതത്തോടെ നോക്കിനിന്നു. അവളിലെ കൊതിപ്പിക്കുന്ന ഓരോ അംഗങ്ങളും ഞാൻ നുകർന്നുകൊണ്ടേയിരുന്നു.

കൈകുഴികളിൽ, മണിനാഭിയിൽ, പാദസരങ്ങളിൽ, നെറുകയിലെ കുഞ്ഞുപൊട്ടിൽ പ്രണയം പൂവിട്ടു. അവളുടെ സ്ഥിതിയും മറ്റൊന്നായിരുന്നില്ല, ഉമിനീരു കുതിർന്ന കവിളിണകളിൽ ചന്ദ്രികയും താങ്ങി അവളെന്നിൽ ആഴ്ന്നിറങ്ങി കൊണ്ടിരുന്നു, കാട്ടുതീയെന്ന പോലെ കത്തിപടർന്നു കൊണ്ടിരുന്നു.

കഴുത്തിലോ, നെഞ്ചിലോ, ചുമലിലോ, ചുണ്ടിലോ, കാതിലോ, കൈമുട്ടിലോ എവിടെയാണവൾ ശരിക്കും ഉള്ളതെന്നു പറയാൻ കഴിയാത്തത്ര വേഗതയിൽ അവൾ ചലിച്ചു കൊണ്ടിരുന്നു. അവളുടെ ചുടുനിശ്വാസം എന്നെ പൊതിഞ്ഞു കൊണ്ടിരുന്നു.

കെട്ടഴിഞ്ഞ് വീണ പാവടയെപ്പോഴോ അവളുടെ നേർത്ത ചർമ്മത്തിന് വഴിമാറിയിരുന്നു. അവളുടെ ശരീരത്തിൽ ശേഷിക്കുന്ന നേരിയ വിക്ടോറിയാസ് സീക്രട്ട് ഉൾത്തുണിയുടെ ഇലാസ്റ്റിക്ൽ എൻറെ കൈ ചെന്നവസാനിച്ചതും, എനിക്ക് കീഴെ ചുണ്ടിൽ കൊരുത്തിരുന്ന അവളുടെ പവിഴാധരങ്ങൾ പിൻവലിച്ച്, കിതച്ച് കൊണ്ട് അവള് ചോദിച്ചു.

“പ്രൊ..പ്രൊട്ടക്ഷൺ... പ്രൊട്ടക്ഷൺ ഉണ്ടോ.., എനിക്ക് സേഫ് പീരിയഡ് അല്ല.

” കിതപ്പ് ഇപ്പോഴും അറിയിട്ടില്ല, കണ്ണിൽകാമം തിരിവച്ച് നിൽക്കുന്നു. അത് കാണാൻ ഇമ്പമുള്ളൊരു കാഴ്ച്ചയായിരുന്നു.

കിതച്ച പെണ്ണോളം കാന്തി, ആയിരംതിരിയിട്ട് കൊളുത്തിയ കൽവിളക്കിന് പോലുമില്ലല്ലോ. ഞാൻ ചിന്തിച്ചു, തലയിൽ ഒരു കൊള്ളിയാൻ മിന്നി, റൂമിലെ കബോഡിൽ, താഴത്തെ ക്യാബിൻ.

അങ്ങനെ ജീവിതത്തിലാദ്യമായി എനിക്ക് ശ്യാമിനെ കൊണ്ടൊരു ഉപകാരമുണ്ടാകാൻ പോകുന്നു. "റൂമിലുണ്ട്, ശ്യാമവടെ ഇട്ട് വക്കാറുണ്ട്, ഞാൻ എടുത്തിട്ട് വരാം.

" പക്ഷെ എന്നെ എഴുന്നേൽക്കാൻ അവൾ അനുവദിച്ചില്ല. ഒരു സർക്കസുകാരിയുടെ മെയ്‌വഴക്കത്തോടെ അവൾ എനിക്കടിയിൽ നിന്നും ഉർന്നിറങ്ങി, മുട്ടിൽ നടന്ന് പോയി, നിലത്തെവിടെയോ വലിച്ചെറിഞ്ഞിരുന്ന അവളുടെ ബാഗിൽ നിന്നും, പുതുതായി വാങ്ങിയ ഒരു കോണ്ടം ബോക്സും കൈയ്യിൽ പിടിച്ചു വേഗത്തിൽ അതേ പോലെ തന്നെ തിരികെ വന്നു.

ഒരു നേരിയ വിക്ടോറിയസ് സീക്രട്ട് തുണിമാത്രമണിഞ്ഞുള്ള അവളുടെ ഈ കുട്ടിക്കളി, ഇത്തവണ പക്ഷെ എന്റെ തൃഷ്ണ ഇരട്ടിപ്പിക്കുകയാണ് ചെയ്തത്. ഞാൻ അവളെ വലിച്ചെടുത്ത് വീണ്ടും സോഫയിലിട്ടാ കണ്ണുകളിലേക്ക് നോക്കി.

അവളെനിക്കടിയിലേക്ക് വീണ്ടും ഒതുങ്ങി കിടന്നു കൊണ്ട് ചുരുങ്ങി, ഒരു കുസൃതി നിറഞ്ഞ നോട്ടമെറിഞ്ഞ്, കൈകളുയർത്തി ആ സുന്ദരമായ കൈകുഴികൾ കാട്ടി ആ ബോക്സ് കീറി പാക്കറ്റുകൾ തലക്കലാം പുറത്ത് ചിതറിയിട്ടു. വിലകൂടിയ പ്രീമിയം കോണ്ടങ്ങൾ പൊട്ടി ചിതറി അവളുടെ പരന്നൊഴുകി കിടന്നിരുന്ന തലമുടിയിൽ ചിതറി കിടന്നു.

അവൾ എല്ലാത്തിനും ഒരുങ്ങി തന്നെയാണ് വന്നിരുന്നത്, അവൾക്കറിയാമായിരുന്നു ഇന്നിങ്ങനെയെല്ലാം സംഭവിക്കുമെന്ന്. സ്ത്രീകൾ സ്‌സ്തനികളിൽ ദീർഘദൃഷ്ടിയുള്ള വിഭാഗമാണെന്നെനിക്ക് വൈകിയാണെങ്കിലും വ്യക്തമായി.

അവരില്ലായിരുന്നെങ്കിൽ ഈ ഭൂമി തന്നെ ഒരു മൊട്ടക്കുന്നായി മാറിയേനെ. "ഇതെല്ലാം നിങ്ങക്കുള്ളതാ" പതിഞ്ഞശബ്ദത്തിൽ അവളൊരു സ്വകാര്യം പറഞ്ഞു.

അഴിഞ്ഞുതീർന്ന അംഗവസ്ത്രങ്ങളിൽ, വിരിഞ്ഞ മന്ദാരപുഷ്പങ്ങളിൽ, അതിൽ തുളുംമ്പിയ മധുകണങ്ങളിൽ ഞാൻ രതിദേവിയാം കന്യയുടെ രാസകേളി നടനങ്ങളിൽ വശംവദനായി. സ്നേഹദ്രവങ്ങളിൽ കുതിർന്ന് ഇന്ദ്രിയങ്ങൾ സംഗമിച്ചു.

ഞരമ്പുകളിൽ തീയള്ളിയിട്ട പോലെ, അവളുടെ കണ്ണുകളിൽ വികാരപാരമ്യത്തിന്റെ കയറ്റിറക്കങ്ങൾ. അവളേറ്റുവാങ്ങി മുഴുവനായുമെന്നെ, അവൾക്കുള്ളിൽ ചൂടിൽ ഞാൻ മറ്റൊരു ഞാനായി തീരുകയായിരുന്നു.

ഭോഗസംതൃപ്തിയിൽ വിസ്‌പോടനങ്ങൾ തുടർന്നുകൊണ്ടേയിരുന്നു. തളർന്ന ഭൂമികൾക്ക് വീണ്ടും ചൂടേറിവന്നു, വസിരസ്വാദത്തിൽ മഴപെയ്തിറങ്ങി.

വിയർപ്പിൽ കുതിർന്ന ഞങ്ങളിൽ കനൽ കെട്ടടങ്ങിയില്ല. ചലനങ്ങൾ തുടർന്നു കൊണ്ടിരുന്നു.

രതിമൂർച്ചയിൽ തളർച്ചയിൽ അവളുടെ ഭംഗി ഇരട്ടിയാവുന്നത് പോലെ എനിക്ക് തോന്നി, അത് അടുത്ത ഭോഗത്തിന് പ്രലോഭനമായി. ഘർഷണങ്ങളില്ലാത്ത, തുടക്കവും ഒടുക്കവും എണ്ണിയെടുക്കാൻ കഴിയാത്ത എത്രയോ ഭോഗങ്ങൾ.

ലോഭത്തിന്റെ ഉതുംഗസ്യങ്കങ്ങൾ. സോഫ വിയർപ്പിനാൽ ഒരു ജലാശയമായി, ഞങ്ങളതിലിരു മത്സ്യങ്ങളായി.

ഒടുവിലെപ്പോളോ തളർന്നുറക്കമായി, ഒരു കുഞ്ഞു അരഞ്ഞാണത്തിന്റെ മറ മാത്രമുള്ള അനലംകൃതയും യഥാർത്ഥവുമായ മീനാക്ഷിയെ ചേർന്നണച്ച് ഞാൻ ഉറക്കമായി. അവളുടെ മുടിയിഴകൾ എന്നെ അകവെ മൂടി കിടന്നു.

അവളിളക്കുമ്പോൾ പൊന്നരയിലരഞ്ഞാണം അരയിലുരസുന്നുണ്ട്. കാൽപാദങ്ങളാൽ അവളെന്റെ പാദങ്ങളെ തഴുകുന്നുണ്ട്.

പുറത്ത് വൈകുന്നേരം കിട്ടിയ അടിയുടെ വേദനയെന്നും എനിക്കറിയുന്നതേയില്ല. ഇടക്കെപ്പോഴോ ഉണർന്നു നോക്കുമ്പോൾ മീനാക്ഷി നിശ്ചലമായി നെഞ്ചിൽ കിടന്ന് കുട്ടികളെ പോലെയുറങ്ങുന്നു.

അവളെ അവിടെ കിടത്തി, ബാത്ത്റൂമിൽ പോയി മൂത്രമൊഴിച്ച്, ഡ്രസ്സിട്ട് വന്നപ്പോൾ തറയിൽ രക്തം പതിഞ്ഞിരിക്കുന്നു. എന്റെ കാലിൽ പതിഞ്ഞ് വന്നതാണ്.

ഊരിയെറിഞ്ഞ ഉറകളിലൊന്നിൽ രക്തം പുരണ്ടിരിക്കുന്നു. എന്റെ മീനാക്ഷിയുടെ രക്തം.

മീനാക്ഷി കന്യകയായിരുന്നു. ഞാൻ നിലാവിൽ സ്വസ്തമായി ഉറങ്ങുന്ന അവളെ നോക്കി.

ചിന്തകൾ മനസ്സിലാകെ വ്യാകുലമായി നിറഞ്ഞു കൊണ്ടിരുന്നു. ഞാൻ ഇതിനെല്ലാം അർഹനാണോ.

അവളാദ്യമായി അവളെ സമർപ്പിക്കാൻ മാത്രം എന്ത് യോഗ്യതയാണ് എനിക്കുള്ളത്. തെണ്ടിചെറുക്കനെ പ്രണയിച്ച രാജകുമാരിയുടെ കഥയെന്ന പോലെ......

രക്തത്തിലും, കണ്ണുനീരിലും, കബന്ധങ്ങളിലും അവസാനിക്കുന്ന കഥ. അവൾക്കെല്ലാം നിരാകരിക്കാമായിരുന്നില്ലെ, ഇന്ന് വരാതിരിക്കാമായിരുന്നില്ലേ, എല്ലാ ദിവസങ്ങളുമെന്നപോലെ ഇന്നും കടന്ന്പോയേനെ.

ഇവളെ ഞാൻ ഇനി എങ്ങനെ മറക്കും. ഇവളുടെ ഇനിയും പറഞ്ഞ് തീരാത്ത കഥകളിൽ ഞാനാരായിരിക്കും നായകനോ, അതോ വിദൂഷകനോ.

ഇല്ല,... ഇവൾക്കൊരു കാമുകനോ, ഞാനില്ലാതെയൊരു ജീവിതമോയില്ല.

എല്ലാം നിറം ചേർത്ത വെറും കെട്ട്കഥകളാണ്. ഇവളെന്നെ വിട്ട് പോകില്ല.

ഇവൾക്കെന്നെ ശരിക്കും ഇഷ്ടമായിരിക്കും . ഞാൻ പുലർച്ചെ വിളിക്കാതെയും പറയാതെയും കയറിവരുന്ന അരസികനായ തണുപ്പവളെ മരവിച്ച കൈകളാൽ തഴുകാത്ത വിധം ബന്ദസായി പുതപ്പിച്ച്, ആ കാൽപാദങ്ങളിൽ തലചായ്ച്ച് കിടന്നു, രാത്രിയുടെ യാമങ്ങളിലെപ്പോഴോ ഉറക്കത്തിലേക്ക് വഴുതിവീണു.

************* പ്രഭാതം പൊട്ടിവിടർന്നു..... അടുത്തേതോ കോവിലിൽ വെങ്കിടേശ്വര സുപ്രഭാതം കേട്ടാണ് മീനാക്ഷി ഉണർന്നത്.

ഇത്ര ഗാഢമായി ഉറങ്ങിയ ഒരു ദിവസം ഈ അടുത്തെന്നല്ല, അവളുടെ ജീവിതത്തിൽ തന്നെ ഉണ്ടായിട്ടില്ല. ചെറുപ്പത്തിൽ പോലും.

ചെറുപ്പമെന്നു ഓർക്കുമ്പോൾ തന്നെ ഒരു വേദനയാണ് മനസ്സിൽ. എന്തെങ്കിലും രോഗമില്ലാത്ത ദിവസങ്ങളുണ്ടായിട്ടില്ല.

അച്ഛനും, എന്തിന് അമ്മക്കും പോലും ഞാനെന്ന് മരിച്ചു കണ്ടാൽ മതിയെന്നായിരുന്നു. അവർക്ക് പറ്റിയ ഒരു അബദ്ധം മാത്രമാണ് മീനാക്ഷി.

ഡൽഹി വെറുത്ത് വെറുത്ത്, വെറുപ്പിന്റെ അങ്ങേയറ്റമെത്തി, മരിച്ചാൽ മതിയെന്നായപ്പോഴാണ് നാട്ടിലേക്ക് അച്ഛന് നാട്ടിലേക്കു സ്ഥലം മാറ്റം വന്നത്. അടുത്ത് ജോലി കിട്ടുമായിരുന്നിട്ടും മഹാരാജാസ് വരെ പോയത് ഇവരിൽ നിന്നൊക്കെ അകന്ന് മാറിനിക്കാൻ വേണ്ടിമാത്രമാണ്.

ഇരുപത്തഞ്ച് വയസ്സിനിടക്ക് അത്ര ഇഷ്ടത്തോടെ സ്നേഹിച്ചവരായിട്ട് ആകെ ഓർത്തെടുക്കാൻ പറ്റുന്നത്, സരുവിനെ മാത്രമാണ്. അമ്മയല്ല, കൂട്ടുകാരിയായിരുന്നു.

മീനാക്ഷിയെ കുറിച്ച് എല്ലാം അറിയുന്ന കൂട്ടുകാരി. ദൈവത്തിന് അങ്ങനൊരു തമാശയുണ്ട്, മീനാക്ഷിക്ക് ഇഷ്ടള്ളോരെ, അങ്ങോരു കൊണ്ട് പോകും, കുശുമ്പാണ്, ഓർത്തപ്പോൾ അവളുടെ കണ്ണ് നിറഞ്ഞു, ചുണ്ടുകൾ വിതുമ്പി വന്നു.

എല്ലാവരോടും ദേഷ്യമാണ്, ഈ ലോകത്തോട് മൊത്തം. അവൾ എഴുന്നേറ്റു, അവയുടെ കാൽപ്പാദങ്ങിൽ തലചായ്ച്ച് നിഷ്കളങ്കമായി അരവിന്ദൻ കിടന്നുറങ്ങുന്നു.

മീനാക്ഷി മിഴിനിറയെ അവനെ നോക്കിയിരുന്നു. ഇല്ല, ഇയാളുള്ള ലോകത്തെ എനിക്കെങ്ങനെ വെറുക്കാൻ കഴിയും.

അവളവനെ പ്രണയാദ്രമായി നോക്കിയിരിക്കെ, സരു അവളോട് പറഞ്ഞ വാക്കുകൾ ഓർമ്മ വന്നു. “ആരൊക്കെ തള്ളിപറഞ്ഞാലും, ഈ ലോകം മുഴുവൻ എതിര് നിന്നാലും, ന്റെ അരവിന്ദൻ നിന്നെ നോക്കിക്കോളും.അവന് മാത്രെ നിന്നെ മുഴുവനായും മനസ്സിലാക്കാൻ പറ്റൂ.

അവൻ നിന്നെ ഒരിക്കലും കരയിക്കില്ല. അവനുള്ളപ്പോൾ നീ ഇനി ഒരിക്കലും ഒറ്റയ്ക്കാവില്ല.

പറഞ്ഞാൽ ഞെട്ടണ തൊഴിലോ, കയ്യിലൊരു പാട് പണമോ ഒന്നും അവനുണ്ടാവില്ല. എങ്കിലും അവനു ചുറ്റും ജീവൻ കൊടുത്ത് സ്നേഹിക്കുന്ന ഒരുപാട് പേര് എന്നുമുണ്ടാവും.

അവനൊപ്പമുണ്ടായിരിക്കുമ്പോൾ നിനക്ക് മനസ്സിലാകും മീനാക്ഷി, ലോകം കറങ്ങണത് സ്നേഹിക്കുന്നവരുടെ ചുറ്റുമാണെന്ന്." ആ ഒരു വാക്കിൻ പുറത്താണ്, മരിക്കും മുൻപ് ഒരിക്കലെങ്കിലും ഒന്നു കാണണമെന്ന് തോന്നിയത്.

കല്യാണ തലേന്നു ഏതാ, എന്താന്നു പോലും അന്വേഷിക്കാതെ ഞാൻ പറഞ്ഞ 'അരവിന്ദൻ' എന്ന ഒറ്റ പേരിൽ വിശ്വസിച്ച് നാടുവിടാൻ കൂട്ടു നിന്ന അജു, എന്തിനും ഏതിനും കൂട്ടുവന്നവർ, സ്വന്തം കല്യാണം മുടക്കിയതിൽ തെല്ലും പരിഭവമില്ലതെ വന്നു നിന്ന് കല്യാണം നടത്തി സാക്ഷി വരെ ഒപ്പിട്ട അഭിയേട്ടൻ, അയാൾക്ക് വേണ്ടി മരിക്കാൻ പോലും തയ്യാറായി നടക്കുന്ന ടോണി വട്ടപ്പാറ എന്ന ഇന്ത്യ മൊത്തം അറിയപ്പെടുന്ന നാഷണൽ അവർഡ് വരെ കിട്ടിയിട്ടുള്ള സൗണ്ട് എഞ്ചിനീയർ, അയാളുടെ സ്നേഹത്തിന്റെ മാന്ത്രികം കാണിച്ചു തന്ന ത്യാഗരാജൻ സാർ, എന്റെ പേരുപോലും ശരിക്കറിയാത്ത എങ്കിലും അയാൾക്കായി ഒരു നാടിനെ മൊത്തം എതിർത്തു നിന്ന കുമുദത്തിന്റെ ഏട്ടൻ, മരണത്തിന് വരെ ഒരു ഉണ്ണിയപ്പത്തിന്റെ രുചിയാണെന്ന് കാണിച്ചു തന്ന താര, ആവി എന്ന് പറഞ്ഞാൽ നൂറുനാവുള്ള ലക്ഷ്മി അക്ക, ശരിയാണ് അയാൾക്ക് ചുറ്റും സ്നേഹത്തിന്റെ പകരം വയ്ക്കാനില്ലാത്ത ഒരു ലോകം കറങ്ങുന്നുണ്ട്.

ആരുമില്ലാത്തത് എനിക്കാണ്. പെട്ടന്നൊരു ചോദ്യം അവളുടെ തലയിൽ മിന്നിമറഞ്ഞു, ശരിക്കും ഞാൻ അതിന് അർഹയാണോ.

ഇത്രയും സ്നേഹം ലഭിക്കാൻ മാത്രം എന്ത് യോഗ്യതയാണ് എനിക്കുള്ളത് അവൾ സ്വയം ആലോചിച്ചു. ഇല്ല, ഞാൻ അതിനർഹയല്ല.

ഇത്രയും തന്നെ ധാരാളമാണ് മരണം വരെയോർക്കാൻ ഇത് മതി. അവൾ തീരുമാനമെടുത്തു.

അവർക്കിടയിലെ ബന്ധത്തിന്, ആയിരം സ്നേഹകാതങ്ങളുടെ അകലമുണ്ടായിരുന്നു.
******** അവൾ എഴുന്നേറ്റ് പുതപ്പിനുള്ളിലേക്ക് നോക്കി, നാണം കൊണ്ടാമുഖത്തേക്ക് രക്തമിരച്ച് കയറി.

ഒരു തുണിയും മണിയുമില്ല, അരയിൽ അരഞ്ഞാണം കിടന്നിളകുന്നുണ്ട്, അത്ര മാത്രം. അവൾ ആ നാണത്തോടെ തന്നെ അവളുടെ ഉണ്ണിയേട്ടനെ നോക്കി, ഇന്നലെ എന്തൊക്കെയാണ് കാട്ടികൂട്ടിയത് രണ്ടു പേരും കൂടി.

അവനെ അവൾ അൽപ്പനേരംകൂടി അങ്ങനെയങ്ങനെ നോക്കിയിരുന്നു. എന്തൊക്കെ തീരുമാനമെടുത്തൂന്ന് പറഞ്ഞാലും അവനെ അവൾക്കത്രയേറെ ഇഷ്ടമായിരുന്നു.

മീനാക്ഷിയുടെ ആദ്യപ്രണയം; നടുക്കത്തെയും, ഒടുക്കത്തെയും, എല്ലാം കൂടിയും കിഴിച്ചും ഒരേയൊരു പ്രണയം. അവളാ പുതപ്പ് വലിച്ചുടുത്ത്, കുളിമുറിയിലേക്ക് നടന്നു.

നടക്കാൻ നല്ല ബുദ്ധിമുട്ടുണ്ട്. കുളിമുറിയിൽ കയറും മുന്നെ അവൾ തിരിഞ്ഞ് അരവിന്ദനെ നോക്കി നുണക്കുഴികൾ വിടർത്തി ഒന്നു ചിരിച്ചു.

കുളിക്കുമ്പോൾ പലയിടവും നീറുന്നുണ്ട്, കഴുത്തിലും മാറിലുമെല്ലാം ദംശനങ്ങൾ പതിഞ്ഞ് കിടക്കുന്നു. "ലൗ ബൈറ്റ്സ്സ്" അവൾ ചിരിച്ചു കൊണ്ട് വെറുതെ പറഞ്ഞു.

ആ നീറ്റലിന് വല്ലാത്തൊരു സുഖമവൾക്ക് തോന്നി. തണുത്ത വെള്ളം അവളുടെ മനസ്സിനെ കൂടി കുളിരണിയിപ്പിച്ചു.

താനൊരു പെണ്ണായിരിക്കുന്നു. പതിമൂന്നിനു ശേഷം വീണ്ടും.

കുളിച്ചൊരു സാരിച്ചുറ്റി, അവൾ ബാക്കിയുള്ള വസ്ത്രം കൂടി അലക്കാൻ ഇട്ട്, അടിച്ച് വാരാൻ തുടങ്ങി. ഇന്നലത്തെ വീരസാഹസത്തിന്റെ തിരുശേഷിപ്പുകൾ നിലത്ത് ചിതറികിടപ്പുണ്ട്, ഒന്നും രണ്ടുമല്ല ആറണ്ണം.

അവൾക്ക് ആകെ നാണമായി. വേഗം അടിച്ച് തുടച്ച്, അവളടുക്കളയിൽ കയറി.

ഇന്നവന് തന്റെ കൈ കൊണ്ട് ഉണ്ടാക്കിയ ഭക്ഷണം തന്നെ കഴിക്കാൻ കൊടുക്കണമെന്ന് അവൾക്ക് വല്ലാത്തൊരു നിർബന്ധമുണ്ടായിരുന്നു. അവളതിനായി പഠിച്ചപണി പതിനെട്ടും പുറത്തെടുത്തു.

************** ഇരുളുരുണ്ട് കയറിയ ആകാശത്ത് കാർമേഘപടലങ്ങൾ മദയാനകൂട്ടമെന്ന പോലെ സർക്കീട്ടിനിറങ്ങി. ഭയമൊട്ടുമില്ലാതെ കൊമ്പുകോർത്തവർ ചിന്നംവിളിച്ചു കൊണ്ടേയിരുന്നു.

എങ്കിലും കലിയൊട്ടും തീരാതെ വന്നവർ, മണ്ണിൽ കൂർത്ത കൊമ്പുകളാഴ്ത്തി കുത്തിമറിക്കുമെന്നപോൽ, മിന്നൽപിണരുകൾ മണ്ണിൽ പതിച്ചു. എതിരെയടിച്ച ഈർപ്പമുള്ള തണുത്ത കാറ്റിനെ വകഞ്ഞ് മാറ്റി, ഞാൻ ആശുപത്രിയിൽ നിന്നും പത്തടി മാത്രം അകലെയുള്ള സ്റ്റോറിനെ ലക്ഷ്യമാക്കിയോടി.

ആശുപത്രിയുടെ പരിമിതമായ ചുറ്റുപാടിൽ ഒരാൾക്കു അതിജീവിക്കാൻ അത്യാവശ്യമായവ മാത്രം വിൽക്കുന്ന ഒരു കൊച്ചുകട. കടയിൽ ഓരത്ത് ചേർത്ത് വച്ചിരുന്ന ബ്രിട്ടാനിയയുടെ മിൽക്ക് റസ്ക്ക് എടുത്ത്, ഞാൻ അയാൾക്ക് നേരെ ഒരു ഇരുപത് രൂപാനോട്ട് നീട്ടി.

നിസ്സംഗ ഭാവത്തിൽ എത്രയെന്നു പോലും നോക്കാതെ അയാളതു വാങ്ങി പെട്ടിയിൽ നിക്ഷേപിച്ചു. ആ കണ്ണുകൾ പൂർവ്വകലത്തിലെങ്ങോ ക്ഷണികമായ മനുഷ്യ ജീവിതങ്ങൾ കണ്ടു കണ്ട് മരിച്ചു മരവിച്ചവയിയിരുന്നു.

ആശുപത്രി ചുവരുകൾക്കുള്ളിൽ നിറഞ്ഞ് നിന്നിരുന്ന ആ നിർവികാരത, ഏതൊരു സഹജീവിയേയും എന്ന പോലെ അയാളിലും നിഴലിച്ചിരുന്നു. ഇവിടെയാരും വരുന്നത് സുഹൃത്തുകളെ ഉണ്ടാക്കാൻ അല്ലല്ലോ.

ഇന്നുകാണുന്നവരെ നാളെ കാണുമെന്ന് തന്നെ ഉറപ്പില്ലാത്ത ലോകം.   ഈ നശിച്ച മഴ വീണ്ടും പെയ്തു തുടങ്ങിയിരിക്കുന്നു.

ഞാൻ തലയിൽ കൈപൊത്തി ആശുപത്രി വരാന്തയിലേക്ക് ഓടി.   തിരക്ക് പിടിച്ച കാഷ്വാലിറ്റിയും കഴിഞ്ഞ് ഞാൻ നടന്നു.

ഗൈനക്കോളജി ബ്ലോക്കിൽ പുത്തൻപ്രതീക്ഷയിൽ വിടർന്ന മുഖത്തോടുകൂടി കൈകേർത്തിരിക്കുന്ന സ്ത്രീപുരുഷൻമാരെയും കടന്ന് നടന്നു. ഗൈനക്കോജി ബ്ലോക്കിന്റെ തെക്കേ ചെരുവിൽ വൈറോളജി ലാബാണ്, അത് കഴിഞ്ഞു ഒരു ഇറക്കമിറങ്ങി വലത്തോട്ട് തിരിഞ്ഞാൽ ഓൻക്കോളജി വിഭാഗമായി.

അതിന്റെ ഏറ്റവും അറ്റത്താണു ഓൻക്കോളജി ഐ.സി.യു., എനിക്കങ്ങോട്ടാണ് പോകണ്ടത്. ഞാൻ പാസ് പോക്കറ്റിൽ നിന്നു തപ്പി പുറത്തെടുത്തു.

അതില്ലാതെ ഉള്ളിലേക്ക് കടത്തില്ല. മീനാക്ഷിക്കിപ്പോ ഇസഡ് കാറ്റഗറി പ്രൊട്ടക്ഷനാണ്.

ഞാൻ ഓൻക്കോളജി വാർഡിലേക്ക് വെറുതെ നോക്കി. മറ്റു വാർഡുകൾ പോലെയല്ല, ആരുടെ മുഖത്തും ചിരിയില്ല, ഒരു സംസാരമില്ല, ദുഃഖം മാത്രം അന്തരീക്ഷത്തിൽ തളംകെട്ടിനിൽക്കുന്നു.

ചിരിച്ചിട്ട് ഒരുപാട് നാളുകളായെന്ന് അവരെ ഓരോരുത്തരെയും കണ്ടാലറിയാം, കവിളെല്ലുകൾ ഇടിഞ്ഞ് ബലപ്പെട്ടുകിടക്കുന്നു, ചുണ്ടിനടുത്ത തൊലി വലിഞ്ഞുമുറുകി നിൽക്കുന്നു.   മീനാക്ഷി അവരെയാരെയും പോലെയായിരുന്നില്ല.

ഒരുപാട് വയ്യെങ്കിലും അവളിപ്പോഴും ചിരിക്കും, ആ നുണകുഴികൾ കാട്ടി. ഞാൻ ഐ.സി.യു.വിനടുത്തേക്ക് നടന്നു.

മീനാക്ഷിക്ക് പാലിഷ്ടമല്ല, എത്ര പറഞ്ഞാലും അവളത് കുടിക്കില്ല. ഞാൻ തേൻചേർത്തും, ബിസ്ക്കറ്റ് പൊടിച്ച് ചേർത്തും പഠിച്ച പണി പതിനെട്ടും നോക്കി.

തുടരെ തുടരെയുള്ള കീമോപ്രയോഗത്തിൽ അവളുടെ വായിലെ തൊലിയെല്ലാം പൊയ്പോയിരുന്നു. എന്ത് കഴിച്ചാലും ഛർദ്ദിയാണ്.

ആ സുന്ദരമായ ചുരുൾമുടികളെങ്കിലും ബാക്കിയുണ്ടായിരുന്നെങ്കിൽ ഇത്രയും ക്ഷീണം തോന്നില്ലായിരുന്നു. എങ്കിലും അവളിപ്പോഴും ഞാൻ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും സുന്ദരിയാണ്.

മധുരമിട്ട പാലിൽ റസ്ക് കുതിർത്ത് നേർപ്പിച്ചു കൊടുത്താൽ, കുറച്ചെങ്കിലും ഇഷ്ടത്തോടെ കഴിക്കും. എന്തെങ്കിലും കഴിക്കാതിരുന്നാൽ ആ മരവിച്ച കൈകളിൽ, ബാക്കിയുള്ള ഞരമ്പുകളിൽ കൂടി ക്യാനുലസൂചി കുത്തികയറ്റി ഡ്രിപ്പ് ഇടണ്ടിവരും, അത് എന്തായാലും വേണ്ട.

ഇനി ഒരു കീമോ കൂടിയേ ഉള്ളു. പിന്നെ എല്ലാം പഴയതുപോലെ.

ഞാൻ കുറച്ച് വേഗത്തിൽ നടന്നു. അകലെ ഐ.സി.യു.വിലേക്കു ഡോക്ടർമാർ തുടരെ തുടരെ ഓടികയറുന്നു, ഇറങ്ങിപോകുന്നു.

കോമൺ ഐ.സി.യു. ആണ്, ഇതിവിടെ സ്ഥിരം സംഭവമായത് കൊണ്ട് എനിക്ക് പ്രത്യേകതയൊന്നും തോന്നിയില്ല.

ചിലരെ ഇങ്ങനെ ഇടയ്ക്ക് വച്ച് ഐ.ഐ.സി.യു.വിലേക്ക് മാറ്ററുണ്ട്. ഞാൻ പാസ് കൊടുത്ത് ഉള്ളിലേക്ക് കയറി.

പക്ഷെ അവരെല്ലാം പായുന്നത് ആറാം നമ്പർ ബെഡിലേക്കാണെന്ന് കണ്ട എന്റെ സപ്തനാസികളും തളർന്നു, കാലിടറി, കണ്ണുകളിൽ ഇരുട്ട് കയറി. ഞാൻ തപ്പിതടഞ്ഞ് അവൾക്കരിലെത്തി.

ആ തളർന്ന കൈകളിൽ പിടിച്ചു. അതിൽ തണുപ്പ് പടർന്ന് കയറും പോലെ, അവശേഷിക്കുന്ന ചൂടും അവളെ വിട്ട് പോകാതിരിക്കാൻ കരഞ്ഞു കൊണ്ട് വെറുംനിലത്തിരുന്ന് ഞാൻ അതിൽ അണച്ച് പിടിച്ചു.

ശബ്ദം പുറത്ത് വരുന്നില്ല, ഞാൻ ശ്വാസം കിട്ടാത്തപോലെ കരഞ്ഞു കൊണ്ടിരുന്നു. ആരോ എന്നെ വലിച്ചൊരു ഭാഗത്തിട്ട്, തയ്യാറാക്കി നിറുത്തിയിരുന്ന ഡിഫിബ്രിലേറ്ററിൽ നിന്ന് നെഞ്ചിൽ ഷോക്ക് കൊടുത്തു കൊണ്ടിരുന്നു.

'അത് ചെയ്യുമ്പോൾ ആരും ദേഹത്ത് പിടിക്കാൻ പാടില്ല,600 തെട്ട് 1000 വരെ വോൾട്ട് കരണ്ട് ഉണ്ടാകും. അത് ധാരാളമാണ് നോർമൽ ആളുകളുടെ പ്രവർത്തിക്കുന്ന ഹൃദയം നിന്നു പോകാൻ.

' ഇതെല്ലാം പറഞ്ഞ് തന്നത് മീനാക്ഷിയാണ്. ഡോക്ടർമാർ വോൾട്ടേജ് കൂട്ടി വീണ്ടും വീണ്ടും അത് അവളുടെ ക്ഷീണിച്ച നെഞ്ചിൽ വച്ചമർത്തി.

ഒരോ ഇടിക്കും അവൾ ഉയർന്നു പൊങ്ങി, തിരികെ കട്ടിലിൽ പതിച്ചു, അതിലൊന്നിലവൾ എഴുന്നേൽക്കുമെന്നു ഞാൻ ഒരുപാടാശിച്ചു കൊണ്ട് നിലത്തു തന്നെയിരുന്നു. ആരോ

എന്നെ പുറത്താക്കാൻ പറഞ്ഞു, അത് കേട്ട് സെക്യൂരിറ്റി എന്നെയും വലിച്ച് പൊക്കി പുറത്തേക്കു നടന്നു.

ഞാൻ ഒരുമാത്ര തിരിഞ്ഞ് അവളുടെ ചലനമറ്റ കാപ്പിപ്പൊടി കണ്ണുകളിലേക്ക് നോക്കി. അവൾ പോയി, എന്നോടൊരു യാത്ര പോലും പറയാൻ കാത്തുനിൽക്കാതെ, ഒരു തണുത്ത വെളുപ്പാൻ കാലത്ത് അവൾ ആകസ്മികമായി കയറിവന്നതു പോലെതന്നെ തിരികെ പോയി.

ഞാൻ അവൾക്കാരായിരുന്നു. അതിനു മാത്രം ഉത്തരം എന്റെ കയ്യിലില്ല.

ഐ.സി.യു. വിന് വെളിയിലെ ടൈൽ വിരിച്ച തണുത്തുറഞ്ഞ തറയിൽ ഞാനിരുന്നു.

അവൾക്ക് വേണ്ടി അവസാനമായി വാങ്ങിയ റസ്ക് ഞാൻ വിടാതെ കൈയ്യിൽ അമർത്തി പിടിച്ചിരുന്നു. കണ്ണുനീരുപോലും വറ്റിതീർന്നിരുന്നു.

'മരണം ദൈവത്തിന്റെ തമാശയാണ്, പറഞ്ഞ് തീർന്നപ്പോൾ ആരും ചിരിക്കാതെ പോയ ക്രൂരമായൊരു തമാശ.' എത്ര നേരം ഞാൻ അവിടെയിരുന്നു എന്നെനിക്കറിയില്ല.

ആരൊക്കെയോ വന്നും, പോയും കൊണ്ടിരുന്നു. ആരൊക്കെയോ കരയുന്നുണ്ടു.

ഒന്നെഴുന്നേറ്റ് സ്ട്രക്ചറിൽ ഒരു ഓരത്ത് കൊണ്ടു നിർത്തിയ അവളെ ഒന്നു കാണണം എന്നുണ്ട്. എഴുന്നേൽക്കാൻ ഉള്ള ശക്തി എനിക്കുണ്ടായിരുന്നില്ല.

ഞാൻ ആ വിളറിയ തുണിക്ക് വെളിയിൽ കണ്ട അവളുടെ ക്ഷീണിച്ച വിരലുകളെ നോക്കിയിരുന്നു. അവ ഞാൻ ചേർത്ത് പിടിക്കുന്നതും കാത്ത്, കുഞ്ഞു പരിഭവത്തോടെ എന്നെയും നോക്കി കിടന്നു.

പെട്ടന്നെന്തോ നിലത്ത് വീണുടഞ്ഞു. ഞാൻ പതുക്കെ അങ്ങോട്ട് നോക്കി.

ടോണി,... അവൻ അവൾക്കായി ഉണ്ടാക്കിയ ഉണ്ണിയപ്പവും കൊണ്ട് വന്നതാണ്.

അവൾക്കത് ഏറെ ഇഷ്ടമായിരുന്നു. കഴിക്കാൻ കഴിയില്ലെങ്കിലും, അവനെ കൊണ്ടത് കൊണ്ട് വരീക്കുന്നതും, അവന്റെ തമാശകൾ കേട്ടിരിക്കുന്നതും അവൾക്കു ആശുപത്രി കിടക്കയിൽ ശേഷിച്ചിരുന്ന ഒരേയൊരു വിനോദമായിരുന്നു.

അവനതൊക്കെയെങ്ങനെയോ വാരികൂട്ടി വേസ്റ്റ്ബിന്നിലിട്ട് കരഞ്ഞു കൊണ്ട് എനിക്കടുത്ത് ഓടിവന്നു. അവളെ നോക്കി എന്നെ അണച്ച് പിടിച്ചു.

പറയാനും കരയാനും എനിക്കിവരു രണ്ടുപേരും മാത്രമേയുള്ളു. അവൻ ആരോടൊക്കെയോ എനിക്കും, അവൾക്കും വേണ്ടി വഴക്കുണ്ടാക്കുന്നുണ്ടായിരുന്നു.

തലയുയർത്തി നോക്കുമ്പോൾ അവളുടെ അച്ഛൻ.... രാഘവൻ, എന്നെ അടങ്ങാത്ത പകയിൽ നോക്കുന്നുണ്ട്.

അവരവളെയും കൊണ്ട് പോകുകയാണ്. തളർന്നിരുന്നിരുന്ന എന്റെ കണ്ണുകളിൽ നിന്നും അവളുടെ നേർത്തവിരലുകൾ മായുംവരെ ഞാൻ നോക്കിയിരുന്നു.

അവസാനം വരെയും അവയൊന്ന് ചേർത്ത് പിടിക്കാൻ കഴിയാതെ. ************ ഞാൻ ഞെട്ടിയെഴുന്നേറ്റ് കിതച്ചു കൊണ്ടിരുന്നു.

കണ്ണുകളെല്ലാം നിറഞ്ഞൊഴുകി. ഞാൻ പേടിയോടെ ഓർത്തു, മീനാക്ഷി ഒരുപാട് മരുന്നുകൾ കഴിക്കുന്നുണ്ട്.

അവൾക്കൊരു കുഞ്ഞു ബാഗ് നിറയേ മരുന്നുണ്ട്. അതവളോട് ചോദിക്കണം, അവളെവിടെ.

എന്റെ നെഞ്ച് വേഗത്തിൽ മിടിച്ച് കൊണ്ടിരുന്നു. “ എന്താണ് ദുസ്സ്വപ്നം വല്ലതും കണ്ടതാണോ ?

രാവിലെ കണ്ടാൽ അത് ഫലിക്കുമെന്നാണ് പറയുക ” പരിചയമില്ലാത്ത ഒരു പുരുഷശബ്ദമാണ്, പറയുന്നത് നല്ല എരണംകെട്ടവർത്തമാനവും. ഞാൻ അവൻ ആരാണെന്ന് നോക്കി.

സോഫക്കഭിമുഖമായി കസേരയിൽ സുന്ദരനായ ഒരു ചെറുപ്പക്കാരൻ ഞാൻ ഉണരുന്നതും നോക്കി വലത്കാൽ ഇടത്കാലിന് മുകളിൽ കയറ്റി വച്ച് ചുഴറ്റി കാവലിരിക്കുകയാണ്. ഇവനെ ഞാൻ എവിടെയോ,..

അധികം ഓർക്കേണ്ടി വന്നില്ല. അവൻ സ്വയം പരിചയപ്പെടുത്തി.

“ഹായ്, ഐ ആം ശ്രീറാം, ശ്രീറാം കർത്തികേയൻ. മീനക്ഷി ആൾ റെഡി പറഞ്ഞിരിക്കുമല്ലോ.

അരവിന്ദൻ റൈറ്റ്? ഞാൻ ബുദ്ധിമുട്ടിച്ചില്ലല്ലോ.

” ഒരു സി.ബി.എസ്.ഇ. കുട്ടിയുടെ ഔപചരികതയോടെ അവൻ പറഞ്ഞ് നിർത്തി.

ശ്രീറാം, മീനാക്ഷിയുടെ കാമുകൻ. എനിക്കെന്റെ തലയിൽ ആരോ ആണിയടിച്ച് കയറ്റിയത് പോലെ തോന്നി.

അങ്ങനെ ഒരിക്കലും വരരുതെന്ന് ഞാൻ പ്രതീക്ഷിച്ച നിമിഷവും വന്നെത്തി. അതും ഇന്ന് തന്നെ.

അയാൾ കൈകൾ എന്റെ നേരെ നീട്ടി ഷേക്ക്ഹാൻഡിനായി. ഞാൻ വെറുതെ അതിലേക്ക് ഒന്ന് നോക്കി.

എഴുന്നേറ്റ് അവന് അഭിമുഖമായിരുന്നു. മീനാക്ഷി എവിടെ, അവളിവനോട് എന്നെ കണ്ട് സംസാരിക്കാൻ പറഞ്ഞ് മാറി നിൽപ്പാണോ.

ഞാൻ അടുക്കളയിലേക്ക് നോക്കി. ഇല്ല, അവിടെയില്ല.

ഞാൻ പ്രതികരിക്കുന്നില്ലെന്ന് കണ്ടപ്പോൾ അവൻ നീട്ടിയ കൈ വെറുതെ അന്തരീക്ഷത്തിൽ വീശികുലുക്കി പിൻവലിച്ച്, ഒരു സായിപ്പിന്റെ ശൈലിയിൽ തുടർന്നു. “സീ അരവിന്ദൻ, സംഭവിച്ചതെല്ലാം നിങ്ങൾക്ക് ഒരുപാട് ബുദ്ധിമുട്ട് ഉണ്ടാക്കിയെന്ന് എനിക്കറിയാം.

എനിക്കതിൽ വളരെ വിഷമവുമുണ്ട്, ഐ ആം റിയലി സോറി എബൗട്ട് ദാറ്റ്. ഇതെല്ലാം ഞാൻ ഔട്ട് ഓഫ് സ്റ്റേഷൻ ആയി പോയത് കൊണ്ട് മാത്രം സംഭവിച്ചതാണ്.

ബട്ട്, ഇപ്പോൾ ഞാൻ വന്നില്ലേ, ഇനി എല്ലാം ഓക്കെ ആയിരിക്കും. നാളെ തന്നെ ഇതിനൊരു പരിഹാരം ഞാൻ കണ്ടിരിക്കും.

അതു കഴിഞ്ഞാൽ നിങ്ങൾക്ക് പഴയതുപോലെ ഇവിടെ (അയാൾ ചുറ്റും നോക്കി, ഫാനിന്റെ ശബ്ദത്തിൽ അനിഷ്ടമറിയിച്ച് നെറ്റിചുളിച്ച് തുടർന്നു) ഹാപ്പിയായി, മറ്റും ടെൻഷനുകളൊന്നും തന്നെയില്ലാതെ, ചിൽ ആയിരിക്കാം. എന്താ....

?” ഞാൻ ഒന്നും പറഞ്ഞില്ല വെറുതെ നിലത്ത് നോക്കി നെടുവീർപ്പിട്ടു.

അവൻ തുടർന്നു. “നെക്സ്റ്റ് ടൂസ് ഡെ , വിസാ വേരിഫിക്കേഷൻ, അത് ഓക്കെയായാൽ, ഈ മൺത്ത് ലാസ്റ്റ് തന്നെ ഞങ്ങൾ സ്റ്റേറ്റ്സിലേക്ക് മൂവ് ചെയ്യും.

എന്നെ നമ്മൾ മീറ്റ് ചെയ്യുമോ എന്ന് തന്നെ സംശയമാണ്, സോ എവരിത്തിങ് ഈസ് കൂൾ... വീ ആർ കൂൾ....

” കൈയ്യും തോളും നാവും വച്ചുള്ള അവന്റെ പൊറാട്ട് നാടകവും, കഥാപ്രസംഗവും നിറുത്തി അവനെന്നെ നോക്കി. ‘എവരി തിംങ് ഈസ് നോട്ട് കൂൾ’ എന്റെ മനസ്സ് ഒന്നും ഒരിക്കലും നേരെയാവില്ലന്ന് പറഞ്ഞു കൊണ്ടിരുന്നു.

വരുന്നത് ദേഷ്യമാണ്. ഞാനതടക്കി അവനെ നോക്കിയിരുന്നു.

“ മീനാക്ഷിയെ കണ്ടില്ലല്ലോ, ഹോസ്റ്റലിൽ ചോദിച്ചപ്പോൾ ഇവിടെയുണ്ടെന്ന് പറഞ്ഞു. സീ, എനിക്ക് ഒരുപാട് സമയമില്ല.

നാളെ തന്നെ എംബസിയിൽ ഒന്നുപോണം. പറ്റിയാൽ ഇന്നുതന്നെ അല്ലെങ്കിൽ നാളെ, ഞങ്ങൾ ഇവിടെ നിന്ന് മാറും.

രണ്ടാമത് ഒപ്പിടാത്തത് കൊണ്ടു മാരീജ് പെറ്റീഷൻ വയബിൾ അല്ലല്ലോ. അപ്പോൾ ആ കാര്യത്തിൽ പ്രശ്നമൊന്നും വരാൻ പോകുന്നില്ല.

ഒഫ് കോഴ്സ്, ഒരു നന്ദിയിൽ തീർക്കാവുന്ന സഹായമല്ല അരവിന്ദൻ ഞങ്ങൾക്ക് ചെയ്തിരിക്കുന്നത്, എങ്കിലും പറയാതിരിക്കാൻ കഴിയില്ലല്ലോ, എനിവേ താങ്ക്സ്, താങ്ക്സ് എലോട്ട്." എനിക്ക് എല്ലാം കൂടി അങ്ങട് പൊളിഞ്ഞ് വന്നു.

വാതിലിൽ ഒരു അനക്കം കേട്ട് നോക്കിയപ്പോൾ അവനെ കണ്ട് മീനാക്ഷി പകച്ച് വാതിലിൽ ചാരിയതാണ്. കയ്യിലൊരു പാൽപാക്കറ്റും, കുറച്ച് പച്ചക്കറികളുമുണ്ട്.

പ്രതീക്ഷിക്കാത്തത് എന്തോ സംഭവിച്ച നടുക്കം മുഖത്തുണ്ടായിരുന്നു. ഈ വിലകുറഞ്ഞ മങ്ങിയ മാക്സി തുണിയിലും അവൾ പതിവിലും ശോഭയോടെ വിളങ്ങി നിന്നു.

അവളോട് പറയാനും, ചോദിക്കാനും ഒരുപാടുണ്ടായിരുന്നു. പക്ഷെ ഇങ്ങനെയൊരു അരങ്ങിൽ വേഷമറിയാതെയുള്ള ഒരു ആട്ടം, അത് ഞാൻ ആദ്യമായിരുന്നു.

“ ബേബ്, ദേർ യു ആർ. സ്റ്റിൽ സ്വീറ്റ് എൻഡ് സിംപിൾ.

ഐ മിസ്സ്ഡ് യൂ സോ ബാഡ്‌ലീ. ഞാൻ നമ്മുടെ അരവിന്ദനെ പരിചയപ്പെടുകയായിരുന്നു.

ഓഹ് സോറി, വാട്ട് യൂ യൂസ്ഡ് റ്റു കോൾ ഹിം, ഉണ്ണി, യെസ്സ്. ഉണ്ണിയെ പരിചയപ്പെടുകയായിരുന്നു.

” അവൻ മീനാക്ഷിയെ ചേർത്ത് പിടിച്ച് പറഞ്ഞു. അതെനിക്ക് താങ്ങാവുന്നതിൽ അപ്പുറമായിരുന്നു.

ഞാൻ മൊബൈൽ ഫോൺ എടുത്ത്, അവിടെ നിന്നും ഒന്നും മിണ്ടാതെയിറങ്ങി പോന്നു. മീനാക്ഷിക്ക് എന്തോ പറയാൻ ഉണ്ടായിരുന്നു, അപ്പോഴത്തെ അവന്റെ കാട്ടികൂട്ടലുകളുടെ ദേഷ്യത്തിൽ ഞാൻ അത് കേൾക്കാൻ നിക്കാതെയിറങ്ങി നടന്നു.

ടോണിയുടെ വീടെത്തിയപ്പോഴേക്കും ഞാനൊന്നു തണുത്തു. അവനൊരു വലിയ നുണയാണെന്ന് എനിക്കിപ്പോളറിയാം, പേടി അവളെ കുറിച്ചു മാത്രമായിരുന്നു, അവളോട് ചോദിക്കണം, അവളെന്തിന്റെ മരുന്നുകളാണ് കഴിച്ച് കൂട്ടുന്നതെന്ന്.

********* വാതിൽ നോബിൽ പിടിച്ച് തിരിച്ചപ്പോൾ തന്നെ തുറന്നു വന്നു, ഈ മൈരന് വാതില് പൂട്ടണ പരിപാടിയില്ല. അതിനെങ്ങനെയാ രാത്രി വല്ല ബോധവുമുണ്ടോ.

അല്ല ഏകദേശം എന്റെ വീടും അങ്ങനൊക്കെ തന്നെ. ടോണിയൊരു ബോധമില്ലാതെ ഇഹലോകമില്ലാതെ കിടന്നൊറങ്ങണിണ്ട്, റൂമിലൊരോരത്ത് ഒരു ഗോൾഡൻ റിട്രീവർ നായ എന്തോ കടിച്ച് പിടിച്ച് ചമ്രംപടിഞ്ഞ് ഇരുപ്പുണ്ട്.

ഞാൻ അവന്റെ ഒരു ടീഷർട്ടും ജീൻസും എടുത്ത് കയറി കുളിച്ചു, ദേഹത്ത് വെള്ളം വീണപ്പോഴാണ് ഇന്നലെ കിട്ടിയ അടിയുടെ കാര്യം ഓർമ്മ വന്നത്. പുറത്ത് നല്ല നീറ്റലുണ്ട്.

പക്ഷെ കഴുത്തിലും നെഞ്ചിലും എന്താണ് പുകച്ചിൽ, ഞാൻ സൂക്ഷിച്ച് നോക്കി, അവളുടെ നഖമുനകൾ കൊണ്ട പോറലുകളാണ്, കഴുത്തിൽ ഒരു ദന്തക്ഷതം പതിഞ്ഞ് കിടപ്പുണ്ട് പറ്റില്ല ടീഷർട്ട് പറ്റില്ല. മുറിവുകൾക്കും, വേദനകൾക്കും വല്ലാത്ത ഒരു തണുപ്പ്, ഒരു പ്രത്യേക സുഖം.

ഞാൻ വേഗം കുളിച്ചിറങ്ങി ഒരു കറുത്ത ലിനൻ ഷർട്ട് തപ്പിയെടുത്തിട്ടു. കുറച്ച് ടൈറ്റാണ് പക്ഷെ ഭംഗിയുണ്ട്.

ടേണി ഇപ്പോഴും എണീറ്റിട്ടില്ല. ഞാൻ അവന്റെ ആസനത്തിലൊരു ചവിട്ട് കൊടുത്തു.

“എണിക്കടാ മൈരെ” അവൻ കണ്ണുതിരുമ്മി എന്നെ നോക്കി. “നീ എങ്ങടാ മൈരെ ഇത്ര രാവിലെന്നെ, അ..അ..ആ , ജീൻസും ഷർട്ടും എല്ലാം എന്റെയാണല്ല.

ഷഡിയെങ്കിലും സ്വന്തമാണോടെ. അതോ, അതും” “മ്മ്മ്മ്മ്, ഒരിക്കലും അല്ല കാരണം ഞാനത് ഇട്ടിട്ടില്ല.

ഇന്ന് ദിൽബർ സൽമ്മാനുമായിട്ടുള്ള ഇന്റെർവ്യൂ അല്ലെ, ലേശം കളറായികോട്ടേന്ന് വച്ചു.” “അതൊക്കെ കൊള്ളാം, അത് കഴിഞ്ഞ് ആ മൈരനെയും കൊണ്ട് ഇങ്ങോട്ട് കെട്ടിയെടുക്കരിക്കോ, അവന്റെ തേഞ്ഞ തള്ള് കേൾക്കാൻ വയ്യ” അവൻ പുതച്ച് പിന്നെയും തിരിഞ്ഞ് കിടന്നു.

“ഇതേതാ നായ, ഡീസന്റായിട്ട് ചമ്രംപടിഞ്ഞ് ഇരിക്കണിണ്ടല്ലോ” മുടി ഈരണതിനിടയിൽ ഞാൻ ചോദിച്ചു. “അതപ്പറത്തെ തള്ളവിട്ടിട്ട് പോയതാ, അവര് കുമ്മനാഞ്ചേരിലു ധ്യാനം കൂടാൻ പോയിരിക്കാ.

” അവൻ തിരിഞ്ഞ് നോക്കാതെ തന്നെ പറഞ്ഞു “ആ തള്ളക്ക് വല്ല വിവരോം ഉണ്ടോ, തലക്ക് സുഖമില്ലാത്തവരുടെ അടുത്തണോ പട്ടിയെ വിട്ടിട്ട് പോവണത്.” പിന്നിൽ നിന്ന് അവന്റെ ആട്ട് കേൾക്കുന്നുണ്ട്.

അപ്പോഴാണ് ഞാൻ ആ നായയുടെ വായിലിരിക്കുന്ന എല്ല് പോലത്തെ സാധനം ശരിക്ക് ശ്രദ്ധിക്കണത്. കേരളാ സ്റ്റേറ്റ് ഫിലിം അവാർഡ് ‘ബെസ്റ്റ് സൗണ്ട് റൊക്കോർഡിസ്റ്റ്” അവന്റെ രണ്ടാമത്തെ പടത്തിന് കിട്ടിയത്.

ഞാൻ ഞെട്ടി തിരിഞ്ഞ് അവനോട് ചോദിച്ചു. " സ്റ്റേറ്റ് അവാർഡാണോടാ മൈരെ നായക്ക് കടിക്കാൻ ഇട്ട് കൊടുത്തിരിക്കണത്" "ആ പൂറ് മിണ്ടാതിരിക്കണ്ടെ" ഞാൻ നായയുടെ തൊടലിൽ പിടിച്ച് വലിച്ച്, കഷ്ടപ്പെട്ടത് അതിന്റെ വായിൽ നിന്നും പിടിച്ചെടുത്തു തുടച്ച് നോക്കി.

വെങ്കലത്തിൽ തീർത്ത നാട്യസ്ത്രീരൂപം. ഞാൻ അത് ഒന്നു കൂടി തുടച്ച്, നാഷണൽ അവാർഡിന്റെ സർട്ടിഫിക്കറ്റിനടുത്ത് വച്ച് രണ്ടും ഒരുമിച്ച് നോക്കി, അവനതിനെക്കാളൊക്കെ ഏറെ പ്രധാനപ്പെട്ട, അതിനപ്പുറത്തിരിക്കുന്ന താരയുണ്ടാക്കിയ കടലാസ് കൊക്കിനേയും നോക്കി.

അവളുണ്ടായിരുന്നെങ്കിൽ.... അവാർഡ് പിടിച്ച് വാങ്ങിയപ്പോൾ തൊട്ട് നായ നിറുത്താതെ കൊരതുടങ്ങി.

" എന്തെങ്കിലും എടുത്ത് അതിന്റെ അണ്ണാക്കിൽ തിരുകി കൊടുക്കടെ" ഞാൻ ഒരു ഭാഗത്ത് കൂട്ടിയിട്ടിരുന്ന യാതൊരു വിലയുമില്ലാത്ത സോഷ്യാനെറ്റ് ഫിലിം ഫെയർ അവാർഡിലൊന്നെടുത്ത് അതിന് എറിഞ്ഞ് കൊടുത്തു. അത് കൊരനിർത്തി വീണ്ടും ചമ്രംപടിഞ്ഞ് സമാധാനമായിരുന്നു.

ഞാൻ ഇറങ്ങി സ്റ്റുഡിയോയിലേക്ക് നടന്നു. ശ്രീറാമിന്റെ വരവ് എന്നെ വല്ലാതെ വിഷമിപ്പിച്ചിരുന്നു.

******** "എങ്ങനെയുണ്ട് എന്റെ ആക്റ്റിങ്" പറഞ്ഞ് തീരുന്നതിന് മുന്നെ ശ്രീറാമിന്റെ മുഖത്ത് മീനാക്ഷിയുടെ കൈ പതിച്ചിരുന്നു. "അവന്റെ ഒരു ബേബ്, ഈ ഓവർ ആക്ടിങ് അണോടാ പട്ടി നിന്റെ ആക്ടിങ്" "മീനാക്ഷി, ഞാൻ...

സഹായിക്കാൻ.., നീയല്ലെ പറഞ്ഞേ" "ഇത് ഞാൻ നിന്നോട് എന്ന് പറഞ്ഞതാണ്, വരുന്നതിന് മുൻപ് ഒന്നു വിളിച്ചിരുന്നെങ്കിൽ ഞാൻ വേണ്ടാന്നു പറയുമായിരുന്നല്ലോ." ശ്രീറാം വെറുതെ ഇളിച്ചു, "ഞാൻ കുറേവട്ടം വിളിച്ചു, ഫോൺ ഓഫായിരുന്നു" "ഈശ്വരാ ഞാൻ ഇനി ഇതൊക്കെ എങ്ങനെ ശരിയാക്കിയെടുക്കും.

നീ ഇറങ്ങി പോടാ പട്ടി." അവൾ ദേഷ്യത്തിലും സങ്കടത്തിലും ഏങ്ങലടിച്ചു.

ശ്രീറാം കുറച്ചു ദൂരം നടന്നിട്ട് അവളെ തിരിഞ്ഞ് നോക്കി. " എന്താണ് മീനാക്ഷി, പ്രേമമാണോ, പണ്ട് പറയാറുള്ള ഫിലോസഫിയൊന്നുമല്ലല്ലോ ഇപ്പോൾ വായിൽ വരണത്.

ആരെയും പ്രേമിക്കില്ല, കല്യാണം കഴിക്കില്ല, ഞാനടക്കം എത്ര പേരെ നീ ഇതും പറഞ്ഞ് ഒഴിവാക്കിയിട്ടുണ്ടടി, ഇവർക്കെല്ലാം ഇല്ലാത്ത എന്ത് പ്രത്യേകതയാണ് നീ ആ ഇറങ്ങി പോയവന് കണ്ടത്. പെണ്ണെല്ലാം, അവസാനം പെണ്ണെന്നെ ല്ലെ?

" (അവൻ ചിരിച്ചു) മീനാക്ഷി ഒന്നു മിണ്ടിയില്ല, അതവളുടെ നെഞ്ചിൽ കൊണ്ടിരുന്നു. അപ്പോഴാണ് വീണ്ടുവിചാരം വന്നത്.

“ പിന്നെ കാണാം. ഞാൻ പോകുന്നത് വരെ കുറച്ച് ദിവസം ഇവിടെ ഉണ്ടാവും.

നീ മൈൻഡൊക്കെയെന്ന് ശരിയാക്ക്. കാണാം” അവനിറങ്ങി.

മീനാക്ഷി ചിന്താഭാരവുമായി അവിടെ ഒറ്റക്കിരുന്നു. പിന്നെ എഴുന്നേറ്റ് പോയി ജോലി തുടർന്നു മനസ്സാൽ അവളൊരു തീരുമാനത്തിലെത്തിയിരുന്നു.

********** ഇന്റർവ്യൂ നല്ല രീതിയിൽ അവസാനിച്ചപ്പോഴാണ്, ഞാൻ ഫോണെടുത്ത് നോക്കിയപ്പോൾ പതിനാല് മിസ്ഡ് കാൾ, ‘ഓകെയല്ലെ?’, ‘കാൾ മീ’, ‘പ്ലീസ്’. എന്നെല്ലാം മെസ്സേജുകൾ.

‘കുഴപ്പമില്ല, എനിക്ക് നിന്നെ മനസ്സിലാവും, ഇന്റർവ്യൂവിലാണ് അൽപ്പം കഴിഞ്ഞ് വീട്ടിലേക്ക് വരാം. ഞാൻ അതൊന്നും കാര്യമായിട്ട് തന്നെ എടുത്തിട്ടില്ല’ എന്ന് തിരിച്ചുയച്ച്.

നോക്കുമ്പോൾ ദിൽബർ ചാവിയെല്ലാം കറക്കി വരുന്നു. “പോകാം” “എങ്ങോട്ട് പോകാന്ന്” “നീയെറങ്ങ് വെറുതെ കറങ്ങീട്ട് വരാം, കുറെ നാളായില്ലെ ഇങ്ങോട്ട് വന്നിട്ട്” ഞാൻ വേറെ വഴിയില്ലാതെ അവന്റെ പുതിയ പോർഷെ പനമേരയിൽ കുനിഞ്ഞ് കയറി.

ഇത്തരം ആഡംബരവണ്ടികൾക്ക് ഉള്ളിൽ വിമാനത്തിന്റെ കോക്ക്പിറ്റ് പോലെ പേടിപ്പിക്കുന്ന, ഇൻഫോടൈൻമെന്റും ഇന്റീരിയറും ആയിരിക്കും. പക്ഷെ ഇതിലെനിക്ക് അത്ഭുതം തോന്നി, വളരെ സിംപിളും, ലാളിത്യം തോന്നുന്നതും സ്പോർട്ടിയുമായ ഇന്റീരിയർ.

അതിനെത്ത പവർ ഡെലിവറിയും ശബ്ദവും. ഞാൻ അതിൽ രാജാവിനെ പോലെയിരുന്ന് ഉറങ്ങിപോയി.

എണ്ണീറ്റപ്പോൾ അവനെന്തൊകെയോ തള്ളുന്നുണ്ട്. ഞാൻ മൂളി കേട്ടുകൊണ്ടിരുന്നു.

ചെന്നൈ ദിൽബറിന് ഒരുപാട് ഇഷ്ടമാണ്, അവൻ വളർന്നതിവിടെയാണ്. അപ്പോഴാണ് എക്സ്പ്രസ്സ് അവന്യൂ മാളിലേക്ക് ശ്രീറാം ഒരു പെണ്ണുമായി കയറി പോകുന്നത് ഞാൻ കണ്ടത്.

അവനവളെ ചേർത്ത്പിടിച്ച് മൂർദ്ധവിൽ ചുംബിക്കുന്നത് കണ്ടപ്പോൾ ഞാൻ ദിൽബറിനോട് വണ്ടി സൈഡാക്കാൻ പറഞ്ഞു. നിന്നതും ഞാൻ ചാടിയിറങ്ങി അങ്ങോട്ട് ഓടി.

ഇത് കണ്ട് പകച്ച ദിൽബറ് ഇറങ്ങി പിന്നാലെ ഓടിവന്നു. അവർ കാഴ്ചയിൽ രണ്ടു യുവമിഥുനങ്ങളെ പോലെ തോന്നിച്ചു.

മീനാക്ഷി ആയിരിക്കില്ല. പിന്നെ അത് ആരായിരിക്കും.

ഞാൻ ഓടി ഉള്ളിലെത്തി. അവരെവിടെയോ തിരക്കിൽ മറഞ്ഞിരുന്നു.

പെട്ടെന്ന് ദിൽബറ് ഓടി അടുത്തെത്തി. " എന്താ.....

ആരാ..." അവൻ കിതച്ച് കൊണ്ട് ചോദിച്ചു.

"അതിനു നീയെന്തിനാ ഇറങ്ങിയത്" ഞാൻ തലയിൽ കൈവച്ച് പറഞ്ഞു. അപ്പോഴേക്കും ആളുകൾ ഓടികൂടി ദിൽബറിനെ പൊതിഞ്ഞു.

അവനു ഹിന്ദിയിലും, തമിഴിലും, മലയാളത്തിലും, തെലുങ്കിലും, ഒരുപോലെ ഹിറ്റ് പടങ്ങളും ആരാധകരും ഉണ്ട്. പെൺകുട്ടികൾ സെൽഫി എടുക്കാൻ പേപ്പട്ടികടിച്ച പോലെ ഓടി വന്നു.

അവൻ രക്ഷിക്കാൻ എന്നെ ദയനീയമായി നോക്കി. ഞാൻ പക്ഷെ ചുറ്റും പോക്കറ്റടിക്കാരന്റെ പോലെ ഓടിനടന്ന്, ഈ വന്നവരിൽ അവരുണ്ടോന്ന് നോക്കുകയായിരുന്നു.

ദിൽബറ് ഒരു ജീവനുള്ള ഹണീ ട്രാപ്പ് ആയി വർക്ക് ചെയ്ത് കൊണ്ടിരുന്നു. പെട്ടന്ന് ശ്രീറാമിന്റെ കൂടെയുണ്ടായിരുന്ന പെണ്ണ് അവനെയും പിടിച്ച് വലിച്ച്, മുകളിൽ നിന്നും ഞങ്ങടെ ഹണീട്രാപ്പിലേക്ക് ഓടിവരുന്നു.

ദിൽബറിന് പ്രാന്തായി തുടങ്ങി. ആൾക്കാർ അവനെ പിച്ചി തിന്നുമോന്നു വരെ തോന്നിപോയി.

ഞാൻ അത് കാര്യമായി മൈൻഡ് ചെയ്തില്ല. പെണ്ണു ഓടിവന്നു കൂട്ടത്തിലേക്ക് കയറിപ്പോയി, ശ്രീറാം വാച്ചിൽ സമയവും നോക്കി ആ ചക്രവ്യൂഹത്തിന് പുറത്ത് നിൽപ്പുണ്ട്.

ഞാൻ അവനെ കോളറിൽ പിടിച്ച് വലിച്ച് ഒരു ഓരത്ത് ചുമരിനോട് ചേർത്ത് വച്ച്, മൂക്കിനിട്ടൊന്നു കൊടുത്തു. അത് രാവിലെ ഓങ്ങിവച്ചതാണ്.

മൂക്ക് പൊട്ടി ചോരചാടിതുടങ്ങി. "നിനക്ക് എത്ര കാമുകി ഉണ്ടെന്നു ഞാൻ ചോദിക്കണില്ല, നിനക്കെത്ര തന്തയുണ്ട്.

നന്നായി ആലോചിച്ചിട്ട് ഉത്തരം പറഞ്ഞാ മതി" "നിനക്കെന്താടാ പ്രാന്താ" അവൻ മൂക്ക് തുടച്ചു ചീറി. നല്ല ഒന്നാന്തരം പോർട്ട് കൊച്ചി മലയാളത്തിൽ.

" അല്ലേ... നുമ്മക്കിന് മേണം.

ഒരു സീനും ഇല്ലാണ്ട് വല്ലോനെ ഹെൽപ്പാക്കാൻ പോണ ബഡികൾക്കൊക്കെ ഇത് തന്നെ വേണം. നീയൊക്കെ ഏതാണ്.

എനിക്ക് എന്തിന്റെ വേദനയായിരുന്ന്. അവളന്ന് പറഞ്ഞപ്പളേ ഓർക്കണ്ടതായിരുന്ന് വല്ല ഡാർക്ക് സീനും ആവുന്ന്.

"      അവൻ നല്ല റോളിലാണ് ഡയലോഗ് അടിക്കണതെങ്കിലും കണ്ണ് നിറഞ്ഞ് ഒഴുകണുണ്ടാർന്നു. പാവം തല്ലാണ്ടാർന്നു.

ഞാൻ പല്ല് കടിച്ചു പിന്നോട്ട് തലയാക്കി ഒന്നറച്ച് അവനെ  നോക്കി. അവൻ പുറം കൈ വെച്ച് മൂക്ക് തൊടച്ച്, അതിലേക്ക് നോക്കി.

"ഇയ്യോ.. ചോര, നീയ്യെ...

വേഗം പടി ആയിക്കൊ നീ, നിനക്ക്ള്ള പണി ഞാൻ തരിണ്ണ്ട്." അവൻ എന്നെ തള്ളി മാറ്റി നടന്നു.

ശ്ശെ, കുഞ്ഞിപിള്ളേരെ തല്ലിയ പോലെയായി. വേണ്ടായിരുന്നു.

ഞാൻ ദിൽബറിനേയും വലിച്ചെടുത്ത്, ആൾക്കാരെ തള്ളിമാറ്റി നടന്നു. ഞങ്ങൾ വണ്ടിയെടുത്ത് വേഗം അവിടെ നിന്നും വലിഞ്ഞു.

" വല്ലാത്ത പണിയായി നീ തന്നത്" ദിൽബറ് പറയാണ്   " ഞാൻ തന്നതാ. നിന്റെ തലയ്ക്കെന്താ വല്ല ഓളം വെട്ടണിണ്ടാ.

നിന്നോടാരാണ് വണ്ടീന്ന് എറങ്ങാൻ പറഞ്ഞത്. ഒന്നുമില്ലേലും ഇത്ര കൊല്ലായില്ലെ സിനിമേല്, നിനക്കറിഞ്ഞൂടെ നിന്നെ കണ്ട ആള് കൂടുംന്ന്.

" ഞാൻ അപ്പോഴെത്തെ ദേഷ്യത്തിന് അവനെ ചീത്ത പറഞ്ഞു. അവൻ ചെറുതായി പിണങ്ങി.

"എന്തായാലും നന്നായി. അതോണ്ടു ആൾക്കാരുടെ ശ്രദ്ധതിരിഞ്ഞ് കിട്ടി.

"   "നിനക്ക് മീൻ പിടിക്കാൻ ഞാൻ മണ്ണിര ല്ലെ, നിന്നെ കാണിച്ച് തരാടാ എന്റെ ടോണി മോന്റെ അടുത്ത് എത്തട്ടെ"   "ആ, എന്നാ അങ്ങട് വിട് അവന്റെ പുതിയ പട്ടീനെ കാട്ടിതെരാ"   "ഓഹ്, ഐ ലവ് ഡോഗ്സ്." അവൻ വണ്ടി ടോണിയുടെ ഫ്ലാറ്റിലേക്ക് എടുത്തു.

ഇവന് സാധാരണ നായകനടൻമാരുടെ ഈഗോയോ, അഹങ്കാരമോ ഒന്നും ഇല്ലാത്തൊരു പാവം ചെക്കൻ. എന്തും പറയാം അവനോട്.

************* വാതിൽ തുറന്ന് കിടപ്പുണ്ട് ടോണി അടിച്ചു ഫിറ്റാണ്. ഞാനും ദിൽബറും ചെല്ലുമ്പോൾ അവൻ ഷർട്ടിടാതെ നാല് കാലിൽ നിന്ന് പട്ടിക്ക് ഡോഗ് ഫുഡ് എടുക്കുകയാണ്.

ദിൽബറിന് അത്ഭുതം. “യേയ് ഇതതല്ലെ” “യേത്” “അർജ്ജുൻ ഷെൺഡി” “പിന്നേ.....

അർജ്ജുൻ ഷെൺഡിയല്ല, അർജ്ജുന്റെ അണ്ടി, ഇതപ്പുറത്തെ വീട്ടിലെ തലക്ക് വെളിവില്ലാത്ത തള്ള ഇവന്റെടുത്ത് ആക്കീട്ട് പോയതാ. ഇവനിത് വല്ലതും അറിഞ്ഞിട്ടാണാവോ ചെയ്യണത്.

” ടോണി ഡോഗ് ഫുഡ് മേശപുറത്ത് വച്ച് അത് ഇരുന്നു കഴിക്കാൻ തുടങ്ങി, ശ്രദ്ധിച്ച് നോക്കിയപ്പോൾ നായയുടെ മുന്നിൽ ഇലയിട്ടു ചോറ് വിളമ്പിയിട്ടുണ്ട്. അത് പതിവ് പോലെ ചമ്രംപടിഞ്ഞ് ഗുരുവായൂര് ഊട്ടുപുരയിൽ സദ്യയുണ്ണാൻ ഉണ്ണിശാന്തിയിരിക്കും പോലെ ഇരുപ്പുണ്ട്.

ഞാൻ തലക്ക് കൈവച്ചു. ദിൽബറിന് ചിരിച്ചിട്ട് ഒരു ബോധമില്ല.

പിന്നിൽ നിന്ന് ടോണി ഡോഗ് ഫൂഡ് കടിച്ച് മുറിക്കുന്ന ശബ്ദം കേൾക്കുന്നുണ്ട്. ഞാൻ ചെന്ന് അവന്റെന്നു കൊറേ പിടിവലികൾക്ക് ശേഷം ഡോഗ് ഫൂഡ് പിടിച്ച് വാങ്ങി പട്ടിയ്ക്ക് വച്ചു കൊടുത്തു.

അവന് ചോറ് വിളമ്പി കൊടുത്തു. “ ഇതാ തള്ള ഏതങ്ങാണ്ട് വിദേശത്ത് ഇറക്കിയ നായയാ, ഇതിന് ഇതൊന്നും കൊടുക്കാൻ പാടില്ല.

ഇവന് വല്ല ബോധമുണ്ടോ, ഇതു തിന്നു ഈ നായ അങ്ങാനം തട്ടിലായിരുന്നെങ്കിലാ.” ദിൽബറ് ഇതൊക്കെ കേട്ട് നായയേയും കളിപ്പിച്ചിരുപ്പുണ്ട്.

കഴിച്ച് കഴിഞ്ഞപ്പോൾ ഞാൻ ടോണിയെ കൊണ്ട് കിടത്തി, അവനു ബോധം വരാൻ ഇനിയും സമയം എടുക്കും. ‘ഹൊ, കണ്ടട്ട് തന്നെ കൊതിയാവണു, മീനാക്ഷിയൊന്നും ഇല്ലായിരുന്നെങ്കിൽ രണ്ടെണ്ണം അടിച്ച് ഇവിടെ തന്നെ കിടക്കായിരുന്നു, ടച്ചിങ്സ് ആയി ഡോഗ് ഫുഡും കഴിച്ച്” ഞങ്ങൾ അവിടന്നും ഇറങ്ങി, നേരെ വീട്ടിലേക്ക് വച്ചടിച്ചു.

********** വണ്ടി അടിയിൽ പാർക്ക് ചെയ്ത് ഞങ്ങൾ കയറുമ്പോ ദിൽബറിന് എന്തോ കോള് വന്നു അവനവിടെ നിന്നു. അതേതായാലും നന്നായി ഈ സമയം കൊണ്ട് മീനാക്ഷിയുടെ പിണക്കം മാറ്റാം ഞാൻ വേഗം പടികൾ ഓടികയറി.

വീട്ടിൽ കയറിയപ്പോൾ, ഹാളിൽ ഡൈനിംങ് ടേബിളിൽ നിരത്തിവച്ച പാത്രങ്ങൾക്കിടയിൽ തലചായ്ച്ച് മീനാക്ഷി കിടപ്പുണ്ട്. കണ്ണെല്ലാം കരഞ്ഞുകലങ്ങി വീർത്തിട്ടുണ്ട്.

ഞാൻ മെസ്സേജ് അയച്ചതാണല്ലോ ഒന്നും കുഴപ്പമില്ലാന്നു എന്നിട്ടും എന്തിനാണ് കരഞ്ഞത്. ഞാൻ അവൾക്കു ചുറ്റും നോക്കി, ഇതു മുഴുവൻ ഇവള് വച്ചുണ്ടാക്കിയതാണോ, ഞാൻ ക്യാരറ്റ് ഉപ്പേരി എഴുത്ത് രുചിച്ച് നോക്കി നല്ല രുചി.

ഉരുളകിഴങ്ങ് സ്റ്റുവും, അവിയലും, സാമ്പാറും, പാവക്ക പച്ചക്കരിഞ്ഞ് മുളകിട്ട് വറുത്തതും, വറ്റൽ മുളകിട്ടരച്ച ചമ്മന്തിയും എല്ലാം ഒന്നിനൊന്ന് മെച്ചം. അടുത്ത് തന്നെ നല്ല ആവി പറക്കുന്ന ചെമ്പാവരി ചോറുമുണ്ട്.

ഇവളു കൊളാവല്ലോ, എന്റെ കൂടെ കൂടി വളരെ മെച്ചപ്പെട്ടു. ദിൽബറിന് നല്ല വായറ് ഭാഗ്യമുണ്ട്.

ഇല്ലെങ്കിൽ വല്ല കട്ടൻചായയും ഇട്ട് കുടിച്ച് സന്തോഷമായി പോണ പയ്യനാ. ഇന്ന് സദ്യയാണ്.

തലകറങ്ങി വീഴാവോ, ഇതൊക്കെ കണ്ടിട്ടു. ഞാൻ അവൾക്കരികിൽ കസേരയിൽ ഇരുന്ന് മേശയിൽ കൈകുത്തി അതിൽ തലതാങ്ങിയിരുന്ന് അവളെ നോക്കി.

നല്ലോണം ബുദ്ധിമുട്ടിയിട്ടുണ്ട് പാവം. ഞാൻ അവളുടെ മുഖത്തേക്ക് വീണ് കിടക്കുന്ന കുറുന്നിര മാടിയൊതുക്കി ആ കാതിന് പിന്നിലായി വച്ചു.

അവൾ ഉണർന്ന് എന്റെ മുഖത്തേക്ക് നോക്കി ചുണ്ട് പിളർത്തി പരിഭവം കാണിച്ചു. ഞാൻ അവളുടെ ശിരസ്സിൽ തലോടികൊണ്ട് മൂർദ്ധാവിൽ ചുംബിച്ചു.

അവളുടെ സങ്കടം പൊട്ടിയൊഴുകി, എന്റെ ഷർട്ട് വലിച്ചടുപ്പിച്ച് തോളിൽ തലചായ്ച്ച് കരഞ്ഞ് കൊണ്ടിരുന്നു. അവളൊന്നടങ്ങിയപ്പോൾ ഞാൻ പറഞ്ഞു.

"രാവിലെ പെട്ടന്ന് അവൻ കേറി വന്ന് അങ്ങനെയെല്ലാം ചെയ്തപ്പോൾ എനിക്ക് പെട്ടന്ന് ദേഷ്യം വന്നു അതാണ്, എനിക്കറിഞ്ഞൂടെ നിന്നെ." അവൾ തലയുയർത്തി ഈറൻ ഉണങ്ങാത്ത ആ കരിങ്കൂവള പൂക്കൾ എന്നെ നോക്കി വിടർത്തി.

ഞാൻ ചിരിച്ച് കൊണ്ട് അവയൊപ്പി. "ഞാൻ പണ്ട് പറഞ്ഞിരുന്നതാ,..

അവനോട്, ഉണ്ണിയേട്ടനെ അറിയാത്ത കാലത്ത് പറഞ്ഞതാ, എന്നെ താലികെട്ടിയ അന്ന്. അപ്പൊ അവൻ ഇവിടെ ഉണ്ടായിരുന്നില്ല.

വരുമ്പൊ വന്ന് പറയാന്ന് പറഞ്ഞു. ഞാനത് പിന്നെ വിട്ട്പോയി.

അവനതിപ്പോഴാണ് വന്ന് പറഞ്ഞത്. പ്രേമോം ഇല്ല്യാ ഒരു മണ്ണാംങ്കട്ടിയുമില്ല.

എന്നോട് ക്ഷമിക്കില്ലെ. ഇങ്ങനെ വിഷമിപ്പിച്ചതിന്.

”   “എനിക്കറിയാരുന്നു” ഞാൻ അതുമാത്രം പറഞ്ഞ് അവളെ ചേർത്ത് പിടിച്ചു.   “ പക്ഷെ എനിക്ക് കുറച്ച് കാര്യങ്ങൾ ഉണ്ണിയേട്ടനോട് പറയാൻ ഉണ്ട്.

വൈകീട്ട് നമുക്ക് എങ്ങോടെങ്കിലും പുറത്ത് പോകാം.”   “എനിക്കും കുറച്ച് കാര്യങ്ങൾ ചോദിക്കാൻ ഉണ്ട് വൈകിട്ടാവട്ടെ, നീ മദ്രാസിൽ വന്നിട്ട് ഇത്ര നാളായിട്ടും, നാടോടിക്കാറ്റിൽ ദാസസും വിജയനും കപ്പലിറങ്ങിയ ബെസ്സൻനഗർ ബീച്ച് കണ്ടിട്ടില്ലാലോ.

ഇന്ന് അങ്ങോട്ട് പോകാം.”   അവളെരു സന്തോഷമില്ലാതെ മൂളി, പാത്രം എടുത്ത്, കറികൾ നിരത്തി തുടങ്ങി.

“ഇതെല്ലാം നല്ല രസമുണ്ടല്ലോ, നീയെന്നെക്കാൾ അടിപൊളി കുക്കായി. നളപാചകം തന്നെ.

”   അവളുടെ മുഖത്തേക്ക് സന്തോഷം ഇരച്ച് കയറി. മിഴികൾ വിടർത്തി എന്നെ നോക്കി.

പെട്ടന്ന് തന്നെ അതിൽ ദുഃഖത്തിന്റെ കാർമേഘം വന്ന് നിറഞ്ഞു. അവൾക്ക് പറയാനുള്ളത് എന്തായാലും അത് ഒരുപാട് വേദനയുള്ള കാര്യമാണെന്ന് മാത്രം എനിക്ക് മനസ്സിലായി.

“ഞാൻ അവനെ കണ്ടിരുന്നു  ഇങ്ങോട്ട് വരുംവഴി.”   “യ്യോ ...

ന്നിട്ട് അവൻ എന്തേലും ചെയ്തോ.”   “യേയ്..

പാവം. പക്ഷെ എന്റെ കൈ അവന്റെ മൂക്കി കൊണ്ട്.

ചെറുതായിട്ട് ചോര വന്നോന്ന് സംശയമുണ്ട്.”   “അത് ശരി, ആ പാവത്തിനെ തല്ലി പതം വരുത്തിയിട്ടാണ് സാറിങ്ങോട്ട് വന്നിരിക്കുന്നത്.

”   “അവൻ തിരിച്ച് തല്ലും ന്ന് പറഞ്ഞിട്ടുണ്ട്”   “ഏയ് അതൊരു പാവാ കൊറെ വാചകം അടിക്കും ന്നെ ഉള്ളൂ. അതല്ലെ ഞാൻ അവന്റെ പരെന്നെ പറഞ്ഞത്.

മഹരാജാസിൽ വച്ച് കുറേ പിറകെ നടന്നതാ, കാമുകനായിട്ടാണ് അഭിനയിക്കണ്ടതെന്നു പറഞ്ഞപ്പോൾ, ഭയങ്കര സന്തോഷമായി, അത് പോലെ ജീവിക്കും എന്നും പറഞ്ഞ് വന്നതാണ്. പാവം ഇത്ര പ്രതീക്ഷിച്ച് കാണില്ല.

”   “എയ്, അത്ര പാവം ഒന്നും അല്ല, അവന്റെ ഒപ്പം കാമുകി ആണെന്ന് തോന്നുന്നു, ഒരു പെൺകുട്ടി ഉണ്ടായിരുന്നു. ഭാഗ്യത്തിനു ദിൽബറിനെ കണ്ടപ്പോൾ അവളവന്റെ കാര്യം മറന്നു” അത് ഞാൻ അവളവനെ പുകഴ്ത്തണ കണ്ട് ഇത്തിരി കുശുംമ്പ് തോന്നി തന്നെ പറഞ്ഞതാണ്.

അവളത് കേട്ട് എന്നെ നോക്കി ഒന്ന് ചിരിച്ചു. " എന്താണ് മാഷെ, ഒരു ചെറിയ അസൂയ വരണ പോലെ ഇണ്ടല്ലോ.

" "യേയ്, എന്തസൂയ, ഞാ വെറുതെ കണ്ടപ്പോ പറഞ്ഞൂന്നെയുള്ളൂ" ഞാൻ ചെറുതായി ഒന്ന് ചമ്മി. "അത് പ്രാർത്ഥനയാവും, അവന്റെ ഭാര്യ.

ഇനി കാണുമ്പൊ വീണ്ടും കുശുംമ്പ് കേറി അവനെ പോയി തല്ലണ്ട." "എനിക്കെന്ത് കുശുംമ്പ്, അവനതിന് ആരാ, പിന്നെ ഞാൻ ഒരു പാവല്ലെ.

" "അതേ, അതെ പാവം ആയിരുന്നു. ഇപ്പൊ ചെറിയ, ഒരു പൈങ്കിളി കഥയിലെ പ്രണയനായകന്റെ അസുഖം തുടങ്ങിയോന്നൊരു സംശയം.

കലിപ്പനാവൻ നോക്കുന്നുണ്ടോ സാറ്" ഞാൻ ഒരു മണ്ടന്റെ പേലെ തലചൊറിഞ്ഞു, അവൾക്കെല്ലാം ഇപ്പോൾ പറയാതെ തന്നെ പിടികിട്ടുന്നു. "എന്തായാലും പോയി.

ഇങ്ങനെത്തെ അലമ്പ് പരിപാടിക്ക് പോകുമ്പോൾ മലയാളത്തിലെ മുൻനിര നടൻമാരെയും കൊണ്ട് തന്നെ പോകണം ന്ന് വല്ല നിർബന്ധം ഇണ്ടോ, നിങ്ങക്ക് സാധാരണക്കാരായ കൂട്ടുക്കാരൊന്നും ഇല്ലേ. ഈ വിക്കിപീഡിയയിൽ ഐഡിയുള്ള സുഹൃത്തുള്ളു മാത്രമേയുള്ളോ.

ആൾക്കാരെ കൊണ്ട് പറയീക്കാൻ" ഞാൻ ആലോചിച്ചു ശരിയാണ് ഇവിടെ ഉള്ള കൂട്ടുകാർക്കെല്ലാം വിക്കിപീഡിയയിൽ ഐഡിയുണ്ട്. എല്ലാവരും നാലാള് കണ്ടാൽ തിരിച്ചറിയണോര് തന്നെയാണ്.

" എന്ത് ചെയ്യാനാ തൊഴിലിതായി പോയില്ലെ മീനാക്ഷി,നീ ക്ഷമിക്ക്." "ആ തൊഴില് ഇതായി പോയില്ലെ മീനാച്ചി, അത് പറഞ്ഞാ മതീലൊ, നിങ്ങള് എന്നെ ആരും അറിയാണ്ടെ അകലെ നിന്ന് കണ്ട്, ലൈൻ അടിക്കണ ഒരു വൺ സൈഡ് ലവർ അവാഞ്ഞത് നന്നായി.

അങ്ങനത്തെ ചിലോര കാണാ എടക്ക് അവിടവിടെ കോളേജ് വരാന്തയിലും, ബസ്സ്റ്റോപ്പിലുമൊക്കെ. ഒരു ശല്യം ഉണ്ടാക്കില്ല.

" "അതെന്താ?" എനിക്ക് മനസ്സിലായില്ല.

" ആ അങ്ങനെ അണ്ച്ചാ നിങ്ങൾ മമ്മുട്ടിയേയും വിളിച്ച് കൊണ്ട് വന്നേനെ, എന്നെ ആരും അറിയാതെ ഫോളോ ചെയ്യാൻ. ഇങ്ങനെ ഒരു മണ്ടനെ ആണെല്ലോ ഈശ്വരാ ഞാൻ കെട്ടിയത്.

" അവള് തലക്ക് കൈ കെടുത്തു മണ്ടനെന്ന് വിളിച്ചാലും എന്തൊ ഏതൊരു ഭർത്താവിനെയും പേലെ എന്റെ മനസ്സിലും സ്വന്തമായി ഇങ്ങനെയൊക്കെ ശകാരിക്കാൻ ആരെങ്കിലും ഉള്ളതിന്റെ സന്തോഷം ആ വക്കുകൾ നൽകി. "ഭഹൻ ആ പറഞ്ഞത്

വാസ്തവം, ഇവനാട്ടും വലിയ മണ്ടനെ ഇനി ഈ നൂറ്റാണ്ടി കിട്ടണെങ്കി ഇവനെ ക്ലോൺ ചെയ്യണം.

അല്ല എന്താ കാര്യം" ദിൽബറാണ് പെട്ടെന്ന് സ്ക്രീനിൽ മാത്രം കണ്ടിട്ടുള്ള ഒരു നായകനടനെ ഇത്രയടുത്ത് കണ്ടപ്പോൾ മീനാക്ഷി ഒന്ന് പതറി. ഞെട്ടിപോയി.

"ആ നിന്റെ നല്ല അഭിനയാന്ന് പറഞ്ഞതാ ഞാൻ, അപ്പൊ ഇവള് പറയാ അതൊക്കെ തലക്ക് വെളിവില്ലാത്ത മണ്ടൻമാരാ പറയുള്ളോന്ന്. ശരിയാണോടെ?

" മീനാക്ഷി ആകെ അയ്യത്തടാന്ന് ആയി, എന്ത് കഷ്ടമാണ് എന്ന രീതിയിൽ എന്നെ നോക്കി ചുണ്ട്കൂർപ്പിച്ചു. "ഡാ ഡാ ഡാ, എനിക്കറിയ ഭഹനെന്റെ ഫാനാന്ന്, നീയെന്നെ അപമാനം കൊണ്ട് മൂടാൻ ഉള്ള ഒരു ചാൻസും വിടില്ലാന്നും അറിയാ.

അടുത്ത പടങ്ങള് കണ്ടാ നീ വെടിചില്ല് സാധനങ്ങളായിരിക്കും." "അവളൊരു തമാശ പറഞ്ഞതാണ് റൈസ്സ് അവല്ലെ നീ, നെലത്ത് കിടന്നു ഉരുളാൻ നിക്കണ്ട.

ആ കണ്ണൊകെ തൊടച്ചിട്ട് വന്ന് ചോറുണ്ണ്." "ആ...

അവൻ ഇല്ലാതിരുന്ന ഇത്രകാലം എത്ര ഞങ്ങൾ അവനെ മിസ്സ് ചെയ്തുന്നു അറിയോ. ഈ കൈപുണ്യം മിസ്സ് ചെയ്തുന്ന് അറിയോ.

എല്ലാരുടെ ഭാഗത്തും തെറ്റുണ്ട്. അവൻ നല്ലനിലയിൽ ആയി കാണണം, ഒരു വാശി വരണംന്ന് ഒക്കെ വച്ച് ചെയ്തതാണ്.

പക്ഷെ എല്ലാം എപ്പോഴൊക്കെയോ പരിധി വിട്ട്പോയി. ഒരുപാട് വെറുപ്പിച്ചു.

അമ്മയൊഴികെ ആരും അവനെ സ്നേഹത്തോടെ നോക്കീട്ട് പോലുമില്ല ഒരുപാട് നാളായിട്ട്. എങ്കിലും ആരോടും ഇതുവരെ അവൻ ദേഷ്യം കാണിച്ചിട്ടില്ല.

ഒതുങ്ങി മാറേ ചെയ്തിട്ടുള്ളോ. സ്നേഹിച്ചിട്ടേ ഉള്ളു.

" അവള് കണ്ണൊന്ന് തുടച്ചു. കണ്ണീര് നാണക്കേടുള്ള ഒരു കാര്യമല്ല.

അത് സ്നേഹമാണ്. മീനാക്ഷിക്ക് വേണ്ടായിരുന്നു എന്ന് തോന്നി.

ഇത്രയും ദുഃഖം സഹിച്ച് ജീവിച്ച ഒരാൾ, അപമാനങ്ങൾ നേരിട്ട ഒരാൾ. അയാളെ ഇനിയും താനെങ്ങനെ പുതിയൊരപമാനത്തിലേക്ക് തള്ളിവിടും.

ഇടക്ക് അവന്റെ പ്രണയത്തിൽ ലയിച് പോകുമെങ്കിലും, പോകാനുള്ള തന്റെ തീരുമാനം തന്നെയാണ് ശരിയെന്ന് നിമിത്തങ്ങൾ അവളെ പിന്നെയും പിന്നെയും കാണിച്ചു കൊടുത്തു. അവൾ വിഷയം മാറ്റി.

"ചേച്ചിക്ക് എന്താണ് ഇഷ്ടം ഉണ്ണിയേട്ടൻ ഉണ്ടാക്കുന്നതിൽ, എനിക്ക് നല്ലോണം ശർക്കരയിട്ട കൊഴുക്കട്ട." പെട്ടന്ന് കൊഴുക്കട്ടയുടെ രുചിക്കൊപ്പം മനസ്സിൽ തെളിഞ്ഞു വന്ന ചുംബനത്തിന്റെ രുചി അവളെ തെല്ലൊന്ന് നാണിപ്പിച്ചു.

ചേച്ചി പക്ഷെ ഇതു ശ്രദ്ധിക്കാതെ, നാക്കിന്റെ മസ്തിഷ്കത്തിൽ ഓർമ്മയുടെ നുറുങ്ങുകൾ തപ്പുകയായിരുന്നു. "എനിക്ക് ഉപ്പ്മാവ്, ക്യാരറ്റും അണ്ടിപരിപ്പും നെയ്യും ചേർത്ത അവന്റെ സ്പെഷ്യൽ ഉപ്പ്മാവ്.

" അവളുടെ വായിൽ വന്ന അൽപ്പം കൊതിവെള്ളം ഇറക്കി, കൊതിച്ചിപ്പാറുവായ ആ സിവിൽ സർവ്വന്റ് മറ്റുള്ളവരുടെ പ്രിയപ്പെട്ട രുചികളും ഓർത്തു. " പിന്നെ അവന്റെ വക അമ്മക്ക് ഏലക്കിയിട്ട സ്പെഷ്യൽചായ നല്ല കടുപ്പത്തിൽ, ചേട്ടന് നല്ല കുറുകിയ ക്രീംകളറുള്ള സേമിയപായസം അതിൽ മുന്തിരി നെയ്യിൽ വറുത്തിടും, അഭിക്ക് ഉള്ളിയും കടലമാവും ചേർത്ത എരിവുള്ള മുരുമുരാന്നുള്ള പക്കവട, അച്ഛന് കുഞ്ഞുമീനിൽ നാളികേരപീര വറ്റിച്ച് പച്ചവെളിച്ചെണ്ണയും ഒഴിച്ച് ഉണ്ടാക്കുന്ന മീൻഅവിയൽ, ശാന്തേച്ചിക്ക് നല്ല നെയ്യുള്ള താടാവ് തോല് പൊളിക്കാതെ കായയിട്ടു വച്ചത്.

അവന്റെ കൂട്ടുകാര് വന്ന അവരു നിർബന്ധിച്ച് അരിവറുത്ത്, ചുവന്ന ശർക്കരയും അണ്ടിപ്പരിപ്പും ചേർത്ത് ഉണ്ടയിടിപ്പിച്ച് തിന്നും. പിന്നെ ഇതൊക്കെ ഒരോരുത്തരുടെ സ്പെഷ്യൽ ആണെങ്കിലും.....

" "ഇതെല്ലാം ചേച്ചി ആദ്യം തന്നെ കഴിക്കും നല്ലെ?" മീനാക്ഷി പൂരിപ്പിച്ചു.

" എങ്ങനെ മനസ്സിലായി, ആവി പറഞ്ഞുണ്ടോ?!!" "ഇല്ല ഞാൻ ഊഹിച്ചു.

" മീനാക്ഷി ചിരിതുടങ്ങി , ചേച്ചിയും. " ഉണ്ണിയേട്ടന് എന്താ ഇഷ്ടം?

അത് മാത്രം എനിക്കറിയില്ല." മീനാക്ഷിയുടെ ആ ചോദ്യത്തിന് മാത്രം ചേച്ചി ഒരുപാട് നേരം ആലോചിച്ചു.

“ അത് എനിക്കും അറിയില്ല മീനാക്ഷി. അവൻ എല്ലാം കഴിക്കും.

ഒരു പരാതിയും പറയാറില്ല, ആരും അങ്ങനെ അവനോട് അഭിപ്രായോം ചോദിക്കാറില്ല.” ചേച്ചി കൈ മലർത്തി.

അവർ രണ്ടുപേരും ചിന്തയിലാണ്ടു....******

“അരവിന്ദന് ജീവിതത്തിൽ എന്തിനോടെങ്കിലും കൊതി തോന്നിയിട്ടുണ്ടെങ്കിൽ അത് മീനാക്ഷിയോട് മാത്രമാണ്.” അവൻ വെറുതെ ചുവന്നുതുടുത്ത അസ്തമന സൂര്യനെ നോക്കിപറഞ്ഞു.

ആ വാക്കുകൾ സന്ധ്യാമാരുതനിൽ ലയിച്ച് ഇല്ലാതെയായി. മഴയിങ്ങനെ പെയ്യാൻ ഉരുണ്ട് കൂടി നടപ്പാണ്.

അത് കൊണ്ട് തന്നെ വീടെത്തുമ്പോഴേക്കും സാധാരണയിലും കൂടുതൽ ഇരുട്ട് വന്ന് മൂടി. വഴിതന്നെ ശരിക്ക് കാണാതെയായി.

പടിപ്പുരയിലെത്തിയപ്പോൾ ഒരു കുഞ്ഞുവിളിക്കും പിടിച്ച് മീനാക്ഷി തെക്കേതൊടിയിലെ സർപ്പകാവിൽ വിളക്ക് വെക്കാൻ പോകുന്നത് ഒരു മങ്ങിയ കാഴ്ചയായി കണ്ടു. സർപ്പകാവിലെങ്കിൽ അവിടെ, ഇവളെ തനിച്ചൊന്ന് കിട്ടാൻ എത്രനേരമായി ഞാൻ കൊതിക്കുന്നു.

അവക്ക് ആണെങ്കി ഇവിടെ വന്നേപിന്നെ എന്നെ യാതൊരുവിധ ഭാവവും ഇല്ല. ഇന്നത് തീർത്ത് കൊടുക്കണം.

ഞാൻ തിരക്കിട്ട് മുണ്ടും മടക്കികുത്തി, ആങ്ങേറ്റത്തെ മതിലിനെ ലക്ഷ്യമാക്കി നടന്നു. പണ്ട് എന്റെ സ്ഥിരം നടവഴിയിതായിരുന്നു.

മതിൽ ചാടി, പതിയെ ശബ്ദമുണ്ടാക്കാതെ നടന്ന് അവൾക്കരിയിലെത്തി. കരിയിലകൾ മൂടിയ പന്നഗത്തട്ടുകളിൽ ഒരു കൽവിളക്ക് മാത്രം അവളെ നോക്കി കൺചിമ്മി.

ശ്വാസഗതി കേട്ട് ഞെട്ടിതിരിഞ്ഞ അവളെ അരയിൽ കൈചുറ്റി ഞാൻ ചേർത്ത്പിടിച്ചു. പതിഞ്ഞ് കത്തുന്ന എണ്ണത്തിരികളുടെ മങ്ങിയവെട്ടത്തിൽ ആ മുഖതാവിൽ നാണത്തിന്റെ നിഴൽരാജികൾ പിറന്നുവീണു.

കാവിൽ കുളിക്കഴിഞ്ഞീറൻ മാറാത്ത ആഞ്ഞിലി, പരാദങ്ങൾ പടർന്നിറങ്ങിയ കറുത്ത മുടിയഴിച്ചിട്ടുണക്കി. വരണ്ട് പുറ്റയടർന്ന പാഴ്ച്ചില്ലകളിൽ രാപക്ഷികൾ ചേക്കേറി.

കാവിലാകവെ ശൃംഗാരത്തിന്റെ പാലപൂത്തു, അതിന്റെ ദൈവീക സൗരഭ്യം സിരകളിൽ, നിണത്തിൽ അഗ്നിയെന്നോണം പടർന്നു. അധരങ്ങളിലെ ഇത്രനേരം കാണാഞ്ഞതിലുള്ള പരിഭവം ഞാൻ മുത്തിയെടുത്തു.

കാട്ട്തേനിന്റെ രുചി. ചുമന്ന്തുടുത്ത ആ അധരങ്ങളും, അർദ്ധനിമീലിതങ്ങളായ നയനങ്ങളും, മുഖത്തെ രക്തപ്രസാദവും പറയാതെ തന്നെ ഒരുപാട് കാര്യങ്ങൾ പറഞ്ഞു.

“ഉണ്ണിയേട്ടൻ കള്ള്കുടിച്ചോ” അവൾ വെറുതേ ചോദിച്ചു. “ഇല്ല ആ രുചി കിട്ടിയില്ല.

” അവൾ തന്നെ ഉത്തരവും പറഞ്ഞു. ഞാൻ നോക്കിയപ്പോൾ നാണത്തിൽ, തിരിയൊന്ന് നീക്കി, വിരലിൽ തങ്ങിയ എണ്ണ കാർക്കൂന്തലിൽ തുടച്ച്, കുറുനിരമാടിയൊതുക്കി അവൾ തിരികെ നടന്നു.

കൈപിടിക്കാൻ ആഞ്ഞവിരലുകൾ ധാവണിയൊടിവിലെ വയറിൽ ഉരസി മുന്താണിയെ തഴുകി വഴുതിമാറി. പെട്ടന്നൊന്ന് നിന്ന്, തിരിഞ്ഞ് നോക്കാതെയവൾ ചോദിച്ചു.

“ഞാൻ കണ്ടു പേഴ്സ് ..., അത്രക്ക് ഇഷ്ടമാണോ...” “ ഒരുപാടൊരുപാട്....

” അത് പറഞ്ഞ് തീരുന്നതിനു മുൻപേ, കുപ്പിവള കിലുങ്ങും പോലെ ചിരിയേകി കൊണ്ടവളെങ്ങോ ഓടിമറഞ്ഞു. അതിനുത്തരം എന്നേക്കാൾ നന്നായി അവൾക്കറിയാമായിരുന്നിരിക്കാം...********

ഏട്ടൻ എത്തിയിട്ടുണ്ട് ഇത്രനാളും കാണാത്തതിലുള്ള അകൽച്ചയൊന്നും തോന്നിയില്ല. അൽപ്പനേരം സംസാരിച്ചിരുന്ന്, നല്ലമുളക് മൂപ്പിച്ച മോരും, നാളികേരമിട്ട് കുത്തികാച്ചിയ ചീരത്തോരനും, വറുത്തപപ്പടവും കൂട്ടി കഞ്ഞികുടിച്ച് പിരിഞ്ഞു.

എന്റെ മുറിയിൽ ഒരുപാട് നാളുകൾക്കു ശേഷം കിടക്കുമ്പോൾ, ഭൂതകാലത്ത് എത്തിയത് പോലെ. അതേ ഫാനും, തുണികളിലെ പഴക്കത്തിന്റെ മണവും, ഇരുട്ടും, തെങ്ങോലകൾക്കിടയിലൂടെ പതിയെ അരിച്ച് കടന്ന് വരുന്ന ലാവെട്ടവും, ഒന്നും മാറിയിട്ടില്ലെന്നു തോന്നിപോയി.

പുറത്തെവിടെയോ അമ്മയുണ്ട്, നാടകം കഴിഞ്ഞ് വൈകിവന്നതിന് രാവിലെ വഴക്ക് പറയാൻ ഇപ്പോഴേ മുറുമുറുത്തു തുടങ്ങുന്ന അച്ഛനുണ്ട്, എന്നൊരു തോന്നൽ. ആ കാലഘട്ടത്തിന് ഒരു പ്രത്യേക കുളിരുണ്ട്.

അപ്പോഴാണ് ആ കാലഘട്ടത്തിനു ഒട്ടും ചേരാത്ത ഒരാൾ മുറിയിലേക്കു വന്നത്. സെറ്റ്സാരിയുടുത്ത്, കയ്യിലൊരു ഗ്ലാസ് പാലുണ്ട്.

ആ കാലഘട്ടത്തിൽ ഈ സമയത്ത്, ഈ കുളിരിൽ കിടക്കാൻനേരം ഇങ്ങനെ ഒരു സുന്ദരി സെറ്റുടുത്ത് മാദകതിടമ്പായായി മുറിയിൽ കയറി വന്നിരുന്നെങ്കിൽ എന്ന് ആഗ്രഹിക്കാത്ത ആണുങ്ങളാരാണുള്ളത്. ഞാൻ ചരിഞ്ഞ് ഇടത്കയ്യിൽ തലചാരി അവളെ നോക്കികിടന്നു.

ഒറ്റവലിക്ക് ആ പാല് മുഴുവൻ അവള് കുടിച്ചു. ചേച്ചി അവൾക്കു കുടിക്കാൻ കൊടുത്തയച്ചതാത്രെ.

അത് എന്റെ മുന്നിൽ വച്ച്തന്നെ മുഴുവനായും കുടിക്കാനും പറഞ്ഞത്രെ ..! " ഛെ, ഇതന്ന് ദിവാസ്വപ്നത്തിൽ ഇല്ലായിരുന്നു, ഒട്ടും റൊമാന്റിക്ക് അല്ല.

" "എന്ത് ദിവാസ്വപ്നം" അവൾക്ക് കേൾക്കാൻ ആകാംഷ കയറി കട്ടിലിൽ ചാടികയറിയിരുന്നു. നല്ല പ്രായമുള്ള കട്ടിൽ പെട്ടന്നുണ്ടായ വേദനയിൽ ഒന്നു ഞരങ്ങികരഞ്ഞു.

"നീ ഈ മച്ചുംപൊളിച്ച് എന്നെയും കൊണ്ട് താഴെപോകോ പെണ്ണേ" അവൾ വെറുതെ ഇളിച്ച് എന്റെ നെഞ്ചിൽകുത്തി. ഞാൻ എന്റെ കൗമാരസ്മരണകളുടെയും, അന്നത്തെ കൊച്ചുകൊച്ചു മോഹങ്ങളുടെയും കെട്ടഴിച്ചു.

അവൾക്ക് ചിരിനിർത്താൻ പറ്റണില്ല. "അപ്പൊ ഇങ്ങനത്തെ മോഹങ്ങളാലെ ഉള്ളിലുള്ളത്, ഈനേരത്ത് ഇങ്ങനെ ഒരു മാദകതിടമ്പ് വന്നാമാത്രം മതിയൊ.?!

" "ഇല്ല, ഇങ്ങനെ അടുത്തിരിക്കണം ഈ കട്ടിലിന്റെ ഓരത്ത്, എന്റെ ചാരത്ത്." "അപ്പൊ, അത്രേം മതിയോ ?

അതോണ്ട് ദിവാസ്വപ്സം തീരോ?" കള്ളത്തരമാണ് അവളുടെ മുഖത്താകെ.

" പോരാ, ഇങ്ങനെയിങ്ങനെയിങ്ങനെ..." ഞാൻ സെറ്റ് സാരിക്കുള്ളിൽ കൈകടത്തി പൊക്കിൾചുഴിയിൽ വിരൽകൊണ്ട് കളം വരച്ചു.

"യ്യോ..." അവളു പുളഞ്ഞ് അതിന്നു മുകളിൽ കൈവച്ച് എന്നെ നോക്കി കുറുമ്പോടെ ചോദിച്ചു.

"ആട്ടെ, ആരെയാ ന്റെ മോൻ, ഇങ്ങനെയൊക്കെ സ്വപ്നം കണ്ടത്. വല്ല സിനിമാനടിമാരെയും ആണോ ?

" ഈ ചോദ്യത്തിന് നിങ്ങൾ ഭാര്യയോട് എന്ത് മറുപടി പറഞ്ഞാലും ഇടിയുറപ്പണ്. പക്ഷെ എന്റെ സത്യത്തിന് ഇടികിട്ടില്ലെന്ന് എനിക്കുറപ്പായിരുന്നു.

ഞാൻ വാനിൽ നിറനിലാവമ്പിളിയെ നോക്കിപറഞ്ഞു "നിന്നെ." "എന്നെയോ?!!, അവൾക്ക് കൗതുകമായി.

" ഞാൻ അവളെ നോക്കിചിരിച്ചു. അവളുടെ മുഖത്ത് ആകാംഷ ശമിച്ചിരുന്നില്ല.

" അതിന് ... അതിന് ന്നെ അന്ന് കണ്ടിട്ടുണ്ടോ.!!

” ആ കണ്ണെല്ലാം വിടർന്നുവന്നു.   “ഇല്ല, പക്ഷെ കൊറേ..

കൊറെ.. കേട്ടിട്ടുണ്ട്, അതുവച്ച് മനസ്സിൽ ഞാനൊരു രൂപം അങ്ങട് ഉണ്ടാക്കി.

” അവൾക്കാകെ അത്ഭുതം.  “ഒരിക്കെ ചേടത്തി അവളുടെ ഒരു കസ്സിന് വേണ്ടി നിന്നെ കല്ല്യാണമാലോചിച്ചാലോന്നു പറഞ്ഞേ വീട്ടിലെല്ലാരോടും, അത്ര സുന്ദരിയാണ്, നല്ല കുട്ടിയാണ് എന്നൊക്കെപറഞ്ഞപ്പൊ, ഞാൻ ഇണ്ടല്ലോ...

അപ്പെല്ലാം മച്ചിലിരുന്നു കേട്ടിരുന്നേ. അന്നു ഞാനിങ്ങനെ ഇവിടെ വെളിയിൽ ഓട്ടിൻ പുറത്തിരുന്നു ഇതുപോലെ അമ്പിളിയേം നക്ഷത്രങ്ങളൊക്കെ കാണായിരുന്നു, അന്ന് ആകാശം നിറയെ നക്ഷത്രങ്ങളായിരുന്നേ.

അതൊക്ക ഇടക്കിങ്ങനെ പെയ്തിറങ്ങാറുണ്ടേ...! അവരൊക്കെ താഴെ ആയോണ്ട് എന്നെ കണ്ടിരുന്നില്ല.

അപ്പൊളിണ്ട് അമ്മ പറയണു ‘അവള് ഉണ്ണിക്ക് പറ്റിയ കുട്ടിയാന്ന്’. എനിക്കങ്ങട് നാണം വന്നില്ലെ.

അപ്പൊ പക്ഷെ എല്ലാരും കൂടി അമ്മേനെ കളിയാക്കി; ‘ഒരു വേലേം കൂലീം ഇല്ലാതെ, നാട്ടിൽ തേരാപാരാ തെണ്ടി നടക്കണോനെയൊക്കെ എങ്ങനെയാ പുറത്തൊക്കെ പഠിച്ചു വളർന്ന, കോളേജിലൊക്കെ പഠിപ്പിക്കണ ഇത്രനല്ല കുട്ടിക്ക് ഇഷ്ടാവാ ന്ന് പറഞ്ഞിട്ട്.’ എനിക്കാകെ സങ്കടംവന്നേ.

എന്നെ അങ്ങനെ പറഞ്ഞോണ്ടല്ല, അമ്മക്ക് ഞാൻ കാരണം കളിയാക്കല് കേക്കണ്ടി വന്നല്ലോന്ന് വച്ച്ട്ട്. എനിക്കിതൊക്കെ ശീലായിരുന്നു.പക്ഷെ അമ്മക്ക് അങ്ങനെയല്ലല്ലോ.

ഒരുതരത്തിൽ പറഞ്ഞാൽ ഞാനാണ് എല്ലാത്തിനും കാരണം. ഒരുപാട് തീ തിന്നിട്ടാ അമ്മ പോയത്.

” എന്റെ കണ്ണ് ചെറുതായിട്ട് നനഞ്ഞു. മീനാക്ഷിയുടെ കണ്ണിൽ നോക്കുമ്പോ, അവിടെയാകെ കണ്ണീര് വന്ന്നിറഞ്ഞ്, സ്പടികപാത്രത്തിൽ നിറഞ്ഞ ഒരുതടാകമായി മാറിയിട്ടുണ്ട്, അതിൽ നിലാവ് വെള്ളാരംക്കല്ലെറിഞ്ഞ് കളിക്കുന്നുണ്ട്.

ഞാൻ വേഗം സന്ദർഭം തമാശയാക്കാൻ പാട്പെട്ടു.  “ അങ്ങനെയങ്ങനെയങ്ങനെ...

അന്ന് രാത്രി ഞാനിങ്ങനെ വന്ന് ചുരുണ്ടുംകൂടി കിടന്നപ്പോ, നിലാവിങ്ങനെ പതിയെപതിയെ മുറിയിലാകെ നിറഞ്ഞ്നിറഞ്ഞ് വന്നു. ഞാനറിയാതെ തന്നെ നിന്നെ വെറുതേ ഓർത്തു.

ഓർക്കാൻ പ്രത്യേകിച്ച് ചെലവൊന്നുമില്ലല്ലോ, ചുമ്മാ അങ്ങേട് ഓർത്തൂന്നേ. ആരാ ചോയ്ക്കണേന്ന് കണണല്ലോ.!!

അല്ലപിന്നെ അരവിന്ദന്റെ അടുത്താകളി...” മീനാക്ഷിക്ക് ചിരിപൊട്ടി “അപ്പൊ ഉണ്ടടാ, ഇത്പോലെ സെറ്റ്സാരിയൊക്കെ ഉടുത്ത് മന്ദം മന്ദം, ന്റെ മീനാക്ഷികുട്ടി വരണു സമാധാനിപ്പിക്കാൻ.

പിന്നെ നമ്മളിങ്ങനെ മിണ്ടീം പറഞ്ഞൊക്കെ ഇരുന്ന് അങ്ങനെയങ്ങനെ, അങ്ങട് ഉറങ്ങിപോയി.” ഞാൻ അവളെ ചേർത്ത് കെട്ടിപുണർന്നു.

വല്ലാത്തൊരു ലോകംകീഴടക്കിയ സുഖം. “ അന്നു കണ്ട അതേ ഛായ തന്നെയാണൊ ന്റെ മുഖത്തിന്” അവൾ കണ്ണ്നിറച്ച് കൊണ്ട് ആകാംഷയിൽ ചോദിച്ചു.

“അന്നൊരു മുഖം ഇണ്ടായില്ല, പക്ഷെ എന്റൊരു ഊഹം വച്ച് ശരീരം എതാണ്ട് ഇത് പോലെന്നെ ആയിരുന്നു” ഞാൻ ഒരു കള്ളചിരിചിരിച്ചു. “ ശ്ശീ, വഷളൻ” അവളെന്റെ നെഞ്ചിലൊരിടിയിടിച്ചു.

“പറയ്. ഞാൻ അന്നുകണ്ട അത്ര സുന്ദരിയാണോ?

” അവളെന്റെ കണ്ണിൽ നോക്കിയാണ് ചോദിച്ചത് കള്ളംപറയാൻ പറ്റിയില്ല. “അന്ന് ഞാൻ സൗന്ദര്യമായിട്ട് നിന്റെ സ്നേഹം മാത്രേ കണ്ടുള്ളു.

അങ്ങനെ നോക്കാണെങ്കിൽ നീ ഇന്ന് അതിലും സുന്ദരിയാണ്.” അവളേതോ നിർവൃതിയിൽ പതിയെ ചിരിച്ചു.

ആ നിറഞ്ഞ കണ്ണൊന്ന് തുളുമ്പി, ഒരുകുഞ്ഞു പനിനീർതുള്ളി താമരയിതൾ പോലുള്ള കവിളിണകളിൽ തഴുകിയിറങ്ങി എന്റെ വിടർത്തി വച്ച കൈവെള്ളയിൽ വന്നുവീണു. ഞാൻ അത് ചുരുട്ടി നെഞ്ചോട് ചേർത്തു.

“ മീനാക്ഷി” ഞാൻ കണ്ണടച്ചിരിക്കുന്ന അവളെ വിളിച്ചു. “മ്മ്..

” അവൾ അടച്ചമിഴികൾ തുറക്കാതെ വിളികേട്ടു. ഞാനാ കൈകൾ കവർന്നെടുത്തു.

“നിനക്ക് എന്നെങ്കിലും, അവരു പറഞ്ഞപോലെ എന്നെപറ്റി തോന്നാണെങ്കിൽ, എന്നെ സ്നേഹിക്കാൻ കൊള്ളില്ലാന്നു തോന്നാണെങ്കിൽ, നീയത് ആദ്യം എന്നോട് പറയില്ലെ. എന്നെ.., എന്നെ നീ ശരിക്കും സ്നേഹിക്കുന്നില്ലേ.

” ഞാൻ ഒരു യാചകന്റെ പ്രതീക്ഷയിൽ അവളെ നോക്കി. അത് അകത്തും പുറത്തും ഒരു മഴയുടെ തുടക്കമായിരുന്നു.

പാൽനിലാവമ്പിളിയെ കാർമേഘം വന്ന് മൂടി, ഇടിമിന്നൽ ആകാശത്ത് പടർന്നു പന്തലിച്ചു. മഴപെയ്യുന്നതിലും ശക്തമായി അവളുടെ മിഴി പെയ്തിറങ്ങി.

അവൾക്കു ഉത്തരംപറയാൻ എന്നല്ല സംസാരിക്കാൻ കൂടി കഴിയുന്നുണ്ടായിരുന്നില്ല. ഒരാർത്തനാദത്തിൽ, അവളെന്റെ നെഞ്ചിൽ മഴയെന്ന പോലെ അലച്ചുതല്ലിവീണു.

നെഞ്ച് പുതുമണ്ണ് പോലെ നനഞ്ഞു. " ന്നെ...

യീ... ജീവിതത്തിൽ ആരെങ്കിലും സ്നേഹിച്ചിട്ടുണ്ടെങ്കിൽ...

അത് നിങ്ങള്.... നിങ്ങള് മാത്രമാണ് ഉണ്ണിയേട്ടാ..

" ആ വാക്കുകൾ ഇടറി മുറിഞ്ഞ് പോകുന്നുണ്ടായിരുന്നു. "ഇനിയും...

ഈ ലോകം മുഴുവൻ എന്നെ വെറുത്താലും നിങ്ങളെന്നെ സ്നേഹിക്കൂന്ന് എനിക്കറിയാം. മീനാക്ഷിക്കത് മാത്രം മതി.

യിപ്പൊ.. യീ...

നിമിഷം ചത്ത് പോയാലും, കണ്ണടയടണേന് മുന്ന് നിങ്ങടെ മുഖാ ഓർക്കുള്ളോ." ആ വാക്കുകൾ പാതിതേങ്ങലായിരുന്നു.

ഞാൻ കൂടുതൽ ഒന്നുംപറയിപ്പിക്കാതെ അവളെ നെഞ്ചിലേക്ക് അണച്ച് ചേർത്ത്പിടിച്ചു. എനിക്ക് ആദ്യമായിട്ടായിരുന്നു ഇത്രയും നിർവൃതി തോന്നുന്നത്.

ജീവിതത്തിന് ഒരു അർത്ഥമുള്ളത് പോലെ തോന്നുന്നത്. " നിങ്ങക്ക് അറിയില്ല, മീനാക്ഷിക്ക് ഈ ജീവിതത്തിൽ തോന്നിയ ഒരേയൊരു പ്രണയം....

അത് നിങ്ങളാണ്." ഞാൻ അവളെ കുറച്ച്കൂടി ഇറുക്കി കെട്ടിപിടിച്ചു.

കുറേനേരം നിശ്ശബ്ദത ആ മുറിയെ കീഴക്കി , ശ്വാസതാളം മാത്രം ബാക്കിയായി. "ഇനി എന്തൊക്കെയാ അന്നത്തെ ദിവാസ്വപ്നത്തിൽ ഉള്ളത്ന് വച്ചാൽ ചെയ്താല്ലോ?!!

" മീനാക്ഷി കുസൃതിയോടെ നെഞ്ചിൽ വിരൽവരച്ച് ചോദിച്ചു. "ഒന്നും ഉണ്ടായില്ല, നമ്മളിങ്ങനെ ഇറുക്കികെട്ടിപിടിച്ച് കിടന്നുറങ്ങി.

എനിക്കന്ന് അത്രയേ വേണ്ടീരുന്നുള്ളു." ഞാൻ കയ്യൊന്നയച്ച് ഒന്നുകൂടി മുറുക്കെ അവളെ എന്നോടുചേർത്ത് നിശ്ശ്വാസമെന്നോണം പറഞ്ഞു.

"എനിക്കും" മീനാക്ഷി പറഞ്ഞ വാക്കിന് അവളോളം ആഴമുണ്ടായിരുന്നു. ഞങ്ങൾ അന്നും, എന്നും....

തുല്ല്യ ദുഃഖിതർ ആയിരുന്നു.*******

പിറ്റേദിവസം രാവിലേതൊട്ടെ പണിയായിരുന്നു. മുറ്റം കാടുംപടലവും ഒക്കെ വെട്ടി ഒന്നു വൃത്തിയാക്കി, വീടിനകവും ഒന്ന് ഒതുക്കി, മാറലയും പൊടിയും എല്ലാം തട്ടി, പതിയെ ഉച്ചക്കുള്ള ഭക്ഷണത്തിന്റെ നീക്കത്തിലായി.

എല്ലാവരും കൂടി ഉഷാറായി ഭക്ഷണമെല്ലാം കഴിച്ച് വെറുതേ വർത്തമാനമെല്ലാം പറഞ്ഞിരുന്നു. എല്ലാവർക്കും ആകെ സന്തോഷം.

മീനാക്ഷി മാത്രം ഒരു മൂടികെട്ടിയ പോലെ നടപ്പാണ്. എന്തൊക്കെയോ അവൾക്ക് പറയാൻ ഉണ്ടെന്ന് തോന്നി.

കൊഴപ്പമില്ല എന്തായാലും ഇനി കുറച്ച്ദിവസം ഇവിടെയുണ്ടല്ലോ, അവളുടെ മനസ്സൊക്കെയൊന്ന് തണുക്കട്ടെ. പതുക്കെ ചോദിച്ചു മനസ്സിലാക്കാം.

'നമ്മുക്ക് എപ്പോഴും സമയമുണ്ടെന്ന് വിചാരിക്കുന്നതാണ്, ജീവിതത്തിൽ നമ്മൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റ്. അതെനിക്ക് മനസ്സിലാക്കിത്തരാൻ അടുത്ത ദിവസം വരണ്ടിവന്നു.'******

മഴ ഉച്ചവരെ ഒഴിഞ്ഞ് നിന്നെങ്കിലും പൂർവ്വാധികം ശക്തിയോടെ ഉച്ചക്ക് ശേഷം പെയ്ത് തുടങ്ങി. ഇരുട്ട്കുത്തിയ മഴ, കാണുന്നിടത്തെല്ലാം വെള്ളം.

തൊടിയിൽ ചാലുകളെല്ലാം നിറഞ്ഞ് കവിഞ്ഞ് വെള്ളം പുറത്ത് വഴിയിലേക്കൊഴുകി. പൂരത്തിന് പോയ അജുവും പിള്ളേരും മഴ ഒരു കാരണം പറഞ്ഞ് കള്ളുകുടിക്കാൻ തിരിച്ചെത്തി.

കനത്ത മഴകാരണം ആവേശം തെല്ലൊന്ന് കുറഞ്ഞെങ്കിലും, കനത്തമഴയിലും കുടമാറ്റം നടക്കും, എത്ര മഴയെന്ന് പറഞ്ഞാലും അത് കാണാൻ ജനസാഗരം തന്നെയുണ്ടാവും. രണ്ടുകൊല്ലം ആയി കണ്ടിട്ടെങ്കിലും, എനിക്ക് ഇത്തവണ പൂരത്തിന് പ്രത്യേകിച്ച് സന്തോഷമൊന്നും തോന്നിയില്ല.

മീനാക്ഷിയെ രാത്രി കണ്ട് എന്താകാര്യമെന്നറിയാതെ യാതൊരു സമാധാനവുമില്ല.***** വൈകുന്നേരം ആയപ്പോൾ ഈ കോരിച്ചൊരിയുന്ന മഴയിലും കുളപ്പുരയിൽ വെള്ളമടി ദർബാർ ആരംഭിച്ചു. മഴവെള്ളം കുളത്തിലെ വെള്ളവുമായി സംഗമിക്കുന്ന ശുഭവേളയിൽ, ഒരു പ്രത്യേകതരം നാണമില്ലാത്ത ജാരനെന്നപോലെ ശുദ്ധമായ സ്കോച്ചും മഴവെള്ളവുമായി രമിച്ചു.

തലക്ക് പിടിച്ച് തുടങ്ങിയാൽ മദ്യം കവിതയാകും, ആർപ്പുവിളികളാകും, പറയാതെ വച്ച കണ്ണുനീരുമാകും. കലാപരിപാടികൾ മഴക്കൊത്ത് നീങ്ങിയപ്പോൾ സമയം അറിയാതെ പോയി.

ഒരുപാട് വൈകി, അത്യാവശ്യം തലക്ക് പിടിച്ചിട്ടും ഉണ്ട്. എങ്ങനെയെക്കെയോ വീടെത്തി, മച്ചിലേക്ക് ഏണിയെടുത്തു വച്ച് വലിഞ്ഞുകയറി.

മുറിയിൽ വ്യാകുലയായി മീനാക്ഷി കാത്തിരുപ്പുണ്ട്. അവൾക്കറിയാം ഇന്ന് ഞാൻ കള്ള്കുടിക്കുമെന്ന്.

പക്ഷെ മഴയല്ലേ, ആ ഒരു ഭയമാണെന്ന് തോന്നുന്നു. അടിച്ചത് സ്കോച്ചല്ലെ.

അതു പതിയെ പതിയെ ബോധമണ്ഠലത്തെ കടന്നു പിടിച്ചു തുടങ്ങി. ഇടക്കെപ്പൊഴൊക്കെയോ എഴുന്നേറ്റപ്പോൾ മീനാക്ഷി നെഞ്ചിൽ തലചായ്ച്ചു കിടപ്പുണ്ട്.

അവളെന്തൊക്കെയോ അവ്യക്തമായി എണ്ണിപറക്കുന്നുണ്ട്. 'പോവാണ്" എന്ന് പറഞ്ഞത് മാത്രം വ്യക്തമായി കേട്ടു.

പക്ഷെ എതിർക്കാൻ കഴിഞ്ഞില്ല. ബോധം മറഞ്ഞു.

പിന്നെ കേട്ടവാക്ക് തലയിൽ കിടന്നു മുഴങ്ങി. 'അവൾക്കെന്തോ ഉണ്ട്, അസുഖമോ, പ്രശ്നമോ, ഗുരുതരമായത് തന്നെ' എനിക്കൊട്ടും നിയന്ത്രണം കിട്ടിയില്ല.

ഒരു വാക്ക് പോലും ഉരിയാടാൻ കഴിയാതെ ഞാൻ ബോധത്തിനും, അബോധത്തിനുമിടയിൽ കൈകാലിട്ടടിച്ചു. മദ്യത്തെ ഞാൻ ആ നിമിഷം വെറുത്തുപോയി, ആ ഒരു നിമിഷം എന്നെ പോലും വെറുത്തു പോയി.***********

ബോധംവന്നപ്പോൾ ആദ്യം തിരഞ്ഞത് അവളെയാണ്. ഒന്നും ഓർമ്മ കിട്ടുന്നില്ലെങ്കിലും, മനസ്സിനെന്തോ വല്ലായ്കക.

എന്തോ ആപത്ത് വരാൻ ഇരിക്കുന്നത് പോലെ. അവളെ എവിടെയും കണ്ടില്ല.

ചെറുതായി വെളിച്ചം വീണു തുടങ്ങിയിട്ടുണ്ട്. മഴയിപ്പോഴും ഇടിച്ച് കുത്തി പെയ്യുന്നു.

താഴേക്കു ഇറങ്ങി ചെല്ലുമ്പോൾ. അച്ഛൻ റൂമിലേക്ക് കൈ കാണിച്ചു വിളിച്ചു.

തുറന്ന് കിടക്കുന്ന ജനലിനെ ചൂണ്ടി പറഞ്ഞു; "മോനെ അവിടെ, ഈ മഴയത്ത് ആരോ നിന്നിരുന്നത് പോലെ തോന്നി, ഇപ്പൊ കാണുന്നില്ല. നീയൊന്ന് പോയി നോക്കോ.

" ഞാൻ നേരെ നോക്കി. അമ്മയുടെ അസ്ഥിതറയാണ്.

‘മീനാക്ഷി’ തലയിൽ ഒരു വെള്ളിടിവെട്ടി. ഞാൻ ഇറങ്ങി നോക്കി.

അവളില്ല. ഒന്നും ബാക്കി കിടപ്പില്ല.

അവളെങ്ങോ പോയി. അവൾക്കെന്തോ ഉണ്ട് കാര്യമായിട്ട്, അവളിന്നലെ പറഞ്ഞിരുന്നു.

ഓർക്കാൻ കഴിയുന്നില്ല. ഓർമ്മയെല്ലാം ഇരുട്ടിൽ തട്ടി നിൽക്കുന്നു.

ആരോടാ ഇപ്പൊ ഒന്ന് ചോദിക്കാ.... ആർക്കാ അവളെ പറ്റിയെല്ലാം അറിയാ...

പെട്ടന്ന് ഒരാളെ ഓർമ്മവന്നു, രാഘവമാമ്മൻ, അവളുടെ അച്ഛൻ. അയാൾക്കറിയാമായിരിക്കും.

ചിന്തിച്ച് തീരും മുൻപേ കാലുകൾ ആ ദിശയിൽ ഓടി കഴിഞ്ഞിരുന്നു. മണ്ണിട്ട വഴിയിലൂടെ അതിവേഗം ഓടി, നേരെക്കണ്ട മതിലെടുത്തു ചാടി ഞാൻ അവരുടെ പറമ്പിലെത്തി.

നേർവഴിക്ക് പോകാൻ മാത്രം സമയം എനിക്ക് ഉണ്ടായിരുന്നില്ല. മരുമകൻ കല്യാണശേഷം ആദ്യമായി വധുഗൃഹത്തിൽ വിരുന്ന് വരുന്ന വരവാണ്.

മുൻപിൽ വന്ന വാഴയും ചേമ്പുമെല്ലാം തള്ളിമാറ്റി ചെല്ലുമ്പോൾ, ഉമ്മറത്ത് അവളുടെ അമ്മ മഴവെള്ളം ദൂരേക്ക് ഒഴുകി അകലുന്നതും നോക്കിയിരുപ്പുണ്ട്. അവർക്ക് മുഖംകൊടുക്കാതെ, ചോദിച്ച ചോദ്യങ്ങൾക്കൊന്നും ഉത്തരം നൽകാതെ, നനഞ്ഞു കുതിർന്ന അതേ രൂപത്തിൽ ഉള്ളിലേക്ക് ശക്തമായ കാലടികളോടെ കയറിച്ചെന്നു.

വലത്കാലാണോ വീട്ടിലേക്ക് കയറുമ്പോൾ ആദ്യം വച്ചതെന്ന് ഓർമ്മയില്ല, പക്ഷെ രാഘവമാമന്റെ കഴുത്തിന് കുത്തിപിടിക്കാൻ ആദ്യം വച്ചത് വലത്കൈ തന്നെയായിരുന്നു. അയാളെ ഇട്ട ബനിയനടക്കം ചുമരിൽ ചേർത്ത് പിടിച്ച് പൊക്കിയാണ് ചോദിച്ചത്.

“പറയടോ, എന്റെ മീനാക്ഷിക്ക് എന്താ. എന്നോട് പറയാത്ത എന്ത് പ്രശ്നാ അവൾക്കുള്ളത്” പിന്നാലെ വന്ന അമ്മയും, മുറിയിൽ നിന്നും ഇറങ്ങി വന്ന അവളുടെ അനിയനും എന്റെ പ്രകടനം കണ്ട് പകച്ച്പോയി.രാഘവ മാമന്റെ മുഖത്തും ഞെട്ടലുമാറിയിട്ടില്ല.

മരുമോനുമായുള്ള ആദ്യത്തെ പരിചയപ്പെടൽ. “തനിക്കറിയാം എന്താ അവൾക്കെന്ന്.

അത് ഞാൻ തന്നെ കൊണ്ട് പറയിക്കും. ഇല്ലെങ്കി, തന്നെ....

തന്നെ ഞാൻ കൊല്ലും, അവളല്ലാതെ എനിക്ക് ആരുമില്ല, പറയടോ...ഞാൻ അവൾക്കു വേണ്ടി എന്തും ചെയ്യും.” ഞാൻ അലറി.

അമ്മ കരഞ്ഞ് കൊണ്ട് കൈ പിടിച്ചു എങ്ങലടിച്ചു. “മേനേ ഞാൻ പറയാം, എല്ലാം ഞാൻ പറയാം, മോനറിയണ്ടത് തന്നെയാണ്.

അച്ഛന് തീരെ വയ്യാത്തതാണ്. ഒന്ന് വിടണെ.

” ഞാൻ പിടിയൊന്ന് അയച്ചു രാഘവമാമൻ കാൽനിലത്ത്കുത്തി, തലകുമ്പിട്ടു. “മോനെ അവള്...., അവള് സുഖമില്ലാത്ത കുട്ടിയാണ്, ചെറുപ്പം തൊട്ടേ അങ്ങനാണ്.

” അമ്മ കരഞ്ഞുകൊണ്ട് പറഞ്ഞു. ഞാൻ പെട്ടന്നുണ്ടായ ഞെട്ടലിൽ കൈയ്യെടുത്തു.

വിളറികൊണ്ട് എല്ലാവരുടെയും മുഖത്തേക്ക് മാറിമാറി നോക്കി ചോദിച്ചു. “ എന്തസുഖം, എന്തസുഖാ എന്റെ മീനാക്ഷിക്ക്.

” “എല്ലാം എന്റെ തെറ്റാണ്, എന്റെ തെറ്റാണ്... എല്ലാത്തിനും കാരണം ഞാനാണ്.

ഇവർ ഒരു ജീവിതകാലം മുഴുവൻ ഈ വിധി അനുഭവിക്കണ്ടി വരുന്നതിനും കാരണം ഞാനൊറ്റൊരുത്തനാണ്. ഇതിൽ നിന്നൊരു തിരിച്ച് പോക്കില്ല ഞങ്ങളാർക്കും.

” അയാൾ ഒരു കുബസാരമെന്നോണം എല്ലാം ഏറ്റെടുത്തു. അത് അമ്മക്കും ഞെട്ടലായിരുന്നിരിക്കാം, അതാ മുഖത്ത് തെളിഞ്ഞ് കാണുന്നുണ്ട്.

ഒരുപക്ഷെ ആദ്യമായിട്ടായിരിക്കാം അയാൾ തെറ്റ് സമ്മതിക്കുന്നത്. ഏറ്റെടുക്കുന്നത്.

“എന്നെ പ്രാന്ത്പിടിപ്പിക്കാതെ ആരെങ്കിലുമൊന്ന് പറയു അവൾക്കെന്താണെന്ന്. അവളെ കാണാനില്ല.

എനിക്കവളെ കണ്ടുപിടിക്കണം. അവളില്ലാതെ എനിക്ക് പറ്റില്ല” അയാൾ അത്ഭുതത്തിൽ എന്നെ നോക്കി.

അമ്മയാണ് പറഞ്ഞ് തുടങ്ങിയത്.....******

മുന്നിലേക്കുള്ള കാഴ്ചപോലും മറക്കുന്ന എടുത്തൊഴിക്കുന്നതു പോലെ മഴ , ഞാൻ സംഭ്രമത്തിൽ കടവിലേക്കോടി. അവിടെയെവിടെയെങ്കിലും അവൾ ഉണ്ടാകണേയെന്ന് അറിയാതെ മനസ്സാൽ പ്രാർത്ഥിച്ചു കൊണ്ടിരുന്നു.********

കനത്തമഴയെ വകവക്കാതെ ജങ്കാറിൽ ഒരറ്റത്ത് മീനാക്ഷി നിന്നു. അവളെല്ലാം നേരത്തേ തീരുമാനിച്ചിരുന്നു.

കണ്ണുനീരെല്ലാം മഴയിലലിഞ്ഞ് ഒന്നായി മാറി. മഴയുടെ ശക്തി കൂടി കൂടി വരികെയാണ്.

വളരെ കഷ്ടപ്പെട്ടാണ് ജങ്കാറ് അടുത്ത കരയിലേക്ക് പോകുന്നത്. ചെറുവഞ്ചികളെല്ലാം കരയിലേക്ക് കയറ്റിയിട്ടു.

പുഴയിൽ ഒഴുക്കിന്റെ വേഗത നിമിഷംപ്രതി കൂടിവരുന്നുണ്ട്, അവളുടെ മനസ്സിൽ സങ്കടമെന്നപോലെ. ഒരു തണുത്തകാറ്റ് അവളുടെ നനഞ്ഞുലർന്ന അളകങ്ങളെ തഴുകി കടന്നുപോയി.

അവളെപ്പോഴത്തേയും പോലെ സങ്കടങ്ങളെല്ലാം ഉള്ളിലൊതുക്കി ഒന്നു ചിരിക്കാൻ ശ്രമിച്ചു. അതേ മീനാക്ഷി പോസറ്റീവ് ആണ്, എല്ലാകാര്യത്തിലും, എന്നും....

ഇന്നും... ഈ ചങ്ക്പറിയുന്ന വേദനയിലും അവൾ ആർദ്രമായ ആകാശത്തെ നോക്കി പറഞ്ഞു, മീനാക്ഷി പോസ്റ്റീവ് ആണ്.********

“ മോനേ മീനാക്ഷി,അവൾ എച്ച്.ഐ.വി. പോസറ്റിവ് ആണ്.

നന്നേ ചെറുപ്പം തൊട്ടേ ആണ്. ഞാനും, ഇദ്ദേഹവും എല്ലാം എച്ച്.ഐ.വി.

പോസറ്റിവ് ആണ്. മുലപ്പാലിൽ നിന്നും കിട്ടിയതാണ് എന്റെ മോൾക്ക്, ഞാൻ കൊടുത്തതാണ്.

അന്ന്, ഒന്നും ഒരു അറിവുണ്ടായില്ല, നാണക്കേട് കാരണം അന്വേഷിച്ചുമില്ല, എങ്ങനെയാണ് ഇത് പകരാതെ നോക്കാന്ന്. ഇതിനെ നിയന്ത്രിച്ച് നിറുത്താൻ അന്നും മരുന്നുണ്ടായിരുന്നു.

ആർട്ട് മെഡിക്കേഷൻ. ഇവൻ ജനിക്കുമ്പോൾ ഞാൻ അത് ചെയ്തിരുന്നു.

ഒരുപക്ഷെ മീനാക്ഷിയെ പ്രസവിക്കുന്ന സമയത്ത് കുറച്ചൊന്ന് ശ്രദ്ധിച്ചിരുന്നെങ്കിൽ, എന്റെ മോൾക്ക് ഇതൊന്നും അനുഭവിക്കണ്ടി വരില്ലായിരുന്നു.” അമ്മ തകർന്ന ശബ്ദത്തിൽ പറഞ്ഞ് നിർത്തി.

മീനാക്ഷിയുടെ അച്ഛൻ ബാക്കി കൂടി പറയാൻ തുടങ്ങി... “ഇപ്പോഴത്തെ പോലെ ആർട്ട് ചെയ്ത് കൊണ്ടുപോയിരുന്നെങ്കിൽ, ആർക്കും ഒന്നും അനുഭവിക്കണ്ടി വരില്ലായിരുന്നു.

ഞാനാണ് ഇവൾക്ക് കൊടുത്തത്. പ്രായത്തിന്റെ ചേരത്തിളപ്പിനു കാട്ടികൂട്ടിയതിന് കിട്ടിയ പ്രതിഫലം.

” അയാൾ തലതാഴ്ത്തി തന്നെ പിടിച്ചുകൊണ്ടു തുടർന്നു.... എന്റെ തലയിൽ ഇരുട്ട് കയറിയിരുന്നു.

ഞാൻ എവിടെയോക്കെയോ പിടിച്ച് നിന്നു.*****

അരവിന്ദൻ ഓടി, തന്നെകൊണ്ട് പറ്റുന്നതിലും വേഗത്തിൽ തന്നെ. മഴയുടെ കനം കൂടികൂടി വന്നു, വസ്ത്രങ്ങളെല്ലാം വെള്ളംകുടിച്ച് ഭാരംവച്ച് പുറകിലേക്ക് വലിച്ചു കൊണ്ടിരുന്നു.

കണ്ണിനുള്ളിൽ മഴവെള്ളമൊഴുകി ചുവന്ന് നീറിതുടങ്ങി. കാറ്റിൽ മരച്ചില്ലകളും, ഫലങ്ങളും, ഇലകളും പൊഴിഞ്ഞു വഴിമറക്കുന്നുണ്ട്.

അവയിൽ ചിലത് ദേഹത്ത് തട്ടി തെറിച്ച് പോയി. ഇവയൊന്നും അവൻ അറിഞ്ഞത് തന്നെയില്ല.

മീനാക്ഷിയുടെ കരഞ്ഞു കലങ്ങിയ മുഖം മാത്രമായിരുന്നു ഉള്ളിൽ. അന്ന് ലോകത്തുള്ള ഒന്നിനും അവനെ ആ ശ്രമകരമായ പയനത്തിൽ നിന്നും പിടിച്ചു നിർത്താൻ കഴിയുമായിരുന്നില്ല.*****

ജങ്കാറ് കടവെത്തിയ ഇളക്കത്തിൽ, മീനാക്ഷി ചിന്തകളിൽ നിന്നും ഞെട്ടിയുണർന്നു. കടവിലേക്കിറങ്ങി നടക്കും വഴി പുറകിൽ ഒരു കൂട്ടക്കരച്ചിലും, ബഹളവും ദുശ്ശകുനമായി കേട്ടു.

അപ്പുറത്തെ കടവിലേക്ക് പോകാനിറക്കിയ വഞ്ചി മറിഞ്ഞതാണ്. അതിലുണ്ടായിരുന്നവരെല്ലാം വേഗംതന്നെ നീന്തി കരക്ക്കയറി.

മുൻപത്തേതിലും ശക്തിയിൽ പുഴയൊഴുകാൻ തുടങ്ങി. കലങ്ങി മറിഞ്ഞ വെള്ളം ഉരുൾപെട്ടിയതു പോലെ കലുഷമായി ഒഴുകിതുടങ്ങി.

എന്തൊക്കെയോ, എവിടെനിന്നൊക്കെയേ ഒലിച്ചു വരുന്നുണ്ട്. അതിൽ കടപുഴകിയ മരങ്ങളും, ജീവികളും, വീട്ടുസാമാനങ്ങളും കാണാൻ ഉണ്ട്.

“മലവെള്ളമിറങ്ങി, ഇനിയാരും വഞ്ചിയിറക്കരുത്, അത് മരണത്തെ വിളിച്ച് വരുത്തുന്നത് പോലെയാണ്.” ആരോ പറഞ്ഞു.

പ്രകൃതി പോലും തന്റെ യാത്ര ശരിവക്കുന്നത് പോലെ, അതിനു കൂട്ടുനിൽക്കുന്നത് പോലെ അവൾക്ക് തോന്നി. ഇനിയാരെങ്കിലും തന്നെ അന്വേഷിച്ച് വന്നാൽ പോലും, പുഴവരച്ച ഈ അഗ്നിരേഖ മറികടക്കാൻ മനുഷ്യരായവർ ആർക്ക് കഴിയും.****** മഴനീര് വീണ് വഴുക്കലായ ചെളിമണ്ണിൽ തെന്നി ചരിവിലേക്ക് അരവിന്ദൻ, കയ്യ് കുത്തിയുരഞ്ഞ് നിരങ്ങിവീണു.

കയ്യും കാലുമെല്ലാം തൊലിപോയ നീറ്റലും പുകച്ചിലുമൊന്നും അവനറിഞ്ഞതേയില്ല. അവിടന്നെഴുന്നേറ്റ് മഴവെള്ളമിറങ്ങി കുഴഞ്ഞ് കിടക്കുന്ന വയൽമണ്ണിലേക്ക് ചാടിയിറങ്ങി ഓടിതുടങ്ങി.

ചളി, കാലിനെ തടയാൻ കഴിവതും നോക്കുന്നുണ്ട്. തോറ്റുകൊടുക്കാൻ അരവിന്ദന് അതവന്റെ ജീവിതമായിരുന്നു.

തൃശ്ശൂർപൂരത്തിനു ആണ്ട്തോറും പകൽ മൂന്നിനു നടക്കാറുള്ള ഗംഭീരവെടിക്കെട്ട് ഈ തോരാത്ത മഴയിൽ മാറ്റിവച്ചു. അന്ന് കാലാകാലങ്ങളായി വഴക്കമില്ലാത്തത് പോലെ, കല്പ്പാന്തത്തിൽ തോൽവിയടഞ്ഞ്, കമ്പക്കെട്ടിന്റെ ഘോഷങ്ങളില്ലാതെ, കരിമരുന്നിന്റെ ത്രസിപ്പിക്കുന്ന ഗന്ധമില്ലാതെ ദൈവങ്ങൾ പോലും ഉറക്കമായി.

മഴ..., ഒടുങ്ങാത്ത മഴ...., ദൈവങ്ങൾ പോലും തേറ്റുപോയ മഴ. പക്ഷെ മനുഷ്യൻ....

കല്ലിനെ ദൈവമാക്കിയ മനുഷ്യൻ, തുള്ളിയുറഞ്ഞെത്തിയ വെളിച്ചപ്പാടിന്റെ തലയരിഞ്ഞ്, കൊടും കാട് വെട്ടി, പൂരം തീർത്ത മനുഷ്യൻ. മണ്ണിനും കാറ്റിനും കടലിനും കാട്ടാറിനും കീഴടങ്ങാത്ത മനുഷ്യൻ.

മലതുരന്ന് വഴിതീർത്ത മനുഷ്യൻ, കടലളന്ന് കരതീർത്ത മനുഷ്യൻ, കരയെത്താത്ത വാനങ്ങളിൽ കൽവച്ച് നടന്ന മനുഷ്യൻ. അവനു മുന്നിൽ പ്രകൃതി തോറ്റതിൽ അത്ഭുതമുണ്ടോ.

അവരിൽ പ്രമുഖൻ, കാമുകൻ..., പ്രണയിക്കുന്നവൻ !.... അരവിന്ദൻ....

അവനോടി..., മഴയേയും, എതിരെ ചുഴറ്റിവീശുന്ന കാറ്റിനെയും കീറിമുറിച്ച്, അവന്റെ പ്രണയത്തിനു വേണ്ടി... ******

“മോനേ, ഞങ്ങൾ രണ്ടുപേരും വലിയവരായിരുന്നു, ഞങ്ങൾക്കു പലയിടത്തും പിടിച്ചു നിൽക്കാം, പക്ഷെ അവളു കൊച്ചുകുഞ്ഞായിരുന്നു. ആ പ്രായത്തിലേ താങ്ങാവുന്നതിലേറെ അപമാനം അവൾ അനുഭവിച്ചിട്ടുണ്ട്.

എല്ലാവർക്കും അറിയാമായിരുന്നു അവൾക്കു ഈ അസുഖം ഉണ്ടെന്ന്. അവരെല്ലാം പരമാവധി അകൽച്ച അവളോടു കാണിച്ചിട്ടുണ്ട്.

കൂട്ടുകാരും, പരിചയക്കാരും, എന്തിന് ഈ നിൽക്കുന്ന ഇവൻ വരെ. ഇതെല്ലാം ഞങ്ങളെ എല്ലാവരെയും ബാധിക്കുന്ന കാര്യമായത് കൊണ്ട് തന്നെ പലപ്പോഴും അവളെ മാത്രം വിളിച്ച് സമാധാനിപ്പിക്കാൻ ആർക്കും കഴിഞ്ഞിരുന്നില്ല.

” “ചെറുപ്പം മുതലെ വിട്ടൊഴിയാതെ രോഗങ്ങളായിരുന്നു, ഒന്നല്ല ഒരു നൂറുകൂട്ടം, ആശുപത്രി കിടക്കയിലെ സുഹൃത്തുക്കൾ ഓരോരുത്തരായി കൺമുൻപിൽ വച്ച് മരിച്ചപ്പോഴും, ഒന്നിനും അവള് കീഴടങ്ങീല. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട് എന്റെ മോളെന്താ ആത്മഹത്യ ചെയ്യാതിരുന്നതെന്ന്.

അവൾക്ക് ഈ നശിച്ച ജീവിതത്തിലും ഭേദം എന്തുകൊണ്ടും മരണം തന്നെയായിരുന്നു.”
“ഞങ്ങൾ ഒരിക്കലും ഒരു നല്ല അച്ഛനും അമ്മയും ആയിരുന്നില്ല.

ഒരിക്കലും അവളെ ഞങ്ങൾ അകമറിഞ്ഞ് സ്നേഹിച്ചിട്ടില്ല, മടിയിലിരുത്തി ഒന്ന് കൊഞ്ചിച്ചിട്ടില്ല. എന്റെ കുഞ്ഞ് ഒത്തിരി സുന്ദരിയായിരുന്നു.

അവളു ചെന്നിടത്തൊന്നും അവളുടെ അത്ര സൗന്ദര്യം ഉള്ള ആരും തന്നെ ഉണ്ടായിട്ടില്ല. പക്ഷെ ആരും അവളെ അവിടെയൊന്നും മനുഷ്യനായിട്ട് പോലും കണ്ടിരുന്നില്ല.

എന്തൊക്കെ തന്നെ പറഞ്ഞാലും എയ്ഡ്സ് രോഗിയായ പെൺക്കുട്ടിയെ എപ്പോഴും സമൂഹം മറ്റൊരു കണ്ണിലാ കാണുള്ളു, അത്ര വികസനമുള്ള രാജ്യതലസ്ഥാനത്ത് അങ്ങനെയാണെങ്കിൽ ഇവിടെത്തെ കഥ പറയണോ. അതാ ആരോടും പറയാതിരുന്നത്.

” “ഞാനും ഒരച്ഛനല്ലെ അവളെ ആരെയെങ്കിലും പിടിച്ചേൽപ്പിക്കണ്ടെ. ചതിയാണ് ചെയ്യാൻ നോക്കിയത്, അവൻ പട്ടാളക്കാരൻ ആയത് കൊണ്ട് കാര്യമറിഞ്ഞാലും അഭിമാനം കരുതി, അവളെ കൈവിടില്ലാന്നു തോന്നിയത് കൊണ്ടാണ് കല്ല്യാണമാലോചിച്ചത്.

പക്ഷെ എന്റെ കുഞ്ഞ് അറിഞ്ഞ് കൊണ്ട് ആരെയും ചതിക്കാൻ തയ്യാറായിരുന്നില്ല. അവളാർക്കും ബാധ്യതയാവാനും ഒരുക്കമായിരുന്നില്ല.

അതുകൊണ്ടാണ് അവൾ ഓടിപ്പോയതെന്ന് എനിക്ക് ഇപ്പോഴും ഉറപ്പാണ്.” “എങ്ങിനെയാണ്, നീ ഇതിനിടയിൽ വന്നുപെട്ടതെന്ന് എനിക്കറിയില്ല, പക്ഷെ അവൾ നിന്റെയൊപ്പം ഇത്രനാൾ എങ്ങും പോകാതെ നിന്നിട്ടുണ്ടെങ്കിൽ, എനിക്ക് ഉറപ്പാണ് അവൾക്ക് ഇഷ്ടമുള്ള എന്തോ ഒന്ന് നിന്നിൽ ഉണ്ടെന്ന്.

അതെന്താണെന്ന് എനിക്ക് നീയിവിടെ വന്നപ്പോൾ നിന്റെ കണ്ണിൽ കാണാൻ കഴിഞ്ഞു. അത് അവളോടുള്ള സ്നേഹമാണ്.

അതാണ് അവളെ നിന്റെടുത്ത് പിടിച്ച് നിർത്തിയത്. എന്റെ കുട്ടിക്ക് ജീവിതത്തിലാദ്യമായി കിട്ടിയ സ്നേഹമാണ് നീ.

ഒരുപാട് കൊതിച്ചു പോയിണ്ടാവും ന്റെ കുട്ടി. ഇപ്പൊ അവള് പോയിട്ടുണ്ടെങ്കിൽ അതും നിന്നെയോർത്ത് മാത്രമാവും.

നിന്നോടുള്ള സ്നേഹം കൊണ്ടാവും.” മരണം..., ആത്മഹത്യ...

ആ വാക്കുകൾ അവനെ ഭ്രാന്തനാക്കി. “അവളങ്ങനെയൊക്കെ ചിന്തിച്ചാൽ, അത് ശരിയാണെന്നാണോ.

അതിന് ഞാൻ സമ്മതിക്കണ്ടെ. അതിനരവിന്ദൻ ചാവണം.

” ഒട്ടും സമയം കളയാതെ, തിരിഞ്ഞുനോക്കാതെ അരവിന്ദൻ മഴയിലേക്കിറങ്ങിയോടി. ********** ചിന്തയുടെ തീവ്രത പരന്നില്ലാതായപ്പോഴാണ്, മീനാക്ഷി ഇരിക്കുന്ന സ്ഥലത്തിനെ കുറിച്ചു ബോധവതിയായത്.

പെട്ടന്ന് വലിയശബ്ദത്തിൽ ഹോൺ മുഴക്കി മഴയൊട്ടും കാര്യമാക്കാതെ ഒരു മോട്ടോർബസ്സ് വന്ന് നിന്നു. അവളതിനുള്ളിലെ ഇരുട്ടിലേക്ക് ഒരുവട്ടം നോക്കി, അപ്പുറത്തെ കടവിലേക്ക് വിഴികൾ നട്ടു.

അവനെ ഇട്ടെറിഞ്ഞ് പോകുമ്പോഴും, തന്നെ തിരിഞ്ഞവൻ വരുമെന്ന്, അവളുടെ മനസ്സ് അവളറിയാതെ തന്നെ തുടിച്ചിരുന്നു. ബസ്സിലേക്ക് കാലെടുത്ത് വച്ച് ഒരിക്കൽ കൂടി തിരിഞ്ഞ് നോക്കി.

അകലെ അലറിവിളിച്ചൊഴുകുന്ന പുഴക്കപ്പുറം, അലച്ച്തല്ലി പെയ്യുന്ന മഴക്കപ്പുറം, നെഞ്ച്പൊട്ടി വിളിച്ചവൻ ഓടിവരുന്നു, തകർന്നുപോയ അവളുടെ പ്രാണനാഥൻ, അടക്കാനാവാത്ത ഹൃദയവേദനയിൽ അവൾ തിരിഞ്ഞു. ഇല്ല, ഞാനെന്ന പാഴ്ജൻമം തലയിലേറ്റാൻ മാത്രം, പാപം എന്റെ ഉണ്ണിയേട്ടൻ ചെയ്തിട്ടില്ല.

ഇത് തന്നെ അധികമായി, ഇനി എന്റെ സമയമായി. മടുത്തു, എത്ര നാളായി ഈ ഒളിച്ചോട്ടം തുടങ്ങിയിട്ട്.

****** ഹൈഡിയ ബ്രോഡ്ബെന്റ് , ലോകം മുഴുവൻ പ്രശസ്തയായ എയ്ഡ്സ് കിഡ്. ഇന്റർവ്യൂ ഞാനും കണ്ടിട്ടുണ്ട്.

ഓമനയായ ഒരു ആഫ്രോ-അമേരിക്കൻ കുട്ടി, വളരെ കൊച്ച്കുട്ടി. അവൾ ചെറുപ്പം മുതൽ എയ്സ്ബാധിതയാണ്.

അവളനുഭവിച്ച ദുരിതങ്ങൾ, രോഗപീഢകൾ... ചെറുതിലെ തന്നെ തലച്ചോറിൽ അണുബാധ, രക്തസംക്രമ വ്യാധികൾ, ന്യൂമോണിയ, മറ്റു ഗുരുതരമായ രോഗാവസ്ഥകൾ, അബോധാവസ്ഥകൾ, എല്ലാം അന്ന് ഒരുപാട് വേദനിപ്പിച്ചതാണ്.

ആശുപത്രി കിടക്കയിലെ ഒരുപാട് സുഹൃത്തുക്കൾ മരിക്കുന്നത്, വേദനയോടെ കാണേണ്ടി വന്ന കുഞ്ഞ്. എങ്കിലും അവളുടെ ജീവിതദർശ്ശനം ജീവിക്കലായിരുന്നു, മരണത്തിനും മുകളിൽ അതിമനോഹരമായി ജീവിക്കുകയെന്നത്.

മീനാക്ഷിയുടെ ജീവിതവും, അത്തരം പീഢകളിൽ നിന്നുമുള്ള ഒരു അതിജീവനമായിരുന്നു. അരവിന്ദന്റെ ഉള്ളംകാൽ മുതൽ ഉച്ചിവരെ വൈദ്യുത പ്രവാഹങ്ങൾ സഞ്ചരിച്ചു.

ഇതറിഞ്ഞിരുന്നെങ്കിൽ, നേരത്തേ... അൽപ്പമെങ്കിലുമറിഞ്ഞിരുന്നെങ്കിൽ, ഇപ്പോൾ സ്നേഹിക്കുന്നതിന്റെ ഒരു നൂറിരട്ടിയെങ്കിലും ഞാൻ അവളെ സ്നേഹിച്ചേനെ.

ഇപ്പോൾ എന്നെവിട്ട് അകലാൻ നോക്കുമ്പോൾ എന്ത് പറഞ്ഞാണ് ഞാൻ തിരികെ വിളിക്കണ്ടത്. എങ്ങനെയാണ് എനിക്കവളെ വിട്ട് ജീവിക്കാൻ തന്നെ കഴിയില്ലെന്നു ഞാൻ മനസ്സിലാക്കി കൊടുക്കണ്ടത്.

അവൾക്ക് മുൻപേ, ഒരു നിമിഷം മുൻപേയെങ്കിലും മരിച്ചോ?... മഴനീരിൽ, കൊഴുത്ത കണ്ണുനീരു കലർന്നതു തുടച്ചെറിഞ്ഞു ഞാൻ ഓടി, അകലെ കടവ് കാണാം, ഒരു പൊട്ടുപാലെ അക്കരെയിൽ അവളെയും.

അവളെന്നെ കണ്ടിട്ടില്ല. ബസ്സിലേക്ക് കയറുകയാണ്.അതാ കരവിട്ടാൽ ഞാനവളെ എവിടെ ചെന്നു കണ്ട്പിടിക്കും.

******

പുഴക്കെന്തോ ഒരു മാറ്റംപോലെ. വല്ലാത്തൊരു ഒഴുക്കും, കലക്കവും, ഈശ്വരാ മലവെള്ളം ഇറങ്ങിയതായിരിക്കരുതേ.

പ്രാർത്ഥനകൾക്കെന്നും യതൊരു ഫലവുമില്ലതെ പോയി. മലവെള്ളം രാക്ഷസ ഭാവത്തിൽ കുറുമാലിയെ പ്രാപിച്ചിരുന്നു.

ഞാൻ അവിടെ ഓലകീറുനെയ്ത ഷെഡ്ഡിൽ ബീഡിയും പുകച്ചിരിക്കുന്ന തോണിക്കാരോട് ഒന്നുവിടാതെ അപേക്ഷിച്ചു, തോണിയിറക്കാൻ. ആരും തയ്യാറല്ലായിരുന്നു.

ഇറക്കിയ തോണി കൺമുന്നിൽ മുങ്ങി, മലവെള്ളത്തിൽ ഒലിച്ച്പോയത് അവര് കണ്ണ്കൊണ്ടു കണ്ടതായിരുന്നു.ആ അപകടസാധ്യത ഏറ്റെടുക്കാൻ മാത്രം അവർക്കാർക്കും, നഷ്ടപ്പെടാൻ അപ്പുറത്ത് അവരുടെ പ്രാണനിരുപ്പില്ലായിരുന്നു, എനിക്കല്ലാതെ. ഞാൻ അവരെ പറഞ്ഞ് മനസ്സിലാക്കാനുള്ള വിഫലശ്രമം ഉപേക്ഷിച്ച്, തലയിൽ കൈകൊടുത്ത്, ആ മഴയത്ത് വെറും മണ്ണിലിരുന്ന് വിലപിച്ചു.

പിറകിൽ നിന്നും വരിയായി ഒഴികിയെത്തിയ മഴവെള്ളം എന്നെ തഴുകി പുഴയിലേക്കിറങ്ങി അതിൽ ലയിച്ചില്ലാതെയായി. എന്നെയെന്തിനോ നയിക്കുന്നത് പോലെ.

ഞാൻ കണ്ണൊന്നിറുക്കിയടച്ചു തുറന്നു. ഞാൻ ഹൃദയംകൊണ്ട് ചിലത് തീരുമാനിച്ചിരുന്നു.****

കാലംതെറ്റി പെയ്യുന്ന മഴ,.... ദിശയില്ലാതെ ചിതറിയടിച്ച ഒരു കാറ്റിൽ മഴത്തുള്ളികൾ ചരല് വാരിയെറിയും പോലെ മുഖത്ത് വന്നടിച്ചു വീണു.

ചെവിയിൽ മഴക്കാറ്റിന്റെ മൂളക്കം മാത്രം. കൺമുന്നിൽ കുറുമാലിപ്പുഴ രൗദ്ര ഭാവത്തിൽ മുടിയഴിഞ്ഞൊഴുകുന്നു.

അവളെ ഇത്രയടങ്ങാത്ത കോപത്തിൽ ആരും ഇന്നേവരെ കണ്ടിരിക്കില്ല. ഞാൻ അക്കരെക്ക് നോക്കി, കളിക്കുന്നത് മരണത്തോടാണ്.

ഞാൻ വള്ളമിറക്കില്ലെന്ന് അവസാനമായും പറഞ്ഞ തോണിക്കാരനെ ഒരിക്കൽ കൂടി നോക്കി. അപ്പുറത്ത് ഇപ്പൊഴെങ്കിലും എത്താൻ കഴിഞ്ഞില്ലെങ്കിൽ, അവളെ എനിക്ക് ഇനി ഒരിക്കലും കാണാൻ കഴിഞ്ഞെന്ന് വരില്ല.

“എടാ കൊച്ചനെ, എന്റെയീ കാലയളവിലെ ജീവിതം കൊണ്ട് വെളിവായൊരു കാര്യം ഞാൻ നിന്നോട് പറയട്ടെ, കാലനെടുക്കാനുള്ളവരെ അവനെടുക്കുകതന്നെ ചെയ്യും. അത് നമ്മൾ എന്തൊക്കെ തന്നെ ചെയ്താലും.

” ഞാൻ ഒരിക്കൽ കൂടി കുറുമാലിയെ നോക്കി, അവളുടെ മുടിചുരുളുകളിൽ ഇരുളായിരുന്നു. എങ്കിലും......

‘കുതിച്ചൊഴുകുന്ന കുറുമാലിപ്പുഴ, അന്നെനിക്ക് വെറും മയിരായിരുന്നു’ “കാലനോട് പോയി ഊമ്പാൻ പറ” കാട്ടെരുമ പോലും എത്തിനോക്കാൻ ഭയക്കുന്ന മലവെള്ളപാച്ചിലിലേക്ക് ഞാൻ രണ്ടാമതൊന്ന് ആലോചിക്കാതെയെടുത്ത് ചാടി, നീന്തി തുടങ്ങി. കണ്ടവർ കണ്ടവർ ഭയന്ന് തലക്ക് കൈവച്ചലറി.

കടപുഴുകിയ വൻമരങ്ങളെയും, ആടുമാടുകളെയും വഹിച്ച് ഭ്രാന്തിയെ പോലെ അലറിയൊഴുകുന്ന ഒഴുകുന്ന പുഴയിൽ ഞാൻ പണിപ്പെട്ട് ശ്വാസമെടുത്ത് നീന്തി. പുഴ എന്നെയും വലിച്ച് മുന്നോട്ട് കുതിച്ചു.

ഞാൻ നദിക്ക് കുറുകെ നിശ്ചിത കോണളവിൽ മുന്നോട്ട് നീങ്ങി കൊണ്ട് തന്നെയിരുന്നു. അത് അധികനേരം നീണ്ടുനിന്നില്ല.

എവിടെ നിന്നോ ഒടിഞ്ഞ് ഒഴുകിവന്ന കൂറ്റനൊരു പാലകൊമ്പ് എന്റെ കൈകുഴയിൽ ഒന്ന്തട്ടി കടന്ന്പോയി. നിലതെറ്റിയ ഞാൻ കുറുമാലിയുടെ ആഴങ്ങളിലേക്ക് താഴ്ന്ന്പോയ് കൊണ്ടിരുന്നു.

അടിയിലെ ഭീകരമായ ഏകാന്തതയിൽ ഇരുട്ടിൽ മരണത്തിന്റെ വാതിൽപടിയിൽ അമ്മ നിൽപ്പുണ്ടായിരുന്നു. “ ഉണ്ണി, മീനാക്ഷി .....

അവള് മറ്റാരുമല്ല,... നീ തന്നെയാണ്.

അവൾക്കാരുമില്ല....... അവളുപോലും........

ഞാനവൾക്ക് വാക്ക് കൊടുത്തതാണ് നീയുണ്ടാവുമെന്ന്. നീയുള്ളപ്പോൾ അവളൊരിക്കലും കരയില്ലെന്ന്.

ഇന്നവള് കരഞ്ഞു,.... ഒരുപാട്.

അവളിനി കരയരുത്. അവളെ കാത്തിരിക്കുന്നത് മരണമാണ്, എന്ത് തന്നെ സംഭവിച്ചാലും നീ അവളെ വിട്ടുകളയരുത്.

" പുഴയെ അറിയുകയെന്നത് ഒരു തരുണിയെ അറിയുന്നതിന് സമമാണ്. അവളുടെ കോപവും, സ്നേഹവും, സന്തോഷവും, സന്താപവും, കുലീനമായ ശരീര വടിവ്നെളിവ്കളും, അതിനോടൊപ്പം അവളുടെ നിഷ്കളങ്കമായ ഉള്ളവും അറിയുന്നതാണ്.

അരവിന്ദന് കുറുമാലിയെ അറിയാമായിരുന്നു. കുറുമാലിക്ക് അവനേയും.

അവളവളുടെ കുത്തിയൊഴുകുന്ന കാർകൂന്തളത്തിൽ ചുറ്റിയവനെ മുകളിലേക്ക് വലിച്ചെടുത്തു. തീരാത്ത ദേഷ്യത്തിനിടയിലും ഒരമ്മ കുഞ്ഞിനെ വാരിയെടുത്തുറക്കും പോലെ.

കുറുമാലി ഒരമ്മയായിരുന്നു, സുന്ദരിയാം തോഴിയായിരുന്നു, ആരാലും നാളിതുവരെ തീണ്ടപ്പെടാത്തൊരു കാമിനിയായിരുന്നു, അവളൊരു പെണ്ണായിരുന്നു... സ്നേഹത്തിന്റെ വില മറ്റാരെക്കാളും അവൾക്കറിയാമായിരുന്നു.

എങ്ങനെയൊക്കെയോ ചുമച്ച്, ശ്വാസമെടുത്ത്, സർവ്വശക്തിയുമെടുത്ത് ഞാൻ വീണ്ടും പുഴക്ക് കുറുകെ കൈകൾ ചലിപ്പിച്ചു തുടങ്ങി. 'വിട്ട് കൊടുക്കില്ല, അത് മരണത്തിനാണെങ്കിൽ പോലും'*******

ബസ്സ് തിരിച്ച് യാത്ര തുടങ്ങിയിരുന്നു. അപ്പോളാണ് ആരോ ചാടിയെന്ന് പറഞ്ഞ്, ബസ്സിലെ കിളി തലക്ക് കൈവച്ചത്.

മീനാക്ഷിക്ക് തലയിൽ കൊള്ളിയാൻ മിന്നി. 'ഈശ്വരാ അരവിന്ദേട്ടൻ.

' അവളൊന്നു മരവിച്ചിരുന്നുപോയി. ബസ്സ് നിർത്തി കണ്ടക്ടർ ഇറങ്ങി നോക്കി.

ആരുമില്ല, പുഴയുടെ വേഗത ആയാൾ കണക്ക്കൂട്ടിയതിലും എത്രയോ ഇരട്ടിമടങ്ങായിരുന്നു. അപ്പോഴാണ് വലത്തേയറ്റത്ത് ഒരു മാട് പൊന്തിവന്ന് കരക്ക് നീന്താൻ നോക്കിയത്, അതിനാ ശ്രമത്തിൽ വിജയിക്കാൻ കഴിഞ്ഞില്ല ഒഴുക്കിൽപെട്ട് നീങ്ങിപോയി.

ആശ്വാസത്തോടെ കണ്ടക്ടർ തിരിച്ച് വന്ന് കിളിയെ കളിയാക്കി ബസ്സിലേക്ക് കയറുമ്പോളാണ്, പേടിച്ച് സ്വബോധം നഷ്ടപ്പെട്ടിരുന്ന മീനാക്ഷി ചാടിയെഴുന്നേറ്റ്, ഓടിപിടഞ്ഞ് ഇറങ്ങാൻ എതിരെവന്നത്. "അത് മാടാണു പെങ്ങളെ.

ഇവനൊരു മണ്ടത്തരം പറ്റിയതാണ്. പെങ്ങളെറങ്ങണ്ടാ.

”   ഒന്നു ശങ്കിച്ച് മീനാക്ഷി “ഇല്ല, അത് എന്റെ ആരെങ്കിലും ആണെങ്കിലോ, എനിക്കിവിടെ എറങ്ങണം.”   “പെങ്ങൾക്കു ഇവിടെ പരിചയത്തിൽ പശുക്കളൊന്നും ഇല്ലല്ലോ, അങ്ങനെയുണ്ടെങ്കിൽ ഇറങ്ങിക്കോ, ഞാനെന്റെ കണ്ണ് കൊണ്ട് കണ്ടതാണ്, അത്ര ഉറപ്പാണ്, അതൊരൊന്നാന്തരം പശുവാണ്.

മലവെള്ളത്തിൽ ഇതൊരു സ്ഥിരം കാഴ്ചയാണ്, അടുത്തകരയിൽ ആരെങ്കിലും അതിനെ പിടിച്ച് കയറ്റും. അതിനെ അവർക്കെടുക്കാം, അതീ പുഴയുടെ നിയമമാണ്.

പെങ്ങളിവിടെ ആദ്യായിട്ടായോണ്ടാ പെട്ടന്ന് പേടികയറിയത്.”   മീനാക്ഷി ഒന്നു ശങ്കിച്ചു നിന്നു.

അവളപ്പുറത്തെ കരയിലേക്ക് നോക്കി, അവിടെ അരവിന്ദനിന്നലെയിട്ട അതേ നിറത്തിലെ ഷർട്ടിട്ട്, ആരോ പുഴയിലേക്കും നോക്കിനിൽപ്പുണ്ട്.   “ ശരിയാണ് ചേച്ചി, ഞാൻ പെട്ടന്ന് പശൂനെ കണ്ട് മനുഷ്യനാന്ന് വച്ചു, അത് പറഞ്ഞ് ചേച്ചി എറങ്ങണ്ട, ഇനിയീ ബസ്സ് പോയാ, വേറെ ബസ്സ് വരോന്നെന്നെ അറിയില്ലാട്ടാ, എല്ലാടത്തും മഴപെയ്ത്, വെള്ളംകേറിയിരിക്കാണ്.

ഞാൻ പറയാനുള്ളത് പറഞ്ഞു.” അവളെ സ്റ്റാൻറ് വരെ കണ്ടിരിക്കാം എന്ന് ആഗ്രഹം തോന്നിയ കിളിയും, കണ്ടക്ടറെ സമ്മതിച്ച് കൊണ്ട് ഏറ്റുപിടിച്ചു.

അല്ലെങ്കിലും ഒരു സുന്ദരിയായ പെൺകുട്ടിയെ കണ്ടാൽ  വായിനോക്കുന്ന ആരും, അവളപ്പോൾ കടന്ന്പോയി കൊണ്ടിരിക്കുന്ന ദുർഘടാവസ്ഥയെ അറിയണമെന്നില്ലല്ലോ. ദുഃഖത്തിലും, ആധിയിലും, കണ്ണീരിലും പോലും പെണ്ണിനഴക് കൂടുകയേ ഉള്ളു.

മീനാക്ഷി ഒന്നും മിണ്ടാതെ തിരികെ, സീറ്റിൽ പോയിരുന്നു. അവളുടെ മനസ്സ് ആകെ അസ്വസ്ഥമായിരുന്നു.

ഉണ്ണിയേട്ടൻ  ചാടുമോ, ഇല്ല.. ഒരിക്കലുമില്ല എല്ലാം തന്റെ ഭാവനയാകും, താൻ അത്രക്കും അമൂല്യമായ ഒന്നുമല്ലല്ലോ, ജീവനെക്കാൾ ഏറെ അത്രയും തന്നെ സ്നേഹിക്കാൻ.

തന്നെ കുറിച്ചറിഞ്ഞാൽ ഒരിക്കലും ആർക്കും മനസ്സറിഞ്ഞ് സ്നേഹിക്കാൻ കഴിയില്ല. ഉണ്ണിയേട്ടൻ ഒരുപക്ഷെ അന്വേഷിച്ച് വീട്ടിൽ പോയിട്ടുണ്ടാവും, എല്ലാം അറിഞ്ഞിട്ടുണ്ടാവും.

ഇനി പഴയ ഇഷ്ടം ഒന്നും ഉണ്ടാവില്ല. എല്ലാരും കാണുന്ന പോലെ അറപ്പോടെന്നെയാവും ന്നെ കാണാ.

അപ്പോഴത്തെ കലുഷിതമായ മാനസ്സികാവസ്ഥയിൽ അവൾക്കു താൻ എന്തൊക്കെയാണ് ചിന്തിക്കുന്നതെന്നും, അതിന്റെ സാമാന്യബോധമെന്താണെന്നുമുള്ള വേർത്തിരിവ് നഷ്ടപ്പെട്ടിരുന്നു. സങ്കടം ഒരു മഞ്ഞെന്ന പോലെ, അവളുടെ നിഷ്കളങ്കമനസ്സിനെ മൂടിയിരുന്നു.

എന്റെ കൂടെ കിടന്നതിൽ പേടിയിണ്ടാവും, പകർന്നിട്ടുണ്ടാവുവോന്ന്. അത് ഒരിക്കലും ഉണ്ടാവില്ല.

മീനാക്ഷിക്ക് ജീവനാ അരവിന്ദേട്ടൻ. കുറേനാളായി ആർട്ട് ചെയ്ത്, മെഡിസിൻസ് ഒരിക്കൽപോലും മുടക്കാതെ കഴിച്ച്.

തീരെ ഡിറ്റക്ഷൻ ഇല്ലാത്തപോലെ ആയേനു ശേഷമല്ലെ എല്ലാം ഉണ്ടായത്. പ്രൊട്ടക്ഷനും നിർബന്ധിച്ച് ഇട്ടിരുന്നു.

ഒരാഗ്രഹവും ഞാൻ സാധിപ്പിക്കാതെ വിട്ടിട്ടില്ലാ. ആഗ്രഹിക്കുന്നതെല്ലാം നൽകിയിട്ടുണ്ട്.

അത് മാത്രമേ ഉള്ളു എന്റെ കയ്യിൽ അവസാനമായി ഉണ്ണിയേട്ടന് കൊടുക്കാൻ, എന്നെ തന്നെ... ‘കുറച്ച് കഴിഞ്ഞാ വിചാരിക്കേരിക്കും നാശം, പോയത് നന്നായെന്ന്.

’ മീനാക്ഷിയുടെ മനസ്സ് പറഞ്ഞു. കണ്ണ്നിറഞ്ഞ് തുളുമ്പി.

നെഞ്ചിൽ അടങ്ങാത്ത ഒരു നീറ്റൽ. ‘അതിനും മുന്ന്, ഈ ലോകത്ത് നിന്ന് തന്നെ എനിക്ക് പോണം’ അവള് ഉറച്ച തീരുമാനമെടുത്തിരുന്നു.

*******

നീന്തിചെന്ന് കയറിയത് ദൂരെയൊരു കരയിലാണ്, അത്രക്ക് ഒഴുക്കുണ്ടായിരുന്നു. കുഴപ്പമില്ല ഒരു തരത്തിൽ നന്നായി, ഇവിടെ നിന്ന് മുന്നിൽ കാണുന്ന കുന്നുകയറി, ചെറിയ കാട് താണ്ടി, ചരിവിറങ്ങിയിൽ ബസ്സ് എത്തുന്നതിനു മുന്നെ വളവിലെ റേഡിലെത്താം.

റിസർവ്ഡ് ഫോറസ്റ്റ് ആണ്, എന്തൊക്കെ ജീവികളുണ്ടാവുമെന്ന് ദൈവത്തിനറിയാം. പക്ഷെ അതൊന്നും അപ്പോൾ എന്റെ തലയിൽ ഓടില്ലായിരുന്നു.

ഞാൻ ചുമച്ച് വെള്ളം തുപ്പി, ഓടിതുടങ്ങി. എങ്ങനെയൊക്കെയോ മലയുടെ ഉച്ചിയിലെത്തി കാട്ടിലേക്ക് കടന്നു.

അവിടെയാകെ മുള്ളുള്ള ശതാവരിത്തൈകൾ പടർന്ന് കയറിയിരുന്നു. ഇതൊന്നും ശ്രദ്ധിക്കാൻ സമയമില്ലാതിരുന്ന എന്റെ നെഞ്ചിലും തോളിലും മുഖത്തുമെല്ലാം അവ കൊളുത്തി വലിച്ചു.

ചോരയൊഴുകി തുടങ്ങി. ആരറിയുന്നു, ഇതെല്ലാം.

അരികിലെ പൊന്തക്കാടുകളിൽ എന്തൊക്കെയോ അനങ്ങുന്നുണ്ട്. കുറുക്കനാവും.

പക്ഷെ കുറുക്കൻ മറ്റ് ജീവികളെ പോലെയല്ല. തനിക്ക് പിടിക്കാൻ പറ്റുമെന്ന് ഉറപ്പുള്ളപ്പഴെ ആക്രമിക്കു.

ഞാൻ തനിച്ചാണെങ്കിലും, ഓടുന്നവേഗം അവരെ ചെറുതായൊന്ന് കുഴപ്പിച്ചിരിക്കാം, ഒന്നും അടുത്തു വന്നില്ല. വലത് വശത്തെ കൺകോണിൽ എനിക്ക് കാണാം, മരക്കൊമ്പിൽ ഒരു മുഴുത്ത പെരുമ്പാമ്പ് വാൽ മാത്രം താഴെക്കിട്ട് ദോലനം ചെയ്ത് എന്നെ നോക്കിയിരുപ്പുണ്ട്.

കാട്ടിൽ ഏത് ജീവിയേയും ചെറുത്ത് നിൽക്കാൻ മാത്രം ധൈര്യം എനിക്കാസമയം ഉണ്ടായിരുന്നു. ഒരുപക്ഷെ പ്രണയം തന്നെ ആയിരുന്നിരിക്കണം, ആദിമത്തിൽ കാട്ടിൽ അതിജീവിക്കാൻ മനുഷ്യനെ പ്രാപ്തനാക്കിയത്.

എന്തൊക്കെയോ കൊമ്പുകൾ, വള്ളികൾ, കാട്ട്മാറാപ്പുകൾ ദേഹതടിച്ച് ചിതറി. ദേഹം മുഴുവൻ വേദനയെടുക്കുന്നുണ്ട് എങ്കിലും നിന്നില്ല.*****

അകലെന്ന് ബസ്സ് വരുന്നത് കണ്ട ഞാൻ, അൽപ്പംകൂടി വേഗത്തിൽ കാടിറങ്ങാൻ നോക്കി. അതെനിക്ക് എളുപ്പത്തിൽ പറ്റി.

കാലുമടങ്ങി ആ കണ്ട ദൂരം മുഴുവൻ ഞാൻ ഉരുണ്ടിറങ്ങി, ബസ്സിനു മുന്നിൽ നനഞ്ഞ റോഡിൽ അലച്ച്തല്ലിവീണു. നേരത്തേതന്നെ എന്റെ ഭീകരമായ വരവ് കണ്ട, പേടിച്ച്തൂറിയായ ഡ്രൈവർ എഴുന്നേറ്റ് നിന്ന് ബ്രൈക്ക് അമർത്തിചവിട്ടി.

ഇല്ലെങ്കിൽ ഇന്ന്തന്നെ ഒരു ഫ്ലെക്സിൽ പടമടിച്ച്, എന്നെ അങ്ങട് ഒഴിവാക്കായിരുന്നു. നനഞ്ഞ ടയറും റോഡും തമ്മിൽ പ്രണയം നന്നേ കുറവായിരുന്നു.

അവർ പ്രശ്നം പറഞ്ഞ്തീർത്ത്, ഗർഷണത്തിൽ ആലിംഗനം ചെയ്ത് വരാൻ സമയമെടുത്തു. പിടിച്ചിട്ട് കിട്ടിയില്ല.

നിരങ്ങി വഴുക്കിവന്ന്, അവസാനം എന്തോ ഒരുഭാഗ്യത്തിന് എന്റെ ചെവിക്ക് തൊട്ടടുത്ത് ബസ്സിന്റെ ഭീമാകാരമായ ടയറുകൾ വന്ന്നിന്നു. എനിക്ക് ആ കനത്ത മഴയിലും, നല്ല കത്തിയ റബ്ബറിന്റെ മണം മൂക്കിൽകിട്ടി.

ഭാഗ്യം എനിക്ക് കൊറോണയില്ലെന്നു തോന്നുന്നു. എല്ലാവരും ഉറപ്പിച്ചു ഞാൻ ചത്തു.

ചതഞ്ഞ എന്റെ തല ടയറിന്റെ അടിയിലാവുമെന്ന് പ്രതീക്ഷിച്ച്, കണ്ണുമടച്ച് തലചരിച്ച് കണ്ടക്ടർ വന്നു. പക്ഷെ ഞാനവിടെ എല്ലാവരുടെയും ചിന്ത ആസ്ഥാനത്താക്കി രസികനായിചിരിച്ച് ജീവിനോടെ തന്നെ ഉണ്ടായിരുന്നു.

നല്ല പ്രാസത്തിൽ തെറിവിളിക്കുന്ന സരസരായ ജനങ്ങളെ തള്ളിമാറ്റി, മീനാക്ഷി വന്ന് കരഞ്ഞ് കൊണ്ടെന്റെ തലയെടുത്ത് മടിയിൽവച്ച് ചുംബിച്ചു കൊണ്ടിരുന്നു. മീനാക്ഷിയുടെ മുഖത്താകമാനം അത്ഭുതവും, സങ്കടവും, ഭയവുമായിരുന്നു.

അവളുടെ ജീവിതത്തിൽ ആദ്യമായിട്ടാണ് ഒരാൾ അവൾക്കുവേണ്ടി മരിക്കാൻ വരെ തയ്യാറാവുന്നത്. എന്തോ, എന്റെയും അവളുടെയും അവസ്ഥകണ്ട് പാവം തോന്നിയ യാത്രക്കാർ ഞങ്ങൾക്ക് ജീവിക്കണോ, അതോ മരിക്കണോന്ന് അനൗദ്യോഗികമായി ചർച്ചചെയ്ത് തീരുമാനമെടുക്കാൻ അൽപ്പം സമയംതന്നു.

എല്ലാവരും മഴകൊള്ളാതെ ബസ്സിലേക്ക് കയറിയിരുന്നു. അവർക്ക് ഞങ്ങളുടേതെന്ന പോലെ ഇത് ജീവിതപ്രശ്നമെന്നും അല്ലല്ലോ.

ആയതിനാൽ അക്കാരണത്താൽ ഞങ്ങൾ നിസ്സംശയം മഴകൊണ്ടു. സമാധാനത്തോടെ ആ മുഴുത്ത റിസോൾഡ് ടയറിനടിയിൽ ഇരുന്ന് ഞാൻ എന്റെ ചതഞ്ഞരഞ്ഞ ഹൃദയം അവൾക്ക് കൈമാറി.*****

“എടി... യെടീ പുല്ലെ, ഒരായിരം വട്ടം ഞാൻ നിന്നോട് പറഞ്ഞതല്ലെടീ.., യെനിക്ക് നീയില്ലാതെ പറ്റില്ലാ, ജീവനാണ്,..

വിട്ടിട്ട് പൂവരുത്, പൂവരുതെന്നു.” മീനാക്ഷി കരഞ്ഞ് കൊണ്ട് വെറുതേ മൂളി “മ്മ് ...

” എന്റെ എല്ലാ നിയന്ത്രണവും പോയിരുന്നു. “മനുഷ്യനിവിടെ ചാവണതാണ് ജീവിക്കണതിലും ഭേദംന്ന് വച്ച് ജീവിച്ചോണ്ടിരുന്നപ്പോ, എവിടന്നോ കേറി വന്നതാ അവള്.

ഒന്ന് ജീവിക്കണംന്ന് കൊതിതോന്നിയത് തന്നെ അപ്പളാണ്. അപ്പൊഴിണ്ട്രോ, എന്നെയിങ്ങനെ പ്രാന്താനായി വിട്ടിട്ട് അവൾക്ക് ചാവണം,...

അല്ലെ ടീ... പുല്ലെ...

ചാവാൻ തന്നെയല്ലെ ഇറങ്ങിയേ നിയ്യ്... പറയടി നിന്റെ അണ്ണാക്കിലെന്താ പട്ടിപെറ്റു കെടക്കണുണ്ടോ.

” “ഹ്മ്മ്..”അവള് പതിയെ മൂളി. ഞാൻ കരഞ്ഞ് തുടങ്ങിയിരുന്നു “എടി,..

യെടീ നിനക്കെന്ത് മൈരും ആവട്ടെ, എന്ത് രോഗായാലും ആവട്ടെ... എയ്ഡ്സോ, നീലക്കൊടുവേലിയോ, ആകാശമിഠായിയോ എന്ത്, തേങ്ങയുമാവട്ടെ.

അത് നമുക്ക് വരണോടത്ത് വച്ച് കാണാ.” ഞാൻ പുറംകൈ വച്ച് കണ്ണൊന്ന് തുടച്ച്, അവളുടെ കൈപിടിച്ച് നെഞ്ചിൽ വച്ചു.

“എനിക്ക് നിന്നെ ഇഷ്ടാന്നേ, ജീവനാന്നേ, അതെന്താ നിന്റെ ഈ പേട്ട് തലയിൽ കേറാത്തെ.... ലോകത്തൊന്നുകൊണ്ടും അതിലൊരു നുണുങ്ങുപോലും കുറവ് വരില്ലെന്നേ.....

എന്നെയിവിടെ ഒറ്റക്ക് വിട്ട്ട്മാത്രം പോകലെ. എനിക്കാരും ഇല്ല...

അതാണ്...., ഇനിയിത്രയൊക്കെ സ്നേഹം തന്നിട്ട്, ഇത്രകാലം ഒപ്പമുണ്ടായിട്ട്, ഒന്നും പറയാണ്ട് നീയങ്ങ്ട് പോയാ.., ഞാൻ ചെറുതായിട്ട് അങ്ങട് കെട്ടിതൂങ്ങി ചാവണ്ടി വരും, സങ്കടം കൊണ്ട്.., അല്ലാണ്ട് വേറെ കൊഴപ്പം ഒന്നും ഇണ്ടായിട്ടല്ല. അത്ര അവസ്ഥയാണ് നീയില്ലാതെ.

നിന്റെ യീ കാല് ഞാൻ പിടിക്കാം" ഞാൻ അവളുടെ കാല് തിരഞ്ഞു. എന്തൊക്കെയാണ് പറയുന്നത്, എന്തൊക്കെയാണ് ചെയ്യുന്നതെന്ന യാതൊരുവിധ ബോധവും എനിക്കപ്പോഴുണ്ടായിരുന്നില്ല.

അവളുപോയി കഴിഞ്ഞുള്ള ജീവിതത്തെ കുറിച്ചുള്ള ഭയംമാത്രം തലയിലിങ്ങനെ കത്തിനിന്നു. "ആ പൊഴേലു മുങ്ങി ഞാൻ ചത്തേനെ യെന്റെ ഇവളെ,...

എന്നാലും കൊഴപ്പല്ല്യാ.., ഒരു നാല് വട്ടംകൂടി ഞാൻ അതിൽ ചാടിനീന്താം. അങ്ങോട്ടുമിങ്ങോട്ടും, എന്നാലെങ്കിലും പൂവാണ്ടിരിക്കാൻ പറ്റോ...

" "എനിക്കറിയില്ല എന്ത് ചെയ്തിട്ടാ, എനിക്കെത്രക്ക് ഇഷ്ടാ നിന്നേ ന്ന് കാണിക്കാന്ന്. നീ തന്നെ പറ, ഞാൻ അതൊക്കെ ചെയ്യാം, അല്ലെങ്കി ഞാൻ കുറച്ചേരം യിങ്ങനെ തലകുത്തി നിന്നാലോ.

" ഞാൻ തലകുത്താൻ നോക്കി, അവൾക്കിതെല്ലാം കണ്ട് കരച്ചിലും വരുന്നുണ്ട്, ഒപ്പം ചിരിയും പൊട്ടുന്നുണ്ട്. "എന്തൊക്കെ ആയാലും, എങ്ങനെയൊക്കെ ആയാലും, ഈ പെരുമഴയിലീ ലോകംമൊത്തം ഒലിച്ച് പോയാലും, എന്നെ വിട്ട് നീ മാത്രം പോകല്ലെ, ഞാൻ വിടില്ല.www.kkstories.com

" ഞാൻ കുട്ടികളെ പോലെ വാശി പിടിച്ചാ കാല് മുറുക്കിപിടിച്ചു. അവൾ ഒന്നുംപറയാതെ കണ്ണുതുടച്ചു കൊണ്ട് എന്നെ പിടിച്ചെഴുന്നേൽപ്പിച്ചു.

ഞങ്ങൾ രണ്ടുപേരും ഒരുപാട് നേരം, പരസ്പരം ഒന്നുംതന്നെ പറയാതെ ബസ്സിന്റെ ലോങ്ങ് സീറ്റിൽ ചേർന്നിരുന്നു. അവൾ തല എന്റെ തോളിൽ ചായ്ചിരുന്നു.

ഞാനവളുടെ കൈകൾ മുറുക്കെ എന്റെ നെഞ്ചിനോട് ചേർത്ത് പിടിച്ചിരുന്നു. "സരു പറഞ്ഞത്, എത്ര ശരിയാ...

" "എന്താ..." "ആരുടെ കയ്യിന്ന് രക്ഷപ്പെട്ടാലും, ഉണ്ണിയേട്ടന്റെ കയ്യിന്ന് ഞാൻ രക്ഷപെടില്ലാന്ന്.

" "അല്ലാ പിന്നെ.... വേണ്ടാ വേണ്ടാന്ന് വക്കുമ്പൊ.

കളിക്കാ നിയ്യ്... സിസ്സാരക്കാരനല്ലയീ അരവിന്ദൻ, ടെററാ, ടെറർ...

”    അവള് ചിരിക്കുമ്പോൾ കണ്ണിൽ നിന്നും കണ്ണീര് പൊടിയുന്നുണ്ടായിരുന്നു. നല്ല പ്രായമുള്ള ആ വയസ്സൻ ബസ്സ് മൂളിമുരണ്ട് ഇളകിപുളഞ്ഞ് ചുമച്ച് തുപ്പി, ഞങ്ങളുടെ എളിയ ജീവിതത്തിന്റെ ചുരം കയറിതുടങ്ങി....

******* അച്ചെ....... അച്ചെ ......

( മായ ഉറക്കെ വിളിച്ചു) കഴിച്ചില്ലെ ഇത് വരെ നിയ്യ്... അരവിന്ദൻ അവളുടെ കുഞ്ഞുബാഗിൽ ടിഫിൻബോക്സ് വക്കുന്നതിനിടയിൽ അവളെ നോക്കാതെ തന്നെ ചോദിച്ചു.

നോക്കുമ്പോ മായ അവളുടെ വലിയ കുഞ്ഞികണ്ണുകളും തുറന്നടച്ച്, അവനെ നോക്കി കുഞ്ഞ്നുണകുഴികൾ കാണിച്ച് ചിരിച്ചു. മീനാക്ഷിയുടെ അതേ നുണക്കുഴികൾ അവൾക്കും കിട്ടിയിട്ടുണ്ട്.

പക്ഷെ അവളുടെ അമ്മയെപ്പോലെ സങ്കടം വരുമ്പോൾ അതില്ലാന്ന് നുണപറഞ്ഞാ എനിക്ക് ദേഷ്യംവരും. കാരണം രണ്ടുപേരുടെയും കണ്ണിൽ നോക്കിയാൽ എനിക്കതറിയാം.

മായ അവൾക്ക് ഞാൻ ചപ്പാത്തി വച്ച് ഉണ്ടാക്കി കൊടുത്ത സാൻഡ്‌വിച്ച് രണ്ടും മുഴുവനായും കഴിച്ചിട്ടുണ്ട്. തേനും, നറുനീണ്ടിയും, ബദാമും പാലിൽ ചേർത്ത് കൊടുത്തതും കുടിച്ചിട്ടുണ്ട്.

അവൾക്കും അവളുടെ അമ്മയുടെ പോലെതന്നെ, ഞാൻ ഉണ്ടാക്കുന്നതെല്ലാം ജീവനാണ്. കസാരയിൽ നിന്നും ശ്രദ്ധിച്ച് ഇറങ്ങി, കുട്ടിയുടുപ്പ് ഒതുക്കി, പതുക്കെ പതുക്കെ ഇടക്ക് ഒരു ചാട്ടമൊക്കെ ചാടി, നടന്ന് വന്ന് അവൾ എന്റെ അടുത്ത് നിന്ന് വിരലിൽ പിടിച്ച് കുലുക്കി.

ഞാൻ താഴേക്ക് നോക്കി. “എന്താണ് ന്റെ പാവകുട്ടിക്ക് പറയാൻ ഉള്ളത്” “ അച്ചെ...

അയില്ലെ,.. കാസില് പുതീയൊരു, കുട്ടി വന്നേ.

ചിത്താര... ഞങ്ങള് കൂട്ടാണെ....

” “ആഹാ... സിത്താരകുട്ടി എന്ത് പറയുന്നു” “ അവലേ, കരയാ....

എപ്പലും കരയാ..... ഞാ ...

കരയണ്ടാ പറഞ്ഞു...” ഞാൻ മുട്ടുകുത്തി നിലത്തിരുന്നു അവളുടെ മുഖത്തിനു നേരെ വന്നു ചോദിച്ചു.

“എന്തിനാ അവള് കരയണത്, പാവക്കുട്ടി ചോദിച്ചില്ലെ?..” “അവലേ....

കലിയാക്കും, ല്ലാരും...” “അതെന്തെ കളിയാക്കുന്നത്?

” “അവല്ക്ക് മിണ്ടാൻ വരൂലാ... പനിച്ച് ട്ട് അങ്ങനെ വരോ അച്ചേ...

ടീച്ചര് പറഞ്ഞതാ...” ഞാൻ വെറുതെ അവളുടെ മുഖത്ത് സങ്കടത്തോടെ നോക്കി.

പനിമൂലം സെൻസോറിന്യൂറൽ ആയിട്ടുള്ള ഹിയറിംങ് ലോസും, അതിനാൽ സംസാരിക്കാതെയിരിക്കലും കുഞ്ഞുകുട്ടികളിൽ ഇടക്ക് കാണാറുള്ളതാണ്. എന്റെ നെഞ്ചിൽ ഒരു വേദനതോന്നി പാവംകുഞ്ഞ്.

“ ല്ലാരുവേ..., പൊട്ടി... പൊട്ടി..

പഞ്ഞ് കലിയാക്കും. അവല്ക്ക് ചുണ്ട് കണ്ടൂച്ചാ...

മൻസ്സിലാവും. അപ്പൊ കരയും...

കൊരെകൊരെ കരയും...” “അപ്പൊ മോളെന്താ ചെയ്യാ...

” “ഞാ... അവലെ യിങ്ങനെ, കെട്ടിപിച്ചിരിക്കും” അവളെന്റെ കയ്യിൽ മുറുക്കെ കെട്ടിപിടിച്ചു നിന്നു കൊണ്ടാണ് ബാക്കി പറഞ്ഞത്.

“ല്ലാരും.... പറയാനെ...

ഞാ അവലായിട്ട് കൂട്ടായാ... ക്കും പനിവരും, സബ്തം പോവുന്നൊക്കെ...

” “ഇല്ല്യ മോളെ... അവരു വെറുതെ പറയണതാ...

അറിയാത്തോണ്ട്.... മോളു കൂട്ടുകൂടിക്കോ...

” “ക്ക് അരിയാ.... അമ്മി പറഞ്ഞന്നി ണ്ട്.....

ക്ക് അവലെ കൂടല്ക്കൂടല് ഇസ്ട്ടായി അപ്പൊ... നല്ല ഇസ്ട്ടാ ഇപ്പൊയ്...

” അതെന്റെ മനസ്സികൊണ്ടു. ഇവള്ക്ക് ഇത്ര ചെറുപ്പത്തിലെ, ഇത്ര ഹൃദയവിശാലത ഞാനൊട്ടും പ്രതീക്ഷിച്ചില്ല.

അവൾക്ക് ഒരുപക്ഷെ മീനാക്ഷി പറയുന്നത് പോലെ എന്നെക്കാളും പക്വതയുണ്ട്. “ഞാൻ എന്താ ചെയ്യണ്ടെ അപ്പൊ, പാവകുട്ടി അതു പറഞ്ഞില്ലല്ലോ.?

” “ അച്ചെക്ക്, കയ്യോണ്ടു സംശാരിക്കാൻ അരിയാന്ന് പരഞ്ഞേ അമ്മി. ക്ക് കാട്ടിത്തെരോ, ക്ക് പടിക്കാനാ...

അപ്പൊയെ കൊരേ സംശാരിക്കാലോ അവലോട്..” സൈൻ ലാൻഗ്വേജ് പഠിക്കണത്രെ അവൾക്കും !!, സിത്താരകുട്ടിക്ക് വിഷമം തോന്നതിരിക്കാൻ.

എനിക്ക് അവളെകുറിച്ച് അഭിമാനം തോന്നി. പക്ഷെ പിന്നീട് ആലോചിച്ചപ്പോൾ ഇതിൽ അഭിമാനത്തിന്റെ കാര്യമെന്തിന്.

ഇത് മനുഷ്യർ മനുഷ്യരുമായി ചേർന്നു ജീവിക്കുന്ന ഭൂമിയിൽ അടിസ്ഥാനപരമായി തോന്നണ്ട സാമാന്യബോധമല്ലെ. ഇത് അത്ഭുതമായി തോന്നതക്ക രീതിയിൽ ചുരുക്കം ചിലരിൽ മാത്രം അവശേഷിക്കുന്നത് ഒരുപാട് സങ്കടമുണ്ടാക്കുന്ന കാര്യമല്ലെ.

എന്റെ മകൾ മനുഷ്യത്ത്വത്തിന്റെ ആദ്യപാഠം പഠിച്ചു കഴിഞ്ഞു. അവൾ വളർന്ന് വരണ്ടത് ഈ സമൂഹത്തിന്റെ കൂടി ആവശ്യമാണ്.

നാളെയാരും മാറ്റിനിർത്തപ്പെടാതിരിക്കട്ടെ. അവർക്ക് വേണ്ടി അവർക്കൊപ്പം നിൽക്കാൻ, സ്നേഹിക്കാൻ ആരെങ്കിലുമൊക്കെയുണ്ടാവട്ടെ.

അവൾക്ക് എന്നും വൈകുന്നേരം പഠിപ്പിച്ച് കൊടുക്കാമെന്ന ഉറപ്പും കൊടുത്ത്, ഞങ്ങൾ നേരെ സ്കൂളിലേക്കു യാത്രയായി. “മായക്കുട്ടി, പാവക്കുട്ടി അച്ച പോവ കുട്ടി .....

” ഞാൻ പ്രാസത്തിൽ പറഞ്ഞത് അവൾക്ക് ഏറെ ഇഷ്ടമായി. അവളെൻറെ കൈപിടിച്ച് താഴ്ത്തി, വലത് കവിളിൽ ഒരു മുത്തം തന്ന് ചാടിതുള്ളി സ്കൂളിലേക്ക് പോയി.

ഞാൻ അൽപ്പനേരം അവള് പോകുന്നതും നോക്കി നിന്നു. പിന്നെ സ്കൂട്ടർ സ്റ്റാർട്ട് ചെയ്തത് നേരെ കോളേജിലേക്ക് വച്ചുപിടിച്ചു.

ഉച്ചക്ക് മുൻപ് ഭക്ഷണമെത്തിയില്ലെങ്കിൽ എന്നെ കടിച്ച് കൊല്ലും അവളുടെ അമ്മ. ****** കോളേജ് കോറിഡോറിൽ വച്ച് ഭക്ഷണപൊതി വാങ്ങി പിന്നിൽ മറച്ച്പിടിച്ച്, ചുറ്റുംനോക്കി മീനാക്ഷി, മായ തന്നതിനപ്പുറത്തെ കവിളിൽ എനിക്കൊരു മുത്തം അതേപോലെ തന്നെ തന്ന്കൊണ്ട് തിരിച്ചോടി.

ഞാൻ അവളെയും കുറച്ചുനേരം നോക്കിനിന്നു. അമ്മക്കും മോൾക്കും, ഒരു വ്യത്യാസവും ഇല്ല, ഒരേ പ്രായം, ഒരേ സ്വഭാവം.

പിന്നെ പതുക്കെ സ്റ്റുഡിയോയിലെത്താനായി തിരിച്ചു നടന്നു. ഇത് മതി, ഇത്രക്കൊക്കെ സന്തോഷമേ ജീവിതത്തിൽ വേണ്ടൂ.

ഇതിൽപരം ആഡംബരം എന്താണ് എനിക്ക് വേണ്ടത്. ഞാൻ മനസ്സ്നിറഞ്ഞ് ചിരിച്ചുകൊണ്ട് തിരികെനടന്നു....

******* മായ എച്ച്.ഐ.വി നെഗറ്റീവ് ആണ്, അരവിന്ദനും. ശാസ്ത്രം ഒരുപാട് വളർന്ന് കഴിഞ്ഞിരിക്കുന്നു.

ഉമിനീരിൽ നിന്നും രോഗം പകരില്ലെന്നും, മറ്റ് ശരീരദ്രവങ്ങളിൽ നിന്നുപോലും പകരാതെ നോക്കാനുള്ള മാർഗ്ഗങ്ങൾ ഇപ്പോൾ നിലവിലുണ്ടെന്നും നിങ്ങൾ അറിയേണ്ടകാലം അതിക്രമിച്ചിക്കുന്നു. ആർട്ട് ട്രീറ്റ് മെന്റിലൂടെ(antiretroviral therapy or ART) ഇപ്പോൾ എച്ച്.ഐ.വി.

പകരാതെ തന്നെ സുരക്ഷിതവും, നേരിട്ടുമുള്ള ലൈംഗീകബന്ധത്തിലൂടെ ഗർഭം ധരിക്കാമെന്നും, കുഞ്ഞിലേക്കു പകരാതെ തന്നെ പ്രസവിക്കാമെന്നും, ഗുരുതരമായി നമ്മെ ബാധിക്കുന്ന രോഗങ്ങളില്ലാതെ സാധാരണ ജീവിതം നയിക്കാമെന്നും നാം അറിഞ്ഞിരിക്കേണ്ടതാണ്. ഇതിനെകുറിച്ച് മതിയായ അറിവില്ലാത്തൊരു രോഗിയാണ് അപകടകരമായ രീതിയിൽ പ്രവർത്തിക്കുക.

മീനാക്ഷി ആഗ്രഹിച്ചത് ഇനിയൊരു മീനാക്ഷി ഈ ലോകത്ത് ഉണ്ടാവരുതെന്നായിരുന്നു. അതിന് കാരണം രോഗമല്ല, അവളെ അവളെന്ന രീതിയിൽ മനസ്സിലാക്കുന്നവർ, സ്നേഹമുള്ളവർ അവൾക്കൊപ്പം ഉണ്ടായിരുന്നില്ല എന്നതാണ്.

സുന്ദരരേശനിലൂടെ തിരുമീനാച്ചിയമ്മക്ക് നഷ്ട്ടപ്പെടുന്ന വിചിത്രയോഗമെന്നപോലെ, മീനാക്ഷിയും അരവിന്ദനിൽ നിന്ന് ലഭിച്ച സ്നേഹത്തിൽ നിന്നും ഒരു സാധാരണ ജീവിതത്തിന് പ്രാപ്തയാവുന്നു. നിങ്ങൾക്കും സ്നേഹത്തിലൂടെ ആരുടെയെങ്കിലും ജീവിതം മാറ്റാൻ കഴിയട്ടെ.

www.kkstories.com

‘നിങ്ങൾക്ക് മജ്നു ആവാൻ കഴിയുന്നില്ലെങ്കിൽ...

ലൈലയെ പറ്റി പറയാതിരിക്കുക,

കാരണം ലൈലയുടെ മൊഞ്ചിരിക്കുന്നത് മജ്നുവിന്റെ കണ്ണുകളിലാണ്......’

( ജലാലുദീൻ റൂമി വലിയവാക്കുകളിൽ പറഞ്ഞതിന്റെ ചുരുക്കെഴുത്ത് )